# സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്



# വയനാട്






# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

## ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

## സമഗ്ര വികസന രേഖ

"സമൂഹത്തിലെ ചില വ്യക്തികളുടെ
കയ്യിൽമാത്രം അധികാരം ഒതുങ്ങി നില്ക്കുക
എന്നതല്ല. അധികാരം ദുരുപയോഗപ്പെടുത്തുന്നതിനെ
നിയന്ത്രിക്കുന്നതിനുള്ള കഴിവ് കൂടുതൽ
ആളുകളുടെ ഹസ്തങ്ങളിലേക്ക് നല്കുക
എന്നതാണ് എന്റെ സങ്കല്പത്തിലുള്ള
സ്വരാജ്"

– മഹാത്മാഗാന്ധി



# വിഷയവിവരം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. സാമൂഹിക-സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. സാമൂഹിക-സാമ്പത്തിക മേഖലകൾ

5.1. കൃഷിയും ജലസേചനവും

5.2. മൃഗസംരക്ഷണവും വനവും

5.3. വ്യവസായം

5.4. വിദ്യാഭ്യാസം

5.5. കുടിവെള്ളം, പൊതുജന ആരോഗ്യം, പരിസര ശുചിത്വം

5.6. ഗതാഗതം, ഊർജ്ജം, വിപണി

5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും

5.8. സംസ്ക്കാരം

5.9. വനിത

5.10. സഹകരണം

5.11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

5.12. വിഭവസമാഹരണം

5.13 ടൂറിസം


## എഡിറ്റോറിയൽ ബോർഡ്


എഡിറ്റർ : കെ.ബാലഗോപാലൻ

എഡിറ്റോറിയൽ സ്റ്റാഫ് : എൻ.എം.വിജയൻ

പ്രൊഫ.തോമസ് തേവര

പ്രൊഫ. സണ്ണി മാത്യു

വാമദേവൻ കലാലയ

എ.ജെ.ജോസ്

എൻ.ഒ.ഉണ്ണിമോൻ

വി.രവീന്ദ്രൻ



കവർ : ഭാസ്ക്കർ ആർട്സ്, ബത്തേരി

ഡി.ടി.പി & പ്രിന്റിംഗ് : സാൻ ജോർജിയ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ബത്തേരി

ഫോൺ & ഫാക്സ്: 20179

# പഞ്ചായത്ത് ഭരണസമിതി



**പി.സി. അഹമ്മദ്**
പ്രസിഡണ്ട്



**എൻ.എം.വിജയൻ**
വൈസ് പ്രസിഡണ്ട്



**കെ.ആർ.സുകുമാരൻ**
ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി

# മെമ്പർമാർ


സി.ബി.ശ്രീധരൻ


പുഷ്പലതാ ബാബു


നഫീസ അഹമ്മദ് കോയ


നാസർ മച്ചാൻ


ഖദീജ മമ്മൂട്ടി


പ്രൊഫ.എസ്.സുകുമാരി അമ്മ


ടി.അപ്പു


പ്രൊഫ.തോമസ് തേവര


ബാബു അബ്ദുറഹ്മാൻ


പൂവഞ്ചി ലീലാമണി

സെക്രട്ടറി


ടി.സചീന്ദ്രൻ

# ആമുഖം

നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ്/നഗരപാലികാ സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പു നൽകുന്നു. കേരള നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് / മുൻസിപ്പൽ നിയമങ്ങൾ ഈ ചുമതലകളെ കൂടുതൽ വ്യക്തമായി നിർവ്വചിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടുത്ത ആറുമാസത്തിനകം ആരംഭിക്കേണ്ടുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ രൂപീകരണത്തിൽ ഈ ചുമതലകൾ നിർവ്വഹിക്കുതിന് ഒട്ടേറെ പ്രായോഗിക തടസ്സങ്ങൾ ഉണ്ട്. താഴെ തട്ടിൽ നിന്നുള്ള ആസുത്രണത്തിന്റെ മുൻ അനുഭവങ്ങളുടെ അഭാവം, വേണ്ടത്ര അധികാരങ്ങളോ, ഉചിതമായ ചട്ടങ്ങളോ ഇല്ലാത്തത്, വേണ്ടത്ര ഉദ്യോഗസ്ഥരുടേയും വിദഗ്ദരുടേയും അഭാവം, വികസനത്തെക്കുറിച്ചുള്ള വികലമായ അവബോധം തുടങ്ങിയവയെല്ലാം ഗൗരവമായ പ്രശ്നങ്ങളാണ്. ഇവയെല്ലാം ചൂണ്ടിക്കാണിച്ച് ആസൂത്രണ വികേന്ദ്രീകരണ പ്രക്രിയയെ പത്താം പദ്ധതിക്കാലത്തേക്ക് നീക്കിവക്കാതെ ഒമ്പതാം പദ്ധതിക്കാലത്ത് തന്നെ നടപ്പാക്കുവാനാണ് സംസാഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിരിക്കുന്നത്.

മുകളിൽ സൂചിപ്പിച്ച എല്ലാവിധ പ്രതിബന്ധങ്ങളേയും മറികടന്ന് സമയബന്ധിതമായി തങ്ങളിൽ അർപ്പിതമായ നിയമാനുസൃതമായ ആസൂത്രണ ചുമതല നിർവ്വഹിക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനു വേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം നൽകിയിട്ടുള്ളത്, ഒൻപതാം പദ്ധതിയുടെ അടങ്കലിന്റെ 3540 ശതമാനം തുകക്ക് വരുന്ന സ്കീമുകൾ വിവിധ തട്ടുകളിലുള്ള പഞ്ചായത്ത്/മുൻസിപ്പൽ സമിതികൾ വഴി രൂപപ്പെടുത്തിയെടുക്കുക മാത്രമല്ല ഉദ്ദേശ്യം ഇതുമായി ബന്ധപ്പെടുത്തി നടത്തുന്ന പരിശീലനം, പ്രചാരണം, സന്നദ്ധസേവനം ഇത്യാദി നാനാവിധ പ്രവർത്തനങ്ങളിലൂടെ കേരളത്തിൽ ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുന്നതി പ്രസ്ഥാനം ലക്ഷ്യമിടുന്നു.

1996 സെപ്തംബർ പതിനാറാം തിയ്യതി നടന്ന പഞ്ചായത്ത്തല പരിശീലനത്തോടെ സുൽത്താൻ ബത്തേരി പഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു. 9 പഞ്ചായത്ത് അംഗങ്ങളും 13 ഉദ്യോഗസ്ഥരും അടക്കം 75 ആളുകൾ ഈ ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഇതിൽ 10 പേർ സ്ത്രീകളായിരുന്നു സെപ്തംബർ മാസം 22ന് പതിമൂന്നാം വാർഡിലെ ഗ്രാമസഭയോടെ ആരംഭിച്ച വിശേഷാൽ ഗ്രാമസഭകൾ ഒക്ടോബർ മാസം ആറാം തിയ്യതി 12വാർഡിലെ ഗ്രാമസഭയോടെ സമാപിച്ചു ഈ ഗ്രാമസഭകള്ൽ 53 ഉദ്യോഗസ്ഥർ ഉൾപ്പെടെ 2238 അംഗങ്ങൾ പങ്കെടുത്തു. ഇതിൽ 566 പേർ സ്ത്രീകളും 230 പട്ടികജാതി പട്ടികവർഗ്ഗക്കാരും ഉൾപ്പെടുന്നു.

1996 നവംബർ 1ാം തിയ്യതി നടന്ന പഞ്ചായത്ത് തല പരിശീലനത്തോടെ പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. ഇതിൽ 13 ഉദ്യോഗസ്ഥർ ഉൾപ്പെടെ 70 ആളുകൾ പങ്കെടുത്തു ഇതിൽ 13 പേർ സ്ത്രീകൾ ആയിരുന്നു. ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി 15 അംഗങ്ങളുള്ള ഒരു കമ്മറ്റിയെ തിരഞ്ഞെടുത്തു. ഗ്രാമസഭാ വിഷയഗ്രൂപ്പ് കൺവീനർമാരുടെയും, ഡപ്യൂട്ടി കൺവീനർമാരുടേയും ഒരു യോഗം നവംബർ 6 ാം തീയ്യതി ചേർന്ന്. വിവധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പഞ്ചായത്ത് അംഗങ്ങൾ, ജനകീയാസൂത്രണ പരിശീലകർ എന്നിവർ പങ്കുകൊണ്ട പ്രസ്തുത യോഗത്തിൽ വച്ച് ഗ്രമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിക്കുകയുണ്ടായി. നവംബർ 12ന് ചേർന്ന ഉദ്യോഗസ്ഥരുടെ യോഗത്തിൽ നടപ്പു പദ്ധതികളുടെ അവലോകനം നടന്നു.

## പുനരർപ്പണ ദിനം

1996 നവംബർ 1ാംതീയ്യതി വൈകുന്നേരം ആർമാട് കുന്ന്-ഗ്യാരേജ് റോഡ് പ്രവൃത്തി ഉൽഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവ്വഹിച്ചു. അന്നും പിറ്റേന്നുമായി ജനകീയപങ്കാളിത്തത്തോടെ ശ്രമദാനമായി നടത്തിയ റോഡു നിർമ്മാണത്തിൽ, പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമവാസികൽ, വിവിധ ബഹുജന സംഘടനാ പ്രവർത്തകർ, ബത്തേരി കോളേജ് നാഷണൽ സർവ്വീസ് സ്കീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ദ്രുത ഗ്രാമ പഠനയാത്ര

പഞ്ചായത്തിലെ ഭൂപ്രകൃതി, ജലലഭ്യത, മൺതരങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ അവലോകനം ചെയ്യുന്നതിനായി നവംബർ 9ാം തിയ്യതി വട്ടത്തിമൂല മുതൽ മന്തണ്ടിക്കുന്നുവരെയും നവംബർ 11ാം തിയ്യതി മൂന്നാം മൈൽ വേങ്ങൂർക്കുന്ന് മുതൽ ഓടപ്പള്ളം കവല വരെയും രണ്ട് പഠനയാത്രകൾ നടത്തുകയുന്ടായി. ഒന്നാമത്തെ പഠനയാത്രയിൽ പഞ്ചായത്ത് അംഗമായ ശ്രീമതി നബീസ അഹമ്മദ്കോയ, വിദ്യാർത്ഥികളായ ചന്ദ്രൻ, വിജയകുമാർ, രാജേഷ്, അധ്യാപകരായ ഫൈസൽ, ബാലഗോപാലൻ, ഉദ്യോഗസ്ഥരായ ഷിബു, വാമദേവൻ കലാലയ, മഹിളാപ്രവർത്തകരായ ആലീസ്, എന്നിവർ പങ്കെടുത്തു. രണ്ടാമത്തെ പഠനയാത്രയിൽ പഞ്ചായത്ത് അംഗമായ ബാബു, അബ്ദുൾ റഹിമാൻ, അഭിഭാഷകനായ അരവിന്ദാക്ഷൻ, കർഷകരായ ബേബി വർഗ്ഗീസ്, ഉലഹന്നാൻ, ഉദ്യോഗസ്ഥനായ A.J. ജോസ് എന്നിവർ പങ്കെടുത്തു.

1996 നവംബർ 20ന് ചേർന്ന പഞ്ചായത്ത് സമിതി യോഗത്തിൽ പഞ്ചായത്ത് തല കാർഷിക വികസന സമിതി, സാംസ്കാരിക സമിതി, കായിക സമിതി, വിദ്യാഭ്യാസ സമിതി, വികസന സമിതി, മണ്ണ്-ജല സംരക്ഷണ സമിതി, ആരോഗ്യ സംരക്ഷണ സമിതി, വനിതാ സമിതി എന്നീ ബഹുജന സംഘടനകൾ രൂപീകരിക്കാൻ തീരുമാനമെടുത്തു.

ജാതി മത - ഭാഷാ ചിന്തകൾക്ക് അതീതമായ കൂട്ടായ്മയുടെ പാരമ്പര്യമുള്ള സുൽത്താൻ ബത്തേരിയിലെ ജനത കക്ഷിരാഷ്ട്രീയ ഭേദങ്ങൾക്ക് അതീതമായി വികസന പ്രവർത്തനങ്ങളിൽ കഴിഞ്ഞ കാലങ്ങളിൽ തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഈ മഹത്തായ മുൻകാലാനുഭവനങ്ങളുടെ അടിത്തറയിൽ ഒരു പുതിയ വികസന സംസ്ക്കാരം രൂപപ്പെടുത്താനുള്ള യജ്ഞമാണ് ഇപ്പോൾ നടക്കുന്നത്. ഈ യജ്ഞത്തിൽ പങ്കാളികളാകുന്ന സുൽത്താൻ ബത്തേരിയിലെ പ്രബുദ്ധരായജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ട് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ ജനങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

# പൊതുവിവരണം

*1. പഞ്ചായത്തിന്റെ പേര് :* സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

*സ്ഥാപിച്ച വർഷം :* 1968

*2. ഉൾപ്പെടുന്ന ഗ്രാമങ്ങൾ :* സുൽത്താൻ ബത്തേരി, കുപ്പാടി (ഭാഗികം), കിടങ്ങനാട് (ഭാഗികം),

*3. ബ്ലോക്ക് :* സുൽത്താൻ ബത്തേരി

*4. താലൂക്ക് :* സുൽത്താൻ ബത്തേരി

*5. ജില്ല :* വയനാട്

*അസംബ്ലിമണ്ഡലം :* സുൽത്താൻ ബത്തേരി

*ലോകസഭാമണ്ഡലം :* കോഴിക്കോട്

*6. വിസ്തീർണ്ണം :* 103,24.ച.കി.മി

*7. അതിരുകൾ :* വടക്ക് :പൂതാടി പഞ്ചായത്ത്

കിഴക്ക് : നൂൽപ്പുഴ

തെക്ക് : നെന്മേനി, അമ്പലവയൽ പഞ്ചായത്ത്

പടിഞ്ഞാറ് :അമ്പലവയൽ മീനങ്ങാടി പഞ്ചായത്ത്

*8. ജനസംഖ്യ :* 35034 (1991ലെ സെൻസസ്)

പുരുഷന്മാർ : 18034

സ്ത്രീകൾ : 17000

ജനസാന്ദ്രത : 340. p.km

അക്ഷരാഭ്യാസമുള്ളവർ : 94.6%

*9. വാർഡുകൾ :* 13

പൂമല, ബീനാച്ചി, പഴുപ്പത്തൂർ, കട്ടയാട്, സുൽത്താൻബത്തേരി, സത്രംകുന്ന്, കല്ലുവയൽ, കൈപ്പഞ്ചേരി, കോട്ടക്കുന്ന്, തിരുനെല്ലി, കുപ്പാടി, വേങ്ങൂർ ചിതലയം

*10. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം :* 905 മീറ്റർ

*11. താപനില :* കൂടിയത്. 36 $^0$c

കുറഞ്ഞത് : 21.$^0$c

*12. കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ:* 4

സംസ്ഥാന സർക്കാർ : 59

പൊതുമേഖലാ സ്ഥാപനങ്ങൾ: 7

ബാങ്കുകൾ : 13

*വിദ്യാഭ്യാസം :* കോളേജ്, ഹൈസ്കൂൾ, I.T.C 1, T.H.S.S 1, U.P.School 3, L.P.School 3, English School 4

*ആരോഗ്യസ്ഥാപനങ്ങൾ*

താലൂക്ക് H.Q. ആശുപത്രി (അലോപ്പതി)

താലൂക്ക് H.Q. (ആയുർവ്വേദം)

· ഹോമിയോ ഡിസ്പൻസറി 2

സ്വകാര്യ ആശുപത്രികൾ 10

P.H.. സെന്റർ 1

സബ്സെന്റർ 4

3

# സാമൂഹിക- സാംസ്കാരിക ചരിത്രം

ഐതിഹ്യവും നാട്ടറിവുകളും പഴങ്കഥകളും കെട്ടുപിണഞ്ഞു കിടക്കുന്ന സ്ഥിതിയിലാണ് വയനാടിന്റെ ചരിത്രമിന്നും. വയനാടിന്റെ ഗതകാല ചരിത്രത്തെക്കുറിച്ചും സാംസ്കാരിക പാശ്ചാത്തലത്തെക്കുറിച്ചുമുള്ള വസ്തു നിഷ്ടമായ പഠന ഗവേഷണങ്ങൾ ഏറെയൊന്നും ഉണ്ടായിട്ടില്ലെന്നതാണ് സത്യം. അതുകൊണ്ടുതന്നെ ഇന്ന് സുൽത്താൻ ബത്തേരിയായി അറിയപ്പെടുന്ന പഴയ ഗണപതിവട്ടത്തിന്റെ ചരിത്രവും ഗൗരവമായ രീതിയിൽ ഗവേഷണത്തിന് വിധേയമാക്കപ്പെടേണ്ടതുണ്ട്.

പക്ഷേ ദക്ഷിണേന്ത്യൻ ചരിത്രത്തിന്റെ മുഖ്യധാരയിലൂടെ ചരിത്രത്തിന്റെ ചാലുകൾ തേടിചെല്ലുന്ന ഒരന്വേഷകന് വയനാടിന്റെയും സുൽത്താൻ ബത്തേരിയുടെയും ചരിത്രം തേടി ഒട്ടധികമൊന്നും സഞ്ചരിക്കേണ്ടിവരുന്നില്ല. അത്രമാത്രം ചരിത്രത്തിന്റെ മേഖലകളിൽ ചിതറികിടക്കുന്ന അറിവുകൾക്കൂട്ടിച്ചേർക്കുമ്പോൾ കുറെകൂടി വ്യക്തമായ ഒരു ചരിത്രം വയനാടിന് ലഭ്യമാകുന്നു. വയനാടിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ഒട്ടനവധി വസ്തുതകൾ സുൽത്താൻ ബത്തേരിയെന്നറിയപ്പെടുന്ന പ്രദേശത്തിന്റെ പ്രാചീന ചരിത്രത്തിലുള്ളതായി കാണാം.

വയനാടിനെ കുറിച്ചുള്ള ആധികാരിക പഠനങ്ങളിലെല്ലാം തന്നെ ഗണപതിവട്ടത്തിന്റെ പ്രാധാന്യവും പ്രസക്തിയും സ്പർശിക്കപ്പെടുന്നുണ്ട്. വയനാടിനെകുറിച്ചുള്ള പഠനങ്ങൾ ആരംഭിക്കുന്നത് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണകാലത്താണ് വയനാട്ടിലെ ബ്രിട്ടീഷ് ഭരണത്തിന് രണ്ട് കാലഘട്ടങ്ങളുണ്ട്. ആദ്യത്തേത് പഴശ്ശിരാജയുടെ കൈയിൽനിന്ന് ലഭിച്ച വയനാടൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഈസ്റ്റിന്ത്യാ കമ്പനിഭരണകാലം - 1858-ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ കൈയിൽ നിന്ന് രാജ്ഞിനേരിട്ട് ഭരണം ഏറ്റെടുക്കുന്നതുവരെ അത് തുടർന്നു. പിന്നെ 1947 വരെ മലബാർ കലക്ടറുടെ ബ്രിട്ടീഷ് ഭരണമായിരുന്നു വയനാട്ടിൽ. പഴശ്ശിരാജയും ഈസ്റ്റിന്ത്യാ കമ്പനിയും തമ്മിൽ ഘോരമായ യുദ്ധം നടന്നുകൊണ്ടിരുന്ന 1800-ൽ ആണ് ഫ്രാൻസിസ് ബുക്കാനൽ മലബാറിലെ സമ്പത്തുകളെപറ്റി സർവ്വേ നടത്തിയത്. അദ്ദേഹത്തിന് യുദ്ധം കാരണം അധികമൊന്നും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

വയനാട്ടിലെ ബ്രിട്ടീഷ് ആധിപത്യത്തിന് മുമ്പുതന്നെ സമ്പന്നമായ ഒരു ജനപഥസംസ്കാരം വയനാടിനുള്ളതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പുരാതനമായ ഒരു രാജവംശത്തെപ്പറ്റി സൂചന നൽകുന്ന പ്രാചീന ലിഖിതവും ലോകചിത്രകലകളുടെ ആദിമാതൃകകളും നവീനശിലായുഗ സംസ്കാരം വയനാട്ടിൽ നിലനിന്നിരുന്നതിന്റെ തെളിവായി എടക്കൽ ഗുഹാചിത്രങ്ങളും നിലകൊള്ളുന്നു. വയനാട്ടിൽ ഇന്നവശേഷിക്കുന്ന ഏറ്റവും പ്രാചീനമായ ചരിത്ര സ്മാരകവും ഇതത്രേ.

വയനാട്ടിൽ ആദ്യമായി ഒരു റവന്യൂ സെറ്റിൽമെന്റിന് തുടക്കം കുറിച്ചത് തലശ്ശേരി സബ്ക്ലക്ടറായിരുന്ന T.H. ബാലൻ ആണെന്ന് എച്ച്. എസ് ഗ്രാമെയുടെ റിപ്പോർട്ടറിൽ പറയുന്നുണ്ട്. ഗ്രാമയുടെ റിപ്പോർട്ടിൽ പറയുന്ന പ്രാകൃത അവസ്ഥയിലുള്ള വയനാട് പതുക്കെ ആധുനികവൽക്കരിക്കപ്പെടുന്ന ചരിത്രമാണ് 34 വർഷത്തിനു ശേഷം റോബിൻസൺ തയ്യാറാക്കിയ രേഖയിൽ കാണുന്നത്. ഗ്രാമയുടെ കാലത്ത് മൂന്നനാട്, മുത്തൂർനാട്, ഇളങ്കൂർനാട്, നല്ലൂർനാട്, ഇടനാശങ്കൂർ, പോരന്നൂർ, കുറുമ്പാല, വയനാട്, നമ്പിക്കൊല്ലി, ഗണപതിവട്ടം എന്നീ ഡിവിഷനുകളാണ് ഉണ്ടായിരുന്നത്. ഭരണസൗകര്യത്തിനുവേണ്ടി ഇവയെ പുതിയ അംശ

ങ്ങളായി വിഭജിക്കുകയും ഉണ്ടായി. ഗണപതിവട്ടമെന്ന സ്ഥലത്തിന്റെപ്രാധാന്യവും പ്രസക്തിയും പലപ്പോഴായി റിപ്പോർട്ടുകളിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്. 'ഗണപതിപാളയം' എന്ന സ്ഥലത്തെ പോലീസ് പിക്കറ്റിനെകുറിച്ചും ബ്രിട്ടീഷ് രേഖകളിൽ പരാമർശിക്കപ്പെടുന്നുണ്ട്.

ഹൈദരാലിയുടെയും ടിപ്പുവിന്റെയും പടയോട്ട ക്കാലത്തെ പാതയോരത്ത് നിലനിന്നിരുന്ന ഗണപതി വട്ടമെന്ന സ്ഥലമാണ് പിൽക്കാലത്ത് Sulthan's Bathery ആയിമാറിയതെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഗണപതി ക്ഷേത്രം തന്നെയാണ് ഈ പ്രദേശത്തെ ഗണപതിവട്ടമന്നാക്കി മാറ്റിയത് എന്നു വിശ്വസിക്കുന്നതിൽ തെറ്റില്ല. ചെറിയ ജനപഥമെന്ന രീതിയിൽ ദശാബ്ദങ്ങൾ അറിയപ്പെട്ടിരുന്ന ഗണപതിവട്ടം എന്ന സ്ഥലത്ത് ടിപ്പു സുൽത്താന്റെ ആയുധപുര ഉണ്ടായിരുന്നതുകൊണ്ടാവണം പിൽക്കാല ചരിത്രമെഴുതിയ ബ്രിട്ടീഷുകാർ സുൽത്താന്റെ ആയുധപ്പുര എന്നർത്ഥത്തിൽ Sulthan's Battery എന്നപേരിട്ടത്. പ്രസ്തുത കാലഘട്ടത്തിലെ ഒരു വാണിജ്യ കേന്ദ്രമായും മൈസൂറിലേക്കുള്ള പാതയിലെ ഒരിടത്താവളമായും വന ഭൂമിക്കിടയിലെ ഈ നാട്ടുതുരുത്ത് അറിയപ്പെട്ടുവെന്ന് വിശ്വസിക്കാം. മദ്ധ്യകാലഘട്ടത്തിലെ നഗരങ്ങൾ വളർന്നുവന്ന രീതിയിൽ നാലും കൂടിയ വഴിക്ക് ചുറ്റുമായും പ്രധാന പാതയോരത്തായും ആരാധനാകേന്ദ്രത്തിന് ചുറ്റുമായും ഗണപതി വട്ടം വളരുകയായിരുന്നുവെന്നത് വിശ്വസിക്കുന്നതിൽ തെറ്റില്ല.

നാല്പതുകളിലെ ചരിത്രസംഭവമായി മാറിയ കുടിയേറ്റമാണ്. സുൽത്താൻബത്തേരിയിലെ ചരിത്രത്തിലെ സുപ്രധാന സംഭവമായി മാറിയത്. മദ്ധ്യതിരുവിതാം കൂറിൽ നിന്നും തെക്കൻ തിരുവിതാംകൂറിൽ നിന്നും ജീവിതത്തിന്റെ മെച്ചപ്പെട്ട മേച്ചിൽപ്പുറങ്ങൾ തേടിയെത്തിയ കാർഷികജനത ഈ പഞ്ചായത്തിലെ അധ്വാനത്തിന്റെ പുത്തൻ ഇതിഹാസം രചിക്കുകയായിരുന്നു. പതുക്കെ പതുക്കെയായിരുന്നു ജനസംഖ്യ വർദ്ധനയിൽ ഒരു കുതുച്ചുചാട്ടം ഉണ്ടായത് കുടിയേറ്റക്കാരുടെ പ്രവാഹം മൂലമാണ്. മലമ്പനിയോടും, വന്യമൃഗങ്ങളോടും മാറാവ്യാധികളോടും പോരാടി കന്നിമണ്ണിൽ ജീവിതം കരുപ്പിടിപ്പിച്ച കർഷക ജനതക്കായി 1934 ൽ കിടങ്ങനാട് പഞ്ചായത്ത് സ്ഥാപിക്കപ്പെട്ടു. അങ്ങിനെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭരണത്തിൽ നിന്ന് ഗണപതിവട്ടം കിടങ്ങനാട് പഞ്ചായത്തിന്റെ ഭരണത്തിലേക്ക് മാറി. കിടങ്ങനാട് പഞ്ചായത്ത് വിഭജിച്ചാണ് 1968 ൽ നൂൽപ്പുഴ പഞ്ചായത്തും 1974ൽ നെൻമേനി പഞ്ചായത്തും രൂപീകരിക്കപ്പെട്ടത് 1968ൽ സ ു ൽ ത്താൻബത്തേരി പഞ്ചായത്തും രൂപീകരിക്കപ്പെട്ടു.

പഞ്ചായത്തിന്റെ സുദീർഘമായ ചരിത്രത്തിന് വികസനത്തിന്റേയും വളർച്ചയുടേയും നിറമുതിരുന്ന ഒട്ടനവധി ചിത്രങ്ങളുണ്ട്. അതാത് കാലഘട്ടത്തിലെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ പഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ വളരെ വ്യക്തമായി പ്രതിഫലിച്ചിരിക്കുന്നു. വിമുക്ത ഭടൻമാർക്ക് സ്ഥലം നൽകാനായി സർക്കാർ എടുത്ത തീരുമാനം 1947-48 കാലഘട്ടത്തിൽ ഒട്ടനവധി വിമുക്ത ഭടൻമാരെ വയനാട്ടിലേക്ക് ആകർഷിക്കുകയുണ്ടായി. ഇന്ന് കോളനൈസേഷൻ സ്കീം എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പരിപാടിയുടെ ഭാഗമായി അവിഭക്ത കിടങ്ങനാട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പുതിയൊരു കുടിയേറ്റം തന്നെയുണ്ടായി. വയനാട്ടിൽ കാർഷിക വിപ്ലവത്തിനും വികസനപ്രക്രിയക്കും നേതൃത്വം നൽകിയ കുടിയേറ്റക്കാരാണ് ബത്തേരിയുടെ വളർച്ചക്ക് നിർണ്ണായകമായ പങ്കുവഹിച്ചിട്ടുള്ളതെന്ന് കാണാം. അങ്ങിനെയെത്തിയ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ജനവിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ പുതിയ ആരാധനാ കേന്ദ്രങ്ങളും, വിദ്യാഭ്യാസസ്ഥാപനങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്നു. സുൽത്താൻബത്തേരിക്ക് അഭിമാനിക്കാവുന്ന പല നേട്ടങ്ങളും പഞ്ചായത്തു രൂപീകരണത്തോടെ കൈവന്നിട്ടുണ്ട്. ഇത്തരത്തിൽ പരിശോധിച്ചാൽ ചരിത്രത്തിന്റെ ഓരോ വികാസദശയിലും സുൽത്താൻബത്തേരി സംസ്കാരങ്ങളുടെ സംഗമമായിരുന്നുവെന്ന് കാണാം. ഇന്നും പഴയ ചരിത്രത്തിന്റെ സ്മാരകമായി നിലകൊള്ളുന്ന ഗണപതിക്ഷേത്രവും, ജൈന ആരാധനാ ക്ഷേത്രവും , മലങ്കര പള്ളിയും ഉദാഹരണമാണ് . പടിഞ്ഞാറൻ സമതലങ്ങളിൽ നിന്നും കേരളീയമായ ക്ഷേത്രസമ്പ്രദായങ്ങളും അതിന്റെ ചട്ടവട്ടങ്ങളും ഇങ്ങോട്ടെത്തി. ഒപ്പം ക്ഷേത്ര കേന്ദ്രഗ്രാമവ്യവസ്ഥയുടെ അസ്തിവാരത്തിലുയർന്ന അധികാരഘടനയും മദ്ധ്യകാലഘട്ടത്തിനുണ്ടായി. വയനാടൻ മണ്ണിന്റെ ഉർവ്വരതയിൽനിന്നും പച്ച പിടിച്ച തഴച്ച വിഭവസമൃദ്ധി ആരംഭകാലം മുതലേ വിഭവാന്വേഷികളെ ഇങ്ങോട്ടാനയിച്ചു. സമൂഹത്തിന്റെ പലതട്ടുകളിലുള്ള കൂട്ടായ്മകൾ സുൽത്താൻബത്തേരിയിൽ കുടിയേറുന്നതിനും അവരുടെ സംസ്കാര മാതൃ

കകൾ പോഷിപ്പിക്കിന്നതിനും ഈ നാടിന്റെ പ്രകൃതി തുണനിന്നു. തമിഴ്, കർണ്ണാടക കുടക് ഗ്രാമങ്ങളിലൂടെ യായി മദ്ധ്യകാലം മുതലേ സുൽത്താൻബത്തേരിയും വയനാടിന്റെ ഇതരഭാഗങ്ങളും ബന്ധം പുലർത്തിയി രുന്നതായി തെളിവുകളുണ്ട്. മദ്ധ്യകാല ജനപ്രയാണ ങ്ങളുടെ കഥപറയുന്ന വീരക്കല്ലുകൾ, കാടിനുള്ളിൽ പോലും ചിതറിക്കിടക്കുന്ന ക്ഷേത്രാവശിഷ്ടങ്ങൾ, കാടി നോരത്ത് തകർന്നുകിടക്കുന്ന പഴയ തടയണകളുടെ മാതൃകകൾ എല്ലാം പറയുന്ന കഥ ഒന്നുതന്നെയാണ്. സുൽത്താൻബത്തേരിയുടെ പ്രാചീന ചരിത്രം അതിനെ സംസ്കാരങ്ങളുടെ സംഗമസ്ഥാനമെന്ന് വിളി ക്കുന്നു. കാടിന്റെ മാറിലൂടെ അന്യസംസ്ഥാനങ്ങളിലേക്ക് നീണ്ടുപോകുന്ന പാതയോരത്ത് ഗതകാലത്ത് സമ്പ ന്നമായ ഒരു സാംസ്കാരിക ജീവിതം മനുഷ്യർ കെട്ടി പ്പടുത്തിരുന്നു.

സുൽത്താൻ ബത്തേരിയുടെ സാംസ്കാരിക ചരിത്രപഠനം ഇവിടുത്തെ തനതുസംസ്കാരം സൃഷ്ടിച്ച ഗോത്ര വർഗ്ഗ സമൂഹത്തിന്റെ ചരിത്രമാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു. ഏതാനും രാജാക്കൻമാരുടെയോ സംഘ ടിതപ്രസ്ഥാനങ്ങളുടെയോ വാൾമുന കൊണ്ട് ചരിത്രം സൃഷ്ടിച്ച നാടുവാഴികളുടെയോ,,ചരിത്രമല്ല സുൽത്താൻ ബത്തേരിയുടെ ചരിത്രം. മറിച്ച് നവീന ശിലായുഗം മുതൽ ബത്തേരിയും പരിസര പ്രദേശത്തും പാർപ്പ് ഉറപ്പിക്കു കയും സമ്പന്നമായ ഒരു സംസ്ക്കാരം ഊട്ടി വളർ ത്തുകയും ചെയ്ത് മാറി വന്ന സാഹചര്യങ്ങളിൽ പുത്തൻ അധികാര ശക്തികളോടും സംസ്ക്കാരങ്ങളോടും ഏറ്റു മുട്ടി അടിയറവു പറഞ്ഞ ആദിവാസികളും ഈസ്റ്റ് ഇന്ത്യാ കമ്പിനിയുടെ കാലം തൊട്ട് കൊളോണിയൻ ശക്തി കളുടെ ദല്ലാളൻമാരായി എത്തിയ ബ്രിട്ടീഷ് ഭരണ വർഗ്ഗവും നാല്പതുകളിലെ കുടിയേറ്റത്തിന്റെ പ്രവാ ഹത്തിൽ ഇവിടെ എത്തിചേർന്ന കുടിയേറ്റ ജന ങ്ങളും സൈനീക സേവനത്തിനായി ജീവിതം ഉഴിഞ്ഞു വെച്ചതിന് പ്രതിഫലമായി കിട്ടിയ മണ്ണിലേ ക്കെത്തിയ കോളണിക്കാരും പുതിയ വികസന ത്തിന്റെ സൂത്രധാരൻമാരായി എത്തിയ ഉദ്യോഗസ്ഥ വർഗ്ഗവും എല്ലാം ചേർന്നാണ് സുൽത്താൻ ബത്തേരി യുടെ ചരിത്രത്തെ പൂർണ്ണമാക്കുന്നത് ഇത്രയധികം സങ്ക ലിതമായ സമ്മിശ്രമായ ഒരു ജീവിത ചിത്രം മറ്റനവധി പഞ്ചായത്തുകൾക്ക് അവകാശപ്പെടാൻ ആവില്ല.

**ഭരണസമിതിയും പ്രവർത്തനങ്ങളും**

1968-ൽ രൂപീകരിച്ച സുൽത്താൻ ബത്തേരി പഞ്ചായത്തിന്റെ ആദ്യത്തെ പേര് കിടങ്ങനാട് എന്നായിരുന്നു. 19/2/69-ൽ ശ്രീ. പി. സി. അഹമ്മ ദിന്റെ നേതൃത്തിൽ ഒരു എട്ട് അംഗ ഭരണസമിതിയെ സർക്കാർ നോമിനേറ്റ് ചെയ്തു. തുടർന്ന് ഇന്നുവരെ ഉദ്യോഗസ്ഥ ഭരണത്തിലിരുന്ന ഒരു ചെറിയ ഇടവേള ഒഴിച്ച് ശ്രീ. പി.സി. അഹമ്മദ് തന്നെയാണ് ഈ പഞ്ചാ യത്തിന്റെ നേതൃത്വം വഹിച്ചു പോരുന്നത്.

പഞ്ചായത്തിരാജ് സംവിധാനത്തിൽ 1995-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ. പി. സി. അഹമ്മദിന്റെ നേതൃത്തിൽ ഇപ്പോഴുള്ള 13 അംഗ ഭര ണസമിതി 4/10/1995-നാണ് അധികാരം ഏറ്റെടുത്തത്. താഴെ പറയുന്നവരാണ് പ്രസിഡന്റിനെ കൂടാതെയുള്ള മറ്റ് ഭരണസമിതി അംഗങ്ങൾ

ശ്രീ. എൻ. എം. വിജയൻ (വൈസ് പ്രസിഡന്റ്)

ശ്രീ. കെ. ആർ. സുകുമാർ (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

ശ്രീ. സി. ബി. ശ്രീധരൻ

ശ്രീമതി. പുഷ്പലതാ ബാബു

ശ്രീമതി. നബീസാ അഹമ്മദ് കോയ

ശ്രീ. നാസർ മച്ചാൻ

ശ്രീമതി. കദീജാ മമ്മൂട്ടി

പ്രൊഫസർ എസ്. സുകുമാരിയമ്മ

ശ്രീ. ടി.അപ്പു

പ്രൊഫസർ. തോമസ് തേവര

ശ്രീ. ബാബു അബ്ദുറഹിമാൻ

ശ്രീമതി പൂവഞ്ചി ലീലാമണി എന്നിവരാണ്

വികസന രംഗത്ത് അതിവേഗം വളർന്നുകൊ ണ്ടിരിക്കുന്ന സുൽത്താൻ ബത്തേരി ഗ്രാമപഞ്ചാ യത്തിന് ഒരു മുൻസിപ്പാലിറ്റിയുടെ പ്രൗഢിയും ഗാംഭീ ര്യവും എന്നേ കൈവന്നു കഴിഞ്ഞു. അതുകൊ ണ്ടതന്നെ പുതിയ പുതിയ വികസന പ്രശ്നങ്ങളും മറ്റും വന്നുകൊണ്ടേയിരിക്കുകയാണ്. കഴിഞ്ഞ കാല ങ്ങളിൽ വളരെയേറെ വികസന പ്രവർത്തനങ്ങൾ ചെയ്തു തീർക്കാനും ആരംഭം കുറിക്കാനും കഴിഞ്ഞതിലുള്ള ചാരിതാർത്ഥ്യത്തോടും ആത്മവിശ്വാ സത്തോടും കൂടി പുതിയ പഞ്ചായത്തിരാജ് ഭരണസം വിധാനത്തിൽ ജനപങ്കാളിത്തത്തോടെ കൂടുതൽ വിക സന പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ചെയ്യുന്നതിന് കഴിയും എന്നുള്ള ഉത്തമവി ശ്വാസമാണ് പുതിയ ഭരണസമിതിക്കുള്ളത്.

ഭരണസമിതി അധികാരത്തിൽ വന്നയുടനെ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്ന കമ്യൂണിറ്റി ഹാൾ, അറവുശാല, ചുങ്കം, മിനി ബസ്സ്റ്റാന്റ് എന്നിവയുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനാണ് ഊന്നൽ നല്കിയത്. മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളും ഏതാണ്ട് പൂർത്തീകരിച്ചു കഴിഞ്ഞു. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഇൻഷ്യൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും അതിന്റെ നടപടി തുടങ്ങുകയും ചെയ്തിട്ടുണ്ട്. സുൽത്താൻ ബത്തേരി ടൂറിസത്തിന് വളരെ സാധ്യതയുള്ള പ്രദേശമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ മണിച്ചിറ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ തീരുമാനിക്കുകയും അതിന്റെ വികസനത്തിന് ആവശ്യമായ സ്ഥലം വിലക്കെടുക്കുകയും ചെയ്തിട്ടുണ്ട്.

ഈ വർഷം 336 നിർദ്ദനരായ കുടുംബങ്ങൾക്ക് പുര കെട്ടിമേയുന്നതിന് 50400/- രൂപയും ഷീറ്റ് മേയുന്നതിന് 26 കുടുംബങ്ങൾക്ക് 79,000 രൂപയും പഞ്ചായത്ത് നല്കുകയുണ്ടായി.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി പുതിയ പഞ്ചായത്ത് ഭരണസമിതി അതിന്റെ വികസന പ്രവർത്തനങ്ങളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഗ്രാമീണ റോഡുകളുടെ സൗകര്യം വർദ്ധപ്പിക്കുന്നതിനും മുൻഗണന നല്കിയിട്ടുണ്ട്.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടത്തിയ വികസന പ്രവർത്തനങ്ങളും സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും ചെലവഴിച്ച തുകയും

**മരാമത്ത്**

| | |
|---|---|
| 1. ഗതാഗതം= | 10,16,675- രൂപ |
| 2. കുടിവെള്ളം = | 4,92,510 രൂപ |
| 3. കെട്ടിടങ്ങൾ= | 1,35,120 -" |

**സാമൂഹ്യ ക്ഷേമം**

| | |
|---|---|
| 4. പ്രകൃതി ക്ഷോഭം= | 6,750 -" |
| 5. പുരകെട്ടി മേയൽ= | 1,29,400 -" |
| 6.ദുർബല വിഭാഗങ്ങൾക്ക് വീട് = | 3,10,721 " |
| 7.ദുർബല വിഭാഗങ്ങൾക്ക് കക്കൂസ്= | 1,33,643 - |
| 8. ചികിത്സാ സഹായം= | 11,250 രൂപ |
| 9.സ്ക്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി = | 17,936 രൂപ |
| 10. വായന ശാല, സ്ക്കൂൾ= | 1,20,332 രൂപ |

**മറ്റു വികസന പ്രവർത്തികൾ**

| | |
|---|---|
| 11.അറവുശാല = | 358252 - |
| 12.കമ്യൂണിറ്റി ഹാൾ = | 220581- |
| 13. മിനി ബസ് സ്റ്റാന്റ് = | 339861 |
| 14. മണിച്ചിറ വികസനം = | 431746- |
| ആകെ ചിലവ് = | 37,24,777.00 രൂപ |

**സന്നദ്ധ പ്രവർത്തന മേഖല**

സന്നദ്ധ പ്രവർത്തനങ്ങളിലൂടെ ഈ പഞ്ചായത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളിൽ എടുത്ത് പറയാവുന്ന പലതുണ്ടെങ്കിലും അവയിൽ പ്രധാനപ്പെട്ടവയാണ്. ഇവിടുത്തെ ലക്ഷം വീടുകളുടെ നിർമ്മാണത്തോട് അനുബന്ധിച്ച പ്രവർത്തികൾ, സംസ്ഥാനത്തുതന്നെ ഏറ്റവും വേഗതയിൽ ഈ പദ്ധതികൾ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ ഒന്നായിത്തീരാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. സുൽത്താൻ ബത്തേരി–കട്ടയാടു റോഡ്, കുപ്പാടി – ചെട്ടിമൂല റോഡ്, പൂതിക്കാട് റോഡ്–ചെട്ടിമൂല റോഡ്, കടമാൻചിറ റോഡ്, അഖ്സാ കോളേജ് റോഡ്, ചുങ്കം–മാർക്കറ്റ് റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവ ഈ പ്രവർത്തനങ്ങളിലെല്ലാം ധാരാളം സന്നദ്ധപ്രവർത്തകർ ആവേശപൂർവ്വം പങ്കുകൊണ്ടിട്ടുണ്ട് . 1996 നവംബർ1 പുനരർപ്പണദിനത്തിൽ പഞ്ചായത്തുതല സന്നദ്ധപ്രവർത്തനത്തിലൂടെ ഈ പഞ്ചായത്തിലെ പതിനൊന്നാം വാർഡിൽ ആർമാട് ട്രാൻസ്പോർട്ട് ഗ്യാരേജ് റോഡ് പുതുതായി നിർമ്മിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ തനതായ ഫണ്ടിനോടൊപ്പം സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റും യഥാസമയം ലഭ്യമാക്കുകയും അർപ്പിതമായ ജനപങ്കാളിത്തവും കൂടിച്ചേരുമ്പോൾ വികസനരംഗത്തും ഏറെ നേട്ടങ്ങൾ നമുക്ക് പ്രതീക്ഷിക്കാം

4

# ഭൂപ്രകൃതിയും വിഭവങ്ങളും

കോഴിക്കോട്-മൈസൂർ റോഡിൽ കേരള-കർണ്ണാടക അതിർത്തിയിൽ നിന്നും 25 കി.മി അകലെയായാണ് സുൽത്താൻ ബത്തേരി പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. രാജകീയ നഗരമായ മൈസൂർ, സുഖവാസ നഗരമായ ഊട്ടി, വാണിജ്യനഗരമായ കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ഏകദേശം 100 കി.മി തുല്യ അകലത്തിലാണ് ഈ ചെറുപട്ടണത്തിന്റെ സ്ഥാനം. സമുദ്രനിരപ്പിൽ നിന്നും 700-900 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം ഉയർന്ന കുന്നിൻ പ്രദേശങ്ങളാലും താഴ്ന്ന താഴ്വരകളാലും നിറഞ്ഞതാണ്. ശീതകാലത്ത് 6 ഡിഗ്രി സെൽഷ്യസ് വരെ കുറഞ്ഞ ചൂട് അനുഭവപ്പെടുന്ന ഈ പ്രദേശത്തെ കാലാവസ്ഥ പൊതുവെ ഈർപ്പമുള്ളതാണ്.

പഞ്ചായത്തിന്റെ തെക്ക്-കിഴക്ക് ഭാഗത്തായി തല ഉയർത്തി നില്ക്കുന്ന അമ്പുകുത്തിമല ചേതോഹരമായ ഒരു പ്രകൃതി ദൃശ്യമാണ്. ഈ മലയിലുള്ള എടക്കൽ ഗുഹകൾ ചരിത്രാതീത കാലത്തിന്റെ കഥ പറയുന്നു.

വടക്ക് അക്ഷാംശം 110 26' 28 നും 110 48' 22 നും കിഴക്ക് രേഖാംശം 760 4' 10നും 760 26' 11'' നും ഇടക്കായി സ്ഥിതി ചെയ്യുന്ന 10322 ചതുരശ്ര കി.മി പ്രദേശമാണ് സുൽത്താൻ ബത്തേരി പഞ്ചായത്ത്. ഇതിൽ 34. ച.കി.മി റിസർവ്വ് വനങ്ങളാണ്.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് മീനങ്ങാടി-പൂതാടി പഞ്ചായത്തുകളും, വടക്ക് ഭാഗത്ത് പൂതാടി പഞ്ചായത്തും പടിഞ്ഞാറ് നൂൽപ്പുഴ പഞ്ചായത്തും തെക്ക് ഭാഗത്തായി അമ്പലവയൽ-നെന്മേനി പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു.

ഭൂപ്രകൃതി അനുസരിച്ച് സുൽത്താൻ ബത്തേ

പട്ടിക1

| ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ശരാശരി | മണൽ തരങ്ങൾ | സസ്യാവരണം | ജലലഭ്യത | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1. ഉയർന്ന കുന്നിൻപ്രദേശം | 5 | കറുത്തമണ്ണ് | കാപ്പികുരുമുളക് | ഇല്ല | മണ്ണൊലിപ്പ് |
| 2. ചെരിവ് പ്രദേശം | 38 | കറുത്തമണ്ണ് ചെമ്മണ്ണ് | കാപ്പികുരുമുളക് | കുറവ് | മണ്ണൊലിപ്പ് |
| 3. താഴ്വര | 9 | കറുത്തചെളി, കലർന്ന മണ്ണ് | കവുങ്ങ്, തെങ്ങ് | ധാരാളം | ഇല്ല |
| 4. വയൽപ്രദേശം | 14 | കറുത്തമണ്ണ് മണൽമണ്ണ് | നെല്ല്, ഇഞ്ചി, വാഴ | ധാരാളം | ചില സ്ഥലങ്ങളിൽ വെള്ളക്കെട്ട് |
| 5. ചതുപ്പുനിലം | 1 | കറുത്തമണ്ണ് | നെല്ല്,, വാഴ | ധാരാളം | നികത്തുന്നു |
| 6. വനം | 33 | കറുത്തമണ്ണ് | നൈസർഗ്ഗിക വനം യൂക്കാലിപ്സ്, തേക്ക്, മുള കുരുമുളക് | - | നൈസർഗ്ഗിക വനത്തിൽ നാശം |

രിയെ ആറ് മേഖലകളാക്കി തിരിക്കാം. ഓരോ ഭൂപ്രകൃതി വിഭാഗത്തിന്റേയും പാരിസ്ഥിതിക പ്രത്യേകതകൾ, മൺതരങ്ങൾ, സസ്യാവരണം, ജലലഭ്യത തുടങ്ങിയവ പട്ടികയിൽ വിശദീകരിച്ചിരിക്കുന്നു. (പട്ടിക1)

പ്രധാനമായും വനനിബിഢമായിരുന്ന പ്രദേശമായിരുന്നതിനാൽ ഇവിടത്തെ മണ്ണ് ജൈവസമ്പുഷ്ടിയേറിയ മേൽമണ്ണ് കൊണ്ട് സമ്പന്നമായിരുന്നു. എന്നാൽ അശാസ്ത്രീയമായ കൃഷിരീതികളും മണ്ണ് പരിപാലനത്തിലുള്ള ശ്രദ്ധക്കുറവും വ്യാപകമായ മണ്ണൊലിപ്പിന് ഹേതുവായിട്ടുണ്ട്. വയൽ പ്രദേശങ്ങൾ മണ്ണിട്ട് നികത്തി കെട്ടിടങ്ങളും റോഡുകളും നിർമ്മിച്ചതിന്റെ അശാസ്ത്രീയത വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്. വയൽ നികത്തി കരഭൂമിയാക്കുന്നതും നെല്ലിന് പകരമായി നാണ്യവിളകൾ കൃഷി ചെയ്യുന്നതും ദൂരവ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. തോടുകൾ കയ്യേറി വീതി കുറയ്ക്കുന്നതുമൂലം മഴക്കാലത്ത് വെള്ളം പരന്നൊഴുകി വ്യാപകമായ കൃഷിനാശം സംഭവിക്കുന്നതും മറ്റൊരു പ്രധാന പ്രശ്നമാണ്.

ആകെയുള്ള 17779 ഏക്കർ ഭൂമിയിൽ 5510 ഏക്കർ നിലവും 11988 ഏക്കർ പുരയിടവും 281 ഏക്കർ പുറമ്പോക്കും ആകുന്നു.

**ജനങ്ങൾ**

1991ലെ സെൻസസ് പ്രകാരം സുൽത്താൻ ബത്തേരി പഞ്ചായത്തിലെ ജനസംഖ്യ 35034 ആണ്. ഇതിൽ 18034 പുരുഷന്മാരും 17000 സ്ത്രീകളും ആണ്. സംസ്ഥാനത്തെ മറ്റ് ജില്ലകളിൽ നിന്നും വ്യത്യസ്ഥമായി ഇവിടെ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കുറവാണ്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 340 ആണ്. ആറു വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 5260 ആണ്. ഇതിൽ ആൺകുട്ടികൾ 2687ഉം പെൺകുട്ടികൾ 2573ഉം ആണ്. പട്ടികജാതി ജനസംഖ്യ 1754 ആകുന്നു. ഇതിൽ 880 പുരുഷന്മാരും 874 സ്ത്രീകളും ഉണ്ട്. പട്ടികവർഗ്ഗ ജനസംഖ്യ 4175 ആണ്. ഇതിൽ 2114 പേർ പുരുഷന്മാരും. 2061 പേർ സ്ത്രീകളും ആണ്. ആകെ ജനങ്ങളിൽ 25096 പേർ സാക്ഷരരാണ്. ഇതിൽ 13534 പേർ പുരുഷന്മാരും 11562 പേർ സ്ത്രീകളും ആണ്.

ജനങ്ങൾ പ്രധാനമായും കാർഷിക പ്രധാനമായ പ്രവൃത്തിയിൽ ഏർപ്പെട്ട് ജീവിക്കുന്നവരാണ്. ജനസംഖ്യയുടെ തൊഴിൽപരമായ വിഭജനം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം. (പട്ടിക 2)

1991ലെ കണക്കനുസരിച്ച് 71.63 ശതമാനം സാക്ഷരതയുള്ള പ്രദേശമാണ് സുൽത്താൻബത്തേരി പഞ്ചായത്ത്. ഇവിടെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. ആധുനികമായ പുത്തൻ തൊഴിൽ മേഖലകൾ തുറന്നുകൊടുക്കുന്നതിലൂടെയും വിദ്യാഭ്യാസത്തിൽ തൊഴിൽ പരിശീലനത്തിന് ഊന്നൽ കൊടുക്കുന്നതിലൂടെയും മാത്രമേ ഇതിന് പരിഹാരം

ജനസംഖ്യയുടെ തൊഴിൽപരമായ വിഭജനം

| ജനം | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1. ജനസംഖ്യ | 35034 | 18034 | 17000 |
| 2. കൃഷിക്കാർ | 1344 | 1231 | 113 |
| 3. കർഷകതൊഴിലാളികൾ | 3116 | 2026 | 970 |
| 4. മൃഗസംരക്ഷണം, വനം, തുടങ്ങിയമേഖലകൾ | 1673 | 1313 | 360 |
| 5. ഖനനം, പാറപ്പൊട്ടിക്കൽ | 18 | 15 | 3 |
| 6. വ്യവസായം | 744 | 670 | 74 |
| 7. നിർമ്മാണമേഖല | 394 | 352 | 42 |
| 8. വാണിജ്യമേഖല | 1743 | 1664 | 80 |
| 9. ഗതാതതം,വാർത്താവിനിമയം | 607 | 600 | 7 |
| 10. മറ്റ് സേവനങ്ങൾ | 1891 | 1135 | 786 |
| സ്ഥിരമായി തൊഴിലുള്ളവർ | 11410 | 9005 | 2405 |
| ഭാഗീകമായി തൊഴിലുള്ളവർ | 1512 | 706 | 706 |
| തൊഴിലെടുക്കാത്തവർ | 22212 | 8323 | 13889 |

കാണാനാവുകയുള്ളൂ.

ജനങ്ങളിൽ 12 ശതമാനത്തോളം വരുന്ന പട്ടിക വർഗ്ഗക്കാർ ഇന്നും ദാരിദ്ര്യവും നിരക്ഷരതയും അനുഭവിക്കുകയാണ്. പരമ്പരാഗത തൊഴിൽ മേഖല യായ മൺപാത്ര നിർമ്മാണം ഇന്ന് അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ദൗർലഭ്യം നിമിത്തം ഭീഷണി നേരിടുകയാണ്. സ്ത്രീകൾക്കിടയിലെ തൊഴിൽ പങ്കാളിത്തനിരക്ക് തീരെ താഴ്ന്നതാണ്.

**ജലം**

വർഷത്തിൽ ശരാശരി 2400 മി.മി മഴയാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. പൊതുവെ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്.

തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് പഞ്ചായത്തിലെ ജലസ്രോതസ്സുകൾ. തൊടുവെട്ടി തോട്, കട്ടയാട്, പഴുപ്പത്തൂർ തോട്, കയ്പഞ്ചേരി തോട്ട്,. പുതുച്ചോല തോട്, കുപ്പമുടി തോട്, കാരക്കണ്ടി തോട്, പൂതിക്കാട്ട് വട്ടത്തിമുല തോട്, തിരുനെല്ലി തോട്, മന്തകൊല്ലി, പഴുപ്പത്തൂർ തോട് എന്നിങ്ങനെ ഒമ്പത് പ്രധാന തോടുകളും, മണിച്ചിറ, കടമാൻചിറ എന്നീ പ്രധാന കുളങ്ങളും പഞ്ചായത്ത് കുഴിച്ചുകൊടുത്ത 131 കിണറുകളും മറ്റ് സ്വകാര്യ കിണറുകളും ഇവയിൽ ഉൾപ്പെടുത്തുന്നു.

ഏകദേശം 26 ച.കി.മി പ്രദേശങ്ങളിൽ സാധാരണ ശുദ്ധജലം ലഭിക്കുന്നുണ്ട്. ചരിവ് പ്രദേശങ്ങളും കുന്നിൻ പ്രദേശങ്ങളും ജലദൗർലഭ്യം അനുഭവിക്കുന്നവയാണ്. ചെതലയം, ആർമാടു കുന്ന്, പൂതിക്കാട്ട്, ബീനാച്ചി, പഴേരി, മന്തണ്ടിക്കുന്ന് വട്ടത്തിമൂലക്കുന്ന് തുടങ്ങിയ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നവയാണ്. താഴ്വര പ്രദേശങ്ങളിലെ തോട്ടുകളിൽ നിന്നോ, കുളങ്ങൾ കുഴിച്ചോ വെള്ളം ഉയർന്ന പ്രദേശങ്ങളിലേക്ക് പമ്പുചെയ്ത് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്.



5

# സാമൂഹിക സാമ്പത്തിക മേഖലകൾ



# കൃഷിയും ജലസേചനവും

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിന്റെ ആസ്ഥാനമായ സുൽത്താൻ ബത്തേരി പഞ്ചായത്ത് ജില്ലാകവാടമായ ലക്കിടിയിൽ നിന്നും റോഡ് മാർഗ്ഗം 40 കി. മീ. കിഴക്കായി സമുദ്ര നിരപ്പിൽ നിന്നും സുമാർ 900 മീ. ഉയരത്തിൽ സ്ഥിതി ചെയ്യുന്നു.

6306.4 ഹെക്ടർ ഭൂവിസ്തൃതിയുള്ള പഞ്ചായത്തിന്റെ വടക്കു ഭാഗത്തായി 400 ഹെക്ടർ വനപ്രദേശമാണ്. തികച്ചും ഒരു കാർഷിക മേഖലയായ ഈ ഗ്രാമ പഞ്ചായത്തിലെ 92% ജനങ്ങളും കാർഷിക വൃത്തി കൊണ്ട് ഉപജീവനം നടത്തുന്നവരാണ്. പാരമ്പര്യമായി നെൽക്കൃഷിക്കായിരുന്നു പ്രാമുഖ്യം ഉണ്ടായിരുന്നത്.

20 നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ മന്ദഗതിയിൽ ആരംഭിച്ചിരുന്ന കുടിയേറ്റം രണ്ടാം ലോക മഹായുദ്ധത്തിൽ നാട്ടിൽ ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ ത്വരിതഗതിയിലായി. 1948 മുതൽ ആരംഭിച്ച വിമുക്ത ഭടന്മാരുടെ പുനരധിവാസ പദ്ധതിയോടുകൂടി ബത്തേരിയിലെ കാർഷിക മേഖലയിൽ സാർവ്വത്രികമായ ഉണർവ്വ് ദൃശ്യമായിത്തുടങ്ങി. ഘോരവനങ്ങളാൽ ചുറ്റപ്പെട്ടു കിടന്നിരുന്ന ഈ പ്രദേശത്ത് വന്യമൃഗങ്ങളേയും കൊടുംതണുപ്പിനേയും പകർച്ച വ്യാധികളേയും അതി ജീവിച്ചാണ് തുടക്കത്തിൽ കർഷകർ നിലയുറപ്പിച്ചത്.

ആദ്യകാലഘട്ടത്തിൽ ഭക്ഷ്യോൽപാദത്തിനുപകരിക്കുന്ന കാർഷിക വിളകൾക്കാണ് മുൻതൂക്കം നൽകിയിരുന്നത് കറുത്തൻ, ചെറുവെള്ളരി, പൊന്നാരിമാല തുടങ്ങിയ നെല്ലിനങ്ങൾ കരയിലും, ചോമാല, വെളിയൻ, കുട്ടിവെളിയൻ, മണ്ണുവെളിയൻ, തൊണ്ടി, പാൽതൊണ്ടി, തുടങ്ങിയനെല്ലിനങ്ങൾ പാടത്തും കൃഷി ചെയ്തിരുന്നു. കൂടാതെ കാച്ചിൽ ചേന, ചേമ്പ്, മധുരക്കിഴങ്ങ്, മധുരച്ചേമ്പ്, തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തിരുന്നു,വിറക് സുലഭമായതിനാൽ കൂടുതൽ വനങ്ങൾ വെട്ടിത്തെളിച്ച് ഇഞ്ചിപ്പുൽ കൃഷിയും വ്യാപകമാക്കിയിരുന്നു. ക്രമേണ വിറകിന് ദൗർബല്ല്യം അനുഭവപ്പെട്ടു തുടങ്ങിയതോടെ പുൽകൃഷി മന്ദീഭവിക്കുകയും കൂടുതൽ ആദായകരമായ നാണ്യവിളകൾ അഭിവൃദ്ധിപ്പെടുകയും ചെയ്തു.

പട്ടിക 1

| വിവിധ വിളകൾ | വിസ്തീർണ്ണം | ഉൽപ്പാദനം (ശരാശരി) |
|---|---|---|
| കാപ്പി | 1470ഹെക്ടർ | 750 ടൺ |
| തെങ്ങ് | 1124 ,, | 4375 തേങ്ങ/Ha |
| കുരുമുളക് | 1040 ,, | 500 Kg/Ha |
| നെല്ല് | 810 ,, | 2600 Kg/Ha |
| കവുങ്ങ് | 381 ,, | 16500 NCHS/Ha |
| വാഴ | 150 | 8500 Kg/Ha |
| റബ്ബർ | 30 ,, | - |
| പച്ചക്കറി | 20 ,, | - |
| കപ്പ | 5 ,, | - |
| പലവക | 30 ,, | - |

**1. നെൽക്കൃഷി**

പരമ്പരാഗത വിത്തിനങ്ങൾ കൊണ്ട് ഒരുപ്പൂ മാത്രം കൃഷി ചെയ്ത് തുടർന്ന് തരിശിട്ടിരുന്ന നെൽപ്പാടങ്ങിൽ സങ്കരവിത്തിനങ്ങളുടെ ആവിർഭാവത്തിനു ശേഷം ജയ, ഭാരതി, അശ്വതി, ത്രിവേണി, ശബരി, ജ്യോതി, ഇടവക തുടങ്ങിയവയും പരമ്പരാഗതമായിട്ടുള്ള അടു

പട്ടിക 2

| ക്രമനമ്പർ | പാടശേഖരസമിതി | വിസ്തീർണ്ണം |
|---|---|---|
| 1 | ചെതലയം | 126.76 |
| 2. | പഴുപ്പത്തൂർ | 44 |
| 3. | തേലംപ്പറ്റ | 66.44 |
| 4. | കരുവള്ള്ക്കുന്ന് | 128.98 |
| 5. | വട്ടുവാടി | 69.17 |
| 6. | കട്ടയാട് | 15.70 |
| 8. | വേങ്ങൂർ | 45.07 |
| 9. | കൈപ്പഞ്ചേരി | 39.00 |
| 10 | കടമാഞ്ചിറ | 89.47 |
| 11. | പഴേരി | 62 |
| 12. | കുപ്പാടി | 40.37 |
| 13 | പൂമല | 45.80 |

ക്കൽ, തൊണ്ടി, ജീരകശാല തുടങ്ങിയ ഉയരം കൂടിയ ഇനങ്ങളും കൃഷി ചെയ്യുന്നു. പുതിയ വിത്തിനങ്ങൾ കൃഷി ചെയ്യുമ്പോൾ ഉല്പാദന വർദ്ധനവ് ഉണ്ടെങ്കിലും ഉയരം കുറഞ്ഞ നെല്ലിനങ്ങൾ ആയതിനാൽ വൈക്കോൽ ലഭ്യത കുറവാണ്. സങ്കരയിനം ഹെക്ടറിന് നഞ്ചക്കൃഷിക്ക് ശരാശരി 2,400 കി. ഗ്രാം. പുഞ്ചയ്ക്ക് 2,600 കി. ഗ്രാം. ഉൽപ്പാദനം ഉണ്ട്. ജലസേചന സൗകര്യം ഇല്ലാത്തതിനാൽ പുഞ്ചക്കൃഷി ചെയ്യാൻ പറ്റാത്ത ഇടങ്ങളിൽ ഇടവിളയായി പയർ, പച്ചക്കറി, വാഴ, ഇഞ്ചി, മരച്ചീനി എന്നിവ കൃഷി ചെയ്യുന്നു.

നാണ്യ വിളകളുടെ വില വർദ്ധനവ് മൂലം മഴയെ മാത്രം ആശ്രയിച്ച് നെൽക്കൃഷി ചെയ്തിരുന്ന കരവയലകുൾ നികത്തി തെങ്ങ്, കവുങ്ങ്, കുരുമുളക് തുടങ്ങിയ കൃഷികളാക്കി മാറ്റിയതിനാൽ 1988ൽ 1056 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽക്കൃഷി 1996 ആയപ്പോഴേക്കും 23% കുറഞ്ഞ് 810 ഹെക്ടർ ആയി ചുരുങ്ങി. നെൽക്കൃഷിയും മറ്റ് നാണ്യ വിളകളും തമ്മിൽ വരുമാനത്തിൽ ഉള്ള അന്തരവും വയനാടൻ കാലാവസ്ഥയിലുണ്ടായ മാറ്റവും ഈ പ്രതിഭാസത്തിന് ആക്കം കൂട്ടി.

**2. കാപ്പി**

മുഖ്യകൃഷി റോബസ്റ്റ കാപ്പി ആണെങ്കിലും കാലാവസ്ഥയെ മാത്രം ആശ്രയിച്ചുള്ളതാണ് ഈ മേഖലയിലെ ബഹുഭൂരിപക്ഷം തോട്ടങ്ങളും. 1713 കൃഷിക്കാരിൽ 120 ഹെക്ടറിനു മുകളിലുള്ള 2 കർഷകർ ഒഴികെ ബാക്കി എല്ലാവവരും ചെറുകിട കർഷകരാണ്. കാലാവസ്ഥയിൽ അടിക്കടിക്ക് ഉണ്ടാകുന്ന മാറ്റങ്ങൾ കാപ്പിയുൽപ്പാദനം ഗണ്യമായി കുറയുന്നതിന് കാരണമായി. അടുത്തകാലത്തായി കണ്ടുവരുന്ന ബെറി ബോറർ എന്ന കീടത്തിന്റെ ആക്രമണം മൂലവും ഉൽപ്പാദന മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. പല തോട്ടങ്ങളും കാലപ്പഴക്കമുള്ളതും നവീന കൃഷിരീതികൾ ശാസ്ത്രീയമായി അവലംബിക്കാത്തതും ഈ കൃഷി അനാദായകരമാക്കുന്നു.

**3. കുരുമുളക്**

രാഷ്ട്രത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ മുഖ്യപങ്ക് വഹിക്കുന്ന കുരുമുളക് കൃഷി വിപുലീകരിക്കപ്പെട്ടുകൊണ്ടിരിക്കകയാണ്. 1988 കാലഘട്ടം മുതൽ ദ്രുതവാട്ടരോഗം നിമിത്തം ഒട്ടനവധി തോട്ടങ്ങൾ നിശേഷം നശിച്ചുപോകാൻ തുടങ്ങി. ഇതിനേതുടർന്ന് കുരുമുളക് ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായി, ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള കീടനാശിനികളും രാസവസ്തുക്കളും ഭാഗികമായി കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ടെങ്കിലും മരുന്ന് തളി വേണ്ടത്ര ഫലപ്രദമായി കാണുന്നില്ല. ഭൂരിപക്ഷം കൃഷിക്കാരുടെയും സാങ്കേതിക പരിജ്ഞാനമില്ലായ്മ മരുന്ന് തളിക്കലിന് തടസ്സമാകുകയാണ്. കൃഷിഭവനിലെ ജോലി ബാഹുല്ല്യം നിമിത്തം കൃഷിയിടങ്ങളിൽ മരുന്ന് തളിക്ക്മേൽനോട്ടം നടത്തുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് പൂർണ്ണമായി കഴിയാത്തതും ലക്ഷ്യപ്രാപ്തിക്ക് വിഘാതമാകുകയാണ്. ഓരോ വർഷവും പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെയും പരിമിതമായ തോതിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കിയും കുരുമുളക് കൃഷി വിപുലീകരിച്ചുകൊണ്ടിരിക്കുന്നു. കരിമുണ്ട, പന്നിയൂർ 1 തുടങ്ങിയ ഇനം വള്ളികളാണ് ഇപ്പോൾ പ്രധാനമായും കൃഷി ചെയ്തു വരുന്നത്.

**4. തെങ്ങ്**

1970 തോടുകൂടി വയനാടൻ കാലാവസ്ഥയിൽ പ്രകടമായ മാറ്റങ്ങൾ കണ്ടു തുടങ്ങിയതു മുതൽക്കാണ്

പട്ടിക 3

| ക്രമനമ്പർ | കുരുമുളക് | വിസ്തീർണ്ണം | ഉൽപ്പാദനം |
|---|---|---|---|
| 1 | വേങ്ങൂർ | 231 ഹെക്ടർ | ശരാശരി 500 Kg ഹെക്ർ |
| 2 | നെല്ലിപ്പറ്റ (ചെതലയം) | 230 „ | |
| 3 | പഴുപ്പത്തൂർ | 289 „ | |
| 4 | ചെറൂർകുന്ന് | 230 „ | |
| 5 | കടമാൻചിറ | 228 „ | |
| 6 | വട്ടുവാടി | 226 „ | |
| 7 | ഓടപ്പള്ളം | 232 „ | |
| 8 | പൂതിക്കാട് | 283 „ | |
| 9 | കുപ്പാടി | 225 „ | |
| 10 | കട്ടയാട് | 173 „ | |

ബത്തേരിയിലും തെങ്ങ് കൃഷി വിപുലമായി ആരംഭി ച്ചത്. കൃഷിഭവനുകളുടെ ആവിർഭാവത്തോടെ നല്ലയിനം തെങ്ങിൻ തൈകൾ ( W.C.T, TxD, DxT) തുടർച്ച യായി എല്ലാ വർഷവും വിതരണം നടത്തുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ 1124 ഹെക്ടർ സ്ഥലത്ത് വിജയകരമായി തെങ്ങ് കൃഷി നടത്തി വരുന്നു. കുന്നിൻ പ്രദേശങ്ങളായതിനാലും അവിടവിടെ ഒറ്റപ്പെട്ട തോട്ട ങ്ങൾ ആയതിനാലും സാമൂഹ്യ ജലസേചന സൗകര്യം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴി ഞ്ഞില്ല. ജലസേചന സൗകര്യം ലഭ്യമാക്കിയാൽ നാളികേ രോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയും

**5. കവുങ്ങ്**

സുഗന്ധ വ്യഞ്ജനങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കവുങ്ങ് കൃഷിയും വിപുലീകരിക്കപ്പെട്ടു വരുന്നു. വയലിനോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലും കുരുമുളക് തോട്ട ങ്ങളിൽ ഇടകലർത്തിയും കവുങ്ങ് കൃഷി ചെയ്തു വരുന്നു. മംഗളം, കാസർഗോഡൻ, നാടൻ ഇനങ്ങളാണ് പുതി യതായി കൂടുതലും കൃഷി ചെയ്യുന്നത്. മഹാളി, കൂമ്പ്ചീ യ്യൽ തുടങ്ങിയ രോഗങ്ങൾ ഈ കൃഷിക്കും ഭീഷണി യായി കണ്ടു തുടങ്ങിയിട്ടുണ്ട്.

**മറ്റിനങ്ങൾ**

റബ്ബർ കൃഷി പഞ്ചായത്തിൽ പരിമിതമായ തോതിലേയുള്ളു. 30 ഹെക്ടർ സ്ഥലത്തുമാത്രം , റബ്ബർതോ ട്ടങ്ങളിൽ സാധ്യമായ ഇടവിളകൾ കൂടി ബോർഡ് അംഗീ കരിച്ചാലേ ഈ രംഗത്ത് കൃഷി വ്യാപനം നടപ്പാകുക യുള്ളു. ഒരു കാലഘട്ടത്തിൽ വിപുലമായ ഇഞ്ചിക്കൃ ഷിയുണ്ടായിരുന്ന ബത്തേരിയിൽ മഹാളി, മൂടു ചീയൽ തുടങ്ങിയ രോഗങ്ങൾ നിമിത്തം കൃഷി അയൽ സംസ്ഥാനത്തെ കുടക് ജില്ലയിലേക്കും മറ്റും വഴി മാറികൊണ്ടി രിക്കുകയാണ്. മഞ്ഞളിന്റെ വിലക്കുറവ് ഈ കൃഷിയിൽ നിന്നും കർഷകർ പിൻമാറാൻ ഇടയാകുന്നു. വാഴ, കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ ഇടവിളയായും ജലസേചന സൗക ര്യമുള്ള മറ്റ് സ്ഥലങ്ങളിലും വ്യാപകമായും കൃഷി ചെയ്തു വരുന്നുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന പെട്ടെന്നുള്ള മാറ്റം, കാറ്റ്, തുടങ്ങിയ കാരണങ്ങളാൽ ചിലപ്പോൾ വാഴ ത്തോട്ടങ്ങൾ നിശ്ശേഷം നശിച്ചു പോകുന്നുണ്ട്. ഈ കൃഷിക്ക് ഇപ്പോൾ ലഭ്യമാകുന്ന ഇൻഷ്യൂറൻസ് സംരക്ഷണം കർഷകർ വേണ്ടത്ര പ്രയോജനപ്പെടു ത്തുന്നില്ല. വിപുലമായ കൃഷി നാശം സംഭവിക്കുമ്പോൾ കൃഷി ഭവനിലൂടെ ധനസഹായം അനുവദിക്കുന്നുണ്ട്.

**കർഷകസമിതികൾ**

പഞ്ചായത്തിൽ 13 പാടശേഖര സമിതികളും 10 കുരുമുളക് സംരക്ഷണ സമിതികളും ഒരു പഞ്ചായത്തു തല കേര സംരക്ഷണ സമിതിയും രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്നു. ഈ ജനകീയ സമിതികളുടെ പ്രവർത്തനം കൃഷിഭവന്റെ പരിപാടികൾ ജനങ്ങളിൽ എത്തിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു.

**വളം, കീടനാശിനി**

സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖ ലയിൽ 5ഉം വളം കീടനാശിനി വിൽപ്പനശാലകൾ പഞ്ചാ യത്തിൽ പ്രവർത്തിക്കുന്നു. ഏറ്റവും കൂടുതൽ ഉപ യോഗമുള്ള മേയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ആവ ശ്യമായ രാസവളം യഥാസമയം കർഷകർക്ക് ലഭ്യമാ

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം | ഖരം | ദ്രവം | കി.ഗ്രാം | ഖരം | ദ്രവം | കി.ഗ്രാം | ഖരം | ദ്രവം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | സഹകരണം | 344932 | 12.711MT | 7620Ltr | 388200 | 13.1MT | 53.50Ltr | 344960 | 12.3MT | 44.00Ltr |
| 2 | സ്വകാര്യം | 147828 | 8.475MT | 1780 Ltr | 129400 | 9.73MT | 10.40Ltr | 147840 | 8.028 MT | 1085Ltr |

കാത്ത അവസ്ഥയുണ്ട്. 95–96ൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് രാസവളം ലഭ്യതക്കുറവായിരുന്നു.

**രാസവിള കീടനാശിനി വിപണനം**

ക്രമാതീതമായി ഉയർന്ന വില രാസവളം ഉപയോഗിക്കുന്നതിൽ കുറവുവരുത്തുവാൻ കർഷകരെ നിർബന്ധിതരാക്കിയിരിക്കുന്നു. ഈ പ്രവണത നെല്ല് നാണ്യ വിള ഉൽപ്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ജൈവ വളം പ്രാദേശികമായി ആവശ്യാനുസരണം ലഭ്യമല്ലാത്തതിനാൽ സമീപ പ്രദേശങ്ങളായ തമിഴ്നാട്ടിലെ ഗൂഡല്ലൂർ കർണ്ണാടകയിലെ മസനഗുഡി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വൻതോതിൽ കൊണ്ടുവരുന്നു. വിവിധ സ്വകാര്യകമ്പിനികളുടെ ജൈവവളമിശ്രിതങ്ങളും കർഷകർക്ക് നേരിട്ട് തോട്ടങ്ങളിൽ എത്തിച്ച് വിതരണം നടത്തുന്നുണ്ട്. കുരുമുളക്, നെല്ല്, വാഴ തുടങ്ങിയ കൃഷികൾക്ക് കീടനാശിനികളുടെ ഉപയോഗവും വ്യാപകമായിട്ടുണ്ട്. ഈക്കാര്യത്തിൽ ശാസ്ത്രീയ സമീപനം അവലംബിക്കുന്നതിൽ മിക്ക കർഷകരും ശുഷ്കാന്തി കാണിക്കുന്നില്ല.

**കാർഷികവായ്പ**

വളർന്നുവരുന്ന ഒരു പട്ടണം കൂടിയായ സുൽത്താൻബത്തേരിയിൽ പൊതുമേഖലയും, സ്വകാര്യമേഖലയും ഉൾപ്പെടെ 12 ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ S.B.T കാർഷികവികസന ശാഖയിൽ നിന്നും പനമരം ഭൂപണയബാങ്കിൽനിന്നും കാർഷിക വായ്പകൾ ലഭ്യമാണ്.

**കൃഷിഭവൻ**

സമ്മിശ്രകൃഷിരീതികൾ അവലംബിച്ചിട്ടുള്ള പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം വളരെ വിപുലമാണ്. വർദ്ധിത വിസ്തൃതിയിൽ ഒട്ടനവധി കുന്നുകളും താഴ്‌വരകളുമായ ഭൂപ്രകൃതിയുള്ള പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷിയിടങ്ങൾ സന്ദർശിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു കൃഷി ഓഫീസറുടേയും 2 കൃഷി അസിസ്റ്റന്റുമാരുടേയും സേവനം പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും വിദഗ്ദ സേവനത്തിനുള്ള അപര്യാപ്തത തുടരുകയാണ്.

**പ്രശ്നങ്ങൾ**

1. നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം നിമിത്തം കൃഷിനശിച്ചാൽ മാത്രമാണ് നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ രോഗ, കീടബാധനിമിത്തമാണ് ഈ പഞ്ചായത്തിൽ കൂടുതലായി കൃഷിനാശം സംഭവിക്കുന്നത്.

2. കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിന് സഹകരണ മേഖലയിലോ, പൊതുമേഖലയിലോ നിയന്ത്രിത വിപണികൾ ഇല്ലാത്തതുമൂലം കർഷകർ ചൂഷണം ചെയ്യപ്പെടുന്നു.

3. മണ്ണ് സംരക്ഷണത്തിന് സബ്സിഡി ആവശ്യാനുസരണം ലഭ്യമല്ല.

4. കുരുമുളക് കൃഷി രോഗബാധമൂലം വ്യാപകമായി നശിക്കുന്നു.

5. മുഖ്യകൃഷിയായ കാപ്പിക്ക് ഉൽപ്പാദനക്ഷമത തീരെക്കുറവാണ്.

**നിർദ്ദേശങ്ങൾ**

1. കൃഷി മെച്ചപ്പെടുത്തുന്നതിനു വേണ്ടി മണ്ണൊലിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മണ്ണ്, കയ്യാല, കല്ല് കയ്യാല, ട്രഞ്ച് എന്നിവ നിർമ്മിക്കണം.

2. പഞ്ചായത്തിലെ തോടുകൾ പൂർണ്ണമായി സംരക്ഷിക്കണം

3. വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ നിശ്ചയിച്ച പ്രകാരം കൃത്യസമയത്ത് മണ്ണ് പരിശോധന നടത്തണം.

4. വാർഡുകളിൽ ജനകീയ സമിതികൾ രൂപീകരിച്ച് ജലസേചനത്തിന് സ്പ്രിംഗ്ളർ ഉപയോഗിക്കുക.

5. പവർ ടില്ലർ, ട്രാക്ടർ, നടീൽ യന്ത്രം, മെതിയന്ത്രം എന്നിവ പാടശേഖര സമിതികളിലൂടെ ലഭ്യമാക്കുക.

6. പഞ്ചായത്തിൽ കാർഷിക വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുക.

7. വാർഡ് തലത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

8. കാർഷിക സബ്സിഡികൾക്ക് കൃഷിഭവൻ മുഖേന കാർഷിക കാർഡ് സമ്പ്രദായം ഏർപ്പെടുത്തുക.

9. കാർഷിക ആവശ്യ വൈദ്യുതി പദ്ധതി വിപുലപ്പെടുത്തുക.

10. കൃഷി ശാസ്ത്രീയമായി നടത്തുന്നതിന് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.

11. ഒരു മൊബൈൽ സോയിൽ ടെസ്റ്റിംഗ് യൂണിറ്റ് ആരംഭിക്കുക.

12. കാർഷിക മേഖലയിലെ വിദഗ്ദർ, കർഷകർ, കർഷകത്തൊഴിലാളികൾ ജനപ്രതിനിധികൾ എന്നിവർ അടങ്ങിയ ഒരു കാർഷികസമിതി പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കുകയും പഞ്ചായത്തിലെ സമഗ്ര കാർഷിക വികസനത്തിനുള്ള പദ്ധതി രൂപീകരിക്കുകയും ചെയ്യുക.

13. ഇന്നുള്ള കുരുമുളക് സമിതി പാടശേഖര സമിതി, തെങ്ങ് സമിതി എന്നിവയെ നിലനിർത്തുകയും ഓരോ ഇനത്തിലേക്കുമുള്ള അപേക്ഷകൾ ഇവർ മുഖേന കൃഷിഭവനിൽ എത്തിക്കുകയും അവ ക്രോഡീകരിച്ചു പഞ്ചായത്തിന്റെ അംഗീകാരം വാങ്ങിയതിന് ശേഷം നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

14. പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ശ്രമിക്കണം.

15. ഗുണമേന്മയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നല്കി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി ഓരോ വാർഡിലും നടപ്പാക്കണം.

16. പച്ചില വളത്തിന്റെ കുറവ് നികത്തുന്നതിന് ശീമക്കൊന്ന തുടങ്ങിയ ചെടികൾ വ്യാപകമായി വളർത്തണം.

17. കൃഷിയെ സംരക്ഷിക്കുന്നതിനും, കർഷകർക്ക് ആത്മവിശ്വാസം നല്കുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടത്തണം.

18. ധാരാളം വിപണന സാധ്യതയുള്ള ഫ്ളോറികൾച്ചർ, ഓർക്കിഡ്, ആന്തൂറിയം ഇവ നഴ്സറികളുടെ സഹായത്തോടെ വ്യാപിപ്പിക്കണം. കൂൺകൃഷിക്കും നല്ല സാധ്യതയുണ്ട്.

19. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം.

20. ഇവയോടൊപ്പംതന്നെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. കൃഷിയിൽ നമുക്ക് ഒരു കൂട്ടായ്മയുടെ സംസ്ക്കാരം വളർത്തിയെടുക്കേണ്ടതുണ്ട്.

## ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ പ്രധാനമായും രണ്ട് ഘട്ടങ്ങളിലാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക് കിഴക്കൻ

| വർഷം | മഴയുടെ അളവ് | മഴകിട്ടിയ ദിനങ്ങൾ |
|---|---|---|
| 1992 | 1935 | 132 |
| 1993 | • 1848 | 117 |
| 1994 | 27048 | 124 |
| 1995 | 2142 | 113 |
| 1996 | 2260 | 97 |

അവലംബം: കോഫിബോർഡ്, ബത്തേരി

മൺസൂൺ). ഇത് കൂടാതെ മാർച്ച് ആദ്യത്തിൽ വേനൽ മഴയും ലഭിക്കുന്നു. ശരാശരി വർഷത്തിൽ 213.93 സെ.മി. മഴ ഇവിടെ ലഭിക്കുന്നു. കഴിഞ്ഞ 5 വർഷത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**തോടുകൾ**

പഞ്ചായത്തിൽ പ്രധാനമായി ഒമ്പത് തോടുകളാണുള്ളത്. ഇവയുമായി ബന്ധപ്പെട്ട് നിലവിലുള്ള ജലസേചന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

| *തോടിന്റെ പേര്* | *പദ്ധതി* |
|---|---|
| 1. കട്ടയാട്-പഴുപ്പത്തൂർ | വി.സി.ബി |
| 2. തൊടുവട്ടിതോട് | വട്ടുവാടി ലിഫ്റ്റ് ഇറിഗേഷൻ |
| 3. കയ്പഞ്ചേരി തോട് | വി.സി.ബി |
| 4. കാരക്കണ്ടി തോട് | കിടങ്ങിൽ കോളനി കനാൽ |
| 5. കട്ടയാട്-പഴുപ്പത്തൂർ | വി.സി.ബി |
| 6. കാരക്കണ്ടി തോട് | വിയർ |

**കുളങ്ങൾ**

പഞ്ചായത്തിൽ പ്രധാനമായി രണ്ട് വലിയ കുളങ്ങളും അല്പം ചില ചെറിയ കുളങ്ങളും ആണ് ഉള്ളത്. കുളങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല, മിക്കവയും നികത്തപ്പെടുകയുമാണ് ചെയ്യുന്നത്.

**മണ്ണ്-ജല സംരക്ഷണം**

ചെരിവ് പ്രദേശങ്ങളിൽ ട്രഞ്ചുകൾ കീറിയും കോണ്ടൂർ വരമ്പുകൾ നിർമ്മിച്ചുമാണ് മുൻകാലങ്ങളിൽ മണ്ണ്-ജല സംരക്ഷണങ്ങൾ നടത്തിയിരുന്നത്. കൃഷിഭൂമി ചെറിയ തുണ്ടുകളായി വിഭജിക്കപ്പെട്ടതും കൃഷി അനാദായകരമായതും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. മേൽമണ്ണിന്റെ ഒഴുകിപ്പോകൽ ഇന്നൊരു പ്രധാന പരിസ്ഥിതി പ്രശ്നമാണ്.

**നഴ്സറികൾ**

വനം വകുപ്പിന്റെ കീഴിൽ ഒരു നഴ്സറിയും സ്വകാര്യ ഉടമസ്ഥതയിലുള്ള മറ്റൊരു നഴ്സറിയുമാണ് പഞ്ചായത്തിലുള്ളത്. വനംവകുപ്പിന്റെ നഴ്സറിയിൽ നിന്നും തേക്ക് സിൽവർ ഓക്ക്, മറ്റ് ഫലവൃക്ഷത്തൈകൾ എന്നിവ വിതരണം നടത്തുന്നു.

**ജലസേചന രംഗത്തെ നടപ്പ് പദ്ധതികൾ**

1. കട്ടയാട് ജലസേചന സൗകര്യം ഏർപ്പെടുത്തൽ

2. തിരുനെല്ലിയിൽ ഡൈവേർഷൻ വിയറിന്റെ നിർമ്മാണം

3. വേങ്ങൂർ ചിറയുടെ ഉദ്ധാരണ പ്രവൃത്തികൾ

**പുതിയ സ്കീമുകൾ**

1. ഓടപ്പള്ളം ചിറയുടെ ഉദ്ധാരണ പ്രവൃത്തികൾ

2. തൊടുവട്ടിയിൽ വി.സി.ബി. നിർമ്മാണം

3. ചിറമുലച്ചിറയുടെ ഉദ്ധാരണ പ്രവൃത്തികൾ

4. പഴുപ്പത്തൂർ പഴയ വി.സി.ബിയുടെ അറ്റകുറ്റപ്പണികൾ

**നിർദ്ദേശങ്ങൾ**

1. കുപ്പമുടി തോട്ടിൽ പാലവും, തടയണയും

2. ദൊട്ടപ്പൻകുളം, പൂതിക്കാട് തോടുകൾക്ക് തടയണകൾ

3. പഴുപ്പത്തൂർ മേലെ പാലത്തിന് സമീപമുള്ള ചെക്ക് ഡാമിൽ നിന്നും വെള്ളം പമ്പ് ചെയ്യുക.

4. 3-ാം വാർഡിൽ കട്ടയാട് പഴുപ്പത്തൂർ തോട്ടിൽ രണ്ട് സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുക.

5. ടി.പി.കുന്നിന്റെ താഴ്വരയിലും, അരിവയൽ ചപ്പക്കൊല്ലി റോഡ് പാലത്തിന് സമീപവും കുളങ്ങൾ നിർമ്മിക്കുക.

6. പ്ലാക്കൊല്ലി, പച്ചരി വയലുകളിൽ കുളങ്ങൾ നിർമ്മിക്കുക.

7. കല്ലുംകേരിയിൽ ബണ്ട് കെട്ടി സമീപവയലുകളിൽ വെള്ളമെത്തിക്കുക.

8. അമ്പലക്കുന്ന് കുളം, ദൊട്ടപ്പൻകുളം, കട്ടയാട് മാധവൻ ചെട്ടിയുടെ കുളം എന്നിവ പുനർ നിർമ്മിക്കുക.

9. കുന്തിച്ചിറയിൽ നിന്ന് തുടങ്ങി മാനിക്കുനി ഗാന്ധി ജംഗ്ഷൻ വഴി കയ്പഞ്ചേരി തോട് പുനസ്ഥാപിക്കുക.

10. ഗൗരീച്ചിറ, മാവാടി കോളനി എന്നീ സ്ഥലങ്ങളിൽ കുളം നിർമ്മിച്ച് ജലസേചനം നടത്തുക.

11. കയ്പഞ്ചേരി അണക്കെട്ട് ഉപയോഗക്ഷമമാക്കുക.

12. കയ്പഞ്ചേരിക്കുളം, മൈതാനിക്കുന്ന് കുളം എന്നിവ പുനർനിർമ്മിക്കുക.

13. ടെക്നിക്കൽ ഹൈസ്കൂളിന് സമീപത്തു കൂടി ഒഴുകുന്ന തോട് കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.

14. പാളാക്കര വയലിൽ അനുവദിച്ച സ്ഥലത്ത് കുളം നിർമ്മിച്ച് കനാൽ വഴി കൃഷിക്ക് ഉപയോഗപ്പെടുത്തുക.

15. കുറ്റമ്പാളി കോളനിയിൽ കുളം നിർമ്മിക്കുക.

16. വീട്ടിക്കുറ്റി ഭാഗത്ത് ഡാമും, കനാലും നിർമ്മിക്കുക

17. മൈസൂർ റോഡിനോട് ചേർന്ന് മന്തണ്ടികുന്നിലുള്ള പഞ്ചായത്ത് കുളം പുനർനിർമ്മിക്കുക.

18. കരുവള്ളിക്കുന്നിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ കുളങ്ങൾ കുഴിക്കുക.

19. നിലവിലുള്ള കിടങ്ങിലെ കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിക്കുക.

20. കൗണ്ടൻമൂല, താത്തൂർ, പടിപ്പുര എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുക.

21. തച്ചൻചിറ നിലവിലുള്ള കുളം പുതുക്കി പണിയുക.

5.2

# മൃഗസംരക്ഷണവും വനവും

## മൃഗസംരക്ഷണം

പഞ്ചായത്തിൽ വളർത്തപ്പെടുന്ന മൃഗങ്ങളിൽ ഭൂരിഭാഗവും പാൽ ഉല്പാദനത്തിനായിട്ടുള്ളവയാണ്. ചെറിയ തോതിൽ കാളകൾ, പന്നികൾ, മുയലുകൾ എന്നിവ വളർത്തുന്നുണ്ട്. കോഴി വളർത്തൽ പഞ്ചായത്തിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. പഞ്ചായത്തിലെ വളർത്തു മൃഗങ്ങളുടെ ഏകദേശ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

പട്ടിക

വളർത്തു മൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | എണ്ണം |
|---|---|
| കറവമാടുകൾ | 2500 |
| എരുമകൾ | 50 |
| കാളകൾ | 2000 |
| ആട് | 1500 |
| പന്നി | 500 |
| പട്ടി | 3000 |
| കോഴി | കണക്ക് ലഭ്യമല്ല |

പഞ്ചായത്തിൽ നല്ല നിലയിൽ ഒരു ക്ഷീരോല്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നു. കോട്ടക്കുന്നിൽ പ്രവർത്തിക്കുന്ന വെറ്ററിനറി പോളി ക്ലിനിക്കാണ് ബത്തേരിയുടെയും സമീപ പഞ്ചായത്തുകളുടെയും ആശ്രയം. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പു രോഗം ഉദരരോഗം എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സാബന്ധിച്ചും കാലി കർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്. കർണ്ണാടകത്തിൽ നിന്നും കടത്തിക്കൊണ്ട് വരുന്ന അറവുമാടുകൾ ഇവിടുത്തെ കന്നുകാലികളിൽ രോഗങ്ങൾ പടരാൻ കാരണമാകുന്നുണ്ട്.

പഞ്ചായത്തിൽ ഏതാനും ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് മുഖേന ഗോബർ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കു വേണ്ടി വൻ തോതിൽ കോഴികളെ മറ്റ് പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്.

**പ്രധാന പ്രശ്നങ്ങൾ**

1. പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർല്ലഭ്യം
2. സർക്കാർ ,സൗകര്യങ്ങളെക്കുറിച്ചുള്ള അറിവിന്റെ അപര്യാപ്തത
3. ആവശ്യത്തിന് ICDP സെന്ററുകൾ ഇല്ലായ്മ
4. മൃഗാശുപത്രിയിലേക്കുള്ള ദൂരക്കൂടുതൽ

**ഇപ്പോൾ നടന്നു വരുന്ന പദ്ധതികൾ**

1. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി
2. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പരിപാടി
3. മുട്ടക്കോഴിക്കുഞ്ഞുങ്ങളുടെ വിതരണം
4. ഉഴവുമാട് വളർത്തൽ പദ്ധതി
5. ആട് വളർത്തൽ പദ്ധതി
6. മലബാരി ആടുവളർത്തൽ പദ്ധതി
7. പന്നി വളർത്തൽ വികസന പദ്ധതി
8. സ്ക്കൂൾ പോൾട്ടറി ക്ലബ്

9. മുയൽ വളർത്തൽ പദ്ധതി

10. പേവിഷ നിയന്ത്രണം

**സാധ്യതകൾ**

1. എല്ലാ വാർഡുകളിലും ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കാം

2. ഇറച്ചിക്കോഴി വളർത്തൽ യുണിറ്റുകൾ തുടങ്ങാവുന്നതാണ്.

3. സഞ്ചരിക്കുന്ന മൃഗാശുപത്രി സ്ഥാപിക്കാം.

4. പഞ്ചായത്തിനെ കാലിരോഗവിമുക്തമാക്കൽ

5. ഹാച്ചറികൾ സ്ഥാപിക്കൽ

6.കർഷകർക്ക് മൃഗപരിപാലനത്തിൽ ബോധവൽക്കരണവും പരിശീലനവും നൽകൽ.

## വനം

പ്രകൃതി ദത്തമായ വനങ്ങളാൽ സമ്പന്നമാണ് സുൽത്താൻ ബത്തേരി പഞ്ചായത്ത്. ബത്തേരി പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ നിക്ഷിപ്ത വനങ്ങൾ ഒന്നും തന്നെയില്ല. ജലസ്രോതസുകളും, ചതുപ്പുകളും സമൃദ്ധമായി ഉണ്ടെങ്കിലും സർപ്പക്കാവുകളോ കണ്ടൽക്കാടുകളോ ഈ പഞ്ചായത്തിൽ ഇല്ല. ഇലപൊഴിയും കാടുകളിൽ സാധാരണയായി കാണാറുള്ള മരുത്, പൂവരിശ്, ചടച്ചി, വീട്ടി, വെൺതേക്ക്, തേക്ക്, വേങ്ങ, ചമത, കണിക്കൊന്ന, നെല്ലി മുതലായ വൃക്ഷങ്ങളാൽ സമ്പന്നമാണ് ബത്തേരിയിലെ പ്രകൃതിദത്ത വനങ്ങൾ. ഈ വനങ്ങളിൽ ആന, പുള്ളിമാൻ, കടുവ, കരടി, മലമാൻ, ചെന്നായ്, മലയണ്ണാൻ, ഹനുമാൻകുരങ്ങ്, നാടൻ കുരങ്ങ്, പന്നി മുതലായമൃഗങ്ങൾ ധാരാളമായിക്കാണപ്പെടുന്നു.

ബത്തേരി പഞ്ചായത്തിന്റെ പരിധിയിൽപെട്ട വനങ്ങളിൽ കാര്യമായ വനനശീകരണമോ വനം കൈയേറ്റമോ നടന്നിട്ടില്ല. പഞ്ചായത്ത് അതിർത്തിയിൽ ഇതേവരെ വനഭൂമിക്ക് പട്ടയം നൽകിയിട്ടില്ല. പതിനഞ്ച് കോളനികളിലായി ആയിരത്തിലധികം ആദിവാസികൾ വനങ്ങൾക്കുള്ളിൽ സ്ഥിരതാമസമുണ്ട്. ഇവരുടെ പട്ടിക താഴെ ചേർക്കുന്നു.

വനനശീകരണവും വനം കൈയ്യേറ്റവും വളരെ കുറവായതിനാൽ കാര്യമായ വനവൽക്കരണ പരിപാടികളൊന്നും ബത്തേരി പഞ്ചായത്തിൽ നടന്നിട്ടില്ല. പ്രകൃതിതന്നെ കനിഞ്ഞരുളി തന്നിട്ടുള്ള നിബിഢ വനങ്ങൾ ധാരാളമുള്ളതിനാൽ കൃത്രിമ വനങ്ങളുടെ ആവശ്യവും ഉണ്ടായിട്ടില്ല. ബത്തേരിയിലെ വനപ്രദേശങ്ങളിലൊന്നും സാമൂഹ്യവനവത്ക്കരണ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല. സാമൂഹ്യ വനവത്ക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വളർത്തിയെടുക്കുന്നതിനുള്ള ഒരു നേഴ്സറി കുപ്പാടിക്കടുത്ത് വനത്തിനുള്ളിൽ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ അതും പ്രവർത്തനരഹിതമാണ്.

| കോളനിയുടെ പേര് | ട്രൈബൽ കുടുംബങ്ങൾ | | | | | പുരുഷൻ | സ്ത്രീ | |
|---|---|---|---|---|---|---|---|---|
| | നായ്ക്കർ | കുറുമർ | പണിയർ | ഊരാളി | ആകെ | | | |
| കൊമ്മഞ്ചേരി | 9 | – | – | – | 9 | 16 | 13 | 29 |
| മണൽമൂല | 7 | 0 | 1 | 0 | 8 | 18 | 17 | 35 |
| പൂവഞ്ചി-പണിയ | 0 | 0 | 36 | 0 | 36 | 66 | 85 | 151 |
| പൂവഞ്ചി-നായ്ക്ക | 12 | – | – | – | 12 | 37 | 26 | 63 |
| പുകിലമാളം | 11 | – | – | – | 11 | 24 | 26 | 50 |
| താത്തൂർ | 3 | – | 5 | – | 8 | 18 | 18 | 36 |
| വീട്ടിക്കുറ്റി | 0 | 16 | – | – | 16 | 34 | 27 | 61 |
| പുള്ളുമല | 10 | – | – | – | 10 | 22 | 24 | 46 |
| കുറിച്യാട് | 20 | – | 3 | – | 23 | 45 | 45 | 90 |
| വേങ്ങൂർകുന്ന് - കോളിമൂല | 6 | – | – | 3 | 8 | 18 | 18 | 36 |
| വേങ്ങൂർ (നായ്ക്കർ) | 17 | 0 | 0 | 3 | 20 | 34 | 37 | 71 |
| പാമ്പുമൂല | 17 | – | – | 2 | 19 | 36 | 38 | 74 |
| ആറാംമൈൽ | 1 | 3 | 15 | – | 19 | 60 | 39 | 99 |
| വളാഞ്ചേരികുന്ന് | 14 | 3 | 18 | – | 35 | 81 | 85 | 166 |
| ചെതലയം | 0 | 4 | 6 | – | 10 | 29 | 14 | 43 |
| | 127 | 26 | 84 | 84 | 244 | 538 | 512 | 1050 |

5.3



# വ്യവസായം

## ചരിത്രം

വ്യവസായ മേഖലയിൽ ഇന്ത്യയിൽ തന്നെ പിന്നോക്കം നില്ക്കുന്ന ജില്ലകളിൽ ഒന്നാണ് വയനാട് ജില്ല. 1980ൽ പ്ലാനിംഗ് കമ്മീഷന്റെ ടാസ്ക് ഫോഴ്സ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയെ "വ്യവസായം ഇല്ലാത്ത ജില്ല "എന്നു പ്രഖ്യാപിച്ചിട്ടുണ്ട്.

വ്യവസായമേഖലയിൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിന് കാര്യമായ നേട്ടങ്ങൾ ഒന്നും നാളിതുവരെ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 1930കളിൽ വയനാട് ജില്ലയിൽ വ്യാപകമായ കുടിയേറ്റം നടന്നതിന്റെ ഭാഗമായി ബത്തേരി പ്രദേശങ്ങളിലും ധാരാളം അധ്വാനശീലരായ കുടിയേറ്റക്കാർ വന്നെത്തി. ഇവർ പ്രധാനമായും കാർഷിക മേഖലയിൽ തന്നെ ഏർപ്പെടുകയും ചെയ്തു. അന്ന് ഏറ്റവും പ്രധാനകൃഷി നെല്ല് ആയിരുന്നതിനാൽ ഇന്നത്തെ വയനാട് ഒരു തരത്തിൽ പറഞ്ഞാൽ "വയൽനാട്' തന്നെയായിരുന്നു. നെല്ലുല്പാദനം ധാരാളമായി ബത്തേരി പ്രദേശത്ത് നടന്നിരുന്നതിനാൽ ഈ മേഖലയിൽ വ്യവസായികൾ കടന്നുവന്നു. അതിന്റെ ഭാഗമായി മൂലങ്കാവ്, മലങ്കര, കോളിയാടി, പൂമല, എന്നിവിടങ്ങളിൽ നെല്ലുകുത്തു മില്ലുകൾ ആരംഭിച്ചു. തുടർന്ന് കേന്ദ്രഗവണ്മെന്റ് RMIR ആക്ടിൽ ഭേദഗതി വരുത്തിയതിനാൽ തുടർന്ന് പഞ്ചായത്തിൽ പലയിടങ്ങളിലും റൈസ് മില്ലുകളും പ്രവർത്തനം ആരംഭിച്ചു.

പിന്നീട് തടിവ്യവസായ മേഖലയെ മുന്നിൽക്കണ്ട് സുൽത്താൻ ബത്തേരിയിൽ ആരംഭിച്ച മറ്റൊരു വ്യവസായമായിരുന്നു നിർമ്മല സോമിൽ. ഇത് 1963-64 കാലഘട്ടത്തിൽ ആരംഭിച്ചതാണ്. അതിനുശേഷം പല വ്യവസായികളും ഈ രംഗത്ത് നിലയുറപ്പിച്ച് സോമില്ലുകൾ സ്ഥാപിച്ച് തങ്ങളുടെ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്.

1960കളിൽ സുൽത്താൻബത്തേരിയിൽ ഒരു സിനിമാശാല മാത്രമാണ് ഉണ്ടായിരുന്നു. ഈ മേഖലയിൽ പഞ്ചായത്തിൽ ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. ആ വളർച്ച ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്ന നാല് സിനിമാശാലകളായി ഉയർന്നു.

ഓട്ടോമോബൈൽ രംഗത്തുണ്ടായ ആഗോളവ്യതിയാനത്തിന്റെ ഭാഗമായി ബത്തേരി പഞ്ചായത്തിലും അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞതും തദ്വാര ധാരാളം ജനങ്ങൾക്ക് സ്ഥിരമായി തൊഴിൽ ലഭിച്ചുകൊണ്ടിരിക്കുന്നതും എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

സുൽത്താൻ ബത്തേരി പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ എടുത്തുപറയത്തക്ക വ്യവസായങ്ങൾ ഇല്ല. 1975ൽ ശ്രീ.ടി.വി.തോമസ് വ്യവസായമന്ത്രിയിരുന്ന കാലത്ത് ആരംഭിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ആദ്യമായി പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചത് ബത്തേരിയിലാണ്. ഈ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാത്രമാണ് ഇന്നും വ്യവസായ യൂണിറ്റ് എന്നു പറയാൻ കഴിയുന്ന ബത്തേരിയിലെ ഏകസംരംഭം. ഇപ്പോൾ ഈ സ്ഥാപനത്തിൽ പതിമൂന്ന് വ്യത്യസ്ത വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 5041 പുരുഷന്മാരും 1668 സ്ത്രീകളും ഉൾപ്പെടെ 6809 പേർ ജോലി ചെയ്യുന്നു. ഇതിൽ വ്യവസായ മേഖലയിൽ ജോലി ചെയ്യുന്നവർ 685 പുരുഷന്മാരും

77 സ്ത്രീകളും മാത്രമാണ്. ഈ കണക്കുതന്നെ സുൽത്താൻ ബത്തേരി പോലുള്ള, വികസന സാധ്യതകൾ ഏറെയുള്ള ഒരു പഞ്ചായത്തിന്റെ പോരായ്മയുടെ ഏറ്റവും വലിയ തെളിവാണ്. (പട്ടിക 1)

**പ്രശ്നങ്ങൾ**

1. മുഖ്യ കാർഷിക ഉൽപ്പന്നങ്ങളായ കുരുമുളക്, കാപ്പി, ഇഞ്ചി തുടങ്ങിയവ വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

2. പരമ്പരാഗത മേഖലയിലെ (കളിമണ്ണ്, കൊല്ലൻ, ആഭരണ നിർമ്മാണം) കുറഞ്ഞ കൂലിനിരക്ക്.

3. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾക്ക് ബഹുരാഷ്ട്ര കുത്തകകളുടെ ഉൽപ്പന്നങ്ങളുമായി കിടപിടിക്കാനാവാത്ത അവസ്ഥ.

4. വൈദ്യുതിയുടെ ലഭ്യതക്കുറവ്.

5. സാങ്കേതിക പരിജ്ഞാനക്കുറവ്.

6. ധനസഹായം ലഭിക്കാനുള്ള ബുദ്ധിമുട്ട്.

7. വിപണന സാധ്യതക്കുറവ്.

8. പരമ്പരാഗത വ്യവസായങ്ങൾക്ക് ആധുനിക പരിശീലന സാധ്യതകളുടെ പോരായ്മകൾ

9. വനിതാ വ്യവസായങ്ങളുടെ കുറവ്

10. സാങ്കേതിക പരിചയം ഉള്ളവർക്ക് തൊഴിൽ ലഭിക്കുവാനുള്ള സാധ്യതക്കുറവ്

11. വ്യവസായ മേഖലയോടുള്ള ജനങ്ങളുടെ താല്പര്യക്കുറവ്.

12. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവൽക്കരണക്കുറവ്

13. മരവ്യവസായത്തിൽ തടി ലഭ്യമാക്കുന്നതിനുള്ള നിയമതടസ്സങ്ങൾ

14. വനിതകൾക്ക് കൂലിക്കുറവ്

15. രാഷ്ട്രീയക്കാരുടെ അനാവശ്യ ഇടപെടലുകൾ.

**വ്യവസായ വികസനത്തിനുള്ള നിർദ്ദേശങ്ങൾ**

1. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുക അതിൽ നിന്നും വ്യവസായസംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുന്നതിന് ഒരു സ്ഥിരം പരിശീലന കേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുകയും വേണം.

2. കരകൗശല രംഗത്ത് വിദഗ്ദപരിശീലനം നൽകുന്നതിന് ഒരു ക്രാഫ്റ്റ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

3. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാവശ്യമായ സംരംഭകർക്ക് പ്രസ്തുത പ്രദേശത്തുള്ള നവീന രീതികളെ പറ്റിയും വിദഗ്ദ പരിശീലനം നല്കണം

4. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരംഭങ്ങളെ പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രീതിയിൽ വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിനും, വ്യവസായങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കുന്നതിനും പഠനയാത്രകൾ സംഘടിപ്പിക്കുകയും വേണം.

5. വ്യവസായ സംരംഭകർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള എല്ലാ വൈദ്യുത ലൈനുകളും ത്രിഫേയ്സ് ആക്കി മാറ്റുവാൻ വേണ്ട നടപടി സ്വീകരിക്കണം.

6. വ്യവസായകേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

**വ്യവസായമേഖലയിലെ സാധ്യതകൾ**

1. സുൽത്താൻ ബത്തേരി പഞ്ചായത്തിൽ കാർഷികാനുബന്ധ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ (നെല്ല്, കാപ്പി, കുരുമുളക്, ഇഞ്ചി, വഴക്കുല പാൽ, മാംസം) ഉൽപ്പാദിപ്പിക്കപ്പെടുന്നതിനാലും ജില്ലയിലെ ഏറ്റവും വലിയ വാണിജ്യകേന്ദ്രം ബത്തേരി ആയതിനാലും ഈ രംഗങ്ങളിൽ ഭേദപ്പെട്ട വ്യവസായങ്ങൾ തുടങ്ങിയാൽ പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവാക്കൾക്കും യുവതികൾക്കും ഏറെ പ്രയോജനം ലഭിക്കുന്നതാണ്.

2. പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെകുറവാണ്. പൊതുവെ കൂലികുറവായ മേഖലയായതിനാലാണ് പലരും അകന്നുനിൽക്കുന്നത്. ആഭരണ നിർമ്മാണം കൊല്ലപ്പണി, കളിമൺ വ്യവസായം എന്നിവയിൽ യന്ത്രവൽക്കരണം നടത്തി, ഉൽപ്പാദനം കൂട്ടി തദ്വാര കൂലിനിരക്ക് വർദ്ധിപ്പിച്ച് ഈരംഗങ്ങളിലേക്ക് ധാരാളം ആളുകളെ കൊണ്ടുവരാൻ കഴിയുന്നതാണ്.

3. കളിമൺ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മണ്ണുകൊണ്ടുള്ള കലം, ചട്ടി, മറ്റുപാ

## നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | | |
|---|---|---|---|---|---|
| | | വ്യവസായം | പുരുഷൻ | സ്ത്രീ | ആകെ |
| 1 | ഫ്ളോർമിൽ | 20 | 60 | – | 60 |
| 2 | റൈസ്മിൽ | 16 | 48 | – | 48 |
| 3 | വർക്ക്ഷോപ്പ് | 24 | 144 | – | 144 |
| 4 | സർവ്വീസ് സ്റ്റേഷൻ | 7 | 35 | – | 35 |
| 5 | സ്റ്റോൺക്രഷർ | 1 | 7 | 14 | 21 |
| 6 | ടയർട്രേഡേഴ്സ് | 6 | 24 | – | 24 |
| 7 | പ്രസ്സ് | 9 | 40 | 45 | 85 |
| 8 | സോമിൽ | 5 | 62 | – | 62 |
| 9 | കാപ്പികുത്തുമിൽ | 11 | 45 | 14 | 59 |
| 10 | ഡൈവർക്സ് | 4 | 24 | – | 24 |
| 11 | സ്റ്റീൽഫർണീച്ചർ നിർമ്മാണം | 1 | 11 | – | 11 |
| 12 | മരഫർണീച്ചർ | 3 | 13 | – | 13 |
| 13 | മരഇൻഡസ്ട്രി | 1 | 3 | – | 3 |
| 14 | ഇൻഡസ്ട്രിയൽസ് | 16 | 107 | – | 107 |
| 15 | എല്ലുപ്പൊടിനിർമ്മാണം | 1 | 7 | – | 7 |
| 16 | അലുമിനിയപാത്ര നിർമ്മാണം | 2 | 9 | 7 | 16 |
| 17 | സോപ്പുനിർമ്മാണയൂണിറ്റ് | 1 | 9 | 7 | 16 |
| 18 | പാക്കിംഗ് യൂണിറ്റ് | 1 | 2 | 7 | 9 |
| 19 | കാപ്പിപ്പൊടി | 2 | 7 | 6 | 13 |
| 20 | സോഫാ കംബഡ് | 1 | 4 | – | 4 |
| 21 | കറിപൗഡർ | 1 | 2 | 11 | 13 |
| 22 | ഇലക്ട്രോപ്ലേറ്റ് | 2 | 11 | – | 11 |
| 23 | ഇഷ്ടിക നിർമ്മാണം | 1 | 8 | 2 | 10 |
| 24 | ഹോളോബ്രിക്സ് | 3 | 13 | 1 | 14 |
| 25 | വനിതവസ്ത്രനിർമ്മാണം | 5 | 2 | 27 | 29 |
| 26 | ഹോട്ടൽവ്യവസായം | 2 | 36 | 1 | 37 |

ത്രങ്ങൾ എന്നിവ ഉപയോഗിച്ചാലുള്ള ഗുണം ജന ങ്ങളെ ബോധ്യപ്പെടുത്തി ഈ മേഖലയിൽ വിപണി കണ്ടെത്താവുന്നതാണ്. ഇതിനായി സഹകരണ മേഖ ലയിൽ വ്യവസായ സംരംഭങ്ങൾ നടത്തിക്കൊണ്ടുവ രാൻ പഞ്ചായത്തിന്റെ ഭാഗത്തുനിന്നു മുൻകൈ എടു ക്കേണ്ടതാണ്.

4. ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ ബത്തേരി പഞ്ചായത്തിൽ മൂന്നോ നാലോ വസ്ത്ര നിർമ്മാണ യൂണിറ്റുകൾ തുടങ്ങി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും തൊഴിൽ കൊടുക്കാവുന്നതാണ്.

5. സഹകരണ മേഖലയിലോ, സ്വകാര്യമേഖ ലയിലോ സോപ്പ്, ഡിറ്റർജന്റ് നിർമ്മാണ യൂണിറ്റു കൾ തുടങ്ങാവുന്നതാണ്.

6. മരംകൊണ്ടുള്ള ഫർണിച്ചറുകളും കെട്ടിട നിർമ്മാണ സാമഗ്രികളും നിർമ്മിക്കുന്ന വ്യവസായസം രംഭങ്ങൾ ആരംഭിക്കണം.

7. ആദിവാസി മേഖലകളിൽ ആദിവാസികൾക്ക നുയോജ്യമായ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവു ന്നതാണ്.

8. ടൗണിലെ ചപ്പുചവറുനിക്ഷേപം ഇന്നൊരു പ്രശ്നമായി മാറിയിരിക്കുന്നു. ചപ്പുചവറുകളിൽ നിന്നും ജൈവവളം ഉണ്ടാക്കുന്ന ഫാക്ടറികൾ കേരളത്തിൽ പല സ്ഥലത്തും സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്. ബത്തേരി പഞ്ചായത്തിൽ ജനവാസം കുറഞ്ഞ ഭാഗത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടത്തി നോക്കാ വുന്നതാണ്.

പട്ടിക 2

സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം |
|---|---|
| 1. | കാലിത്തീറ്റ |
| 2. | തേനീച്ച വളർത്തൽ, പന്നിവളർത്തൽ |
| 3. | ചിപ്പ്സ് (ഉരുളക്കിഴങ്ങ്, കപ്പ, ഏത്തയ്ക്ക,) |
| 4. | ഇഞ്ചിമിഠായി |
| 5. | ചക്ക, മാങ്ങ, വാഴപ്പഴം ഇവകൊണ്ടുള്ള തിര |
| 6. | പപ്പായ, നേന്ത്രപ്പഴം ഇവകൊണ്ടുള്ള ഹൽവാ |
| 7. | പച്ചക്കായകൊണ്ടുള്ള ബേബി ഫുഡ് |
| 8. | കാപ്പി, ഈട്ടി വേരുകൊണ്ടുള്ള കരകൗശലവസ്തുക്കൾ |
| 9. | ഫാൻസി സാധനങ്ങൾ |
| 10. | പേപ്പർ പൾപ്പുകൊണ്ടുള്ള കരകൗശലവസ്തുക്കൾ |
| 11. | ശാസ്ത്രീയ, കോഴി, മുയൽ, മുട്ടക്കോഴി വളർത്തൽ |
| 12. | ആധുനിക രീതിയിൽ ആയുർവ്വേദ മരുന്നുനിർമ്മാണം |
| 13. | പാൽപ്പൊടി നിർമ്മാണം |
| 14. | ചെരിപ്പു നിർമ്മാണം |
| 15. | ഇലക്ട്രോണിക്സ് ഉപകരണങ്ങൾ |
| 16. | മോഡേൺ റൈസ് മിൽ |
| 17. | അലൂമിനിയ പാത്രനിർമ്മാണം |
| 18. | കറിപൗഡർ നിർമ്മാണം |
| 19. | സ്കൂൾബാഗ് നിർമ്മാണം |
| 20. | ഇഷ്ടിക നിർമ്മാണം |
| 21. | സ്റ്റോൺ ക്രഷർ |
| 22. | കിടക്ക നിർമ്മാണം |
| 23. | പാലും പാൽ ഉല്പന്നങ്ങളും |
| 24. | പപ്പടം, കൊണ്ടാട്ടങ്ങൽ |
| 25. | അവിൽ നിർമ്മാണം |
| 26. | പുട്ട് ദോശ, അരിപ്പൊടി നിർമ്മാണം |
| 27. | ബേക്കറി സാധനങ്ങളുടെ നിർമ്മാണം |
| 28. | പ്ലാസ്റ്റിക് കുട്ട നിർമ്മാണം |

5.4



# വിദ്യാഭ്യാസം

കോഴിക്കോട് നഗരത്തിൽനിന്ന് 98 കി.മി കിഴക്ക് പശ്ചിമഘട്ട മലനിരകളിൽ സ്ഥിതിചെയ്യുന്ന സുൽത്താൻ ബത്തേരി പഞ്ചായത്ത് നഗര സ്വഭാവത്തോടു കൂടിയതാണ്. താലൂക്ക് ആസ്ഥാനം കൂടിയാണിത്. വീരപഴശിയുടെ ഒളിപ്പോരും ടിപ്പുവിന്റെ പടയോട്ടവും അതിനും എത്രയോ മുമ്പേ നിലനിന്നിരുന്ന ജൈന സംസ്കൃതിയും എല്ലാം ഈ പഞ്ചായത്തിന്റെ ചരിത്രത്തെ സമ്പന്നമാക്കുന്നു.

ഈ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ആദ്യ തുടിപ്പുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. 1920 കളിലെ ശ്രമഫലമായി മലബാർ ഡിസ്ട്രിക്ട് ബോർഡിനു കീഴിൽ സുൽത്താൻ ബത്തേരിയിൽ ഒരു എൽ പി. സ്കൂൾ ഉയർന്നുവന്നു. കാലക്രമത്തിൽ പല ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളും ഇവിടെ ഉയർന്ന് വന്നെങ്കിലും ഒരു ചരിത്രസ്മാരകം പോലെ ഇന്നും ആ സ്ഥാപനം ഒരു വാടകക്കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്നു.

ഉൽപ്പതിഷ്ണുവായ സർവ്വോത്തമറാവുവിന്റെ ശ്രമഫലമായി നീണ്ട നാളുകൾക്കുശേഷം 1950 നോടടുത്ത് മറ്റൊരു സ്ഥാപനം ഉയർന്നു വന്നു. അധികകാലം കഴിയുന്നതിവനു മുമ്പ് അത് നാട്ടുകാരുടെ കമ്മറ്റി ഏറ്റെടുത്തു. വിഭാഗീയ ചിന്തകൾക്ക് അതീതമായി സർവ്വജന എന്ന പേരാണ് ഈ സ്ഥാപനത്തിന് നല്കിയത്. തുടർന്ന് പ്രസ്തുത വിദ്യാലയം സർക്കാരിലേക്ക് വിട്ടു കൊടുത്തു.

ഏതാണ്ട് ഇതേ കാലത്തു തന്നെയാണ് കുപ്പാടിയിലും ബീനാച്ചിയിലും മിഷനറിമാരുടെ നേതൃത്വത്തിൽ ബത്തേരി(അസംപ്ഷൻ)യിലും വിദ്യാലയങ്ങൾ സ്ഥാപിതമായത്. തുടർന്ന് പഴ്പത്തൂരും ഓടപ്പള്ളത്തും ഓരോ ഏകാധ്യാപക വിദ്യാലയങ്ങളും സ്ഥാപിതമായി പിന്നീടങ്ങോട്ടുള്ളത് സമീപകാല ചരിത്രമാണ്.

പഞ്ചായത്ത് പരിധിയിൽ ഡിപ്പാർട്ട്മെന്റ് അംഗീകാരമുള്ള 12 സ്ക്കൂളുകൾ പ്രവർത്തിക്കുന്നു. അതിൽ 9 എണ്ണം സർക്കാർ മേഖലയിലും 3 എണ്ണം സ്വകാര്യ മേഖലയിലുമാണ്. സ്വകാര്യമേഖലയിലെ ഒരെണ്ണം അൺ എയിഡഡ് ഇംഗ്ളീഷ് മീഡിയവും രണ്ടെണ്ണം എയിഡഡും ആണ്. കൂടാതെ അംഗീകാരമില്ലാത്ത 4 ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ കൂടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ പകുതിയിലധികം ഈ പഞ്ചായത്തതിർത്തിയിൽത്തന്നെ ഉള്ളവരാണ്. സർക്കാർ സ്ക്കൂളുകളിലെ നിലവാരത്തകർച്ചയും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഇടത്തരക്കാരെയും സാധാരണക്കാരെയും പോലും ഇത്തരം വിദ്യാലയങ്ങളിൽ കുട്ടികളെ പഠിപ്പിക്കാൻ നിർബന്ധിതരാക്കുന്നു.

ഈ പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂളും അതോടനുബന്ധിച്ച് ഒരു വൊക്കേഷണൽ ഹയർസെക്കണ്ടറിയും പ്രവർത്തിക്കുന്നുണ്ട്. സർവ്വജന ഹൈസ്ക്കൂളിനോടനുബന്ധിച്ചും ഒരു ഹയർ സെക്കണ്ടറി വിഭാഗമുണ്ട്. അദ്ധ്യാപക ദൗർലഭ്യവും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഈ സ്ക്കൂളുകളിലെ വിജയ ശതമാനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. പരിമിതികൾ ഏറെയുണ്ടെങ്കിലും സ്വകാര്യ മേഖലയിൽ ഒരു ITC പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മൂന്ന് ഗവ. ഹൈസ്ക്കൂളുകളിലും SSLC വിജയ ശതമാനം ശരാശരിയിൽ താഴെയാണ്. ഉപരി വിഭ്യാഭ്യാസത്തിന് ഏക ആശ്രയമായ സെന്റ് മേരീസ് കോളേജിൽ ഈ സ്ഥാപനങ്ങളിൽ നിന്ന് പുറത്തുവരുന്നപലർക്കും അഡ്മിഷൻ കിട്ടാറില്ല. പഞ്ചായത്ത് പരിധിയിലെ 5 പാരലൽകോളേജ്

വിവിധ തലങ്ങളിലുള്ള സ്കൂളുകൾ

| സ്കൂളിന്റെ തരം | എണ്ണം | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | |
| ഗവൺമെന്റ് | 9 | 2649 | 2183 | 4832 | 156 |
| എയിഡഡ് | 2 | 650 | 1606 | 2256 | 67 |
| അൺഎയിഡഡ് (അംഗീകൃതം) | 1 | 608 | 534 | 1142 | 37 |
| അംഗികാരമില്ലാത്തവ | 4 | 292 | 233 | 525 | 31 |
| ആകെ | 16 | 4199 4 | 556 | 8755 | 291 |

കളിലും ഹിന്ദിവിദ്യാലയത്തിലുമായി ഇവർ പഠനം തുടരുകയാണ്. കുറെ പേർ ഉപരി പഠനത്തിനായി അന്യ ജില്ലകളിലേക്കും അയൽ സംസ്ഥാനങ്ങളിലേക്കും പോകുന്നു. സഹകരണ മേഖലയിൽ ഒരു കോളേജും ഇവിടെയുണ്ട്.

ഏഴ് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും 5 കമ്പ്യൂട്ടർ പരിശീലനകേന്ദ്രങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഇവ കുറെയെല്ലാം സഹായകമാകുന്നു. ഷോർട്ട് ഹാൻഡിന്റെ സാർവ്വത്രികത കൂടി ഇതോടൊപ്പം ഉള്ളതായി കാണുന്നില്ല.

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന DIET ന്റെ ഓഫീസ് ബത്തേരിയിലാണ്. രണ്ടു വർഷമായി ഇവിടെ T. T.C. അഡ്മിഷൻ നടന്നിട്ടില്ല. sc/st കുട്ടികൾക്ക് മാത്രമായി ഒരു ബാച്ച് ഇപ്പോഴുമുണ്ട്. പ്രൈമറി അദ്ധ്യാപകർക്ക് ഇടക്കാല പരിശീലനം ഇവിടെ നൽകിവരുന്നു. സുൽത്താൻ ബത്തേരി ബ്ലോക്ക് തലത്തിലുള്ള റിസോഴ്സ് സെന്റർ ബീനാച്ചിയിൽ പ്രവർത്തിക്കുന്ന DPEP യുടെ ഭാഗമായി അദ്ധ്യാപകർക്ക് ഇവിടെ ഇടക്കാല കോഴ്സുകൾ നൽകിവരുന്നു.

പഞ്ചായത്ത് അതിർത്തിയിൽ രണ്ട് മലയാളം മീഡിയം നേഴ്സറിസ്കൂളുകളും അഞ്ച് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാർ ആശ്രയിക്കുന്ന അംഗൻ വാടികൾ ശരാശരി, വാർഡിൽ ഒന്നുവീതമേയുള്ളു ICDS ന്റെ കീഴിലാണ് ഇവ പ്രവർത്തിക്കുന്നത്. ജനസംഖ്യാനുപാതികമായി നോക്കിയാൽ പഞ്ചായത്തിൽ 15 അംഗൻവാടികൾ കൂടി ആവശ്യമാണ്.

പൂമലയിൽ കോൺവെന്റിനോടനുബന്ധിച്ച് ഒരു ബധിര-മൂകവിദ്യാലയം പ്രവർത്തിക്കുന്നുണ്ട്. മുസ്ലീങ്ങളുടെ മതപഠന സ്ഥാപനമായ മദ്രസ്സകളും ഈ പഞ്ചായത്തിൽ ഉണ്ട്. സ്കൂൾ സമയത്തിന് മുമ്പും പിമ്പുമായി ഇവിടെയും പഠനസമയം ക്രമീകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ പഞ്ചായത്ത് സമ്പന്നമാണെന്ന് തോന്നാം. നഗര സ്വഭാവത്തിലേക്ക് നീങ്ങുന്ന ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതരപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ആതിഥ്യം അരുളുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിലെ ജനസംഖ്യ 35034 ആണ്.

മാധ്യമത്തെ അടിസ്ഥാനപ്പെടുത്തി തരംതിരിച്ചത്

| പഠനമാധ്യമം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| മലയാളം മീഡിയം | 3299 | 3789 | 7088 |
| ഇംഗ്ലീഷ് മീഡിയം | 900 | 769 | 1667 |

സാക്ഷരതാശതമാനം 71.63 ആണ്. പുരുഷൻമാരുടെ സാക്ഷരതാശതമാനം 75.05ഉം സ്ത്രീകളുടേത് 68.01 ആണ്. (അവലംബം: സെൻസസ് 1991) ഇടക്കാലത്ത് സാക്ഷരരായ പലർക്കും സാക്ഷരതാ പ്രവർത്തനങ്ങളുടെ അഭാവം മൂലം തങ്ങളുടെ നേട്ടം നിലനിറുത്താനായില്ല. പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കോളനികൾ കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനങ്ങൾ തുടരേണ്ടത് ആവശ്യമാണ്.

വളരെ ഗൗരവമായി തന്നെ എടുക്കേണ്ട ഒരു വിഷയമാണ് കുട്ടികളുടെ കൊഴിഞ്ഞുപോക്ക്. പ്രൈമറിക്ലാസ്സുകളിൽ ഇത് കൂടുതലായി കണ്ടുവരുന്നു. വീട്ടിലെ സാമ്പത്തികവും, സാമൂഹികവുമായ ചുറ്റുപാടുകൾ ഏറ്റവും അടുത്ത പ്രൈമറി സ്കൂളിലേക്കുള്ള ദൂരക്കൂടുതൽ, ഒന്നാം ക്ലാസ്സിൽ ചേരുന്നതിനുമുൻപ് അംഗൻവാടികളുടെ സേവന ലഭ്യത ഇല്ലായ്മ തുടങ്ങിയവ കൊഴിഞ്ഞുപോക്കിനൊരു കാരണമാണ്.

ഗുണനിലവാരത്തകർച്ചയാണ് പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം SSLC പരീക്ഷയിൽ സെന്റ് ജോസഫ്സ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ തുടർച്ചയായി 100% റിസൾറ്റു നേടുന്നുണ്ട്. അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ ശരാശരിക്കുമുകളിൽ റിസൾറ്റ് നേടുന്നു. എന്നാൽ ഇവയെ ഇതര സ്കൂളുകളുമായി താരതമ്യപ്പെടുത്തുന്നതിൽ അർത്ഥമില്ല. സെന്റ് ജോസഫ്സിൽ സ്കൂൾ സമയത്തിനു മുമ്പും പിമ്പുമായി ട്യൂഷന് പോവുകയോ വീട്ടിൽ വ്യക്തിപരമായി ശ്രദ്ധകിട്ടുകയോ ചെയ്യുന്ന കുട്ടികളാണ് ഉള്ളത്. അസംപ്ഷൻ ഗേൾസ് ഹൈസ്കൂളിൽ അഡ്മിഷൻ സെലക്ടീവ് ആണ്. ഇവ രണ്ടും സ്വകാര്യമേഖലയിലാണുള്ളത്. വിദ്യാർത്ഥി സമരങ്ങൾ പോലെയുള്ള അസ്വാസ്ഥ്യങ്ങൾ ഈ രണ്ടു സ്കൂളുകളേയും ബാധിക്കാറുമില്ല. സർക്കാർ മേഖലയിലുള്ള മൂന്ന് ഗവ: ഹൈസ്കൂളുകളിലും SSLC വിജയശതമാനം ശരാശരിയിലും വളരെ താഴെയാണ്. ശരാശരിക്കുമേൽ നിലവാരം പുലർത്തുന്ന ആൺകുട്ടികൾ ചുരുക്കമായിട്ടെങ്കിലും ഈ പഞ്ചായത്തിൽ നിന്ന് 16 കി. മി. വരെ യാത്രചെയ്ത് മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന കാക്കവയൽ ഗവ: ഹൈസ്കൂളിൽ പോയി പഠിക്കുന്നുണ്ട്.

എൽ. പി, യു. പി തലത്തിലുള്ള കുട്ടികളുടെയും അക്കാദമിക്ക് നിലവാരം ഗുണപ്രദമെന്ന് പറയുകവയ്യ. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി പ്രൈമറിതലത്തിൽ പുതിയ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആസൂത്രണത്തിലെ പിഴവുകൾ മൂലം ഉദ്ദേശിച്ച ഫലം ഉണ്ടാക്കിയിട്ടില്ല. MLL പദ്ധതി ഡയറ്റിന്റേയും DPEP

ഇടക്കുവച്ച് പഠനം നിറുത്തിയവർ

| ക്ലാസ് | SC/ST | | | മറ്റുള്ളവർ | | | ആകെ പഠനം നിറുത്തിയവർ |
|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | – | 2 | 2 | 2 | 3 | 5 | 10 |
| 2 | 2 | 1 | 3 | 4 | 2 | 6 | 9 |
| 3 | 2 | 1 | 3 | 4 | 1 | 5 | 8 |
| 4 | 1 | 1 | 2 | 1 | 2 | 3 | 5 |
| 5 | 1 | 2 | 3 | 1 | 1 | 2 | 5 |
| 6 | 1 | 1 | 2 | 2 | 1 | 3 | 5 |
| 7 | 1 | 2 | 3 | 1 | 2 | 3 | 6 |
| 8 | 2 | 2 | 4 | 1 | 1 | 2 | 6 |
| 9 | 3 | – | 3 | 1 | 1 | 2 | 6 |
| 10 | – | – | – | – | – | – | – |
| ആകെ | 13 | 12 | 25 | 18 | 16 | 34 | 59 |

യുടേയും മേൽനോട്ടത്തിൽ രണ്ടുതരത്തിൽ നിർവ്വഹിക്കപ്പെടുന്നതിനാൽ പുസ്തകവിതരണം, പരീക്ഷ, അദ്ധ്യാപകരുടെ പരിശീലനം തുടങ്ങിയകാര്യങ്ങളിലൊന്നും ഐകരൂപ്യമില്ലാതെ വരുന്നു. MLL പാഠപുസ്തകങ്ങൾ ഈ വർഷം തന്നെ (1996–97) കിട്ടാൻ വളരെ വൈകിയത് കുട്ടികളുടെ പഠനത്തെ ബാധിച്ചിട്ടുണ്ട്.

ദേശിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ആവിഷ്കരിക്കപ്പെട്ട ഡയറ്റ് കെട്ടിടങ്ങളുടെ പണി വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്നത് അതിന്റെ പ്രവർത്തനം മന്ദഗതിയിലാക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ നഷ്ടമാവുന്നതിനും കാരണമായി.

സർക്കാർ സ്കൂളുകളിൽ വർഷാരംഭത്തിൽ അദ്ധ്യാപക തസ്തികകൾ ഒരിക്കലും പൂർണ്ണമായി നികത്തപ്പെടാറില്ല. ആവശ്യത്തിന് അധ്യാപകർ എത്തുമ്പോഴേക്കും ഒരു ടേം കഴിഞ്ഞിരിക്കും. ജൂൺ ആദ്യആഴ്ച തന്നെ മുഴുവൻ ഒഴിവുകളും നികത്തുവാനുള്ള സംവിധാനം ഉണ്ടാകണം.

പഞ്ചായത്തിലെ അധ്യാപകരിൽ പകുതിയിലേറെയും അന്യജില്ലക്കാരും പല ജീവൽ പ്രശ്നങ്ങളാലും നാട്ടിലേക്ക് തിരികെ പോവാൻ വെമ്പൽ കൊള്ളുന്നവരുമാണ്. അതുകൊണ്ട് തന്നെ ദീർഘമായ അവധി എടുക്കുന്നവരുടെ എണ്ണവും കുറവല്ല. കുട്ടികളുടെ വിദ്യാഭ്യാസനിലവാരത്തെ തന്നെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. വയനാട് ജില്ലക്കാരായ ധാരാളം അധ്യാപകർ അന്യജില്ലകളിൽ ജോലി ചെയ്യുന്നവരും നിസ്സാരമായ ജോലിക്കുരുക്കിൽപ്പെട്ട് ഇങ്ങോട്ട് ട്രാൻസ്ഫർ കിട്ടാൻ കഴിയാത്തവരുമാണ്. നിയമവ്യവസ്ഥകൾഉദാരമാക്കി ജില്ലയിലേക്ക് വരാനാഗ്രഹിക്കുന്നവർക്ക് അതിനവസരമുണ്ടാക്കുകയാണ് അധ്യാപക ക്ഷേമത്തിന് പരിഹാരമായി നിർദ്ദേശിക്കാനുള്ളത്.

പ്രസവസംബന്ധമായും ചികിത്സാസംബന്ധമായും എടുക്കുന്ന അവധികളിൽ സർക്കാർസ്കൂളുകളിൽ പകരക്കാരെ വക്കാറില്ല. ഇങ്ങനെയുണ്ടാകുന്ന ഹ്രസ്വകാല അവധികൾ അപ്പപ്പോൾ നികത്തുന്നതിന് സംവിധാനമുണ്ടാക്കാനുള്ള അധികാരം താഴെത്തലത്തിൽ തന്നെ നൽകി പ്രശ്നം പരിഹരിക്കാവുന്നതേ ഉള്ളു.

സർക്കാർ സ്കൂളുകളിൽ സ്ഥലസൗകര്യങ്ങളുടെ പരിമിതിമൂലം കുട്ടികൾ തിങ്ങിനിറഞ്ഞിരുന്ന് പഠിക്കേണ്ടി വരുന്നു. കാര്യക്ഷമമായ അധ്യയനത്തിന് ഇത് തടസ്സമാണ്. കെട്ടിടം, ഫർണിച്ചർ, പഠനോപകരണങ്ങൾ തുടങ്ങിയകാര്യങ്ങളിൽ ഓരോ സ്കൂളിനും സ്വയംപര്യാപ്തത നേടുന്നതിനു വേണ്ടി പി. റ്റി. എ കളുടേയും ഗവ:മെന്റിന്റേയും ഭാഗത്തുനിന്നുള്ള വിഭവസമാഹരണത്തിന് പഞ്ചായത്ത് സമിതികൾ മുൻകൈയെടുക്കണം.

ഇന്ന് നിലവിലുള്ള അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എങ്കിലുമായി കുറക്കേണ്ടതാണ്. ഹൈസ്കൂൾ ക്ലാസ്സുകളിലെങ്കിലും ഈ അനുപാതം നടപ്പാക്കുന്നതിന് ഗൗരവമായ നീക്കങ്ങളുണ്ടാക്കണം.

കുട്ടികളുടെ അധ്യയന രേഖകളെപ്പറ്റി അധികം രക്ഷിതാക്കളും ശ്രദ്ധിക്കാറില്ല. അതുപോലെതന്നെ അധ്യാപകരും രക്ഷിതാക്കളുമായുള്ള ബന്ധവും കുറവാണ്. ഇത് കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. ഇന്ന് നിലവിലുള്ള വിദ്യാഭ്യാസരീതിയെപ്പറ്റി രക്ഷകർത്താക്കൾക്കിടയിലും സമൂഹത്തിൽ പൊതുവെയുമുള്ള തെറ്റായ ധാരണകൾ ഇതിന് കാരണമാണ്. രക്ഷിതാക്കളെ പ്രത്യേകിച്ച് അമ്മമാരെ ബോധവൽക്കരണമാണ് ഇതിന് ഒരു പരിഹാരം . സ്കൂൾ തലത്തിലുള്ള മാതൃസംഗമങ്ങൾക്കു പുറമെ ക്ലാസ്സ് തലത്തിലുള്ള മാതൃസംഗമങ്ങളും എല്ലാസ്കൂളുകളിലും നടപ്പാക്കണം. ഇത് അധ്യാപകനും വിദ്യാർത്ഥിയും രക്ഷിതാവും തമ്മിൽ അടുത്ത ബന്ധം നിലനിർത്തുന്നതിന് സഹായകമാകും.

വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്കൂൾ കോംപ്ലക്സുകൾ അകാലചരമമടയുകയാണ് ചെയ്യുന്നത്. പ്രാദേശികഭരണകൂടത്തിന്റെ പരിമിതികൾ, ജനകീയതയുടെ അഭാവം, കാര്യക്ഷമമായ മോണിട്ടറിസത്തിന്റെ അഭാവം,തുടങ്ങിയ കാരണങ്ങളാണ് ഇതിന്റെ പരാജയത്തിനു കാരണം. സ്കൂളുകൾ തമ്മിലുള്ള അകലം അവസാനിപ്പിക്കുക, ബോധനരീതിയിലും ബോധനപ്രക്രിയയിലും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് കൂട്ടായ ചർച്ചയിലൂടെ പരിഹാരം കണ്ടെത്തുക, വിഷയാടിസ്ഥാനത്തിൽ ചെറു ഗ്രൂപ്പുകളായി പ്രവർത്തിക്കുക, പഠനോപകരണങ്ങൾ പരസ്പരം പ്രയോജനപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് പുനഃസംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസരംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാണ്. വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത

പഞ്ചായത്തിലെ എല്ലാ സർക്കാർ സ്കൂളുകളുടേയും ശാപമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. കെട്ടിടങ്ങളുടെ അപര്യാപ്തതയും പ്രശ്നമാണ്. ചേനാട് ഗവ: ഹൈസ്കൂളിൽ ആവശ്യത്തിന് കെട്ടിടമില്ലാത്തതിനാൽ സെഷണൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. ബീനാച്ചി ഗവ: യു.പി സ്കൂളിൽ നാലു ക്ലാസ്സുകളിൽ ചിലവ സമീപത്തെ മദ്രസ്സകെട്ടിടത്തിലാണ് നടത്തുന്നത്. ചുറ്റുമതിലിന്റേയും അടച്ചുറപ്പുള്ള കെട്ടിടങ്ങളുടെയും അഭാവം സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള ഈ സ്കൂൾ രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധർ താവളമാക്കുന്നു. കുപ്പാടി ഗവ: യു. പി സ്കൂളിൽ ഒരു കെട്ടിടം ഓലഷെഡ്ഡാണ്. ടൗണിന്റെ ആരവങ്ങൾക്കിടയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടൗൺ എൽ. പി. സ്കൂൾ അവിടെ നിന്ന് മാറ്റി സ്ഥാപിക്കുകയും സ്വന്തമായി കെട്ടിടം പണിയുകയും വേണം.

കായികവും കലാപരവുമായ പാഠ്യാനുബന്ധപ്രവർത്തനങ്ങൾ സ്കൂളുകളിൽനടക്കുന്നുണ്ടെങ്കിലും അനാരോഗ്യകരമായ ചില പ്രവണതകൾ ഇവിടെ ദൃശ്യമാണ്. മത്സരത്വരയോടെയുള്ള മേളകൾ നടക്കുന്നുണ്ടെങ്കിലും അനാരോഗ്യകരമായ ചില പപ്രവണതകൾ ഇവിടെ ദൃശ്യമാവുകയും ചെയ്യുന്നു. എല്ലാസ്കൂളുകളിലും അധ്യാപികമാർ കൂടുതലുള്ളത് പാഠ്യാനുബന്ധ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി അഭിപ്രായമുണ്ട്. ക്ലാസ്സ് സാഹിത്യസമാജങ്ങളും, സ്കൂൾ സാഹിത്യസമാജങ്ങളും കാര്യക്ഷമമായി നടപ്പാക്കണം. കളിസ്ഥലത്തിന്റെ അപര്യാപ്തതയും കായികാധ്യാപകർ യു. പി സ്കൂളുകളിൽ ഇല്ലാത്തതും കായികപ്രതിഭകളുടെ വളർച്ച ചെറുപ്പത്തിലേ മുരടിക്കുന്നതിനു കാരണമാകുന്നു. പഞ്ചായത്ത് തലത്തിൽ ഒരു സംഗീത–നൃത്ത വിദ്യാലയം സ്ഥാപിക്കുന്നതിന് കലാപ്രതിഭകളുടെ വളർച്ചക്ക് സഹായകമാണ്. കടമാൻചിറ നീന്തൽക്കുളവും ആധുനികസൗകര്യങ്ങളോടെ വികസിപ്പിക്കണം. പഞ്ചായത്തിന് മാനിക്കുനി വയലിലുള്ള സ്റ്റേഡിയം കുണ്ടും കുഴിയും നികത്തി ഉപയോഗപ്രദമാക്കണം. പഴേരിയിൽ ഒരു ഓപ്പൺ എയർതിയേറ്റർ തദ്ദേശീയരുടെ ശ്രമദാനവും കൂടി ഉൾപ്പെടുത്തി പണിയാൻ കഴിയും. ജില്ലാതലത്തിൽ ഒരു സ്പോർട്സ് സ്കൂൾ വേണം.അത് ബത്തേരി പഞ്ചായത്തിൽ കിട്ടാൻ ഭരണസമിതി താൽപര്യമെടുക്കണം.

MLL പ്രവർത്തികമായതോടെ പ്രൈമറി വിദ്യാഭ്യാസം കൂടുതൽ പരിഗണിക്കപ്പെടുന്നു എന്നത് പ്രസ്താവ്യമാണ്. അതോടൊപ്പം തന്നെ രണ്ടാം ക്ലാസ്സ് പൂർത്തിയാക്കുന്ന ഒരു കുട്ടി മാതൃഭാഷയിലെ അക്ഷരങ്ങളെല്ലാം പഠിച്ചിട്ടുണ്ടെന്നും നിശ്ചിതപാഠാവലി സ്വായത്തമാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കണം. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടറിയുകയും പ്രത്യേകപരിശീലനം നൽകുകയും വേണം. തുടർച്ചയായും ഇടക്കിടെയും ക്ലാസ്സിൽ ഹാജരാകാത്ത കുട്ടികളെ സ്കൂളിൽ സ്ഥിരമായി എത്തിക്കുന്നതിൽ സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തണം. പത്താം ക്ലാസ്സിലെ റിസൽറ്റ് മെച്ചപ്പെടുത്താനുതകുന്ന പ്രത്യേകപ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽനടത്തണം. പഞ്ചായത്ത്തല മേൽനോട്ടവും സഹായസഹകരണവും അധികൃതരിൽ നിന്നുണ്ടാവണം.

PSC, യൂണിവേഴ്സിറ്റി തുടങ്ങിയ പൊതുപരീക്ഷകൾ നടത്തുന്നതിനു സ്കൂളുകൾ ഉപയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കണം. അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടാൻ ഇത് കാരണമാകുന്നതായി പൊതു അഭിപ്രായമുണ്ട്.

വിദ്യാർത്ഥികളിൽ സേവനസന്നദ്ധത, ഏതു തൊഴിലിനോടുമുള്ള ബഹുമാനം, ആത്മനിയന്ത്രണം, അച്ചടക്കം, അർപ്പണമനോഭാവം തുടങ്ങിയ ഗുണവിശേഷങ്ങൾ വളർത്തിയെടുക്കാവുന്ന. NCC, സ്കൗട്ട്, ഗൈഡ്സ്, ജൂണിയർ റെഡ് ക്രോസ്, തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കണം. തങ്ങളിലെ അസ്വാസ്ഥ്യങ്ങൾ ക്രിയാത്മകമായ കാര്യങ്ങളിലേക്ക് തിരിച്ചുവിടാൻ ഇത് മൂലം കഴിയുന്നു.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്ന മറ്റു ചില നിർദ്ദേശങ്ങൾ കൂടി ചുവടെ ചേർക്കുന്നു. (ബ്രാക്കറ്റിലുള്ളത് വാർഡ് നമ്പർ)

കാരക്കണ്ടി (11), ആർമാട് (11), പൂതിക്കാട്(കണാരൻ കവല) (2), പഴ്പ്പത്തൂർ (3), പാളാക്കര (9), ചെതലയം (13), എന്നിവിടങ്ങളിലെ അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.

പുതിയ അംഗൻവാടികൾ: ദൊട്ടപ്പൻകുളം (2), വട്ടത്തിമൂല (2), പഴ്പ്പത്തൂർ കൈമെക്കോളനി(4), ബീനാച്ചി മേലെ കട്ടയാട് (4), മുള്ളൻകുന്ന്(6), സത്രം കുന്ന്(6), മണിച്ചിറ(1), ചെട്ടിമൂല(1), വീട്ടിക്കുറ്റി(12), പാമ്പ്രമൂല(12), കുപ്പാടി(12), വാളാഞ്ചേരിക്കുന്ന്(13), അരിവയൽ(3), കക്കടംകുന്ന് (3), മന്തംകൊല്ലി (3), പള്ളിക്കണ്ടി (5), കൈപ്പൻചേരി (7), കറുമ്പള്ളി (9) എന്നിവിടങ്ങളിൽ പുതിയ അംഗൻവാ

ടികൾ തുടങ്ങണം.

3.പ്രീപ്രൈമറി: കുപ്പാടി (2) ബീനാച്ചി (4) എന്നീ യു.പി സ്ക്കൂളുകളോടനുബന്ധിച്ച് പ്രീപ്രൈമറി വിഭാഗം ആരംഭിക്കണം

4. പുതിയ എൽ.പി. സ്കൂളുകൾ: ആർമാട് (11), വട്ടത്തിമൂല (2), കട്ടയാട് കോളിമൂല (4), പള്ളിക്കണ്ടി (5), തേലമ്പറ്റ (9), മന്തണ്ടിക്കുന്ന് (10) എന്നിവിടങ്ങളിൽ എൽ.പി.സ്കൂളുകൾ പുതിയതായി ആരംഭിക്കണം.

5. വേങ്ങൂരിൽ (12) ട്രൈബൽ റസിഡൻഷ്യൽ എൽ.പി. സ്കൂൾ തുടങ്ങണം

6. ടൗൺ എൽ.പി.സ്കൂൾ കോട്ടക്കുന്നിലേക്ക് മാറ്റി സ്ഥാപിക്കണം.

7 . കൈപ്പൻചേരിയിലെ നിർദ്ദിഷ്ട സ്കൂൾ റസിഡൻഷ്യൽ ആക്കുക.

8. മണിച്ചിറ (1), പഴുപ്പത്തൂർ (3) സ്കൂളുകൾ യു.പി. ആയി ഉയർത്തുക.

9. ബീനാച്ചി ഗവ.യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക. 13. കി.മി നകത്ത് ആൺകുട്ടികൾക്ക് പഠിക്കാൻ ഒരു ഹൈസ്കൂളില്ല.

10. അസംപ്ഷൻ ഗേൾസ് ഹൈസ്കൂൾ മിക്സഡ് സ്കൂൾ ആക്കുക.

11. കുപ്പാടി ഗവ.യു.പി.സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക.

12. ചെതലയം ഹൈസ്കൂൾ ഗ്രൗണ്ടിനോടു ചേർന്നുകിടക്കുന്ന റവന്യൂ സ്ഥലം സ്കൂളിന് വിട്ടുകിട്ടാൻ നടപടിയെടുക്കുക.

13. ഓടപ്പള്ളം, ചേനാട് ഹൈസ്കൂളുകളോടനുബന്ധിച്ച് തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി ഏർപ്പെടുത്തുക.

14. സെന്റ് മേരീസ് കോളേജിൽകൂടുതൽ കോഴ്സുകൾ അനുവദിക്കുകയും സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കയും വേണം. കൂടാതെ തൊഴിലധിഷ്ഠിത ബിരുദാനന്തര ബിരുദ കോഴ്സുകൾ തുടങ്ങണം.

15. ബ്ലോക്ക് ഓഫീസിനു സമീപമുള്ള ITC യിൽ കൂടുതൽ ട്രേഡുകൾ തുടങ്ങണം.

16. വയനാട്ടിൽ ഒരു എൻജിനീയറിംഗ് കോളേജ് വേണം. മീനങ്ങാടി പോളി ടെക്നിക്ക്, ബത്തേരി ജെ.റ്റി.എസ്. സ്ഥാപനങ്ങളുടെ അനുബന്ധമായി ബത്തേരിയിൽത്തന്നെ കോളേജ് അനുവദിക്കണം.

17. ആദിവാസി മേഖലകളിൽ സാക്ഷരതാ പ്രവർത്തനം പുനരാരംഭിക്കാനും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സന്നദ്ധ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് ഇതു നടത്താം

18. ജനവിദ്യാ കേന്ദ്രങ്ങൾ തുറക്കണം. വയോജനവിദ്യാഭ്യാസത്തിന് നാലാംവാർഡിൽ നിന്നും മൂന്നാം വാർഡിൽ നിന്നും അൻപത് സന്നദ്ധ പ്രവർത്തകരെ വീതം വാഗ്ദാനം ചെയ്തിരിക്കുന്നു.

19. വിദ്യാഭ്യാസവും ജീവിതവും തമ്മിലുള്ള അകൽച്ച ഇന്നത്തെ വിദ്യാഭ്യാസ രീതിയുടെ ഒരു ന്യൂനതയാണ്. SSLC കഴിയുന്ന ഒരു വിദ്യാർത്ഥിക്ക് അഭിരുചിക്കിണങ്ങുന്ന ഒരു തൊഴിലോ ഉപരിവിദ്യാഭ്യാസത്തിന് ഒരു കോഴ്സോ തിരഞ്ഞെടുക്കാൻ കഴിയുന്നില്ല. ഈ ന്യൂനത പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു വൊക്കേഷനൽ ഗൈഡൻസ് സെന്റർ ആരംഭിക്കേണ്ടത് ആവശ്യമാണ്. ബുക്ക് ബയന്റിംഗ് കുട നിർമ്മാണം തുടങ്ങിയ കൈത്തൊഴിലുകളും ഇതോനുബനധിച്ച് പരിശീലിപ്പിക്കാവുന്നതാണ്.



5.5



# കുടിവെള്ളം പരിസര ശുചീകരണം പൊതുജനാരോഗ്യം

ആരോഗ്യമുള്ള ഒരു ജനതയ്ക്ക് മാത്രമെ ഉന്നത വീക്ഷണവും വികസന നിലവാരവും പുലർത്തുന്ന ഉറച്ച അടിത്തറയോടുകൂടിയ ഒരു രാഷ്ട്രം കെട്ടി പടുക്കാൻ കഴിയൂ. ആരോഗ്യമുള്ള ഒരു ശരീരത്തിനു മാത്രമേ ആരോഗ്യമുള്ള ഒരു മനസ്സുണ്ടാകൂ.

മറ്റെല്ലാത്തിനും എന്നപോലെ കേരളീയർ പൊതുവെ വൃത്തിക്കും, വെടിപ്പിനും, ലാളിത്യത്തിനും, പരിസരശുചീകരണത്തിനും പേരുകേട്ടവരാണ്. എന്നാൽ ആധുനിക സൗകര്യങ്ങൾ ഗ്രാമതലങ്ങളിലേക്ക്കൂടി വ്യാപിച്ചതോടെ പഴമയുടെ പല നല്ല വശങ്ങളും പോയി മറഞ്ഞു. വൈദ്യശാസ്ത്രരംഗങ്ങളിൽ അത്ഭുതാവഹമായ പുരോഗതി നാം നേടിയിരിക്കുന്നു. രോഗപ്രതിരോധ രംഗങ്ങളിലും നാം പിന്നോക്കമല്ല. മരണനിരക്ക് കുറഞ്ഞു. ജീവിതസൗകര്യങ്ങൾ പ്രതീക്ഷിച്ചതിലും വർദ്ധിച്ചു. പക്ഷെ, നാടും വീടും പരിസരങ്ങളും, പൊതു സ്ഥലങ്ങളും മാലിന്യത്തിൽ നിന്നും വിമുക്തമല്ല. മനോഹരമായ ഒരന്തീക്ഷത്തിന് ആകർഷകമായ ഒരു പരിസരം നമുക്കുണ്ടാവണം. ശുദ്ധവായു ലഭിക്കണം. ശുദ്ധജലം ലഭിക്കണം.

21-ാം നൂറ്റാണ്ടിലേക്കുള്ള പ്രയാണത്തിലാണ് നാം. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്നതാണ് നമ്മുടെ മുദ്രാവാക്യം. ഈ മഹത്തായ ലക്ഷ്യത്തിന് വേണ്ടി നാം വളരെ പ്രയത്നിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്ത് വാടക കൊടുത്താണ് താലൂക്ക് ആയുർവ്വേദാശുപത്രി പ്രവർത്തിക്കുന്നത്. കൂടാതെ പഞ്ചായത്തിന്റെ കോട്ടക്കുന്നിലെ സ്ഥലത്ത് പുതിയ ആയുർവ്വേദാശുപത്രി ഉയർന്ന് വരികയാണ്. ഇതിലെല്ലാം ഉപരിയായി ഫയർലാന്റ് എസ്റ്റേറ്റിൽ പഞ്ചായത്ത് മുൻകൈയെടുത്ത് വിവിധ രാഷ്ട്രീയ പാർട്ടികളുടെയും ജില്ലാ കളക്ടറുടേയും സഹകരണത്തോടെ അഞ്ചേക്കർ സ്ഥലം, ആധുനിക രീതിയിൽ താലൂക്കാശുപത്രി നിർമ്മിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തി തുടങ്ങിയിട്ടില്ല എന്നത് വളരെ ഖേദകരമായ ഒരു വസ്തുതയാണ്. ഇത് യാഥാർത്ഥ്യമായാൽ ആരോഗ്യരംഗത്ത് ബത്തേരിക്ക് ഇതൊരു മുതൽക്കൂട്ടായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

പട്ടിക

| കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള | ആശുപത്രികൾ |
|---|---|
| 1. സർക്കാർ ആശുപത്രി (താലൂക്ക്) | 1 |
| 2. പ്രൈവറ്റ് ആശുപത്രികൾ | 9 |
| 3. സർക്കാർ ആയുർവ്വേദ ആശുപത്രി | 1 |
| 4. പ്രൈവറ്റ് ആയുർവ്വേദ ആശുപത്രി | 1 |
| 5. സർക്കാർ ഹോമിയോ ഡിസ്പെൻസറി | 20 |
| 6. പ്രൈമറി ഹെൽത്ത് സെന്റർ | 1 |
| 7. സർക്കാർ സബ്സെന്റർ | 6 |

മൊത്തം ജനസംഖ്യ 35034

വിസ്തീർണ്ണം : 10222 Sq KM

### പ്രൈമറി ഹെൽത്ത് സെന്റർ

ഒരു മെഡിക്കൽ ഓഫീസർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു നേഴ്സ് അസിസ്റ്റന്റ്, ഒരു അറ്റൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ, ഒരു ക്ലാർക്ക്, ഒരു ശിപായി, രണ്ട് ഹെൽത്ത് ഇൻസ്പെക്ടർമാർ രണ്ടു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഏഴ് പബ്ലിക്ക് ഹെൽത്ത് നേഴ്സുമാർ എന്നിവർ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. PHCയുടെ കീഴിൽ വേങ്ങൂർ, പഴേരി, തിരുനെല്ലി, പൂമല, പൂതിക്കാട് പുഴുപ്പത്തൂർ എന്നിവിടങ്ങളിൽ സബ് സെന്ററുകളും സ്ഥിതി ചെയ്യുന്നു., ഓരോ

ഹെൽത്ത് സെന്ററുകൾ

| വാർഡ് | ഹെൽത്തുസെന്ററുകൾ ഉള്ള സ്ഥലം | സ്റ്റാഫ് | പ്രവൃത്തി | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|---|---|
| 1 | | J.P.H.N | മാതൃശിശുസംരക്ഷണ പരിപാടിനടപ്പിലാക്കൽ, ആരോഗ്യ വിദ്യഭ്യാസ ബോധവൽക്കരണം എന്നിവ | വെള്ളം, വൈദ്യുതി മറ്റു പ്രധാന സൗകര്യങ്ങൾ എന്നിവ നടപ്പിലാക്കണം, ഗർഭിണികൾക്ക് പോഷകാഹാര ഗുളികകൾ, മരുന്നുകൾ ഇവ ലഭ്യമാക്കണം |
| 3 | പഴുപ്പത്തൂർ | J.P.H.N | ,, | ,, |
| 5 | പൂമല | ,, | ,, | ,, |
| 7 | തിരുനെല്ലി | ,, | ,, | ,, |
| 10 | കുപ്പാടി | ,, | ,, | ,, |
| 10 | പഴേരി | ,, | ,, | ,, |

സെന്ററിന്റെ കീഴിലും 3000 മുതൽ 5000 വരെ ജനങ്ങളുണ്ട്. കൂടാതെ 5000 മുതൽ 7000വരെ ജനങ്ങൾക്ക് ഒരു JHIയും സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ഹെൽത്ത് ഇൻസ്പെക്ടർമാരാണ്.

**നിർദ്ദേശങ്ങൾ**

1. ആരോഗ്യവിദ്യാഭ്യാസം: ഭവന സന്ദർശനങ്ങൾ ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, മഹിളാ സ്വസ്ത സംഘം എന്നിവയിലൂടെ ആരോഗ്യ കാര്യങ്ങളെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കണം.

2. കുടുംബക്ഷേമം: കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും അതിനുള്ള സഹായങ്ങൾ നല്കുകയും ചെയ്യണം. കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവെപ്പുകൾ ഗർഭിണികൾക്ക് സൗജന്യവൈദ്യപരിശോധന എന്നിവ വ്യാപകമാക്കണം.

3. രോഗപ്രതിരോധ പ്രവർത്തനങ്ങൾ; മലമ്പനി നിർമ്മാർജ്ജനം, ക്ഷയരോഗ നിർമ്മാർജ്ജനം, പോളിയോ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തണം.

4. ചെതലയം പ്രൈമറി ഹെൽത്ത് സെന്ററിൽ മുഴുവൻ സമയ ഡോക്ടറെ നിയമിക്കണം. ആശുപത്രിയുടെ വിപുലീകരണത്തിനായി ഫോറസ്റ്റിന്റെ രണ്ട് ഏക്കർ സ്ഥലംകൂടി ലഭ്യമാക്കണം. പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കി 20 കിടക്കകളെങ്കിലും ഉള്ള സെന്ററാക്കി ഉയർത്തണം.

5. നിലവിലുള്ള ഹെൽത്ത് സെന്ററുകളിൽ ആഴ്ചയിൽ 3 ദിവസം നിർബ്ബന്ധമായും ഡോക്ടർമാർ എത്തണം.

6. താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി ഹെൽത്ത് സെന്ററുകൾ ആരംഭിക്കണം.

| വാർഡ് | സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 1 | ചെട്ടിമൂല, കുപ്പമുടി റോഡ് ജംഗ്ഷൻ |
| 2 | .ബീനാച്ചി |
| 3 | നമ്പീശൻ കവല |
| 4 | ഭാരതീയ വിദ്യാഭവൻ പരിസരം |
| 5 | പള്ളിക്കണ്ടി |
| 7. | അമ്മായിപ്പാലം കരിമ്പുവയൽ |
| 8 | ബ്ലോക്ക് ഓഫീസിനു സമീപം |
| 9 | തേലമ്പറ്റ |
| 10 | ഓടപ്പള്ളം (കരിവള്ളിക്കുന്ന്) |
| 11 | ആർമാട് |
| 12. | എസ്.എം.കോളേജിന് സമീപം |

7. താലൂക്ക് ആയുർവ്വേദ ആശുപത്രിയുടെ പണി വേഗത്തിൽപൂർത്തീകരിക്കുക.

8. ഒമ്പതാം വാർഡിൽ വള്ളുവാടിയിലും പതിമൂന്നാം വാർഡിലും ആയുർവ്വേദ ആശുപത്രികൾ പണിയുക.

9. ഒമ്പതാം വാർഡിൽ തൊടുവട്ടിയിലും 12-ാം വാർഡിൽ കുപ്പാടി പോസ്റ്റ് ഓഫീസിനു മുന്നിലും 13 ാം വാർഡിൽ ആറാം മൈലിലും ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിക്കണം.

10. ബത്തേരി താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം. ഫെയർലാന്റ് എസ്റ്റേറ്റിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ പണി ഉടൻ തുടങ്ങണം.

പട്ടിക 1 ശുദ്ധജല സ്രോതസ്സുകൾ

| കിണറുകൾ,പൊതുകിണറുകൾ | | പൊതുകേണികൾ | | പൊതുകുഴൽ കിണറുകൾ | | പൊതു ചിറകൾ | |
|---|---|---|---|---|---|---|---|
| വെള്ളമുള്ളവ | വെള്ളമില്ലാത്തവ | വെള്ളമുള്ളവ | വെള്ളമില്ലാത്തവ | വെള്ളമുള്ളവ | വെള്ളമില്ലാത്തവ | വെള്ളമുള്ളവ | വെള്ളമില്ലാത്തവ |
| 59 | – | 117 | – | 40 | 3 | 2 | – |

K.W.A. പദ്ധതികൾ

| വാർഡ് | പബ്ലിക് ടാപ്പുകൾ | ടാപ്പുകളുടെ എണ്ണംമൊത്തം |
|---|---|---|
| 1 | തൊടുവെട്ടി | 12 |
| 2 | പഴുപ്പത്തൂർ | 16 |
| 3 | സുൽത്താൻബത്തേരി | 22 |

നേരിട്ട് നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികൾ

| വാർഡ് | | പബ്ലിക് ടാപ്പുകൾ | പമ്പിംഗ് സിസ്റ്റം |
|---|---|---|---|
| 1 | കൈപ്പഞ്ചേരി | 25 | നേരിട്ട് |
| 2 | മന്തൊണ്ടിക്കുന്ന് | NIL | " |
| 3 | ദൊട്ടപ്പൻകുളം | 10 | " |
| 4 | ബസ്സ്സ്റ്റാന്റ് | " | പ്രവർത്തനം തുടങ്ങിയിട്ടുണ്ട് |

## കുടിവെള്ളം

മെച്ചപ്പെട്ട പൊതുജനാരോഗ്യത്തിനും, സമൂഹത്തിന്റെ വികസനത്തിനും അനിവാര്യമായി കാണേണ്ട ഒരു ഘടകമാണ് ശുദ്ധജലം. നമ്മുടെ നാട്ടിൽ കണ്ടുവരുന്ന രോഗങ്ങളിൽ 90%വും ജലവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നവയാണ്. ശുദ്ധവായു, ശുദ്ധജലം, പരിസര ശുചീകരണം എന്നിവ ജനതയുടെ ആരോഗ്യത്തിന് വേണ്ടപ്പെട്ട ഘടകങ്ങളാണ്. സുൽത്താൻ ബത്തേരിയിലെ ജനങ്ങളിൽ ഭൂരിഭാഗവും ആദിവാസികളും ഹരിജനങ്ങളും മറ്റു പാവപ്പെട്ടവരുമാണ്. കുടിവെള്ളത്തിനായി ജനങ്ങൾ അധികവും ആശ്രയിക്കുന്നത് പഞ്ചായത്ത് കിണറുകളെയും കുഴൽ കിണറുകളെയുമാണ്. പത്ത് വർഷത്തിന് മുമ്പ് സുൽത്താൻ ബത്തേരി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിരൂക്ഷമായ വരൾച്ച സമയത്ത് ലോറി

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതായ പ്രശ്നപരിഹാരങ്ങളും, പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതുമായ നിർദ്ദേശങ്ങളും വിശകലനത്തിനായി താഴെ ചേർക്കുന്നു.

പട്ടിക 3

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1 | ചെട്ടിമൂല പ്രദേശത്ത് പഞ്ചായത്ത് ബോർഡ്, കരടിമൂല, ചെട്ടിമൂല, തേന്മല പ്രദേശം, പൂതിക്കാട് | ടാങ്ക് നിർമ്മിച്ച് മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ച് കുടിവെള്ളം സപ്ലൈ ചെയ്യണം. |
| 2 | വട്ടത്തിമൂല ദൊട്ടപ്പംകുളം, ബീനാച്ചി അംഗൻവാടി | ടാങ്ക് നിർമ്മിച്ച് മോട്ടോറും പമ്പ് സെറ്റും ഉപയോഗിച്ച് വെള്ളം സംഭരിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 3. | കെ.മോഹനന്റെ സ്ഥലത്ത് (അരിവയൽ) ചൂരിവല, N.P. ചെല്ലപ്പന്റെ പരിസരത്ത് | ടാങ്ക് നിർമ്മിച്ച് മോർട്ടാറും പമ്പുസെറ്റും ഉപയോഗിച്ച് വെള്ളം സംഭരിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 4. | ബീനാച്ചി വിസാ ഭവന്റെ പരിസരത്ത് ടി അപ്പുവിന്റെ വീടിന്റെ പരിസരത്ത്, കട്ടയാട് മുസ്ലിം പള്ളിയുടെ പരിസരത്ത് ബീനാച്ചി സ്കൂൾക്കുന്ന് പ്രദേശത്ത് | ടാങ്ക് നിർമ്മിച്ച് മോർട്ടേറ്റും പമ്പുസെറ്റും ഉപയോഗിച്ച് വെള്ളം സംഭരിച്ചു വാട്ടർ സപ്ലൈ നടത്തണം. |
| 5. | പള്ളിക്കണ്ടി താഴെ വശത്ത് | നിലവിലുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ചു വാട്ടർ സപ്ലൈ നടത്തണം |
| 6. | മുള്ളൻകുന്ന്, സത്രംകുന്ന്, കോട്ടക്കുന്ന് | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 7. | മൈതാനിക്കുന്ന് | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 8. | കൈപ്പഞ്ചേരി വയൽ | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 9. | കൂറ്റമ്പാളിക്കുന്ന് | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 10. | മന്തണ്ടിക്കുന്ന്, കരുവള്ളിക്കുന്ന് | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം |
| 11. | ആർമാട്കുന്ന്, ചെമ്പകപ്പാളി, കാരക്കണ്ടി, വട്ടോളി കോളേജ് പരിസരം | ടാങ്ക് നിർമ്മിച്ച് മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ച് വെള്ളം സപ്ലൈ ചെയ്യണം |
| 12. | വേങ്ങൂർകുന്ന്, പോസ്റ്റ് ഓഫീസിന് സമീപം, കുപ്പാടി, കടമാൻചിറ, കുപ്പാടി സ്കൂൾ പരിസരം പഴേരി | ടാങ്ക് നിർമ്മിച്ച മോട്ടോറും പമ്പുസെറ്റും ഉപയോഗിച്ച് വെള്ളം സപ്ലൈ ചെയ്യണം. |
| 13. | പുത്തന്നൂർ വയൽ, തറത്തൂർ വയൽ, പുകലമാളം വയൽ, തച്ചൻചിറ വയൽ | കുളം കുഴിച്ചു വെള്ളം പമ്പുചെയ്ത് വാട്ടർ സപ്ലൈ നടത്തണം |
| 14. | ആറാം മൈൽ, വളാഞ്ചേരിക്കുന്ന് P.H.Cക്ക് സമീപം ഏഴുപാൽ കുന്ന് | ടാങ്ക് നിർമ്മിച്ച് വാട്ടർ സപ്ലൈ നടത്തണം. |

## സാധാരണ കിണറുകൾ കുഴിച്ച് വെള്ളം ലഭ്യമാക്കേണ്ടുന്ന സ്ഥലങ്ങൾ

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | ചെട്ടിമൂല, മണിച്ചിറ ഹരിജൻ കോളനി പുതിക്കാട് ഇടവലത്ത് ചന്ദ്രമതിയമ്മയുടെ വീടിന്റെ പരിസരം, മണിച്ചിറ, പൂനിക്കര റോഡിൽ വെണ്ടത്തൻ നാരായണൻ വീടിന്റെ പരിസരം, പൂമല ടൗൺ പരിസരരം | പുതിയ കിണർ കുഴിക്കുക |
| 2. | മണിച്ചിറ അയ്യൂബിന്റെ വീടിന്റെ പരിസരം, മണിച്ചിറ കുന്നിൽ മൂപ്പമ്പെത്ത് മുഹമ്മദിന്റെ വീടിന്റെ അടുത്ത്, ബീനാച്ചി ഉണ്ണിപ്പുരവത്ത് വീടിന്റെ പരിസരത്ത് | പുതിയ കിണർ കുഴിക്കുക |
| 3. | ചേന്നമൂലക്കുന്ന്, മന്ദംകൊല്ലി, ചൂരിമല, സതീശൻ കവല, ചപ്പക്കൊല്ലി, ആമിഴ്കൊല്ലി മന്ദംകൊല്ലി കയറ്റം, കക്കടംകുന്ന് പാലേരി കവുങ്കരക്കുന്ന്, പ്രിയദർശിനി പ്രദേശം ചാപ്പക്കൊല്ലി മേരിയുടെ വീടിന് പരിസരം മന്നംകൊല്ലി അച്യുതൻനായരുടെ വീടിനടുത്ത് ആനപ്പന്തി വിജയന്റെ വീടിന് പരിസരം, തേക്കും കണ്ടി താഴെ അരിവയൽ M.C.കൃഷ്ണൻകുട്ടിയുടെ സ്ഥലത്ത്, ബീനാച്ചിക്കടുത്ത് ഞങ്ങിക്കയത്തും. | പുതിയ കിണർ കുഴിക്കുക |
| 4. | മടമലക്കുന്ന്, കോളിമൂല, മുള്ളൻകുന്ന്, AKG കവല പരിസരം, കട്ടയാട്, ആദിവാസി കോളനി പരിസരം | പുതിയ കിണർ കുഴിക്കുക |
| 5. | കല്ലുവയൽ പുളിച്ചോടിന്റെ മുകൾ ഭാഗത്ത് ജമീല എസ്റ്റേറ്റിന്റെ അടുത്ത്, ഇന്ദിരനഗർ ഹൗസിംഗ് കോളനി | പുതിയ കിണർ കുഴിക്കുക |
| 6. | മുള്ളൻകുന്ന് ആദിവാസി കോളനി | പുതിയ കിണർ കുഴിക്കുക |
| 7. | മൈതാനിക്കുന്നിൽ കുന്നത്ത് പൗലോസിന്റെ വീടിന്റെ പരിസരത്ത്, കൈപ്പഞ്ചേരി പണിയ കോളനി, കൈപ്പഞ്ചേരിക്കുന്ന് വാസുവിന്റെ വീടിനടുത്ത് | പുതിയ കിണർ കുഴിക്കുക |
| 8. | കുറ്റം പാളിക്കുന്നിൽ തേലംപറ്റ വായനശാലക്ക് സമീപം, തേലമ്പപറ്റ ഉദരംകൊല്ലി കോളനിക്ക് സമീപം, തേലംപറ്റ കൂറ്റംപാളി റോഡരുകിൽ, പെരുമ്പല്ലൂർ കുന്നിൽ തേലമ്പറ്റ വട്ടുവാടി കവലയിൽ, വട്ടുവാടി , പാളാക്കര, തൊടുവട്ടി, ബ്ലോക്കാഫീസ് | പുതിയ കിണർ കുഴിക്കുക |
| 9. | മന്തൊണ്ടിക്കുന്ന്, കരുവള്ളിക്കുന്ന്, വടച്ചിറക്കുന്ന്, കരുവള്ളിക്കുന്ന് പഞ്ചായത്ത് വക സ്ഥലത്ത്, ഓടപ്പള്ളം പള്ളിപ്പടി ഓടപ്പള്ളം സ്കൂൾ, പുതുവീട് നായ്ക്ക കോളനി, ഓടപ്പള്ളം പഴേരി റോഡ് ജംഗ്ഷൻ, പുൽപ്പറമ്പ് ജോസിന്റെ പരിസരം. | പുതിയ കിണർ കുഴിക്കുക |
| 10. | ആർമാട് കുന്ന്, കുപ്പാടി പോസ്റ്റ് ഓഫീസ് പരിസരം, കടമാൻചിറ, കുപ്പാടി സ്കൂൾ കരുവള്ളിക്കുന്ന് ജംഗ്ഷൻ, കോട്ടക്കുന്ന് കോളനി, വെള്ളിമാട് കോളനി | പുതിയ കിണർ കുഴിക്കുക |
| 11. | കുപ്പാടി പോസ്റ്റ് ഓഫീസിന് സമീപം പണിയക്കോളനി, മരക്കൊല്ലിക്കുന്ന്, വേങ്ങൂർ കോളിമൂല, പഴേരി മുസ്ലിം പള്ളിക്ക് താഴെ, പഴേരി തോട്ടങ്കര നായ്ക്ക കോളനിക്ക് താഴെ, പഴേരി അപ്പുവിന്റെ വീടിനടുത്ത്, പുതുച്ചോല ആദിവാസി കോളനി, കരിക്കുറ്റി ചപ്പൻ കോളനി, വേങ്ങൂർ കുന്ന് മധ്യഭാഗത്ത് | പുതിയ കിണർ കുഴിക്കുക |
| 12. | വളാഞ്ചേരി കുന്നിൽ, പുകലമാളം 6ാം മൈൽ എന്നിവിടങ്ങളിൽ വനത്തിന് സമീപം | പുതിയ കിണർ കുഴിക്കുക |



1992 സംസ്ഥാനതല ശുചീകരണ വാരാചരണം ഉദ്ഘാടനവേദി
പ്രസിഡണ്ട് ജനാബ്: പി.സി. അഹമ്മദ് സ്വാഗതപ്രസംഗം നടത്തുന്നു. വേദിയിൽ: പഞ്ചായത്ത് വകുപ്പ് മന്ത്രി ജനാബ്: സി.ടി. അഹമ്മദ്അലി. MLA--മാരായ കെ.കെ. രാമചന്ദ്രൻ മാസ്റ്റർ, രാഘവൻ മാസ്റ്റർ. ശ്രീമതി. കെ. സി. റോസക്കുട്ടി ടീച്ചർ.




1992 ശുചീകരണ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നപ്പോൾ ഘോഷയാത്രയിൽ പഞ്ചായത്തു വകുപ്പു മന്ത്രി : ജനാബ് : C.T. അഹമ്മദ്അലി MLA-മാരായ കെ. കെ .രാമചന്ദ്രൻ മാസ്റ്റർ. ശ്രീമതി. കെ. സി. റോസക്കുട്ടി ടീച്ചർ. ജില്ലാകൗൺസിൽ പ്രസിഡന്റ് ശ്രീ. എസ്. എ. മജീദ്, പ്രസിഡന്റ് ജനാബ്: പി. സി. അഹമ്മദ് എന്നിവർ

## നിലവിലുള്ള കിണറുകൾ റിപ്പയർ/ആഴംകൂട്ടൽ

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗ്ഗം |
|---|---|---|
| 1. | മണിച്ചിറ, പൂതിക്കാട് റോഡിൽ ഉള്ള കിണർ, ചെട്ടിമൂല യോയാക്കിയുടെ വീടിന്റെ സമീപം ഉള്ള കിണർ, പൂതിക്കാട് അംഗൻവാടി കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 2. | ബീനാച്ചി, ഇഞ്ചിക്കണ്ടി കിണർ, ദൊട്ടപ്പംകുളം സുലൈമാന്റെ വീടിനടുത്തുള്ള കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 3. | വിജയന്റെ വീടിനടുത്ത കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 4. | ബീനാച്ചി സ്കൂൾ കുന്നിലെ കിണർ പി.കെ.മുഹമ്മദ്കുട്ടി ഹാജിയുടെ വീടിനടുത്ത കിണർ, മാമലക്കുന്നിൽ മുരുകൻ പടിയിലുള്ള കിണർ, കട്ടയാട് കറളിയമ്മയുടെ വീടിനടുത്ത കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 5. | പള്ളിക്കണ്ടി കിണർ, കുഴൽക്കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 6. | സ്വതന്ത്ര മൈതാനിയിലെ കിണർ, ദ്വാരകബാറിന്റെ സമീപമുള്ള കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 7. | വയലിൽ രാജുവിന്റെ വീടിനടുത്തുള്ള കിണർ, മുപ്പക്കുടിയിലെ കുഴൽ കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 9. | കൂറ്റമ്പാളി കോളനിയിലെ കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 10. | കൂറ്റമ്പാളി കോളനിയിലെ കുഴൽ കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 11. | കിണർ/കേണി, കാരക്കണ്ടി ജംഗ്ഷൻ ആലംപാളി കുഴൽ കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 12. | പഴേരിയിലുള്ള കുഴൽകിണർ, കുപ്പാടിയിലുള്ള കുഴൽ കിണർ, പുതുചോലയിൽ തകിടിയൽ അമ്മിണിയുടെ വീടിനടുത്ത കിണർ, പഴേരി പഞ്ചായത്ത് കിണർ, പഴേരി തോട്ടക്കര നായ്ക്ക കോളനികിണർ, ചീമൂല കേണി, പഴേരി കുഞ്ഞിമോയിയുടെ വീടിന് താഴെയുള്ള കിണർ, വേങ്ങൂർ പുതിയ കോളനി കിണർ, 3-ാം മൈൽ ലക്ഷം വീടുകോളനി കിണർ, പഴേരി നായ്ക്കക്കോളനിയിലെ കിണർ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 12. | പുതുച്ചോല അണക്കെട്ട് | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |
| 13. | നെല്ലിപ്പറ്റക്കുന്ന്, പൂവഞ്ചിയിലെ കിണർ തച്ചംകുളം കോളനി കിണർ, വട്ടൻചിറ, കണ്ടൻമൂല, താത്തൂർ മടയൻ വയൽ കേണിച്ചിറ | റിപ്പയർ ചെയ്ത് ആഴം കൂട്ടണം |

കളിൽ കുടിവെള്ള വിതരണം നടത്തിയിരുന്നു. ഇതിനെ തുടർന്നാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകളും, കേണികളും കുഴൽ കിണറുകളും, കുഴിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചത്. കൂടാതെ പഞ്ചായത്തിന്റേയും വിവിധ സർക്കാർ ഏജൻസികളുടേയും കീഴിൽ കിണറുകളും, കുഴൽ കിണറുകളും കുഴിച്ചിരുന്നു. ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കൂടാതെ K.W.Aയുടെ പദ്ധതികളും നിലവിലുണ്ട്. പക്ഷെ ഇതുകൊണ്ടൊന്നും സുൽത്താൻ ബത്തേരിയുടെ ശുദ്ധജലക്ഷാമത്തിന് ഒരു പരിഹാരമായി എന്ന് പറയാൻ വയ്യ.

സുൽത്താൻ ബത്തേരി നൂൽപ്പുഴ വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ ഒരു പരിധി വരെ നമ്മുടെ കുടിവെള്ളക്ഷാമം തീരും എന്നത് ഒരു യഥാർത്ഥമാണ്.

കുഴൽ കിണറുകൾ പുതുതായി കുഴിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശങ്ങൾ |
|---|---|---|
| 3 | നമ്പീശൻ കവല | -പുതിയ കുഴൽകിണർ കുഴിക്കണം |
| 5. | മണിച്ചിറ ലക്ഷംവീട് കോളനി | പുതിയ കുഴൽകിണർ കുഴിക്കണം |
| 8. | തൊടുവട്ടിയിലെ ശുദ്ധജല വിതരണ പദ്ധതി – | രാവിലെയും വൈകുന്നേരവും വെള്ളം പമ്പ്ചെയ്ത് സപ്ലൈ നടത്തണം |

### പുതിയ ടാപ്പ് സ്ഥാപിക്കേണ്ടുന്ന സ്ഥലങ്ങൾ

ബത്തേരി ഗവ. ആശുപത്രി പരിസരത്തും, വയനാട് ആശുപത്രി പരിസരത്തും, അറബിക് കോളേജ് പരിസരത്തും പബ്ലിക്ക് വാട്ടർ ടാപ്പുകൾ സ്ഥാപിക്കണം.

പബ്ലിക്ടാപ്പുകൾ

| വാർഡ് | | പബ്ലിക് ടാപ്പുകൾ | പമ്പിംഗ് സിസ്റ്റം |
|---|---|---|---|
| 1 | കൈപ്പഞ്ചേരി | 25 | നേരിട്ട് |
| 2 | മന്തൊണ്ടിക്കുന്ന് | Nil | " |
| 3 | ദൊട്ടപ്പൻകുളം | 10 | " |
| 4 | ബസ്സ്റ്റാന്റ് | 11 | പ്രവർത്തനം തുടങ്ങിയിട്ടുണ്ട് |

### സുൽത്താൻ ബത്തേരി നൂൽപ്പുഴ വാട്ടർ സപ്ലൈ സ്കീം

സുൽത്താൻ ബത്തേരി നൂൽപ്പുഴ വാട്ടർ സപ്ലൈ സ്കീം ഉടനെ കമ്മീഷൻ ചെയ്തു ഹൗസ് കണക്ഷനുകൾ നൽകാനുള്ള പ്രവർത്തി പൂർത്തീകരിക്കുന്നത് പഞ്ചായത്ത് ഇടപെട്ട് വേണ്ട നടപടികൾ ഉടനെ സ്വീകരിക്കണം.

## പരിസരശുചീകരണം

1983വരെ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് വെറും ഏഴ് തൊഴിലാളികളായിരുന്നു. അവർ ചപ്പുചവറുകൾ ഉന്തുവണ്ടികളിൽ ശേഖരിച്ച് ടൗണിലെ തന്നെ വിവിധ ഭാഗങ്ങളിൽ നിക്ഷേപിക്കുകയായിരുന്നു പതിവ്. ഇതുമൂലം പരിസരമലിനീകരണവും, മറ്റു പൊതുജനശല്യങ്ങളും നിത്യസംഭവമായിരുന്നു. ഇത് വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് പഞ്ചായത്ത് ടൗണിൽ നിന്നും വളരെ ദൂരെ കരുവള്ളിക്കുന്നിൽ ചപ്പുചവറുകൾ നിക്ഷേപിക്കാൻ 50സെന്റ് സ്ഥലം വാങ്ങിച്ചു. ഇപ്പോൾ ടൗണിലെ ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും കൊണ്ടുപോയി നിക്ഷേപിക്കുന്നത് കരുവള്ളിക്കുന്നിലെ പഞ്ചായത്ത് വക സ്ഥലത്താണ്. ഇതിലേക്കായി പഞ്ചായത്ത് ഒരു ട്രാക്ടർ അഗ്രോ ഇൻഡസ്ട്രീസ് മുഖേന വാങ്ങിയിട്ടുണ്ട്. ഇതിലാണ് മാലിന്യങ്ങൾ കൊണ്ടുപോകുന്നത്. കച്ചവട സ്ഥാപനങ്ങൾ ദിനം പ്രതി വർദ്ധിച്ചു വരുന്ന ഒരു ടൗണാണ് സുൽത്താൻ ബത്തേരി. ആകെ 10 ജീവനക്കാരാണ് ശുചീകരണ പ്രവർത്തിക്ക് ഉള്ളത്. ഇത് 15 വർഷം മുമ്പെയുള്ള തസ്തികകൾ ആണ്. 10 പേർകൂടി പ്രവർത്തിച്ചാൽ മാത്രമേ ശുചീകരണ പ്രവർത്തി ഭംഗിയായി നടത്താൻ കഴിയുകയുള്ളൂ. ഇതിനായി പഞ്ചായത്ത് സർക്കാരിലേക്ക് അപേക്ഷിച്ചെങ്കിലും അനുമതി കിട്ടിയിട്ടില്ല. ചപ്പുചവറുകൾ നിക്ഷേപിക്കുന്ന സ്ഥലത്തെ പരിസരവാസികൾക്ക് എന്നും പരാതിയുമാണ്. കുഴികളിലാണ് ചപ്പുചവറുകൾ നിക്ഷേപിക്കുന്നതെങ്കിലും പ്രശ്നങ്ങളുണ്ട്. പരിസരമലിനീകരണം ഉണ്ടാക്കാതെ ഇതിന് പരിഹാരം തേടേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ടൗണിൽ നിന്നും വളരെ അകലെ ജനവാസമില്ലാത്ത മറ്റൊരു സ്ഥലം ചുരുങ്ങിയത് 2 ഏക്കറെങ്കിലും വിലക്ക് വാങ്ങുന്നതിന് പഞ്ചായത്ത് ശ്രമിക്കുന്നുണ്ട്. എന്നാൽ ഇടവിട്ട് രണ്ടു സ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിച്ച് മാലിന്യങ്ങൾ ഒഴിവാക്കാനും കഴിയും. ടൗണിലെ അലഞ്ഞു

## പരിസരശുചീകരണം നിർദ്ദേശങ്ങൾ, മൂത്രപ്പുര നിർമ്മിക്കേണ്ട സ്ഥലങ്ങൾ

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | മണിച്ചിറ ടൗണിൽ. ചെട്ടിമൂല, പൂമല | പുതിയ മൂത്രപ്പുര നിർമ്മീക്കണം |
| 3 | പഴുപ്പത്തൂർ അംഗൻവാടി, പഴുപ്പത്തൂർ | |
| 10. | ഓടപ്പള്ളം സ്കൂൾ, കരുവള്ളിക്കുന്ന് അംഗൻവാടി, തിരുനെല്ലി അംഗൻവാടി, ഓടപ്പള്ളം ട്രൈബൽ ബാലവാടി, ആദിവാസി കോളനികൾ | പുതിയ മൂത്രപ്പുര നിർമ്മിക്കണം |
| 6. | സുൽത്താൻബത്തേരി ടൗണിൽ | പുതിയ മൂത്രപ്പുര നിർമ്മിക്കണം |
| 9. | തൊടുവട്ടി ബസ്സ്റ്റോപ്പിന് സമീപം | പുതിയ മൂത്രപ്പുര നിർമ്മിക്കണം |
| 12. | കുപ്പാടി ഗവ.യു.പി.സ്കൂൾ,പഴേരി അംഗൻവാടി, വേണ്ടൂർകുന്ന് അംഗൻവാടി, | പുതിയ മൂത്രപ്പുര നിർമ്മിക്കണം |
| 13. | ചേനാട് സ്കൂൾ, PHസെന്റർ അംഗൻവാടികൾ | പുതിയ മൂത്രപ്പുര നിർമ്മിക്കണം |
| | ആറാം മൈൽ ചെതലയം ടൗൺ | പുതിയ മൂത്രപ്പുര നിർമ്മിക്കണം |

| വാർഡ് | കക്കൂസ് നിർമ്മിക്കേണ്ട സ്ഥലങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|
| 1. | ഹരിജന ഗിരിജനങ്ങൾക്ക് (മണിച്ചിറ ലക്ഷംവീട്, പൂതിക്കാട് മണിച്ചിറ, അംഗൻവാടിയിൽ) മറ്റു സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 2. | പട്ടികജാതി പട്ടികവർഗ്ഗ കോളനിയിൽ സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 3. | മുഴുവൻ ആദിവാസി കോളനികൾ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 4. | ബീനാച്ചി സ്കൂൾ പരിസരം, ആദിവാസി കോളനികൾ ദുർബ്ബല വിഭാഗം | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 8. | ഹൈസ്കൂളിന് താഴെയുള്ള നായ്ക്ക കോളനി തൊടുവട്ടി പണിയ കോളനി | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 10. | ദുർബ്ബല വിഭാഗങ്ങൾ, ആദിവാസികോളനി, ഓടപ്പള്ളം സ്കൂൾ, കത്തവള്ളിക്കുന്ന് അംഗൻവാടി, തിരുനെല്ലി അംഗൻവാടി, ഓടപ്പള്ളം ട്രൈബൽ ബാലവാടി | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 12. | പഴേരിപണിയകോളനി, നായ്ക്കകോളനി, വേങ്ങൂർ പണിയകോളനി, പോസ്റ്റ് ഓഫീസ് കോളനി, കുപ്പാടി പണിയകോളനി, വീട്ടിക്കുറ്റി നായ്ക്ക കോളനി, വേങ്ങൂർ നായ്ക്ക കോളനി, വേങ്ങൂർ ലക്ഷംവീട് | പുതിയ കക്കൂസുകൾ നിർമ്മിക്കണം |
| 13. | ചേനാട് ഹൈസ്കൂൾ ജ.ഒ.സെന്റർ അംഗൻവാടി ട്രൈബൽ ഹോസ്റ്റൽ, ആദിവാസി കോളനികൾ മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് | പുതിയ കക്കൂസുകൾ നിർമ്മിക്കണം |

തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചുകൊന്നു കുഴിച്ചുമൂടുന്നതിനും ഈ സ്ഥലം ഉപയോഗപ്പെടുത്താൻ കഴിയും.

**കൊതുക് നിവാരണ സമിതി**

കൊതുകുകൾ നിവാരണ പദ്ധതി വളരെ പരിമിതമായെ നടക്കുന്നുള്ളൂ. ടൗണിലെ ഓവുചാലുകളിലും മറ്റും മരുന്ന് തളിക്കുന്നുണ്ട്. കരുവള്ളിക്കുന്നിലെ ചപ്പുചവറുകൾ നിക്ഷേപിക്കുന്ന സ്ഥലത്തും ആഴ്ചയിൽ ഒരു ദിവസം മരുന്ന് തളിക്കുന്നുണ്ട്. ആവശ്യമായ സ്റ്റാഫും, മറ്റ് സംവിധാനങ്ങളും ഉണ്ടായാൽ ഇതും ഭംഗിയായി നടത്തുവാൻ കഴിയും. ഇതിലേക്കായി സ്പ്രേയിങ് മസ്ദൂർനെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുവാൻ ശ്രമിക്കുന്നുണ്ട്.

കംഫർട്ട് സ്റ്റേഷൻ : ബസ്സ്റ്റാന്റ് : പൊതുജനങ്ങളുടെ സൗകര്യം കണക്കിലെടുത്ത് പഞ്ചായത്ത് ബസ്സ്റ്റാന്റ് മൂത്രപ്പുര, കക്കൂസ് എന്നിവ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകമായി നിർമ്മിച്ചിട്ടുണ്ട്.

അറവുശാല. സത്രം കുന്നിൽ ആധുനിക രീതിയിലുള്ള അറവുശാലയുടെ പ്രവർത്തി നടന്നുവരുന്നുണ്ട് അറവുശാല യഥാർത്ഥമായാൽ ഇപ്പോൾ പഞ്ചായ

ത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനധികൃത കശാപ്പുകൾ നിർത്തലാക്കാൻ കഴിയും.

**മാർക്കറ്റ്**

ചുങ്കത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മാർക്കറ്റിന്റെ പണി നടന്നുവരികയാണ്. കൂടാതെ മാനിക്കുനിയിലും മാർക്കറ്റ് സ്ഥാപിക്കാനുള്ള പദ്ധതിയുമുണ്ട്.

**ടൗണിലെ മലിനജല നിർമ്മാർജ്ജന പദ്ധതി**

ടൗണിലെ മലിനജലം ഇപ്പോൾ പല ഭാഗങ്ങളിലേക്കും ഒഴുകുകയാണ്. അധികവും കല്ലുവയൽ തോട് വഴി ഒഴുകി കൈപ്പഞ്ചേരി ഭാഗത്തേക്കാണ് പോകുന്നത്. മലിനജലം മുഴുവനും ഒഴുക്കി ടൗണിൽ നിന്നും വളരെ അകലെയായി സംസ്ക്കരിക്കാനുള്ള സംവിധാനം ഉണ്ടാവണം. ഇതിലേക്കായി കൈപ്പഞ്ചേരി വയൽഭാഗത്ത് ജനവാസമില്ലാത്ത സ്ഥലത്ത് 2 കുളങ്ങൾ നിർമ്മിച്ച് പൊതുജനശല്യമില്ലാതെയും പരിസരമലിനീകരണമില്ലാതെയും സംസ്ക്കരിക്കാനുള്ള സംവിധാനം വേണ്ടിയിരുന്നു. ഇതിലേക്കായി ചുരുങ്ങിയത് 80 ലക്ഷം രൂപയെങ്കിലും വേണ്ടിവരും. ഇത് അത്യാവശ്യമായ പ്രവർത്തിയാണ്. പഞ്ചായത്തിന്റെ ധനസ്ഥിതി ഇതിത് അപര്യാപ്തമാണ്. മറ്റു സർക്കാർ ഏജൻസിയിൽ നിന്നു ധനസഹായം കിട്ടിയാൽ മാത്രമേ ഇത് പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

കൂടാതെ മൊത്തം വാർഡുകളിൽ സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് സബ്സിഡി നിരക്കിൽ ധനസഹായം നൽകണം.

മാലിന്യങ്ങൾ നിക്ഷേപിക്കൽ (Waste box) സ്ഥാപിക്കണം

ഒന്നാം വാർഡിൽ മണിച്ചിറയിലും രണ്ടാം വാർഡിൽ ബീനാച്ചി ദൊട്ടപ്പൻകുളം ആറാം വാർഡിൽ ബത്തേരി ടൗണിൽ ഇടവിട്ട് മറ്റ് ഓരോ വാർഡിലേയും പ്രധാന സ്ഥലങ്ങളിൽ waste box , സ്ഥാപിക്കണം. പത്താം വാർഡിൽ ബത്തേരി പഞ്ചായത്തിലെ ചപ്പുചവറുകൾ നിക്ഷേപിക്കുന്ന വടച്ചിറ കോളനിയ്ക്കു സമീപമുള്ള ട്രഞ്ചിംഗ് ഗ്രൗണ്ട് പകർച്ചവ്യാധികൾ പരത്തുകയും പരിസരമലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നു. ഇത് ജനവാസമില്ലാത്ത ഭാഗത്തേക്ക് മാറ്റണം.

**അറവുശാലകൾ**

6-ാം വാർഡിലെ അറവുശാലയുടെ പ്രവർത്തി



പുനർപ്പണദിനത്തിൽ ആരുമാട് കുന്ന് ട്രാൻസ്പോർട്ട് റോഡ് ശ്രമദാനമായി നിർവ്വഹിക്കുന്നു

ആധുനിക രീതിയിൽ പൂർത്തീകരിക്കുകയും ബത്തേറിയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന അനധികൃത അറവുശാലകൾ നിർത്തലാക്കുകയും വേണം.

**കൊതുകു നിവാരണം**

ബത്തേരി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും ആദിവാസി കോളനികളിലും കൊതുകുശല്യം രൂക്ഷമാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കണം. ബത്തേരി ടൗണിലെ ഓവുചാലുകൾ വൃത്തിയാക്കുന്നുണ്ടെങ്കിലും മാലിന്യങ്ങൾ ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം. ടൗണിലെ ആശുപത്രികൾ, ലോഡ്ജുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും അഴുക്ക് വെള്ളം, മലമൂത്രങ്ങൾ എന്നിവ ഓവുചാലിലേക്ക് ഇറക്കി വിടുന്നത് കർശനമായി നിരോധിക്കണം. ടൗണിലെ മത്സ്യം, പച്ചക്കറികൾ, മാംസം എന്നിവക്ക് പൊതുമാർക്കറ്റ് സ്ഥാപിക്കണം. ടൗൺ ശുചീകരണം ഞായറാഴ്ച ദിവസങ്ങളിലും നടത്തണം.

ഒന്നാം വാർഡിലെ സോപ്പു ഫാക്ടറിയിൽ നിന്നും പുറത്തുവിടുന്ന മലിനജലം തോടുകളിലേക്ക് ഒഴുകിയെത്തുകയും ഈ വെള്ളം ഉപയോഗിക്കുന്നവർക്ക് മാരകമായ പകർച്ചവ്യാധികൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഇതിന് എതിരെ ആവശ്യമായ സംവിധാനം ഉണ്ടാക്കണം. സത്രം കുന്നിലെ അറവുശാലകളിൽ നെയ്യ് ഉരുക്കുന്നത് മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അത് നിരോധിക്കണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊന്നുകുഴിച്ചുമൂടണം.

ആറാംവാർഡിലെ സത്രം കുന്നിലെ അറവുശാലക്ക് സമീപം താമസിക്കുന്ന 3 കുടുംബാംഗങ്ങൾക്ക് അറവുശാല തുടങ്ങിയാൽ അവിടെ താമസിക്കാൻ കഴിയില്ല. അതുകൊണ്ട് പ്രസ്തുത കുടുംബങ്ങളുടെ ഭൂമി പഞ്ചായത്ത് ഏറ്റെടുക്കണം. പതിമൂന്നാം വാർഡിൽ അലക്കുവാനും കുളിക്കുവാനും ആദിവാസികളുടെ ശുചീകരണത്തിനും നെല്ലിപ്പറ്റ പുളിച്ചിവയൽ പടിപ്പുര എന്നിവിടങ്ങളിൽ കുളം നിർമ്മിക്കണം.

പരിസര ശുചീകരണരംഗത്ത് സന്നദ്ധ പ്രവർത്തനങ്ങളുടെ പങ്ക് തള്ളിക്കളയാവുന്നതല്ല. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യസമിതി രൂപീകരിക്കുകയും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് ജന പങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യണം.



**5.6**

# ഗതാഗതം ഊർജ്ജം വിപണി

## ഗതാഗതം

പ്രാദേശിക വികസനത്തിന്റെ പരമപ്രധാനമായ കണ്ണിയാണ് റോഡുകൾ. നാടിന്റെ ഭാവി നിർണ്ണയിക്കുന്ന ജനമുന്നേറ്റത്തിന്റെ കരുത്തും ശക്തിയും കൂടണമെങ്കിൽ ജനങ്ങൾക്ക് ഗ്രാമങ്ങളിൽ നിന്ന് പട്ടണങ്ങളിലേക്കും, പട്ടണങ്ങളിൽ നിന്ന് ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും സഞ്ചരിക്കുന്നതിന് ഗതാഗതസൗകര്യം ഉണ്ടാവണം. സുൽത്താൻ ബത്തേരിയിലേക്ക് പ്രധാന നഗരമായ കോഴിക്കോട്ടുനിന്നുള്ള യാത്ര 1940വരെ കാളവണ്ടിയിലും, കരിവണ്ടിയിലും ആയിരുന്നെങ്കിൽ അതിനുശേഷമുള്ള കാലത്താണ് ആധുനിക ബസ് സർവ്വീസ് സംവിധാനം നിലവിൽ വന്നത്. അന്നുമുതൽ ഇന്നുവരെയുള്ള കാലയളവിൽ നമ്മുടെ നാടിന്റെ പുരോഗതി അസൂയാവഹമായിരുന്നു.

കേരള സംസ്ഥാനത്തിന്റെ വടക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന സുൽത്താൻ ബത്തേരി, അയൽ സംസ്ഥാനങ്ങളായ തമിഴ്നാടുമായും, കർണ്ണാടകയുമായും ബന്ധിപ്പിക്കുന്ന നിലവിലുള്ള പഴയ റോഡ് ഗതാഗതം നിലവിലുള്ളത്കൊണ്ട്, വയനാട് ജില്ലയുടെ ഏറ്റവും തിരക്കുള്ളതും വളർന്നുവരുന്നതുമായ ഒരു പട്ടണമാണ്. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിദ്യാഭ്യാസപരമായ കാര്യങ്ങളും, വ്യവസായ കാര്യങ്ങൾക്കും മെഡിക്കൽസ് സൗകര്യങ്ങൾക്കും സുൽത്താൻബത്തേരിയിൽ വന്നതിനുശേഷമാണ് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത്. അതുപോലെ തന്നെ അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി സുൽത്താൻ ബത്തേരിയിൽ വന്നുപോകുന്നു. കാർഷികമേഖലയിൽ അധിഷ്ഠിതമായ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നാണ്യവിളവുകളും ഇഞ്ചി മുതലായ പച്ചക്കറി വിഭവങ്ങളുടെയും വിപണനകേന്ദ്രം മൈസൂരാണ്. വയനാടൻ ജനതക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ മൈസൂരിൽനിന്നും തമിഴ്നാട്ടിൽ നിന്നും സുൽത്താൻ ബത്തേരി വഴിക്കാണ് വരുന്നത്. ഇന്ത്യയുടെ വടക്കൻ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കുവരുന്ന ഭൂരിഭാഗം ചരക്കുകളും സുൽത്താൻബത്തേരി വഴി കോഴിക്കോട്ടേക്ക് കടന്നുപോകുന്നു. ഇങ്ങനെവരുന്ന യാത്രക്കാരിൽ ഭൂരിഭാഗവും ബത്തേരിയിൽ തങ്ങിയതിനുശേഷമേ കടന്നുപോകാറുള്ളൂ. വയനാട് ജില്ലയിലെ പ്രമുഖമായ വ്യാപാരകേന്ദ്രം കൂടിയാണ് സുൽത്താൻ ബത്തേരി പട്ടണം.

വയനാട് ജില്ലയിലെ ഏക ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് മേരീസ് കോളേജ് സ്ഥിതി ചെയ്യുന്നത് ബത്തേരിയിലാണ്. അതുകൊണ്ട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുട്ടികൽ ഇവിടെവന്ന് താമസിച്ച് പഠിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ ദിവസേന വന്ന് തിരിച്ചുപോകുന്ന കുട്ടികളും അദ്ധ്യാപകരും ഒക്കെതന്നെ സുൽത്താൻബത്തേരിയിലെ ഗതാഗതരംഗത്ത് നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 35034 ആണ്. വിസ്തീർണ്ണം 103.24.8 qs കി.മീറ്റർ. പഞ്ചായത്തിൽ വാഹനഗതാഗതമുള്ള ആകെ റോഡ് 112 (അവലംബം: പ.രജിസ്റ്റർ) ആണ്. ഒരു ച.കി.മി വിസ്തീർണത്തിന് ശരാശരി 0.159 കി.മി മാത്രമാണ് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും .ടാർചെയ്ത റോഡും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് ശരാശരി 0.018634 ച.കി.മീറ്റർ ടാർറോഡാണ് ഉള്ളതെന്ന് മനസ്സിലാകും.

വയനാട് ജില്ലയുടെ ഏക ട്രാൻസ്പോർട്ട്

(KSRTC) ഗ്യാരേജ് ബത്തേരി ഗ്രാമപഞ്ചായത്തിന്റെ പത്തേക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്നു. ടൗണിന്റെ ഹൃദയഭാഗത്ത് പഞ്ചായത്ത് സ്വന്തം ഫണ്ടിൽ നിന്ന് നിർമ്മിച്ച ബസ്സ്റ്റാന്റും ഒരു കംഫർട്ട് സ്റ്റേഷനും ഉണ്ട്. ചുങ്കത്ത് ഒരു മിനി ബസ്സ്റ്റാന്റും പൂർത്തിയായി വരുന്നു. ഒരു ടൂറിസ്റ്റ് ടാക്സി സ്റ്റാന്റ്, ജീപ്പ്, ടാക്സി സ്റ്റാന്റ്, ലോറിസ്റ്റാന്റ്, മിനിലോറി സ്റ്റാന്റ് ട്രാക്ടർസ്റ്റാന്റ്, അഞ്ചോളം ഓട്ടോറിക്ഷാ സ്റ്റാന്റുകൾ ബത്തേരിയിൽ നിന്ന് കോഴിക്കോട്, കണ്ണൂർ ഭാഗങ്ങളിലേക്കും, കർണ്ണാടക തമിഴ്നാട് സംസ്ഥാനങ്ങളിലേക്കും അന്തർസംസ്ഥാന, സർവ്വീസും നടത്തുന്നുണ്ട്. പഞ്ചായത്ത് ബസ്സ്റ്റാന്റിൽ നിന്നും വിവിധഭാഗങ്ങളിലേക്ക് പ്രതിദിനം 85 പ്രൈവറ്റ് ബസ് സർവ്വീസ് നടത്തുന്നു. അതിനുപുറമേ ഏകദേശം 60ഓളം സാധാരണ സർവ്വീസുകൾ KSRTC നടത്തുന്നു. കല്ലൂർ, വാകേരി, ചീരാൽ അമ്പലവയൽ ചുള്ളിയോട് എന്നീ സ്ഥലങ്ങളിലേക്ക് ജീപ്പ് സർവ്വീസ് സർവ്വസാധാരണമാണ്. 600 ഓളം ഓട്ടോറിക്ഷകൾ രാത്രിയും പകലും സർവ്വീസുകൾ നടത്തുന്നുണ്ട്. വാഹനങ്ങളുടെ പ്രത്യേകിച്ച് ഓട്ടോറിക്ഷകളുടെ ബാഹുല്യം നിമിത്തം ടൗണിലെ പാർക്കിങ് സൗകര്യം വാഹനങ്ങൾക്ക് അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ ടൗണിലെപ്പോഴും തിക്കും തിരക്കും അനുഭവപ്പെടുന്നു. വയനാട് ജില്ലയിലെ ഏക ഹെലിപ്പാഡ് ബത്തേരിയിലെ കുപ്പാടിയിൽ സ്ഥിതി ചെയ്യുന്നു.

പഞ്ചായത്തിലെ നിലവിലുള്ള ടാർ റോഡുകൾ, മെറ്റൽ റോഡുകൾ ദൂരം, വീതി, യാത്രാസൗകര്യങ്ങൾ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു. മെറ്റൽ റോഡുകൾ 35.645 മൺറോഡ് 60.75 .

**PWD റോഡുകൾ**

പഞ്ചായത്തിൽ PWD നിയന്ത്രണത്തിലുള്ള റോഡുകൾ വളരെ കുറവാണ്. പ്രധാന രാജപാതയായ കോഴിക്കോട്-വയനാട് മൈസൂർ റോഡ് പഞ്ചായത്തിലൂടെ കടന്നുപോകുന്നു. മറ്റ് PWD റോഡുകൾ താഴെ പറയുന്നവയാണ്.

ബത്തേരി-ചുള്ളിയോട് റോഡ്

ബത്തേരി - പുൽപ്പള്ളി റോഡ്

ബത്തേരി - പനമരം റോഡ്

ബത്തേരി - അമ്പലവയൽ റോഡ്

ബത്തേരി - അമ്പുകുത്തി-അമ്പലവയൽ റോഡ്

താഴെ പറയുന്ന പ്രധാനപ്പെട്ട റോഡുകൾ പഞ്ചായത്തിൽ നിന്ന് PWD ഏറ്റെടുത്ത് ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

ബത്തേരി-കട്ടയാട്-പഴുപ്പത്തൂർ-കക്കടംക്കുന്ന് റോഡ്

ബത്തേരി - കുപ്പാടി-വടക്കാനാട് റോഡ് 3.7 കി.മി

മുലങ്കാവ് - ഓടപ്പള്ളം റോഡ്

ബത്തേരി സെന്റ് മേരീസ് കോളേജ് റോഡ്

( ഈ റോഡുകൾ PWD ജില്ലാ പഞ്ചായത്തിന് അടുത്ത കാലത്ത് കൈമാറിയിട്ടുണ്ട്.)

**ജില്ലാ പഞ്ചായത്ത് റോഡുകൾ**

ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന റോഡുകൾ ടെന്റർ ചെയ്ത് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ബീനാച്ചി-കുപ്പമുടി-വട്ടത്തിമൂല റോഡ് ടാറിങ്
2. ബീനാച്ചി-കട്ടയാട് റോഡ് ടാറിങ്
3. ടെലിഫോൺ എക്സ്ചേഞ്ച് റോഡ് - 200 മി

കൂടാതെ താഴെ പറയുന്ന റോഡുകൾ കൂടി ജില്ലാ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിരിക്കുന്നു.

1. രാജീവ് ഗാന്ധി ബൈപാസ് റോഡ്
2. തൊടുവട്ടി കോളനി അപ്റോച്ച് റോഡ്
3. ബീനാച്ചി പഴുപ്പത്തൂർ റോഡ് റീടാറിങ് പ്രവൃത്തി
4. പൂതിക്കാട് - കുപ്പമൂടി ചെട്ടിമൂല റോഡ് പാർശ്വ സംരക്ഷണം
5. വളാഞ്ചേരിക്കുന്ന് റോഡ്
6. KSRTC കുപ്പാടി റോഡ്
7. അച്ചുതൻ നായർ മെമ്മോറിയൽ റോഡ് കൽവർട്ട് നിർമ്മാണം
8. കല്ലുവയൽ മാവാടി പൂമല റോഡ്

അനുബന്ധം A

## പഞ്ചായത്തിൽ നിലവിലുള്ളറോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|
| 1 | ബീനാച്ചിപഴുപ്പത്തൂർറോഡ് | 3.823 | 5 മീറ്റർ | ,, | – | – |
| 2 | സത്രംകുന്ന് റോഡ് | 0.604 | 3. മീ | ,, | – | – |
| 3 | കല്ലുവയൽകൈപ്പഞ്ചേരി | 3.219 | 5.മി | ,, | – | – |
| 4 | ഓടപ്പള്ളം പുതുവീട്റോഡ് | 0.815 | 5.മീ | – | – | – |
| 5 | മണിച്ചിറപൂതിക്കാട് | 3.219 | 5.മീ | 11/2 | 500 | 1.219 |
| 6 | മൂലങ്കാവ് തേലംപറ്ററോഡ് | 3 | 5.മീ | 1.5 | – | – |
| 7 | പൂമല ചെട്ടിമൂല റോഡ് | 1.207 | 4മീ | 1Km | – | – |
| 8 | ചെട്ടിമൂല–പൂതിക്കാട് | 1.900 | 8.മീ | – | – 1.90 | |
| 9 | ഓടപ്പള്ളം–പഴേരി | 1.609 | 6മീ | – | – | 1.60 |
| 10 | കല്ലുവയൽ–മാവാടിറോഡ് | 0.602 | 4മീ | – | 0.602 | – |
| 11 | പൂമല കുപ്പമൂടി | 2.414 | 4മീ | 1Km | – | 1.414 |
| 12 | ഓടപ്പള്ളം–വടച്ചിററോഡ് | 2.213 | 5മി | 1Km | – | 1.21 |
| 13 | മൂലങ്കാവ്–വട്ടവാടി (തൊടുവട്ടി) | 2.816 | 4മീ | 1.875 | – | 0.931 |
| 14 | ബത്തേരി–കൈപ്പഞ്ചേരി റോഡ് | 2.213 | 5മീ | 1.875 | – | – |
| 15 | കുപ്പാടി–കൈപ്പക്കുറ്റി റോഡ് | 2.816 | 5മീ | 1.875 | – | – |
| 16 | ബത്തേരി –കട്ടയാട് റോഡ് | 4.024 | 51/2 | 1.875 | – | – |
| 17 | ബീനാച്ചി–പൂതിക്കാട് രോഡ് | 3.219 | 5മീ | – | 3.219 | – |
| 18 | വേങ്ങൂർ–കുപ്പാടി റോഡ് | 4.024 | 6മീ | 21/2 | – | 1.524 |
| 19 | ബത്തേരി–പമ്പുഹൗസ് റോഡ് | .126 | 4മീ | 0.120 | – | – |
| 20 | റ്റി. കെ. അച്ചുതൻ നായർ മെമ്മോറിയൽ പൂതിക്കാട് റോഡ് | 2.214 | 5മീ | – | 1.72 | 0.494 |
| 21 | തിരുനെല്ലി–പാളാക്കര റോഡ് | 0.805 | 3മീ | – | 0.805 | – |
| 22 | കരിവള്ളിക്കുന്ന്–ഓടപ്പള്ളം | 2.005 | 5മീ | – | 1.200 | 1.80 |
| 23 | ബീനാച്ചി–കുപ്പമുടി | 3.219 | 6മീ | – | 1.210 | 2.0 |
| 24 | ബീനാച്ചി–കട്ടയാട് | 2.414 | 5മീ | 1.600 | 814 | – |
| 25 | വേങ്ങൂർ–കെട്ടകില റോഡ് | 2.414 | 11മീ | 2.414 | – | – |
| 26 | കട്ടയാട്–പഴുപ്പത്തൂർ | 3.219 | 4.5മീ | 3.219 | – | – |
| 27 | കുപ്പാടി–കോളേജ് റോഡ് | 1.609 | 6മീ | 1.609 | – | – |
| 28 | മണിച്ചിറ–മാവാടി റോഡ് | 1 " | 4മീ | 1 | – | – |
| 29 | ബത്തേരി–മുള്ളങ്കുന്ന് റോഡ് | 0.402 | 2.4മീ | – | 0.402 | – |
| 30 | പൂതിക്കാട്–കുപ്പമുടി | 1.609 | 5മീ | – | – | 1.60 |

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|
| 31 | ബീനാച്ചി-അമ്പലക്കുന്ന് റോഡ് | 1.128 | 4മീ | - | - | 1.128 |
| 32 | ഓടപ്പള്ളം- തിരുനെല്ലി | 1.250 | 5മീ | - | - | 1.25 |
| 33 | കോട്ടക്കുന്ന്-മന്തണ്ടിക്കുന്ന് | 2 | 5മീ | 1കി | 1കി | - |
| 34 | കല്ലുവയൽ- കോളനിറോഡ് | 0.400 | 4.5 മീ | 0.400 | - | - |
| 35 | മന്തണ്ടിക്കുന്ന് റോഡ് | 1.100 | 5മീ | - | 0.820 | 0.28 |
| 36 | ചെതലയം- വളാഞ്ചേരികുന്ന്റോഡ് | 2.55 | 5മീ | - | 1- | 1.50 |
| 37 | ടൂറിസ്റ്റ് ബംഗ്ലാവ്-കൈപ്പഞ്ചേരിറോഡ് | 0.850 | 5മി | 0.850 | - | - |
| 38 | മാനിക്കുനി-പൂതിക്കാട് റോഡ് | 0.950 | 4മീ | 0.7500 | .200 | - |
| 39 | അരിവയൽ-പഴുപ്പത്തൂർ | 2.500 | 6മീ | - | - | 1.- |
| 40 | ബത്തേരി-കട്ടയാട്-ബീനാച്ചിറോഡ് | 0.400 | 7മീ | - | - | 0.4 |
| 41 | പൂതിക്കാട്-ചെട്ടിമൂല | 1- | 7മീ | - | - | 1.- |
| 42 | ആർമാട്ട-കുപ്പാടി | 0.760 | 5മീ | - | - | 0.70 |
| 43 | മാനിക്കുനി-ട്രൈബൽകോളനിറോഡ് | 0.400 | 8മീ | 0.400 | - | - |
| 44 | മാനിക്കുനി-കട്ടയാട് | 2- | 3മീ | - | - | 2 |
| 45 | ഷൗക്കത്താലിറോഡ് (KSEB) | 0.300 | 3.6 | 0.300 | - | - |
| 46 | ചെതലയം-ഏഴുചാൽകുന്ന്റോഡ് | 2.508 | 6മീ | - | 1കി | 1.50 |
| 47 | മന്തണ്ടിക്കുന്ന്ഗവഃഹൈസ്കൂൾറോഡ് | 0.700 | 4.500 | - | - | 0.7 |
| 48 | പള്ളിക്കണ്ടി-ലക്ഷംവീട് കോളനി | 0.500 | 6മീ | 0.500 | - | - |
| 49 | കോട്ടക്കുന്ന്-സത്രംകുന്ന് | 1- | 4മീ | 1- | - | - |
| 50 | തേലംപ്പറ്റ-കുറുമക്കോളനി റോഡ് | 0.300 | 4.500 | - | - | 0.3 |
| 51 | തേലംപ്പറ്റ-പണിയക്കോളനി | 0.700 | 4.5 | - | - | 0.7 |
| 52 | കോരൻകോളനി ഫുട്പാത്ത് | 0.250 | 1.2 | - | - | 0.0 |
| 53 | മൈതാനിക്കുന്ന്-അമ്മായിപ്പാലംറോഡ് | 1.200 | 4.15 | - | - | 1.0 |
| 54 | ചുങ്കംകൈപ്പഞ്ചേരി ഗവ: ഹൈസ്കൂൾ റോഡ് | 1- | 4- | - | - | 1 |
| 55 | ഹെൽത്ത് സെന്റർ വേങ്ങൂർട്രൈബൽ കോളനി റോഡ് | 1.290 | 4- | - | - | 1 |

അനുബന്ധം A പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൂരം | വീതി | ടാർ | മെറ്റൽ | മൺറോഡ് |
|---|---|---|---|---|---|---|
| 56 | ചൂരിമല-അരിവയൽ | 1.870 | 4- | - | - | 1.87 |
| 57 | അരിവയൽ-ചപ്പക്കൊല്ലി | 2- | 4- | - | - | 2 |
| 58 | മന്തക്കൊല്ലി-ചപ്പക്കൊല്ലി | 2.100 | 5- | - | - | 2.10 |
| 59 | 6-ാംമൈൽ-പുത്തനൂർ റോഡ് | 0.230 | 1.50 | - | - | 0.23 |
| 60 | ഗാലക്സി ഫുഡ്പാത്ത് | 0.90 | 1.51 | - | - | 0.9 |
| 61 | മണിച്ചിറ ഏഘലജ സ്കൂൾ | 0.235 | 2 | - | - | 0.2 |
| 62 | ചെമ്പകപ്പള്ളി | 1- | 3- | - | - | 1- |
| 63 | മാനിക്കുനി-കോൺവെന്റ് | 0.100 | 3 | 0.100 | - | - |
| 64 | റഹ്മത്ത്നഗർ | 0.500 | 4 | 0.500 | - | - |
| 65 | എക്സ്സർവ്വീസ്മെൻകോളനി | 1- | 4- | - | - | 1 |
| 66 | ദൊട്ടപ്പൻകുളം-ചീനപ്പുല്ല് | 0.500 | 4 | - | - | 0.5 |
| 67 | കട്ടയാട്-പണിയൻകോളനി | 0.800 | 5 | - | - | 0.8 |
| 68 | ഹെലിപ്പാട്ട് താഴെകുറുമക്കോളനി | 0.350 | 2.20 | - | - | 0.3 |
| 69 | കാരാപ്പുഴ പമ്പ്ഹൗസ്-ആർമാട്ട് | 0.500 | 6- | - | - | 0.5 |
| 70 | കുപ്പാടി-ആലംപാളി | 0.450 | 5- | - | - | 0.4 |
| 71 | തേലംപ്പറ്റ പാളാക്കര അങ്കൺവാടി | 0.500 | 5- | - | - | 0.5 |
| 72 | നാല്സെന്റ് കോളനി | 0.600 | 4- | - | - | 0.4 |
| 73 | ടെലിഫോൺ എക്സ്ചേഞ്ച് -മുള്ളൻകൊല്ലി | 0.300 | 3- | - | 0.300 | - |
| 74 | പഴേരി ചാക്കോയുടെ വീടിന് സമീപത്തുകൂടി പോകുന്ന റോഡ് | 0.950 | 5 | - | - | 0.5 |
| 75 | ബീനാച്ചി-പഴുപ്പത്തൂർ കക്കടം കുന്ന് | 5.023 | 5- | 2കി | - | 3 |

### പ്രശ്നങ്ങൾ

റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. ആവശ്യമായ ഓവ് ചാലുകൾ സമായാസമയങ്ങളിൽ നിർമ്മിക്കുന്നതിനും കലുങ്കുകൾ ആവശ്യമുള്ളിടത്ത് ഉണ്ടാക്കുന്നതിനും സാധിക്കാത്തതാണ് ഇതിന്റെ പ്രധാനപ്പെട്ട കാരണമായി കാണുന്നത്. ആവശ്യമായ ഫണ്ടുകളുടെ കുറവും റോഡ് വികസനത്തിന് വിലങ്ങ് തടിയാവുന്നു. ഗ്രാമീണ ജനങ്ങളെ ടൗണുമായി ബന്ധിപ്പിക്കുവാൻ ആവശ്യമായ റോഡുകൾ ഇല്ലാത്തത് അവരുടെ എല്ലാവിധ പുരോഗതികൾക്കും തടസ്സം നില്ക്കുന്നു. നിലവിലുള്ള റോഡുകളുടെ അപര്യാപ്തതയാണ് മറ്റൊരു പ്രശ്നം. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ ഭൂരിഭാഗവും നിലവിലുള്ള ടാർറോഡുകളുടെയും മെറ്റൽ, മൺ റോഡുകളുടേയും ശോചനീയാവസ്ഥ ആസ്പദമാക്കിയിട്ടുള്ളതാണ്. പൊട്ടിപ്പൊളിഞ്ഞതും താറുമാറായിക്കിടക്കുന്നതുമായ റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. ഇരുവശങ്ങളിലും ചാല് നിർമ്മിക്കാത്തതുകൊണ്ടും റോഡുകളിലൂടെ ഒഴുകി റോഡ് നശിച്ചുകൊണ്ടിരിക്കുന്നു. റോഡ് വികസനം പ്രധാനമായ ഒരാവശ്യമാണെങ്കിലും ഇതിന് അത്യാവശ്യമായ സ്ഥലം വിട്ടുതരുന്നതിന് പൊതുജനങ്ങൾ പലപ്പോഴും മടി കാണിക്കുന്നു.

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് റോഡുഗതാഗതം മുഖ്യ പങ്ക് വഹിക്കുന്നു. കൂടാതെ നമ്മുടെ പ്രദേശത്തുള്ള ജനങ്ങൾക്ക് ആവശ്യമായ എല്ലാ വിധത്തിലുള്ള സാധനസാമഗ്രികളും റോഡ് ഗതാഗതം മൂലമാണ് ഇവിടെ എത്തിച്ചേരുന്നത്. തൻമൂലം സാധാരണ ജനങ്ങൾക്ക് ഒരേസമയം രണ്ടുവിധത്തിലുള്ള നഷ്ടം സംഭവിക്കുന്നു.

1. നാണ്യവിളകൾക്ക് ശരിയായ മാർക്കറ്റ് വില കിട്ടുന്നില്ല.

2. നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വില കൊടുക്കേണ്ടതായി വരുന്നു.

വയനാട് ജില്ലയിൽ നിലവിൽ റെയിൽഗതാഗതം ഇല്ലാത്തത് ഇതിന് ഒരു പ്രധാന കാരണമാണ്. അതുകൊണ്ട് റെയിൽ ഗതാഗതം നടപ്പാക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള വിഷയമാണ്.

### റോഡ് വികസനം

ഗ്രാമസഭകളിൽ നിന്ന് കിട്ടിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബത്തേരി ഗ്രാമപഞ്ചായത്തിൽ വരും കാലങ്ങളിൽ ആവശ്യമായ പ്രവർത്തനം നടത്തേണ്ടുന്ന റോഡുകളെ അഞ്ചായി തരംതിരിച്ചിരിക്കുന്നു.

1. ടാർ റോഡുകളുടെ പുനരുദ്ധാരണം.
2. മെറ്റൽ റോഡുകൾ ടാർ ചെയ്യേണ്ടവ.
3. മെറ്റൽ ചെയ്യേണ്ടവ.
4. പുതിയതായി നിർമ്മിക്കേണ്ടവ.
5. നടപ്പാതകൾ.

### 1. ടാർ റോഡുകളുടെ പുനരുദ്ധാരണം

ബത്തേരി പഞ്ചായത്തിൽ ആകെ 65.3 കി.മി ടാർ റോഡുകളാണ് ഉള്ളത്. ഇതിൽ 23 കി.മി ദൂരമുള്ള പഞ്ചായത്ത് വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച റോഡുകളാണ്. ഇവ റീടാർ ചെയ്ത് പുനരുദ്ധരിക്കേണ്ടുന്ന സമയപരിധി കഴിഞ്ഞിരിക്കുന്നു. പ്രധാന ടാർ റോഡുകൾ റീടാർ ചെയ്യേണ്ടുന്നത് താഴെ പറയുന്നവയാണ്.

വാർഡ് 1

മണിച്ചിറ പൂതിക്കാട് 1.500 കി.മി

ചെട്ടിമൂല തെൻമല റോഡ് 1.5 കി.മി

ചെട്ടിമൂല കുപ്പമുടി-പൂതിക്കാട് റോഡ് 1 കി.മി

മണിച്ചിറ മാവാടി റോഡ് 1കിമി

വാർഡ് 3

ബീനാച്ചി പഴുപ്പത്തൂർ റോഡ് 3കി.മി

കട്ടയാട് ജവഹർ കോളനി റോഡ് റീടാർ

വാർഡ് 4

ബത്തേരി കട്ടയാട് റോഡ് 2 കി.മി

ബീനാച്ചി – കട്ടയാട് റോഡ് റീടാർ 2കി.മി

വാർഡ് 5

കേളപ്പജി റോഡ്

വാർഡ് 6

പമ്പ്ഹൗസ്

ബത്തേരി സത്രംകുന്ന് റോഡ്

വാർഡ് 7

വിക്ടറി ഹോസ്പിറ്റൽ അറബിക്കോളേജ് റോഡ്

കൈപ്പഞ്ചേരി കല്ലുവയൽ റോഡ്

വാർഡ് 8

ഗസ്റ്റ് ഹൗസിന്റെ വലത് വശത്തുകൂടി പോകുന്ന റോഡ്.

വാർഡ് 9

തേലംപറ്റ റോഡ്

മൂലങ്കാവ്-വട്ടുവാടി-തൊടുവട്ടിറോഡ്

ബിഷപ്പ് ഹൗസ് റോഡ്

വാർഡ് 10

ഓടപ്പള്ളം ട്രെഞ്ചിങ് ഗ്രൗണ്ട് റോഡ്

മന്തണ്ടികുന്ന് റോഡ്

ശാന്തിനഗർ ഹൗസിംങ് കോളനിറോഡ്

മൂലങ്കാവ് ഓടപ്പള്ളം റോഡ്

വാർഡ് 11

സെന്റ് മേരീസ് കോളേജ് വടക്കനാട് റോഡ്

ആർമാട് റോഡ്

വാർഡ് 12

കുപ്പാടി സ്കൂൾ-ഫോറസ്റ്റ് ബംഗ്ലാവ് റോഡ്

മൂന്നാം മൈൽ വേങ്ങൂർ കുപ്പാടി റോഡ്

**ടാർ ചെയ്യേണ്ടതായമെറ്റൽ റോഡുകൾ**

ബത്തേരി ഗ്രാമപഞ്ചായത്തിലെ 37 റോഡുകൾ ടാർചെയ്യുന്നതിനുള്ള നിർദ്ദേശമാണ് ഗ്രാമസഭയിൽ പൊന്തി വന്നിട്ടുള്ളത്. ഈ റോഡുകൾ എല്ലാം തന്നെ വീതി കൂട്ടി മെറ്റലിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള റോഡുകളാണ്. വിശദവിവരം താഴെ ചേർക്കുന്നു:

1. ചെട്ടിമൂല-പൂതിക്കാട് റോഡ് -2കി.മീ
2. ബീനാച്ചി-പൂതിക്കാട് റോഡ് -2.5കി.മീ.
3. പൂമല -കരടിമൂല റോഡ് -1.5 കി.മീ.
4. പൂതിക്കാട് -വട്ടത്തിമൂല -1.5 കി.മീ
5. ബീനാച്ചി -കുപ്പമുടിറോഡ് -1.5 കി.മീ
6. ദൊട്ടപ്പൻകുളം മണിച്ചിററോഡിലുള്ള പാലവും അപ്രോച്ച് റോഡും - 1.5കി.മീ
7. ബീനാച്ചി -വട്ടത്തിമൂല -1.65കി.മീ
8. എക്സ് സർവ്വീസ് മെൻകോളനി വട്ടത്തിമൂല റോഡ് -1.6കി.മീ
9. മാനിക്കുനി -പൂതിക്കാട് റോഡ് -300മീ

10 ബീനാച്ചി-അമ്പലക്കുന്ന് റോഡ് -750മീ

11. മിൽക്ക് സൊസൈറ്റി കട്ടയാട് -1കി. മമീ
12. ടെലഫോൺ എക്സ്ചേഞ്ച് റോഡ് -500 മീ
13. ടിപ്പു സുൽത്താൻ റോഡ് -500മീ
14. ആറാംവാർഡിലെ കാസിംഹാജി റോഡ് - 500മീ
15. ഫെയർലാൻഡ് കോളനി റോഡ് -750 മീ
16. മൈതാനിക്കുന്ന് മാക്കുറ്റി റോഡ് -500മീ
17. അമ്മായിപ്പാലം മൈതാനിക്കുന്ന് റോഡ് -400മീ
18. യൂണിവേഴ്സൽ കോളേജ് കൈപ്പഞ്ചേരി വയൽ റോഡ് -600മീ
19. ഗസ്റ്റ് ഹൗസിന്റെയും ഡയറ്റിന്റെയും ഇടയിലൂടെ പമ്പ് ഹൗസ് റോഡ് - 500മീ
20. ജനതാറോഡ് ബ്ലോക്ക് ഓഫീസ് -പണിയക്കോളനി, മൂപ്പൻകോളനി റോഡ് -1 കി.മീ

21 പട്ടരുപാടി -സഹകരണ റോഡ് -500മീ

22. ഓടപ്പള്ളം കവല-പാളാക്കര റോഡ് -1.500മീ
23. മന്തണ്ടിക്കുന്ന് ഗിരിജൻകോളനി റോഡ് -500മി
24. തിരുനെല്ലി ഹൗസിംഗ് കോളനി റോഡ് -500മീ
25. കോൺവെന്റ് കുപ്പാടി റോഡ് -1കി.മീ
26. കടമാൻചിറ കുപ്പാടി റോഡ് -500മീ
27. കോട്ടക്കുന്ന് പഞ്ചായത്ത് സ്റ്റാഫ് കോർട്ടേഴ്സ് റോഡ് -300മീ
28. ഫോറസ്റ്റ് ചെക്ക് പോസ്റ്റ് കടമാംചിറ റോഡ് -500മീ
29. ചെമ്പകപ്പിള്ളി-കുമ്പാരകോളനിറോഡ് -500മീ

30 കുപ്പാടി പോസ്റ്റ് ഓഫീസ് വെള്ളപ്പാട്ട് ആദിവാസി കോളനി റോഡ് -1കി മീ

31. കുപ്പാടി പഞ്ചായത്ത് കിണർ-പഞ്ചായത്ത് കുഴൽ കിണർ റോഡ് -0.400
32. വേങ്ങൂർഹെൽത്ത് സെന്റർ റോഡ് -0.300
33. വേങ്ങൂർഅംഗൻവാടി റോഡ് -0.250
34. വേങ്ങൂർ പള്ളി -പഴേരി റോഡ് -1.500മീ
35. 6 മൈൽ വാളാഞ്ചേരി കുന്ന് റോഡ് -2.500മീ
36. ചെതലയം വാളാഞ്ചേരി കുന്ന് ലിങ്ക്റോഡജ് -1കി.മീ
37. ചെതലയം ഏഴിച്ചാൽകുന്ന് റോഡ് 2.കി.മി.
38. ആർവാട്- ഗ്യാരേജ് റോഡ് 1 കി.മീ

**മെറ്റൽ ചെയ്യേണ്ടതായ റോഡുകൾ**

ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ വിവിധ ഭാഗത്ത് 3 മീറ്റർ മുതൽ 8 മീ വരെ വീതിയുള്ള റോഡുകൾ മെറ്റൽ ചെയ്യുന്നതിന് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ആകെ 85 റോഡുകളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

1. ചെട്ടിമൂലയിൽ നിന്ന് യോയാക്കിയുടെ സ്ഥലത്തുകൂടി അമ്മായിപാലത്തേക്ക് പോകുന്ന റോഡ്– 1.5 കി.മീ.
2. പൂതിക്കാട്–കുപ്പമുടി റോഡ് 1.50 കി. മീ
3. പൂതിക്കാട് നായ്ക്കകോളനി റോഡ് 600 മീ.,
4. മണിച്ചിറക്കുന്ന് അംബേദ്ക്കർകോളനി റോഡ് 300.മീ.
5. ചെട്ടിമൂല അയമുട്ടിഹാജിറോഡ്, 300 മീ
6. പൂമല പൂതിക്കാട്റോഡ്, 300 മീ.
7. മാനിവയൽ – റാട്ടക്കുണ്ട് റോഡ്, 500മീ
8. ദൊട്ടപ്പൻകുളം–ഗോവിന്ദൻകുട്ടിനായർ മെമ്മോറിയൽ റോഡ് 1.2 കി.മി
9. എക്സ് സർവ്വീസ്മെൻ കോളനി–പൂതിക്കാട് റോഡ് 1.കി.മി
10. ദൊട്ടപ്പൻകുളംകുഴൽകിണർ– ഖാദർ മുഹമ്മദ് കോളനി റോഡ് 500.മീ
11. പഴുപ്പത്തൂർ കക്കടം കുന്ന് റോഡ് 4.കി.മി
12. മന്ദംകൊല്ലി ചപ്പകൊല്ലിറോഡ് 2. കി.മി.
13. പ്രിയദർശിനി ചെട്ടിമൂല തെക്കിൻകണ്ടിറോഡ് 1.കി.മി.
14. അരിവയൽ–ചെപ്പക്കൊല്ലി റോഡ് 3.കി.മി.
15. ചേലമൂലക്കുന്ന്– പഴുപ്പത്തൂർ ലിങ്ക് റോഡ്, 1.കി.മി.
16. ഫോറസ്റ്റ് ഗേറ്റ് കുമിൾകൊല്ലി റോഡ്. 1.കി.മി.
17. അരിവയൽ–ഭൂതാനംകുന്ന് റോഡ് –500കി. മി
18. മന്ദംകൊല്ലി –ചെട്ടിമൂല റോഡ് –500മീ
19. പഴുപ്പത്തൂർ –സുബ്രമണ്യക്ഷേത്രറോഡ് –300മീ
20. ദൊട്ടപ്പൻകുളം വേലായുധൻനായർ മെമ്മോറിയൽ റോഡ് –300മീ
21. കട്ടയാട് ആദിവാസിക്കോളനി റോഡ്–1കി. മീ
22. ചീനപ്പുല്ല് കട്ടയാട് റോഡ് –1 കി. മീ
23. കട്ടയാട് കാളിയമ്മയുടെ വീടിനോട് അടുത്തു കൂടി യുള്ള റോഡ് – 300മി
24. കട്ടയാട് കൈവട്ടമൂല റോഡ് –2കി. മീ
25. കട്ടയാട് പഴുപ്പത്തൂർ നായ്ക്കകോളനി റോഡ് –500മീ
26. മാനിക്കുനി കട്ടയാട് റോഡ് –(കെ. ജെ. ദേവസ്യ യുടെ വീടിന് അടുത്തുകൂടി) 500മീ
27. മാനിക്കുനി കട്ടയാട് റോഡിന് ചീനപ്പുല്ല് കട്ടയാട് റോഡുമായി ബന്ധപ്പെടുത്തുക
28. അസംപ്ഷൻ ആശുപത്രിക്ക് സമീപമുള്ള റോഡ് –300മീ
29. കല്ലുവയൽ മാവാടിക്കുന്ന് മണിച്ചിറ റോഡ് –2 കി. മീ
30. കല്ലുവയൽ മലവയൽറോഡ് –1കി. മീ
31. കല്ലുവയൽ റോഡിൽ തുടങ്ങി വയൽ വരെ
32. പള്ളിക്കണ്ടി മൂന്ന് സെന്റ് റോഡ്
33. കല്ലുവയൽ കേളപ്പജി റോഡ് – 1കി. മീ
34. ആർ. കേ. ടി.റോഡ് 5–ാം വാർഡ്
35. ബത്തേരി –ചുള്ളിയോട് റോഡ് –മാവാടിക്കുന്ന് (ലക്കി എസ്റ്റേറ്റിന്റെ അരികിൽക്കൂടി)
36. കല്ലുവയൽ റോഡിൽനിന്ന് വാട്ടർ അതോറിറ്റി യുടെ സൈഡിൽക്കൂടി പോകുന്ന റോഡ്
37. മാരിയമ്മൻ കോവിൽ മുൻവശത്തുള്ള റോഡ് (ശ്രീകൃഷ്ണ ഇൻഡസ്ട്രിയൽ)
38. സർവ്വസേവാ മണ്ഡലത്തിന് അടുത്തുകൂടിയുള്ള റോഡ് – 500മീ
39. മണിച്ചിറ മാവാടി റോഡിൽ നിന്നും കുഴൽക്കിണർ എതിർവശത്തുള്ള റോഡ് –100 മീ
40 രാജീവ് ഗാന്ധി ബൈപ്പാസ് റോഡ് –800മീ
41 മൈതാനിക്കുന്ന് –സി. കുന്ന് റോഡ് –400മീ
42. ഫയർലാന്റ് കോളനി താലൂക്ക് ഹോസ്പിറ്റൽ റോഡ് –500മീ
43. കയിപ്പഞ്ചേരി ബസ്റ്റോപ്പ് മാങ്കുറ്റി റോഡ് 1കി.മീ
44. ശ്മശാനം ചുറ്റി റോഡ് – 500 മീ
45. ഗസ്റ്റ് ഹൗസിന് താഴെയുള്ള ഇടത്തേയ്ക്കുള്ള റോഡ് : (ഹസ്സൻകോയ വീടിനു മുൻവശം) 500 മി
46. പട്ടരുപടി – കയിപ്പഞ്ചേരി വയൽ റോഡ് – 500മീ
47. ജനതാ റോഡ് , പട്ടരുപടി റോഡ് (കൃഷ്ണൻകുട്ടി മാസ്റ്റർ)
48. വർഗീസ് മാത്യുവിന്റെ വീടിന് അടുത്തുകൂടി പോകുന്ന റോഡ് – 150 മീ
49. ഗസ്റ്റ് ഹൗസ് റോഡിൽ നിന്നും ജനതാ റോഡിലേ

ക്കുള്ള റോഡ് – 300 മീ

50. തിരുനെല്ലി ട്രാൻസ്ഫോമിന് അടുത്തുകൂടി അംഗൻവാടി പാളാക്കര കോളനി റോഡ്

51. തേലാംപറ്റ റോഡിൽ നിന്നും കുറ്റംപാളി കോളനി വഴി തൊടുവെട്ടി റോഡ് – 1.800 കി.മീ

52. ഇംഗ്ലീഷ് മീഡിയം സ്കൂളിന് കിഴക്കുവശത്തുള്ള റോഡ് – 500 കി.മീ

53. തേലാംപറ്റ മില്ല് പീടിക ഈരാംകൊല്ലി റോഡ് : 1.500 കി.മീ

54. വട്ടുവാടി നായ്ക്ക കോളനി റോഡ് 1. കി.മീ

55. ചാന്ദിയം ജംഗ്ഷൻ പെരുമ്പലൂർകുന്ന് റോഡ് – 1.500 കി.മീ

56. തേലാംപറ്റ പഞ്ചായത്ത് കിണർ റോഡ് –1.500 കി.മീ

57. ഓടപ്പള്ളം കുപ്പാടി റോഡ് – 2 കി.മീ

58. വടച്ചിറ തിരുനെല്ലി കുറുമ കോളനി റോഡ്, മൈസൂർ റോഡ് വരെ – 2.500 കി.മി

59. മന്തട്ടിക്കുന്ന് മേസ്ത്രി റോഡ് – 1 കി.മി

60. ഓടപ്പള്ളം അർച്ചന ക്ലബ് റോഡ് – 1 കി.മി

61. ഓടപ്പള്ളം കരിവള്ളിക്കുന്ന് റോഡ് – 1.200 കി.മി

62. ഓടപ്പളം പുതുവീട് റോഡ് – 1.400 കി.മി

63. ഓടപ്പള്ളം കുരിശുപള്ളി റോഡ് – 1.300 കി.മി

64. കരിവള്ളിക്കുന്ന് പണിയകോളനി റോഡ് – 1. കി.മി

65. മഞ്ഞണ്ടിക്കുന്ന് നെടിലാമറ്റം റോഡ്–500 മീ

66. മ ഞ്ഞണ്ടിക്കുന്ന് പബ് ഹൗസ് റോഡ് : 500 മീ

67. ആർമാട് ഗടഞാഇ ഗ്യാരേജ് റോഡ് – 1 കി.മീ

68. ഒന്നാംമയിൽ ആർമാട് ചെട്ടിക്കുഴി റോഡ് – 500 മീ

69. കിടങ്ങിൽ കുറുമകോളനി റോഡ് 500

70. കാരക്കണ്ടി ആലം പാളി റോഡ് – 500 മി

71. ഹെലിപ്പാഡ്–പന്നികാട് ദേവിറോഡ് – 1 കിമി

72. വേങ്ങൂർ പാഴേരി റോഡ് – 1.500 മീ

73. പഴേരി–മുസ്ലിം പള്ളി –ചെറുമൂല ചെറ റോഡ് – 1 കി.മീ

74. പഴേരി–കുഴൽ കിണർ പുതുച്ചോലറോഡ് (സർക്കുലർ റോഡ്)

75. പഴേരി–ചക്കാലകുറുമകോളനി റോഡ് – 750 മീ

76. പഴേരി പള്ളിപരിസരത്തുനിന്നും പടിഞ്ഞാറോട്ട് പോകുന്ന റോഡ് – 500 മീ

77. പഴേരി വേങ്ങൂർ കോളിമൂല റോഡ് – 1.500 മീ

78. പുതുച്ചോല തെക്കിനാതി റോഡ് – 500 മീ

79. പഴേരി ഹെൽത്ത് സെന്റർ റോഡ് – 500 മീ

80. വേങ്ങൂർ കുഴൽ കിണർ മുസ്ലിം പള്ളിറോഡ് – 700 മീ

81. ചെതലയം എഴുച്ചാൽകുന്ന പടിപ്പുര ചൂരകുനി കിടങ്ങനാട് വില്ലേജ് ഓഫീസ് റോഡ് – 3 കി.മീ

82. പുകലുമാടം ചെതലയം ഹെൽത്ത് സെന്റർ റോഡ് – 1 കി.മീ

83. 6ാം മയിൽ മടയംവയൽ ഏഴുചാൽ കുന്ന് റോഡ് 700മീ

84. വാളാംച്ചേരി കൗണ്ടൻ മൂലിറോഡ് – 1.കി.മീ

85. ചെതലയം അടിവാരം താഴത്തൂർ വയൽ റോഡ് – 1.500 കി.മീ

**പുതിയതായി നിർമ്മിക്കേണ്ടതായ റോഡുകൾ**

ബത്തേരി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നുള്ള ഗ്രാമസഭകളിൽ നിന്ന് പുതിയതായി ഭാഗികമായോ മുഴുവനായോ നിരർമ്മിക്കുന്നതിനുളഅള നിർദ്ദേശമുണ്ടായിട്ടുണ്ട്. അതിൽ മൂന്നുമീറ്റർ മുതൽ 8 മീറ്റർ വരെ വീതിയുള്ള റോഡുകൾ വരെ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചുരുക്കം നടപ്പാതകൾ വീതികൂട്ടി ജനപങ്കാളിത്തത്തോടെ നിർമ്മിച്ചുതരുന്നതിനുള്ള തീരുമാനവും ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്. രോഡുകൾ താഴെ ചേർക്കുന്നു:

1. പൂമല അമ്മായിപ്പാലം റോഡ് – 2 കി.മീ
2. പൂതിക്കാട് കരിയൻ വൈദ്യർ റോഡ് – 1.5 കി.മീ
3. മണിച്ചിറ–പൂതിക്കാട് കോരൻ കോളനി റോഡ് – 500 മീ
4. മാവാടി പവണിയ കോളനി അമ്മായിപ്പാലം പള്ളി റോഡ് – 500മീ
5. മാനിവയൽ കല്ലുവയൽ റോഡ് – 1. കി.മീ
6. വടകരമുക്ക് ബീനാച്ചി റോഡ് – 600 മീ
7. മാവാടിക്കുന്ന് പൂമല സ്കൂൾ റോഡ് – 300 മീ
8. ബീനാച്ചി രോഡ് കുപ്പമൂടി റോഡ് അമ്പലവയൽ പഞ്ചായത്തുമായി ബന്ധിപ്പിക്കുക.
9. ചെട്ടിമൂല കരടിമൂലയിൽ നിന്നു വലതുവശത്തേക്കുള്ള റോഡ്

10. കൊളഗപ്പാറ അരിവയൽ റോഡ് 2.5 കി.മീ
11. കല്ലുംകോരി മന്തംകൊല്ലി റോഡ്
12. പാലേരി കോളി പൂന്താനം റോഡ്
13. അരിവയൽ ഭൂദാനം ചെമ്പൽതാനി കോളനി റോഡ് നിർമ്മിക്കുക
14. പഴുപ്പത്തൂർ പള്ളിമുതൽ കാമുകര റോഡ്
15. കൈവട്ടമൂല കൈമക്കാ കോളനി മണൽ വയൽ റോഡ് – 600 മി
16. ബത്തേരി ക്ലാരമഠം റോഡ് കട്ടയാട റോഡുമായി ബന്ധിപ്പിക്കു.
17. കട്ടയാട് കോട്ടക്കുന്ന് KSRTC ഗ്യാരേജ് റോഡ് (ബൈപ്പാസ്)
18. കട്ടയാട് കൈമക്കോളനി തെക്കുയിൽ കണ്ടക്കുഴി രോഡ്
19. പള്ളിക്കണ്ടി മാവാടി മണിച്ചിറ റോഡ്
20. കല്ലുവയൽ പണിയകോളനി അംഗൻവാടി റോഡ് 300മി
21. കോട്ടക്കുന്ന് പ്രിയദർശനി റോഡ് – സീതംകുന്ന് റോഡ് – സ്റ്റേറ്റ് ബാങ്ക് റോഡുമായി ബന്ധിപ്പിക്കുക.
22. സി.എച്ച്.ബലൻ റോഡ് – പമ്പ് ഹൗസ് റോഡ്
23. ഷൗക്കത്ത് അലിറോഡ് – സിതം കുന്ന് റോഡുമായി ബന്ധിപ്പിക്കുക.
24. കയിപ്പഞ്ചേരി വയൽ മൈതാനിക്കുന്ന് റോഡ്
25. കയിപ്പഞ്ചേരികുന്ന് കയിപ്പഞ്ചേരി വയൽറോഡ്
26. അറബി കോളേജ് ഫെയർലാൻഡ് കോളനി റോഡ്
27. കല്ലുവയൽ കരിമ്പുവയൽ റോഡ്
28. കയിപഞ്ചേരി റോഡിൽ നിന്നും നാലുസെന്റ് കോളനി റോഡ്
29. തെലംപറ്റ തൊട്ടുവട്ടി റോഡ്
30. തേലംപറ്റയിൽ നിന്നും ഇഞ്ചിലം കോളനിറോഡ്
31. വട്ടുവാടി കുറ്റംപാടി പണിയ കോളനി റോഡ്
32. തൊടുവെട്ടി പാലത്തിന്റെ അപ്പറോച്ച് റോഡ്
33. തിരുനെല്ലി ഐ.റ്റി.സി. റോഡ്
34. പാളാക്കര ബ്ലോക്ക് ഓഫീസ് റോഡ്
35. മത്തഘങ്ങിക്കുന്ന് ചേരൂർകുന്ന്
36. ഓടപ്പളം കവല വള്ളുവാടി റോഡ്
37. തിരുനെല്ലി ചെക്ക് പോസ്റ്റ് പാളക്കര അംഗൻവാടി റോഡ്.
38. ഓടപള്ളം പഴേരി ഗ്രൗണ്ട് റോഡ്
39. മന്തണ്ടികുന്ന് കാരക്കണ്ടി റോഡ്
40. കരുവള്ളികുന്ന് പാലത്തിന് താഴെ ഗിരിജൻ കോളനി റോഡ്
41. തിരുനെല്ലി പാലത്തിന് താഴെ ഗിരിജൻ കോളനി റോഡ്
42. മന്തണ്ടിക്കുന്ന് കുപ്പാടി റോഡ്
43. മൈസൂർ റോഡിൽ നിന്നും S.C. കോളനി രോഡ്
44. കാരക്കണ്ടി ആലംപാളി റോഡ്
45 KSRTC കോളേജ് കുപ്പാടി റോഡ്
46. കടമാൻച്ചിറ വേ ബ്രിഡ്ജ് റോഡ്
47. മൃഗാശുപത്രി ഹരിജൻകോളനി ആറുമാട് റോഡ്
48. കോളജ് റോഡ്–ഹരിജൻ കോളനി റോഡ് – ആറുമാട് റോഡ്
49. ആറുമാട് – ഹെലിപ്പാട് റോഡ്
50. കുപ്പാടി മുസ്ലിം പള്ളി ആറുമാട് റോഡ്
51. ആലംപാളി പൂളവയൽ റോഡ്
52. വേങ്ങൂർ പാഴേരി റോഡ്
53. കുപ്പാടി വേങ്ങൂർ പണിയ കോളനി റോഡ്
54. വേങ്ങൂർ മുസ്ലിം പള്ളി പാമ്പറമൂല കോളനി റോഡ്
55. പഴേരി വേങ്ങൂർ കോളിമൂല റോഡ്
56. കുപ്പാടി പുതുച്ചോല പണിയകോളനി റോഡ് (വേങ്ങൂർ)
57. പഴേരി പണിയ കോളനി ഗ്രൗണ്ട്
58. വേങ്ങൂർ അംഗൻവാടി റോഡ്
59. വളാഞ്ചേരി താത്തൂർ പണിയകോളനി റോഡ്
60. 6ാം മയിൽ ചിങ്ങമൂല വളാഞ്ചേരികുന്ന് റോഡ്
61. ഏഴിച്ചാൽ കുന്ന് തച്ചംച്ചിറ വട്ടംച്ചിറ കോളനി റോഡ്
62. 6ാം മയിൽ റോഡ് പുത്തനൂർ ക്ഷേത്രം റോഡ്
63. ചെതലയം നെല്ലിപ്പറ്റ അടിവാരം റോഡ്

**നടപ്പാതകൾ**

വാർഡുകളിലെ വിവിധ ഭാഗങ്ങളിലേക്കു മെയിൻ റോഡിൽ നിന്നും ഉപറോഡിൽ നിന്നും ഇറങ്ങിച്ചെല്ലുന്നതിന് റോഡുകൾ (നടപ്പാതകൾ) ആവശ്യമാണ്. കുന്നും മലയും ചതുപ്പുമായി കിടക്കുന്ന കൊല്ലി

സ്ഥലങ്ങളിലേക്ക് മനുഷ്യർക്ക് നടന്നുപോകുന്നതിന് ആവശ്യമായിട്ടെങ്കിലും നടപ്പാതകൾ കല്ലുപതിച്ച് നൽകേണ്ടത് അത്യാവശ്യമാണ്. 13 ഗ്രാമസഭകളിൽ നിന്നും ഉരുതിരിഞ്ഞുവന്നിട്ടുള്ള അത്തരം നടപ്പാതകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൂമല അമ്പലവയൽ റോഡിൽ നിന്നും മണിച്ചിറ അംബേദ്കർ റോഡിലൂടെ നടപ്പാത - 300 മീ
2. വടകരമുക്ക് പാലം വഴി നടപ്പാത - 200 മീ
3. ചെട്ടിമൂല-കല്ലുവയൽ നടപ്പാത - 200 മീ
4. ചെട്ടിമൂല തേന്മല റോഡിന്റെ ഇടതുവശത്തൂകൂടിയുള്ള നടപ്പാത - 300 മീ
5. മണിച്ചിറ-പൂതിക്കാട് റോഡിന്റെ സൽമ മൻസിലിന്റെ മുമ്പിലൂടെയുള്ള നടപ്പാത - 500 മീ
6. ഇഞ്ചികണ്ടി കോളനി നടപ്പാത നിർമ്മിക്കുക
7. ബീനാച്ചി-മാരുതി സർവ്വീസ് സ്റ്റേഷൻ ബീനാച്ചവയൽവരെ നടപ്പാത
8. ബീനാച്ചി പൂതിക്കാട് ഹംസകോളനി നടപ്പാത 300 മി
9. മണിച്ചിറ റോഡ് - ചാത്തുക്കുട്ടി കോളനി നടപ്പാത
10. പണിയ കോളനി കുഞ്ഞപ്പൻ (കോളനി) നടപ്പാത
11. ദൊട്ടപ്പൻകുളം കോരുകുട്ടി നടപ്പാത -200 മി
12. കൃഷഭവൻ കുമിഴ് കൊല്ലി റോഡ്.
13. ദൊട്ടപ്പൻകുളം റോഡിൽ നിന്നും താഴേക്കുള്ള നടപ്പാത
14. കക്കടം കുന്ന് -പാലേരി നടപ്പാത
15. ബട്ടിമൂലകുന്ന് രണ്ട് ഫുട്ട്പാത
16. ചപ്പക്കൊല്ലി റോഡിൽ നിന്നും രണ്ട് നടപ്പാത
17. കട്ടയാട് വലത്ത് വശത്തേക്ക് പോകുന്ന നടപ്ഗപാത.
18. കട്ടയാട് വലത്തെ വശത്തേക്ക് പോകുന്ന നടപ്പാത
19. കട്ടയാട് കുഴൽ കിണറിനടുത്ത് കൂടെ പോകുന്ന നടപ്പാത.
20. ദൊട്ടപ്പൻകുളം വേലായുധൻ നായരുടെ വീട്ടിൽ പോകുന്ന നടപ്പാത.
21. മുള്ളൻകുന്ന് റോഡ് (അഹമ്മദിന്റ വീട്ടിനടുത്ത് )
22. പള്ളിക്കണ്ടി വയൽ നടപ്പാത (കൽവർട്ടിനടുത്തുള്ള വലതുവശം)
23. കല്ലുവയൽ - മാവാടി റോഡിൽ നിന്നും ഇടത്തോട് നടപ്പാത.
24. പള്ളി കണ്ടിയിലുള്ള എല്ലാ ഇടവഴികളും കല്ല് പതിക്കുക.
25. മൈതാനി കുന്നിൽ നിന്നും പമ്പ് ഹൗസിന് തൊട്ടുള്ള റോഡ്
26. മൈതാനി കുന്നിൽ നിന്നും പമ്പ്ഹൗസിന് തൊട്ടുള്ള റോഡ്
27. മൈതാനിക്കുന്ന് മാങ്കുറ്റി റോഡിൽ നിന്നും കൈപ്പഞ്ചേരി അണക്കെട് ഫാംവരെ
28. റഹ്മത്ത് കോളനിയൽ നിന്നും അംഗൻവാടി
29. ഗ്യാലക്സി സർവ്വീസ് സ്റ്റേഷൻ സമീപത്ത് കൂടിയുള്ള നടപ്പാത
30. വട്ടച്ചിറ -ഓടപ്പള്ളം- കവല-നടപ്പാത
31. കരിവള്ളിക്കുന്ന് MC കുള്ളനും ഇടവഴി
32. മാർത്തോമാ പള്ളിയുടെ അടുത്തുകൂടെ പോകുന്ന ഇടവഴി
33. പുൽപ്പള്ളി റോഡിൽ നിന്നും മുള ഡിപ്പോയുടെ ഭാഗത്ത് കൂടെയുള്ള നടപ്പാത
34. 1ാം മൈൽപ്പള്ളിക്കാം മ൦ാം പഞ്ചായത്ത് കിണർ നടപ്പാത.
35. കുപ്പാടി പപ്പന്റെ വീട്ടിനടുത്തുള്ള നടപ്ലപാത
36. കുപ്പാടി പോസ്റ്റോഫീസിന്റെ റോഡിൽ നിന്നും താഴെ വലത്തോട്ടുള്ള ഇടവഴി നടപവ്പാത 300മീ
37. കുപ്പാടി ഗോവിന്ദന്റെ കടയുടെ അരികിലൂടെ താഴേക്ക് പോകുന്ന രോഡ് നടപ്പാത
38. പുതുച്ചോല-നടവഴി
39. 3ാം മൈൽ മില്ലിന്റെ ഭാഗത്ത് നിന്നും കോളിമൂല ആദിവാസി കോളനി വരെ നടപ്പാത
40. തോട്ടക്കര, മെലെ നായ്ക്കകോളനി, ബൊമ്മൻ അതിർത്തിയിൽ കൂടെ പോകുന്ന നടപ്പാത
41. വെട്ടപ്പാട്ട് - ആദിവാസി കോളനി നടപ്പാത
42. 3ാം മൈൽ ലക്ഷം വീട് കോളനിയുടെ താഴേക്കുള്ള നടപ്പാത
43. ആറാം മൈൽ പടിപ്പുര - നടപ്പാത
44. ചെതലയം 11ാം കിലോമീറ്റർ നെല്ലിപ്പറ്റകുന്ന നടപ്പാത

45. സ്നേഹഭവൻ – ഏഴിച്ചാൽ കുന്ന് നടപ്പാത

46. പടിപ്പുര – ഊരാളി. കോളനി നടപ്പാത

**സാധ്യതകൾ**

ഗതാഗത തടസ്സങ്ങൾ ഒഴിവാകുന്നതിനും യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ടൗണിനോട് അനുബന്ധിച്ച് ഒന്നിലധികം ബൈപ്പാസ് റോഡുകൾ അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ പരിഗണനയിലുള്ള ബൈപ്പാസ് റോഡുകൾ രാജീവ് ഗാന്ധി ബൈപ്പാസ് റോഡും, ടിപ്പു സുൽത്താനൻ ബൈപ്പാസ് റോഡുമാണ്. ഇതിനുപുറമെ ഗ്രാമസഭയുടെ നിർദേശമായി വന്ന കട്ടയാട് റോഡിൽ നിന്നാരംഭിച്ച് സത്രം കുന്നിലൂടെ കടന്ന് പോയി കോട്ടകുന്ന് ട്രാൻസ്പോർട്ട് ഗ്യാരജിന്റെടുത്ത് അവസാനിക്കുന്ന ബൈപ്പാസ് റോഡ്കുടി നിർമ്മിക്കേണ്ടതാണ്. ഇത്രയുമായാൽ ടൗണിലെ ഗതാഗതം കുരുക്ക് ഒരു പരിധിവരെ ക്രമീകരിക്കുവാൻ കഴിയുന്നതാണ്.

ബത്തേരി ടൗണിലെ വാഹന ഗതാഗതം നിയന്ത്രിക്കുന്നതിന് ലോറി, ടാക്സി, ജീപ്പ്, ടാക്സി കാർ മിനിലോറി എന്നിവയ്ക്ക് നിർദിഷ്ട സ്ഥലങ്ങൾ പാർക്കിങ് സ്ഥലങ്ങൾ കണ്ടെത്തേണ്ടതും നിശ്ചയിക്കേണ്ടതുമാണ്

സുൽത്താൻബത്തേരി ടൗണിൽ കുടി കടന്നുപോകുന്ന പ്രധാന പാതയ്ക്ക വശങ്ങളിലായി ചെളി നിറഞ്ഞ താഴ്ന്ന വയൽ പ്രദേശമാണ്, പ്രത്യേകിച്ച് ടൗണിന്റെ ഹൃദയഭാഗത്ത് പ്രസ്തുത സ്ഥലങ്ങളിൽ മണ്ണിട്ട് ഉയർത്തി ക്രമാതീതമായി പുതിയ കെട്ടിടങ്ങൾ വന്നുകൊണ്ടിരിക്കുന്നു. കാലാകാലങ്ങളിൽ ഉണ്ടാകുന്ന കാലവർഷങ്ങളിൽ നിന്നും ഉണ്ടാകുന്ന മലവെള്ളം ടൗണിൽ കെട്ടി നിൽക്കുകയും ഒഴിഞ്ഞുപോകാൻ മതിയായ തോടുകലോ, ചാലുകളോ കോൺക്രീറ്റ് ഓടകളോ ഇല്ലാത്തതുകാരണം ടൗണിൽ വെള്ളം പൊങ്ങുന്നത് വർഷകാലത്ത് നിത്യസംഭവമാണ്. തൻമൂലം കെട്ടിടങ്ങൾക്ക് കേടുപാടുകളും മനുഷ്യനാശവും സംഭവിക്കാൻ സാധ്യതയുണ്ട്. പ്രസ്തുത കാര്യത്തിന് പരിഹാരമായി ടൗണിൽ കെട്ടിനിൽക്കുന്ന മലവെള്ളവും അഴുക്കുവെള്ളവും ഒഴിഞ്ഞുപോകുന്നതിന് ആവശ്യമായ സ്ഥിരം ഡ്രൈനേജ് സമ്പ്രദായത്തിന് അടിയന്തിരമായി രൂപം നൽകണം.

അനുദിനമെന്നോണം വികസിച്ചുവരുന്ന പട്ടണമാണല്ലോ സുൽത്താൻ ബത്തേരി. പട്ടണത്തിലും അതിനോടു ചേർന്നുള്ള ഗ്രാമപ്രദേശങ്ങളിലും കെട്ടിടങ്ങളും ഷോപ്പിംഗ് കോംപ്ലക്സുകളും, ഫ്ളാറ്റുകളും ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള സ്ഥാപനങ്ങളിലേക്ക് വരാൻ പോകുന്ന സ്ഥാപനങ്ങളിലേക്കും ഗതാഗതം അത്യന്താപേക്ഷിതമായതിനാൽ ടൗണിൽ നിന്നും ഏകദേശം രണ്ടുകിലോമീറ്ററോളം ചുറ്റളവിൽ ടൗൺ പ്ലാനിംഗ് സ്കീം നടപ്പിൽ വരേണ്ടതാണ്. അല്ലാത്തപക്ഷം ടൗണിൽ പരിസരങ്ങളിലും അതിവസിക്കാൻ ഉദ്ദേശിക്കുന്ന ജനവിഭാഗങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ പരിഹരിക്കാൻ കഴിയാതെ വരും.

## ജനകീയ പദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായിട്ടുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. ബത്തേരി പഞ്ചായത്തിനെ സംബന്ധിച്ച് കാരണം ഇക്കാര്യത്തിൽ ജനങ്ങൾ വളരെ പിന്നോട്ടാണ്. എല്ലാ പ്രശ്നങ്ങൾക്കും പഞ്ചായത്തിനെ മാത്രം ആശ്രയിക്കുന്ന സ്വഭാവം മാറ്റി ജനകീയ പങ്കാളിത്തത്തോടെ വികസന പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിനുള്ള അർപ്പണബോധം ജനങ്ങൾക്ക് ഉണ്ടാവണം. പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരിഗണിക്കുമ്പോൾ സുലഭമായ ആൾബലമുണ്ടെങ്കിലും ഒട്ടനവധി കാര്യങ്ങൾ നമുക്ക് ഏറ്റെടുത്ത് നടത്താൻ സാധിക്കും. കഴിഞ്ഞ ഒരു വർഷത്തിൽ 1466524 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിച്ചപ്പോൾ പൊതു ജനങ്ങളിൽ നിന്ന് സമാഹരിക്കപ്പെട്ടത് വെറും ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രമാണ്. മനുഷ്യശേഷി തീരെയില്ലാന്നു തന്നെ എന്നു പറയാം. മിക്കവാറും ഗ്രാമസഭകളിൽ നിന്ന് ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണ് എന്ന് അറിയിച്ചിട്ടുള്ളതുതന്നെ ജനകീയ പദ്ധതി പ്രസ്ഥാനത്തിന് ശുഭോതർക്കമായ ഒരു തുടക്കമാണെന്ന് സന്തോഷിക്കാം.

## ഊർജ്ജം

1960ൽ ബത്തേരിയിലെ കെ.സി.അബ്ദുള്ള ഹാജിയാണ ഒന്നാംനമ്പർ വൈദ്യുതി ഉപഭോക്താവ്. എന്നാൽ അതിന് എത്രയോ മുൻപ് തന്നെ കുപ്പംമുടി എസ്റ്റേറ്റിലും പൂമല എസ്റ്റേറ്റിലും ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ഗാർഹിക ആവശ്യത്തിനും കാർഷിക ആവശ്യത്തിനും പരിഹാരം കണ്ടെത്തിയിരുന്നു. എന്ന് മനസ്സിലാകുന്നു. നീണ്ട 46 വർഷം കഴി

ഞ്ഞിട്ടും ബത്തേരി ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും ഒരു വാർഡ് മുഴുവനായി വൈദ്യുതീകരിച്ചിട്ടുണ്ട് എന്ന് അവകാശപ്പെടാൻ പറ്റില്ല. മാത്രവുമല്ല 13ാം വാർഡ് ചേനാട്ക്കര ഗ്രാമം മുഴുവനായി വൈദ്യുതി എത്താത്ത ഒരു പ്രദേശമായി നിലകൊള്ളുന്ന. പുതിയ കണക്കനുസരിച്ചത് 6000 തോളം കണക്ഷനുള്ളതായി കണക്കാക്കപ്പെടുന്നു.

ആകെയുള്ള കണക്ഷന്റെ 77.5 ശതമാനം ഗാർഹിക ആവശ്യത്തിനും 5 ശതമാനം കണക്ഷൻ വ്യവസായങ്ങൾക്കും, 15 ശതമാനം കണക്ഷൻ കച്ചവടക്കാർക്കും , നല്കിയപ്പോൾ വെറും 2.5 ശതമാനം കണക്ഷൻ മാത്രമാണ് കാർഷിക ആവശ്യത്തിനു വേണ്ടി നൽകിയിട്ടുള്ളത്. മുഴുവനായി വൈദ്യുതീകരിച്ച ആദിവാസി കോളനികളില്ല. എന്നാൽ രണ്ട് ഹരിജൻ കോളനികൾ മുഴുവനായി വൈദ്യുതീകരിച്ചിട്ടുണ്ട്. ആദിവാസി ഹരിജനങ്ങൾക്ക് നല്കിയ കണക്ഷനാകെ 195 എണ്ണം മാത്രമാണ് എന്ന് കാണുന്നു.

ബത്തേരിയിൽ ഒരു 66KV സബ്സ്റ്റേഷനും 26 ട്രാൻസ്ഫോർമറുകളുമാണ് ഉള്ളത്. ഈ ട്രാൻസ്ഫോർമറുകളെ കേന്ദ്രീകരിച്ച് 60 KM നീളത്തിൽ വൈദ്യുതി ലൈനുണ്ട്. താഴെ പറയുന്ന സ്ഥലങ്ങളിലാണ ട്രാൻസ്ഫോർമറുകൾ ഉള്ളത്.

1. ബത്തേരി സെന്റ് മേരീസ് കോളേജ്
2. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്
3. ഹൗസിംങ് കോളനി
4. പ്രിയാ ഹോസ്പിറ്റൽ പരിസരം
5. കൈപ്പഞ്ചേരി
6. റിസോർട്ട് പരിസരം
7. മണിച്ചിറ ഹൗസിംഗ്കോളനി
8. പോലീസ് സ്റ്റേഷൻ
9. ടെലഫോൺ എക്സ്ചേഞ്ച്
10. ബംഗ്ലാവ് കുന്ന്
11. കല്ലുവയൽ
12. സിജിമില്ല്
13. ഗസ്റ്റ് ഹൗസ്
14. അമ്മായിപ്പാലം
15. പൂമല
16. ബീനാച്ചി
17. അരിവയൽ
18. കെ.ടി.എസ്
19. തിരുനെല്ലി
20. കട്ടയാട്
21. എടക്കാട് മിൽ പരിസരം
22. അസംപ്ഷൻ ഹോസ്പിറ്റൽ
23. ജൂബിലി കോംപ്ലക്സ്
24. ശക്തി ഇൻഡസ്ട്രീസ്
25. പഴുപ്പത്തൂർ
26. തൊടുവട്ടി

## സ്ട്രീറ്റ് ലൈറ്റ്

ബത്തേരി പഞ്ചായത്തിൽ 240 ബൾബുകളും 60 ട്യൂബുകളും, 3 മെർക്കുറി വേപ്പർ ലാംബ് 75 സോഡിയം വേപ്പർ ലാംപുമാണ് ഉള്ളത്. സോഡിയം വേപ്പർ ലാംപ് സ്ഥാപിക്കുന്ന കാര്യത്തിൽ പഞ്ചായത്ത് ബത്തേരിയിൽ സംവിധാനം ഉണ്ടാക്കിയിട്ടുള്ളതാണ്. ഒരു വർഷത്തിൽ 209412 രൂപ ഇതിനുവേണ്ടി പഞ്ചായത്ത് ഇലക്ട്രിസിറ്റി ബോർഡിൽ അടയ്ക്കുന്നു.

**പ്രശ്നങ്ങൾ**

പഞ്ചായത്തിലെ വൈദ്യുതി പ്രശ്നം ഗ്രാമസഭകളിൽ ചർച്ച ചെയ്തപ്പോൾ മനസ്സിലായത് ടൗണിനോട് അടുത്തുകിടക്കുന്ന ചില വാർഡുകളിലെ ചില ഭാഗങ്ങളിലും സമ്പന്നർ താമസിക്കുന്ന പ്രദേശങ്ങളിലും ഹൗസിംങ് കോളനികളിലും മാത്രമാണ് വൈദ്യുതി എത്തിയിട്ടുള്ളത്. ബത്തേരി KSEB സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം കുറെയധികം പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്നതുകൊണ്ട് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ ഉദ്യോഗസ്ഥന്മാർക്ക് സാധിക്കുന്നില്ല. അല്ലെങ്കിൽ സമയം കിട്ടുന്നില്ല. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ശ്രദ്ധക്കുറവും കൊണ്ട് റോഡരുകിലുള്ള മരച്ചില്ലകളുമായി സ്പർശിച്ചു കൊണ്ടിരിക്കുന്നതുകൊണ്ട് പല സമയങ്ങളിലും വൈദ്യുതി ഷോർട്ടേജ് അനുഭവപ്പെടുന്നു. ബോർഡിന്റെ ഓഫീസ് രജിസ്റ്ററിൽ കാണുന്നതിലും വ്യവസായ സ്ഥാപനങ്ങളിലും സ്റ്റെപപ്പ് ഉപയോഗിക്കുന്നതുകൊണ്ട് സാധാരണക്കാർക്ക് വോൾട്ടേജ് കുറവ് അനുഭവിക്കപ്പെടുന്നു.

ജീവനക്കാരുടെ അനാസ്ഥ ജനപ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി

എന്നിവയാണ് സാധാരണ ജനങ്ങൾക്ക് വൈദ്യുതി രംഗത്ത് അനുഭവിക്കപ്പെടുന്ന മറ്റൊരു പ്രശ്നം. ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറയുന്നതിനെക്കുറിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ടു തന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും താഴെ ചേർക്കുന്നു.

വാർഡ് 2

1. ബീനാച്ചി, പൂതിക്കാട്, കുപ്പമുടി, തെരുവ് വിളക്കകൾ സ്ഥാപിക്കുക

2. ദൊട്ടപ്പൻകുളം, മണിച്ചിറ, തെരുവ് വിളക്കുകൾ സ്ഥാപിക്കുക

3. എക്സ്-സർവീസ് മെൻ കോളനി, വട്ടത്തിമൂല– തെരുവുവിളക്കകൾ സ്ഥാപിക്കുക–ട്രാൻസ്ഫോർമർ വേണം

4. ദൊട്ടപ്പൻകുളം, പൂതിക്കാട് റോഡ്, തെരുവു വിളക്കുകൾ സ്ഥാപിക്കുക

5. മാനിക്കുനി, പൂതിക്കാട് തെരുവ് വിളക്കുകൾ സ്ഥാപിക്കുക

6. ദൊട്ടപ്പൻകുളം, അച്ചുതൻനായർ മെമ്മോറിയൽ റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

7. എക്സ്–സർവ്വീസ് മെൻ കോളനി, പുതിക്കാട് (ചോയിക്കവല) തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

8. ബീനാച്ചി, കൊളഗപ്പാറ, മെയിൻ റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

9. എക്സ്–സർവ്വീസ് മെൻ കോളനി ബസ്സ്റ്റോപ്പിൽ സോഡിയം വെയ്പർ ലൈറ്റ് സ്ഥാപിക്കുക.

10. എക്സ്–സർവ്വീസ് മെൻ കോളനി (അമ്പലവയൽ കവല) ട്രാൻസ്ഫോർമർ സ്ഥാപിച്ച് വൈദ്യുതി ക്ഷാമം പരിഹരിക്കുക.

11. ദൊട്ടപ്പൻ കുളം ആദിവാസി കോളനി വൈദ്യുതീകരിക്കുക.

12. പൂമല, കരടിമൂല, വൈദ്യുതീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

13. ചെട്ടിമൂല, തേന്മല റോഡ് വഴി വൈദ്യുതീകരിക്കുക

14. മണിച്ചിറ– പൂതിക്കാട്– തെരുവു വിളക്കുകൾ സ്ഥാപിക്കുക

15. മാനിവയൽ – രാടുകുണ്ട് –തെരുവുവിളക്കുകൾ സ്ഥാപിക്കുക.

16. ചെട്ടിമൂല ടൗണിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 1

1. ചെട്ടിമൂല –പൂതിക്കാട് തെരുവുവിളക്കുകൾ സ്ഥാപിക്കുക

2. ഡോ.അംബേദ്കർ റോഡ് ”

3. കോരൻ കോളനി ”

4. രാമൻകോളനി വഴി താഴേ ഭാഗത്തേക്ക് വൈദ്യുതീകരിക്കുക.

5. ബീനാച്ചി, കുപ്പമുടി തെരുവു വിളക്കുകൾ സ്ഥാപിക്കുക

6. നായ്ക്ക കോളനി വൈദ്യുതീകരിക്കുക.

7. ബീനാച്ചി, പൂതിക്കാട് റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

8. പുതിക്കാട് , വട്ടത്തിമൂല തെരുവ് വിളക്കുകൾ സ്ഥാപിക്കുക

9. പൂതിക്കാട് – കുപ്പമൂടി ചെട്ടിമൂല ”

10. പൂമല–പൂതിക്കാട് ”

വാർഡ് 3

1. നൃത്തം കൊല്ലി, അരിവയൽ കുന്ന് പ്രദേശത്തുള്ള ജനങ്ങൾക്ക് വൈദ്യുതി എത്തിക്കണം.

2. പുഴപ്പത്തൂർ ചപ്പക്കൊല്ലി, പാലേരി, കക്കടം കുന്ന് പ്രദേശത്ത് വൈദ്യുതി എത്തിക്കണം.

3. അരിവയൽ , നത്തംകൊല്ലി, കുണ്ടോട്ടിക്കവല, പ്രിയദർശനി ജംഗ്ഷൻ കൈവട്ടമൂല, തേക്കിൻകണ്ടി പഴുപ്പത്തൂർ ചെട്ടിമൂല, ചപ്പക്കൊല്ലി, കക്കടംകുന്ന്, എന്നീ പ്രദേശങ്ങളിൽ ആകെ 17 സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുക.

4. പഴുപ്പത്തൂർ പ്രദേശത്ത് വൈദ്യുതി ലഭിക്കാനുള്ള മിനിമം ഗ്യാരണ്ടിയിൽ ഉൾപ്പെടാത്ത എല്ലാവക്കും വൈദ്യുതി എത്തിക്കണം.

5. ചെമ്പൽത്താനി, പാലേരി, പഴുപ്പത്തൂർ ആദിവാസി കോളനികൾ വൈദ്യുതീകരിക്കുക.

6. അംഗൻവാടിയിലേക്കും, ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും പുകയില്ലാത്ത അടുപ്പുകൾ

സ്ഥാപിച്ചുകൊടുക്കണം.

വാർഡ് 4

1. കട്ടയാട്ടുള്ള മുഴുവൻ ആദിവാസി കോളനികളും വൈദ്യുതീകരിക്കുക.

2. LICയുടെ മുൻപിലൂടെ പോകുന്ന കട്ടയാട് മെയ്ൻ റോഡ് വൈദ്യുതി പൂർത്തീകരിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

3. ബീനാച്ചി, അമ്പലക്കുന്, റോഡ് വൈദ്യുതീകരിച്ച് തെരുവു വിളക്കുകൾ സ്ഥാപിക്കുക.

4. മുള്ളൻകുന്ന് റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക

5. കേളപ്പ പ്രസ്സ് റോഡ് വൈദ്യുതീകരിക്കുക

6. 4ാം വാർഡിലെ മുഴുവൻ ആദിവാസി കോളനികളും വൈദ്യുതീകരിക്കുക.

7. ബീനാച്ചി പഴുപ്പത്തൂർ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 5

1. പള്ളിക്കണ്ടിയിൽ ട്രാൻസ്ഫോർമറും, ത്രീഫെയ്സ് ലൈനും സ്ഥാപിക്കുക

2. 5ാം വാർഡിലേ വൈദ്യുതി ക്ഷാമം പരിഹരിക്കുക

3. കല്ലുവയൽ, മാവാടി റോഡിൽ നിന്നും എ.പി.സമദിന്റെ വീട് വരെ 4 പോസ്റ്റ് സ്ഥാപിച്ച് തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

4. പള്ളിക്കണ്ടിയിൽ നിന്നും മാവാടി കുന്നിലേക്ക് വൈദ്യുതി എത്തിക്കുകയം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. 5ാം വാർഡിൽ വൈദ്യുതി എത്താത്ത കോളനിയിലെ വീടുകളിൽ വൈദ്യുതി എത്തിക്കുക.

6. 5ാം വാർഡിലെ നിലവിലുള്ള മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിക്കുക

7. ലക്കി എസ്റ്റേറ്റ് റോഡ് വൈദ്യുതീകരിക്കുക.

8. 500 വാർഡിൽ പള്ളിക്കണ്ടി ചില വീടുകൾക്ക് ഭീഷണിയായി നിൽക്കുന്ന 1112 (V) ലൈനിന്റെ ദ്രവിച്ച പോസ്റ്ററുകൾ അടിയന്തിരമായി മാറ്റി സ്ഥാപിക്കുക.

9.മാനിക്കുനി, വയലിലേയും പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.

വാർഡ് 6

1. കോട്ടക്കുന്ന് പ്രിയദർശിനി റോഡ്, സത്രം കുന്ന് റോഡ്, മുള്ളൻകുന്ന് റോഡ്, എന്നിവയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

2. സുൽത്താൻബത്തേരി മുള്ളൻകൊന്ന് റോഡ് മുതൽ കോട്ടക്കുന്ന് വരെ സോഡിയം വേപ്പർ ലൈറ്റുകൾ സ്ഥാപിക്കുക

3. കോട്ടക്കുന്ന്, പ്രിയദർശനിറോഡ്, ഷൗക്കത്തലി റോഡ്, സത്രം കുന്ന് രോഡ് എന്നീ ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുക.

വാർഡ് 10

1. ഓടപ്പള്ളം സ്കൂൾ മുതൽ ഓടപ്പള്ളം കവല വരെ തെരുവ് വിളക്കുകൾസ്ഥാപിക്കുക.

2. ഓടപ്പള്ളം പണിയ കോളനിയിൽ തെരുവ് വിളക്കുകൾസ്ഥാപിക്കുക

3. വടച്ചിറ പണിയകോളനി വൈദ്യുതീകരിക്കുക.

4. തിരുനെല്ലി മുതൽ ഗിരിജൻകോളനിവരെ വൈദ്യുതീകരിക്കുക.

5. കരിവള്ളിക്കുന്ന് ആദിവാസി റോഡ് വൈദ്യുതീകരിക്കുക.

6. ഗ്യാലക്സി റോഡിൽ തെരുവുവിളക്ക് സ്ഥാപിക്കുക

7. ഓടപ്പള്ളം, അർച്ച റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

8. ഓടപ്പള്ളം, പണിയകോളനി വൈദ്യുതീകരിക്കുക

9. പുതുവീട് നായ്ക്ക കോളനി തെരുവ് വിളക്കുകൾ സ്ഥാപിക്കുക

10. മന്തണ്ടിക്കുന്ന് ശുദ്ധജല വിതരണ പദ്ധതിക്ക് വൈദ്യുതി അനുവദിക്കുന്നു.

11. കരുവള്ളിക്കുന്ന് കേളപ്പജി റോഡ് വൈദ്യുതീകരിക്കുക.

12. തിരുനെല്ലി, മന്തണ്ടിക്കുന്ന് ആദിവാസി റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക

വാർഡ് 8

1. 8ാം വാർഡിൽ വൈദ്യുതി ഇല്ലാത്ത എല്ലാ സ്ഥലങ്ങളിലും വൈദ്യുതി എത്തിക്കുകയും നിലവിലുള്ള വൈദ്യുതി പുനസൃഷ്ടിക്കുകയും ചെയ്യണം.

2. റോഡ് ജംഗ്ഷനുകളിൽ സ്ട്രീറ്റ് ലൈറ്റുകളും ജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥങ്ങളിൽ സോഡിയം വെയ്പ്പർ ലൈറ്റ് സ്ഥാപിക്കുകയും അത് യഥാർത്ഥത്തിനുള്ളിൽ കത്തിക്കുന്നതിന് സംവിധാനം ചെയ്യണം

3. ബ്ലോക്കോഫീസിന്റെ അടുത്തുള്ള പണിയ കോളനി വൈദ്യുതീകരിക്കുകയും ബ്ലോക്കോഫീസു മുതൽ തൊടുവട്ടിവരെ സ്ട്രീറ്റ് ലൈറ്റുകൾ, സ്ഥാപിക്കുക

4. ഹൈസ്കൂളിന് താഴെയുള്ള കോളനികളിലും 4 സെന്റ് കോളനിയും പ്രത്യേകം പരിഗണനയിൽ വൈദ്യുതീകരിക്കുക.

വാർഡ് 9

1. പെരുമ്പമൂർക്കുന്ന് റോഡിൽ തെരുവ് വിളക്കുകൾസ്ഥാപിക്കുക.

2. ഓടപ്പള്ളം റോഡിൽ ഒരു സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കുക.

3. പളക്കര കോളനിയിൽ വൈദ്യുതീകരിക്കുക.

4. കുറ്റംപടി വലിയകോളനി വൈദ്യുതീകരിക്കുക.

5. തിരുനെല്ലിയിൽ ഒരു സോഡിയം വേപ്പർ ലൈറ്റ് സ്ഥാപിക്കുക

6. ഓടപ്പള്ളം, കവല, പട്ടുഡികോളനിവരെ വൈദ്യുതീകരിക്കുക

7. മന്തട്ടിക്കുന്ന്, ചിറ്റൂർകുന്ന് വൈദ്യുതീകരിക്കുക

8. വട്ടുവാടി തൊട്ടുവടി റോഡ് വൈദ്യുതികരിക്കുക

9. തൊടുവെട്ടി, തേലംപറ്റ റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

വാർഡ് 7

1. മൈതാനികുന്ന് മാങ്കുറ്റി റോഡൽ 450 മീറ്റർ ദൂരത്തിൽ വൈദ്യുതി ലൈൻ വലിക്കുക.

2. കൈപ്പഞ്ചേരി പാലത്തിന് സമീപത്തുനിന്നും കൈപ്പഞ്ചേരി പഞ്ചായത്തിന് കിണർവരെ

3. മൈതാനികുന്ന്-കൈപ്പഞ്ചേരി വയൽ റോഡിൽ 300മി ലൈൻ നീട്ടൽ

4. കല്ലുവയൽ കരിമ്പുവയൽ റോഡിൽ 400 മീ വൈദ്യുതി ലൈൻ വലിക്കൽ

5. കൈപ്പഞ്ചേരി കറുമകോളനി, കൈപ്പഞ്ചേരി പണിയകോളനി, എന്നിവിടങ്ങളിലേക്ക് വൈദ്യുതി എത്തിക്കുക.

6. മെക്കാനിക് ഭാഗത്തുള്ള 200 ഓളം ഗുണഭോക്താക്കൾക്ക് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ മൈതാനിക്കുന്നിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

വാർഡ് 11

1. പതിനൊന്നാം വാർഡിന്റെ ഒരു ഭാഗം റിസർവ്വ് ഫോറസ്റ്റ് ആകയാൽ സബ്സ്റ്റേഷൻ മുതൽ കുപ്പാടി പോസ്റ്റ് ഓഫീസ് വരെ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.

2. കോളേജ് റോഡിൽ കാരക്കണ്ടി ജംഗ്ഷൻ, കുപ്പാടി, പാഴേരി ഇറക്കം, നിർമലമാതാ സ്കൂൾ,പരിസരം, പോസ്റ്റ് ഓഫീസ് പരിസരം, കടമാൻചിറ, നീന്തൽക്കുളം എന്നീ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്താപിക്കുക

8. ആദിവാസി കോളനികളായ മൃഗാശുപത്രി കോളനി, കിടങ്ങിൽ കോളനി, ചുങ്കമം കോളനി വെള്ളിമാട് കോളനി, കുപ്പാടി പോസ്റ്റോഫീസ് എന്നീ കോളനികളും വൈദ്യുതീകരിക്കുക.

4. പൂളവയൽ ഭാഗം വൈദ്യുതീകരിക്കുക.

5. കുപ്പാടി, കരിവള്ളിക്കുന്ന് റോഡ്. വൈദ്യുതീകരിക്കുക.

6. കടമാൻചിറ ഭാഗത്ത് വൈദ്യുതി എത്തിക്കുക.

വാർഡ് 12

1. പഴേരിയിൽ നിന്നും വേങ്ങൂർ മുസ്ലിം പരിസരം മൂന്നാം മൈൽ, ലക്ഷംവീട് കോളനി, കോളിമുല കോളനി, പാമ്പ്രപമൂല, തോട്ടക്കര, പീടിക്കുനി, ചക്കാല പുതുചോല എന്നീ സ്ഥലങ്ങളുമായ യോജിപ്പിച്ചുകൊണ്ട് വൈദ്യുതി കണക്ഷൻ നല്കേണ്ടതാണ്.

2. വന്യമൃഗസംരക്ഷണമേഖലയായതുകൊണ്ട് വനാതിർത്തിയിൽ ജനവാസമുള്ള സ്ഥലങ്ങളിൽ വൈദ്യുതി വിളക്കുകൾസ്ഥാപിക്കേണ്ടതാണ്.

3. കുപ്പാടി സ്കൂൾ പരിസരത്ത് നിന്നും പോസ്റ്റോഫീസ് ഭാഗത്ത് കൂടി പുൽപ്പള്ളിയിലുമായി ബന്ധിപ്പിക്കുന്ന റോഡിൽ വൈദ്യുതികണക്ഷൻ നല്കി തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

വാർഡ് 13

ചെതലയം ഗ്രാമത്തിലേക്ക് മിനിമം ഗ്യാരണ്ടിപ്ര

കാരം അനുവദിച്ചുകിട്ടിയ ചേനാട് വൈദ്യുതീകരണ പരിപാടി അരംഭിച്ചിട്ട് 5 വർഷത്തോളമായി പ്രാരംഭ പ്രവർത്തനത്തിന് 60ഓളം പോസ്റ്റുകൾ കുഴിച്ചിട്ടുണ്ട്. ബാക്കിവരുന്ന പോസ്ററുകൾ ഉടൻ എത്തിക്കുക. ആവശ്യമായ മറ്റു മെറ്റീരിയൽസ് ഉടൻ തന്നെ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിക്കുക. വൈദ്യുതി എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വനം വകുപ്പുമായുള്ള പ്രശ്നങ്ങൾ ഉടൻ പരിഹരിക്കേണ്ടതാണ്.

**സാധ്യതകൾ**

വൈദ്യുതി ഓഫീസുകളിലുള്ളതിനേക്കാൾ അധികമാണ് യാഥാർത്ഥ വൈദ്യുതിത ഉപയോഗം സ്റ്റെപ്പുകൾ നിയന്ത്രിക്കുക, പ്രേക്ഷണവിതരണരംഗ്ങളിൽ വന്നിരിക്കുന്ന തകരാറുകൾ നിയന്ത്രിക്കുക, മരച്ചിലകളിലും മറ്റും ലൈനുകൾ തട്ടി ഉണ്ടാക്കുന്ന തടസ്സങ്ങൾ മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക എന്നിവയെല്ലാം ശ്രദ്ധിക്കുവാൻ അത്യാവശ്യസംവിധാം പ്രാദേശികതലത്തിൽ ഉണ്ടാവണം. ഇല്ലാതത്വരും അഴിമതിക്കാരും, അനാസ്ഥ കാണിക്കുന്നവരും ആണെന്ന് അർത്ഥവരുന്ന രീതിയിലുള്ളത് വിലയിരുത്തൽ ഗ്രാമസഭകൾ നടത്തിയിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തജനകീയ പരിശോധനക്ക് വിധേയമാക്കാനുള്ള സംവിധാനവും തദ്ദേശ സ്ഥാപനങ്ങൾക്ക് അതത് മേഖലകളിൽ നിയന്ത്രണലവും ഉണ്ടാവുന്നതിന് ആവസ്യമായ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് ഗുണകരമായിരിക്കും.

പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളും ഒന്നിച്ച് ചേർത്ത് ഒരാഫീസിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നതും വൈദ്യുതി രംഗത്തെ നിയന്ത്രണം പഞ്ചായത്ത് ഭരണസമിതികളും ഏല്പിക്കുന്നതും ഇപ്പോൾ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായിരിക്കും.

ബത്തേരി ജൂബിലി കോംപ്ലക്സ് മുതൽ ചുങ്കം വരെയുള്ള പ്രദേശത്തെ 11കെ.വി. വൈദ്യുതി ലൈനുമായി ബന്ധിപ്പിക്കണം. എങ്കിൽ മാത്രമേ ടൗണിലെ വൈദ്യുതി പ്രശ്നത്തിന് വരുംകാലങ്ങളിൽ ശാശ്വത പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകരത്തിന് വിറകുകളാണ് ഉപയോഗിച്ചിരുന്നതെങ്കിലും പല വീടുകളിലും ഇപ്പോൾ ഗ്യാസ് ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നത് കുറവാണ്. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം ഗ്രാമങ്ങളിൽ പ്രചരിപ്പിക്കണം. അതിനുപുറമെ സോളാർ വിളക്കുകളെ പറ്റിയും ഗ്രാമീണരുടെ ഇടയിൽ പ്രചാരണമുണ്ടാക്കുന്നതിന് ബോധവൽക്കരണ പരിപാടികൽ നടത്തണം. കൂടാതെ വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കാനും വീടുകലിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും ബോർഡിന്റെ സാഹയത്തോടെ ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. വൈദ്യുതിരംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിന് ബപന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിന് ഉള്ള നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

അനർട്ടിന്റെ നേതൃത്വത്തിൽ അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിൽ ഇന്ധന ക്ഷമതയുള്ള പുകയില്ലാത്ത 5000ത്തോളം അടുപ്പുകൾ നിർമ്മിച്ച് ഗ്രാമീണർക്ക് നല്കുവാൻ സാധിക്കും. അനർട്ടിന്റെ സഹായത്താൽ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ പഞ്ചായത്തിന് സാധിക്കും. T.S.P, SEP പദ്ധതിപ്രകാരംവീടുകൾ വൈദ്യുതീകരിക്കുന്നതിന് സോളാർ വൈദ്യുതി പ്ലാന്റ് സ്താപിക്കാൻ അനർട്ടിനെ കൊണ്ട് സാധിക്കും. അംഗൻവാടികളിലും സ്കൂളുകളിലും കമ്മ്യൂണിറ്റി അടുപ്പുകൽക്ക് സാദ്ധ്യതയുണ്ട്.

ഊർജ്ജമേഖലയിൽ പഞ്ചായത്തിന്റെ മൊത്തം വികസനത്തിന് ആവശ്യമായ സഹായസഹകരണങ്ങൾ നൽകാൻ സന്നദ്ധസംഘടനകളുടെയും അനർട്ട് മുതലായ സ്ഥാപനങ്ങളുടെ സഹായത്താൽ സാധിക്കും. ഇതിനായി പഞ്ചായത്തിൽ ഒരു ഊർജ്ജസമിതി പ്രവർത്തനമാരംഭിക്കേണ്ടതാണ്.

## വിപണനം

കാപ്പി, കുരുമുളക്, അടയ്ക്ക് തുടങ്ങിയ നാണ്യവിളകളും ഇഞ്ചി, ചേന വാഴക്കുല തുടങ്ങിയ പച്ചക്കറികളും നെല്ലുകുത്ത് സുൽത്താൻബത്തേരി പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങൾ എന്നാൽ ഇന്യായമായ വിലക്ക് വിപണനം നടത്തുന്നതിന് ആവശ്യമായ വിപണന സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമല്ല. സഹകരണ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കാർഷിക വിപണന സംഘവും പഴം പച്ചക്കറി സംഘവുമാണ് കർഷകർക്ക് ആകെ ലഭ്യമായ വിപണന സൗകര്യങ്ങൾ. തിങ്കളാഴ്ച തോറും പ്രവർത്തിച്ചിരുന്ന ആഴ്ചച്ചന്ത പ്രവർത്തനരഹിതമായിട്ട് വർഷങ്ങളായി. യൂറോപ്യൻ ഇക്കണോമിക്സ് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ അമ്മായിപ്പാലത്ത്



**സുൽത്താൻ ബത്തേരി പഞ്ചായത്ത് മാർക്കറ്റ്**

നിർമ്മാണം പൂർത്തിയായി വരുന്ന നിയന്ത്രിത വിപണി കർഷകർക്ക് ഭാവിയിൽ സുരക്ഷിതമായ ഒരു വിപണനകേന്ദ്രമായി മാറിയേക്കാം.

കാപ്പിയുടെ പിവണനരംഗത്ത് നിന്ന് കോഫിബോർഡ് പൂർണ്ണമായും പിൻമാറിയിരിക്കുകയാണ്. ഈ കാപ്പി യുടെ വിപണിയിൽ അനിശ്ചിതത്വം സൃഷ്ടിക്കുന്നു.

ഒരു കേന്ദ്രീകൃതമായ വിപണന സംസ്ക്കരണ കേന്ദ്രത്തിന്റെ അഭാവത്താൽ ഏറ്റവും ബുദ്ധിമുട്ടുന്നത് ഇവിടത്തെ ഇഞ്ചികർഷകരാണ്. നിശ്ചിതമായ വില ഇല്ലാതിരിക്കുക, നിയതമായ ഗ്രേസിംഗ് സൗകര്യങ്ങൾ ഇല്ലാതിരിക്കുക, ശരിയായ തൂക്കം ഇല്ലാതിരിക്കുക എന്നീ പ്രശ്നങ്ങൾ ചെറുകിട കർഷകർക്ക് ഭീമമായ നഷ്ടം വരുത്തുവയ്ക്കുന്നു. ഇതേ പ്രശ്നങ്ങൾ ഏറെക്കുറെ മറ്റു കാർഷിക ഉൽപ്പാദകരേയും ബാധിക്കുന്നുണ്ട്.

ഐ.ആർ.ഡീ.പി.ലോണുകൾ സ്വയം തൊഴിൽ പദ്ധതി പ്രകാരമുള്ള ലോണുകൾ എന്നിവ ഉപയോഗിച്ച് ധാരാളം ചെറുകിട കരകൗശല വ്യവസായങ്ങൾ ഇവിടെ നടക്കുന്നുണ്ട്. എന്നാൽ ഉപഭോക്താക്കളെ ആകർഷിക്കത്തക്ക വിധത്തിൽ ഒരു വിപണന ശൃംഖല കെട്ടിപ്പടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

പഴംപച്ചക്കറി രംഗത്ത് സഹകരണമേഖലയിൽ ശക്തമായ വിപണന ശൃംഖലയുമുണ്ടാക്കണം. ഇഞ്ചിയുടെ വിപണനത്തിൽ നാഫെഡ് തുടങ്ങിയ സർക്കാർ ഏജൻസികളുടെ ശരിയായസമയത്തുള്ള ഇടപെടൽ ഉണ്ടാവണം. കരകൗശലവസ്തുക്കൾ, റെഡിമെയ്ഡ് തുണിത്തിരങ്ങൾ തുടങ്ങിയചെറുകിട വ്യവസായികോല്പന്നങ്ങൾ വില്ക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും കേന്ദ്രീകൃതമായ സംവിധാനങ്ങൾ ഉണ്ടാകണം. കാപ്പി, കുരുമുളക് തുടങ്ങിയ പ്രധാന കാർഷിക വിളകളുടെ കമ്പോള നിലവാരം അറിയിക്കുവാനും ഗ്രേസിംഗ് നടത്തുന്നതിനും കർഷകരുടെ സംഘടനാ സംവിധാനം വേണ്ടതാണ്.

5.7



# പാർപ്പിടവും-സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിവിധ മേഖലകളിൽ തൊഴിലെടുത്തു വരുന്ന പ്രദേശത്തു നിന്നും ഇവിടെയെത്തിയിട്ടുള്ള താഴ്ന്ന വരുമാനക്കാർ ജീവനക്കാർ, തദ്ദേശവാസികളായ ആദിവാസികൾ, കർഷക തൊഴിലാളികൾ മറ്റു കൂലിവേലക്കാർ എന്നിവർക്ക് താമസ സൗകര്യം ഒരു വലിയ പ്രശ്നം തന്നെയാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, പ്രാദേശിക ഹൗസിംഗ് സൊസൈറ്റികൾ, പഞ്ചായത്തിന്റെ വകയായുള്ള ഭവന നിർമ്മാണബോർഡ്, പ്രാദേശിക ഹൗസിംഗ് സൊസൈറ്റികൾ, പഞ്ചായത്തിന്റെ വകയായുള്ള ഭവന നിർമ്മാണസഹായങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഈ രംഗത്ത് നിലനില്ക്കുന്നുണ്ടെങ്കിലും പാർപ്പിട പ്രശ്നത്തിനു ലക്ഷ്യത്തിനൊത്തുപരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. വലിയൊരു വിഭാഗം ജനങ്ങൾ സ്വന്തമായി ഒരു വീടിനു വകയില്ലാതെ വലിയ വാടകകൊടുത്തു താമസിക്കേണ്ട സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലെ 11225 വീടുകളിൽ 1663 വീടുകൾ കോൺക്രീറ്റും, 4481 ഓടുമേഞ്ഞ ഇടത്തരം വീടുകളും, 2221 ഓലമേഞ്ഞ ചെറിയ വീടുകളും, ബാക്കിയുള്ള 2860 എണ്ണം കുടിലുകളും ഷെഡുകളുമാണ്. ഇതു സംബന്ധിച്ചു ഓരോ വാർഡുകളിലുമുള്ള കണക്കുകൾ വ്യക്തമാക്കുന്ന പട്ടിക ചേർക്കുന്നു. (പട്ടിക 1)

ഭവനനിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന ബോർഡുകളുടേയും ബാങ്കുകളുടേയും സർക്കാരിന്റേയും വായ്പ ലഭിക്കുന്നതിന് സങ്കീർണ്ണമായ നിയമ വ്യവസ്ഥയും ജാമ്യവും അമിതമായ പലിശയും

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽക്കൂരയുടെ സ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 1025 | 135 | 406 | 186 | 186 |
| 2 | 697 | 105 | 278 | 139 | 139 |
| 3 | 1080 | 162 | 432 | 216 | 216 |
| 4 | 1114 | 167 | 445 | 222 | 222 |
| 5 | 1205 | 180 | 482 | 241 | 241 |
| 6 | 1428 | 214 | 571 | 285 | 285 |
| 7 | 874 | 131 | 349 | 174 | 174 |
| 8 | 999 | 149 | 399 | 199 | 199 |
| 9 | 1007 | 151 | 402 | 201 | 201 |
| 10 | 882 | 132 | 352 | 176 | 176 |
| 11 | 914 | 137 | 365 | 182 | 182 |

പട്ടിക 1

ഇന്ന് സാധാരണക്കാരനു ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇതിൽ വായ്പ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതും പലിശനിരക്കിൽ ഗണ്യമായ കുറവു വരുത്തേണ്ടതുമാണ്.

ദുർബ്ബല വിഭാഗങ്ങൾക്ക് വീടുവെക്കാനും ഇടത്തരക്കാർക്ക് വീടു നിർമ്മിക്കാനും പുതുക്കി പണിയാനും വേണ്ട സഹായങ്ങളോ വായ്പകളോ ലഭ്യമാകാകത്തതിനാൽ ഈ വിഭാഗക്കാർ ഇന്ന് അസംതൃപ്തരാണ്. വിവിധ പദ്ധതിപ്രകാരം പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ട വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | IAY | MWS | JRY |
|---|---|---|---|
| 1992-93 | 13 | 21 | 15 |
| 93-94 | 21 | 21 | 9 |
| 94-95 | 13 | 40 | Nil |
| 95-96 | 21 | Nil | 6 |
| ആകെ | 68 | 84 | 30 |

പഞ്ചായത്തിലെ ആവശ്യമായ വീടുകൾക്കനുസരിച്ച് മേൽപ്പറഞ്ഞ സൗകര്യങ്ങളിൽ നിന്നും വീടുകൾ ലഭ്യമായിട്ടില്ല. 1992മുതൽ 1996വരെ വിവിധ പദ്ധതികളിലൂടെ ദുർബ്ബല വിഭാഗങ്ങൾക്കു ലഭ്യമായ വീടുകളുടെ എണ്ണം ആകെ 182 എണ്ണം മാത്രമാണ്.

സംസ്ഥാന ഭവനനിർമ്മാണ ബോർഡുമുഖേന തിരുനെല്ലിയിൽ ഒരു ഹൗസിംഗ് കോളനിയും ബത്തേരി കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി മുഖേന ശാന്തിനഗർ, ഇന്ദിരാനഗർ, റോക്ക് വാലി, എന്നിങ്ങനെ 3 ഹൗസിംഗ് കോളനികൾ ഇടത്തരക്കാർക്കായിട്ടുണ്ട്. ഒമ്പതാം വാർഡിൽ ഉയർന്ന വരുമാനക്കാർക്കായി സ്വകാര്യ ഏജൻസി നടത്തിവരുന്ന കാർത്തിക് കൺസേർട്ടിയം എന്ന കോളനിയും പണി പൂർത്തിയായി വരുന്നുണ്ട്.

ലക്ഷംവീട് പദ്ധതിപ്രകാരം നിലവിൽ 1, 45, 12 വാർഡുകളിലായി 80 വീടുകൾ ഉണ്ട്. ഇവയിൽ പലതിനും അറ്റകുറ്റപ്പണി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി 79 ആദിവാസി കോളനികളിലുള്ള 949 കുടുംബങ്ങളിൽ 110 കുടുംബങ്ങൾക്കും 5 പട്ടികജാതി കോളനികളിലെ 160 കുടുംബങ്ങളിൽ 80 കുടുംബങ്ങൾക്കും മാത്രമാണ് സ്വന്തമായി വീടുള്ളത്.

പാർപ്പിട സൗകര്യമില്ലാത്തതിനാൽ കോട്ടക്കുന്ന് മൃഗാശുപത്രിയുടെ മുന്നിലും, കുപ്പാടി കോളേജു പരിസരത്തും തിരുനെല്ലി പാലത്തിനു സമീപവും, ഓടപ്പള്ളം കവലയിലും ഉള്ള റോഡു പുറമ്പോക്കിലും, തൊട്ടു പുറമ്പോക്കിലുമായി കുറെ കുടുംബങ്ങൾ താമസിച്ചുവരുന്നുണ്ട്. ഇവർക്ക് കൃത്യമായ വീടും , വീട്ടുനമ്പരും ഇല്ലാത്തതിനാൽ സർക്കാരിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ പലതും നിഷേധിക്കപ്പെട്ടുപോകുന്നു.

**സാദ്ധ്യതകളും നിർദ്ദേശങ്ങളും**

1. ഭവന നിർമ്മാണ വായ്പക്കുളള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും, വായ്പ തുക 50000 രൂപയായി വർദ്ധിപ്പിക്കുകയും പലിശനിരക്ക് 10% ആക്കി കുറയ്ക്കുകയും ചെയ്യുക.

2. കെട്ടി നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ സബ്സിഡിയായി സർക്കാരിൽ നിന്നും ലഭിക്കണം.

3. വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കുന്ന ഭവനനിർമ്മാണത്തിന്റെ നിയന്ത്രണവും മേൽനോട്ടവും പഞ്ചായത്തിനു കൈമാറ്റുക.

4. JAY, MWS, JRY എന്നീ പദ്ധതികളിലൂടെ വീടുവെക്കാൻ നല്കുന്ന ധനസഹായം ഇന്നുള്ള 15800 രൂപ എന്നത് 33000 രൂപയായി ഉയർത്തുക.

5. വീട് സ്വന്തമായി ഇല്ലാത്തവരും പുറംപോക്കിൽ താമസിക്കുന്നവരുമായവർക്ക് സ്ഥലവും വീടും അനുവദിച്ചു നല്കുക.

6. മണിമാളികകൾ മാന്യതയുടെ പ്രതീകമാണെന്ന പൊങ്ങച്ചം മാറ്റിയെടുക്കാൻ ബോധവത്ക്കരണം നടത്തുക.

7. IRDP ലിസ്റ്റിൽ അർഹതയില്ലാത്ത പലരും ഉൾപ്പെടുകയും അർഹതയുള്ളവരെ പരിഗണിക്കാതെ പോവുകയും ഉണ്ടായിട്ടുണ്ട്. അതിനാൽ നിലവിലുള്ള IRDP ലിസ്റ്റ് പുതുക്കണം.

8. വിവിധ സ്കീമുകളിലൂടെ വരുന്ന വീടുകളുടെ നിർമ്മാണത്തിൽ നടക്കുന്ന ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനാ പ്രവർത്തകരുടേയും യോഗത്തിൽവെച്ച് കൺവീനർമാരെ നിശ്ചയിക്കണം.

9. ആദിവാസികൾക്ക് നിർമ്മിക്കുന്ന വീടുകൾ കോൺക്രീറ്റു ചെയ്യണം.

10. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് യഥാക്രമം 837ഉം 80ഉം പേർക്ക് പുതിയ വീടുകൾ നിർമ്മിച്ച് നല്കേണ്ടത്. അത്യാവശ്യമാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന IRDPലിസ്റ്റിൽ ഉൾപ്പെട്ടതും, ഉൾപ്പെടാത്തതുമായ മുഴുവൻ ആളുകൾക്കും വീടുകൾ നിർമ്മിച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്.

11. 200ൽ താഴെ കുടുംബങ്ങൾ പിന്നോക്കജാതിയിൽ നിന്നും മത പരിവർത്തനം ചെയ്തവരായി (അവശക്രൈസ്തവർ) ഈ പഞ്ചായത്തിലുണ്ട്. ഇവർ സാമൂഹികമായി ഇന്നും പുറംതള്ളപ്പെട്ടുതന്നെയാണ് നില്ക്കുന്നത്. അതിനാൽ ഇവർക്കുകൂടി പട്ടികജാതിക്കാർക്കുകിട്ടുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ച് നല്കേണ്ടതാണ്.

12. റോഡുപുറം പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്തിലെ 13ാം വാർഡിലെ പുകലമാളതത് എടുത്തിട്ടുള്ള രണ്ട് ഏക്ര സ്ഥലവും 11ാം വാർഡിലെ ആലംബാളിയിൽ എടുത്തിട്ടുള്ള ഒരു ഏക്ര 56 സെന്റ് സ്ഥലവും ഉപയോഗിച്ച് ഭൂമിരഹിതമായ ആൾക്കാരെ ഒരപു പരിധിവരെ പുനരധിവസിപ്പിക്കാൻ സാധിക്കും.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളികളുടെ ക്ഷേമനിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളികളുടെ ക്ഷേമത്തിലുള്ളത്. ഇതിനെ കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകൾ വഴി നടപ്പാക്കുന്ന പദ്ധതികലായും ക്ഷേമനിധിബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികലേയും തരംതിരിക്കാം. പട്ടികജാതിവികസന കോർപ്പറേഷനും, വനിതാ വികസന കോർപ്പറേഷനും നാമമാത്രമായ ചില പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. സാമൂഹ്യക്ഷേമരംഗത്ത് ഫലപ്രദമായ രൂപത്തിൽ ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നത്. IRDPയിലൂടെയാണ് കേന്ദ്ര സംസ്ഥാന സർക്കാറുകൾ തുല്യമായി സബ്സിഡി നല്കിക്കൊണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ മുഖേന ഈ പദ്ധതികൾ നടപ്പിലാക്കുന്നു. 1992–1996വരെ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു

നമ്മുടെ പഞ്ചായത്ത് 1992ലെ IRDP സർവ്വെ പ്രകാരം 3655 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികജാതി 294ഉം, പട്ടികവർഗ്ഗം 613ഉം മറ്റുള്ളവർ 2742ഉം ആകുന്നു. സ്ത്രീകുടുംബനാഥയായി 538 കുടുംബങ്ങളും 38 വികലാംഗരും ഉണ്ട്. ഇതിൽ ചെറികിട കർഷകർ 1242 ഉം പരിമിത കർഷകർ 346ഉം കർഷകത്തൊഴിലാളി 770ഉം കാർഷികേതര തൊഴിലാളികൾ 774 ഉം കരകൗശല വിഭാഗം 206ഉം ആകുന്നു. സാമൂഹ്യമാറ്റത്തിന് ഉതകുന്ന ഒരു പ്രധാന ക്ഷേമപദ്ധതിയാണ്. IRDP വർഷങ്ങളിൽ ടാർജറ്റ് നല്കുന്നു. ആയതിനാൽ നിശ്ചിത കുടുംബങ്ങൾക്ക് മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളൂ. എന്നാൽ കഴിഞ്ഞവർഷങ്ങളിൽ സർക്കാർ അനുവദിച്ച ടാർജറ്റിനേക്കാൾ അധികം കുടുംബങ്ങൾക്ക് ധനസഹായം നല്കിയിട്ടുണ്ടെന്ന് കണക്കിൽ നിന്നും വ്യക്തമാകുന്നു. IRDP വായ്പകളിൽ പകുതിയോളം പട്ടികജാതി–വർഗ്ഗ കുടുംബങ്ങൾക്ക് എന്ന് നിശ്ചയിക്കുന്നതുമൂലം ഇവരെ വായ്പ എടുക്കുന്നതിന് നിർബന്ധിക്കേണ്ടിവരുന്നു. അതുകൊണ്ട് ഈ വിഭാഗത്തിൽ പെടാത്ത ദുർബല വിഭാഗത്തിൽ പെടുന്ന ആളുകൾക്ക് സഹായം ലഭിക്കുന്നതിന് സാധ്യത കുറയുന്നു.

## DWCRA

സ്ത്രീകളുടെയും കുട്ടികളുടേയും പുരോഗതിക്കായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പത്തോ അതിലധി

| വർഷം | SC | ST | General | Tribal | W | P.H | സബ്സിഡി | ലോൺ |
|---|---|---|---|---|---|---|---|---|
| 92–93 | 8 | 12 | 23 | 43 | 21 | – | 105040 | 221000 |
| 93–94 | 10 | 17 | 21 | 48 | 31 | 2 | 162000 | 245000 |
| 94–95 | 12 | 17 | 28 | 57 | 37 | 2 | 265000 | 481000 |
| 9596 | 3 | 17 | 25 | 45 | 21 | 2 | 198000 | 474000 |

കമോ സ്ത്രീകളെ ഉൾപ്പെടുത്തിയാണ് യൂണിറ്റ് ഉണ്ടാക്കുന്നത്. 40 കുടുംബങ്ങൾക്ക് 4 യൂണിറ്റായ 92 93 മുതൽ 9596 വരെ സംബ്സിഡിയോടുകൂടി ലോൺ നല്കി. പ്രധാനമായും പശുവളർത്തൽ യൂണിറ്റാണ്.

**ടൂൾക്കിറ്റ്**

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ നല്കുന്ന ഈ പദ്ധതി 9596 മുതലാണ് വയനാട് ജില്ലയിൽ നടപ്പിലാക്കിയത്.

**ട്രൈസം പ്രോഗ്രാം**

ഗ്രാമപ്രദേശത്തെ 18നും 35നും മദ്ധ്യേ പ്രായ മുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്ന ഈ പദ്ധതിയിൽ സർക്കാർ നിർദ്ദേശി ക്കുന്ന ടാർജറ്റിനേക്കാൾ എത്രയോ ഇരട്ടി ഗുണഭോ ക്താക്കൾ ഉണ്ട്. ഈ പഞ്ചായത്തിൽ അഞ്ച് ആളു കൾക്കേ പരിശീലനം നല്കാൻ കഴിയുന്നുള്ളു. അതും സർക്കാർ നിർദ്ദേശിക്കുന്ന തൊഴിലിനുമാത്രം.

92 മുതൽ 96വരെയുള്ള കാലയളവിൽ ട്രൈസം ട്രെയിനിംഗ് ലഭിച്ചവരുടെ പട്ടിക

| | |
|---|---|
| 92–93 | 8 |
| 93–94 | 11 |
| 94–95 | 2 |
| 95–96 | 6 |

## CRSP

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തികമായി സഹായം നല്കുന്ന ഈ പദ്ധതിയിൽ 2000/ രൂപയാ ണത്ത ഒരു കക്കൂസിന് നല്കുന്നതും.

| വർഷം | എണ്ണം | തുക |
|---|---|---|
| 9394 | 44 | 88000 |
| 9495 | 49 | 98000 |
| 9596 | 38 | 76000 |

**വില്ലേജ് ഓഫീസ് മുഖേനയുള്ള പെൻഷൻ പദ്ധതി**

നിർധനരായ വിധവകൾക്കും, വികലാംഗർക്കും, അഗതികൾക്കും പെൻഷൻ നല്കുന്നു. കൂടാതെ ദരി ദ്രരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിന് സാമ്പത്തിക സഹായം നല്കുന്നു. വാർദ്ധക്യകാല പെൻഷനും 60 വയസ്സു കഴിഞ്ഞ തൊഴിലാളി പെൻഷനും വില്ലേജ് ഓഫീസ് മുഖേന നല്കുന്നു. വാർദ്ധക്യകാല പെൻഷൻ നിലവിൽ 47 പേർക്ക് ബത്തേരി പഞ്ചായ ത്തിൽ ലഭിക്കുന്നുണ്ട്.

## അംഗൻവാടികൾ

നമ്മുടെ പഞ്ചായത്തിൽ 13 വാർഡുകളിലായി 19 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഏതൊരു

(സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളെക്കുറിച്ചുള്ള വിവരങ്ങൾ)

| ക്രമനമ്പർ | വാർഡ് | എണ്ണം | AWNO | കുട്ടികളുടെ എണ്ണം | കെട്ടിട മുള്ളത് | കെട്ടിടമി ല്ലാത്തത് | സ്ഥലമു ള്ളത് | സ്ഥലമി ല്ലാത്തത് | കളിപ്പാട്ട മുള്ളത് | കളിപ്പാട്ടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 2 | 22.24 | 3540 | ഉണ്ട് | – | – | – | ഇല്ല | 2 |
| 2 | 2 | 1 | 28 | 40 | ഉണ്ട് | – | – | – | ” | 1 |
| 3 | 3 | 1 | 27 | 32 | – | – | – | – | ” | 1 |
| 4 | 4 | Nil | - | | – | – | – | – | – | – |
| 5 | 5 | 3 | 23.25(147) | 40.40(20) | 2 | 1 | 3 | – | ” | 3 |
| 6 | 6 | 2 | 146 | 30.45 | 2 | – | – | – | – | 2 |
| 7 | 7 | 3 | 33.10 | 30.30(35) | 1 | 2 | 2 | 1 | – | 1 |
| 8 | 8 | 1 | 30 | 35 | 1 | – | – | – | – | 1 |
| 9 | 9 | 3 | 31.145(163) | 30.30(45) | 1 | 2 | 2 | 1 | ” | ” |
| 10 | 10 | 2 | 32/34 | 3540 | 2 | – | 2 | – | – | 2 |
| 11 | 11 | 1 | 35 | 30 | | 1 | 1 | – | – | 1 |

സമൂഹത്തിന്റെ അഭിവൃദ്ധിയിലേക്കുള്ള ഉയർച്ച കുഞ്ഞുങ്ങളുടെ ശാരീരികവും മാനസ്സികവുമായ വളർച്ചയുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പ്രദേശത്തെ അംഗനവാടികൾ കുഞ്ഞുങ്ങളുടെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നാണ് ICDSന്റെ കണക്ക് എന്നാൽ നമ്മുടെ പഞ്ചായത്തിൽ 35034 (1991ലെ കനേഷുമാരി ) ആണ് ജനസംഖ്യ. അപ്പോൾ 35 അംഗനവാടികൾ ആവശ്യമാണ്. പുരോഗതിയിലേക്ക് കുതിക്കുന്ന ഒരു സമൂഹത്തിന്റെ ലക്ഷ്യം എന്നത് പിഞ്ചുകുഞ്ഞുങ്ങളുടെ പശ്ചാത്യഭാഷ പഠിപ്പിച്ചുകൊണ്ടുള്ള പീഢനത്തിലൂടെയാണ് എന്നു തെറ്റിദ്ധരിക്കുന്നവരുടെ സമൂഹമാണ് നമ്മുടേത്. അതിനെ ചെറുത്തു തോൽപ്പിക്കുവാൻ അംഗനവാടികളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഒരു അംഗനവാടിയിൽ നിന്നും വളരെ അകലെയിരിക്കും പലരുടേയും വീടുകൾ എന്നത് പ്രയാസമുണ്ടാക്കുന്നു. മിക്ക അംഗനവാടികൾക്കും സ്വന്തമായി കെട്ടിടം ഇല്ല. ഉള്ള കെട്ടിടങ്ങളാകട്ടെ ഉപയോഗിക്കാൻ കഴിയാത്തതും അംഗനവാടികൾക്ക് കെട്ടിടം ഉണ്ടാക്കേണ്ട ചുമതലയും കെട്ടിടം റിപ്പയർ ചെയ്യുന്ന ചുമതലയും ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണ്. നാളത്തെ പൗരന്മാരെ വാർത്തെടുക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന അംഗനവാടി ടീച്ചർമാർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത് ആവശ്യമായവേതനം നല്കുകയും അതോടൊപ്പം സൂപ്പർവൈസർ തസ്തികയിലേക്ക് ടിച്ചർമാരിൽ നിന്ന് പ്രമോഷൻ നല്കുകയും വേണം.

**തൊഴിലില്ലായ്മ വേതനം**

നമ്മുടെ പഞ്ചായത്തിൽ 103 പേർക്ക് തൊഴിലില്ലായ്മ വേതനത്തിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

**വിവിധതരം ക്ഷേമനിധികൾ**

കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി: പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽ നിന്നും 55 വയസ്സാകുമ്പോഴേക്കും വിട്ടുനില്ക്കാൻ നിർബന്ധിതരമാകുന്നു. അതിനാൽ പെൻഷൻ പ്രായം 55 വയസ്സായി ചുരുക്കേണ്ടതാണ്.

**ആഭരണ തൊഴിലാളി ക്ഷേമനിധി**

വളരെ ചുരുക്കം തൊഴിലാളികളെ ഈ മേഖലയിൽ പഞ്ചായത്തിലുളളൂ. ഇവരെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**കൈതൊഴിലാളി-വിദഗ്ദ തൊഴിലാളി ക്ഷേമനിധി**

തയ്യൽതൊഴിലാളികൾ ബാർബർമാർ, കൊല്ലന്മാർ, മരക്കയറ്റ തൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, ഫോട്ടോഗ്രാഫർമാർ തുടങ്ങിയവർക്കായി ക്ഷേമനിധിയുണ്ട്. നമ്മുടെപഞ്ചായത്തിലെ ഭൂരിഭാഗം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളാണ്. ഇതിൽ കൂടുതലും തയ്യൽ തൊഴിലാളികളാണ്.

**കർഷക തൊഴിലാളി ക്ഷേമനിധി**

കർഷകതൊഴിലാളി ക്ഷേമനിധിയിൽ നമ്മുടെ പഞ്ചായത്തിലെ പലരും അംഗങ്ങളായിട്ടുണ്ട്. അർഹരായ മുഴുവൻ പേരേയും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

**പ്രശ്നങ്ങൾ**

പദ്ധതികളെപ്പറ്റി ഔദ്യോഗികതലത്തിലുള്ള ബോധവത്ക്കരണ കുറവുകാരണം അർഹതപ്പെട്ടവർക്ക് സമയാസമയങ്ങളിൽ ലഭിക്കാതിരിക്കുന്നത് ഒരു സാങ്കേതിക പ്രശ്നമായി അവശേഷിക്കുന്നു.

വനിത വികസന കോർപ്പറേഷൻ ആസ്താനം തിരുവനന്തപുരത്തായതുകൊണ്ടും ജില്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ ബന്ധപ്പെട്ട ഓഫീസുകൾ ഇല്ലാത്തതുകൊണ്ടും സ്ത്രീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

IRDP അതാതു പ്രദേശങ്ങൾക്ക് അനുസൃതമായ പദ്ധതികൾ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അനുഭവിക്കാത്തതുകൊണ്ട് സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതി മാത്രമേ തെരഞ്ഞെടുക്കാവൂ എന്നത് ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു.

ബാങ്ക് മാനേജർമാരുടെ നിസ്സഹരണവും നിയമത്തിന്റെ കടുംപിടുത്തവും മറ്റൊരു പ്രശ്നമാണ്. കണളജ പദ്ധതി ക്കാർക്ക് നല്കിവരുന്ന സബ്സിഡി വളരെ കുറവാണ്.

**സാധ്യതകളും നിർദേശങ്ങളും**

1. പഞ്ചായത്തിലെ 13 വാർഡുകളിലായി 22

അംഗനവാടികൾ കൂടി പ്രവർത്തിക്കണം.

2. സാധ്യതയുള്ള ആദിവാസി കോളനികളോട് ചേർന്ന് അംഗനവാടികൾ സ്ഥാപിക്കണം

3. സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുകയും ഉള്ള കെട്ടിടങ്ങൾ അറ്റകുറ്റ പണികൾ നടത്തുകയും വേണം.

4. എല്ലാ അംഗനവാടികളിലും കക്കൂസ് നിർമ്മിക്കണം

5.കുഞ്ഞുങ്ങൾക്ക് നല്കുന്ന പോഷകാഹാരത്തിനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം

6. D.W.C.R.A യൂണിറ്റുകൾ അംഗനവാടികളുമായി ലിങ്കുചെയ്തു. യൂണിറ്റിന്റെ നിശ്ചിത ശതമാനം തുക കളിപ്പാട്ടങ്ങൾക്കായി നീക്കിവെക്കണം.

7. തൊഴിലാളി മേഖലകളിൽ പ്രത്യേകിച്ചും സ്ത്രീതൊഴിലാളി മേഖലകളിൽ 3 വയസ്സിന് താഴെയുള്ള കുട്ടികളെ പരിചരിക്കുന്നതിനുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

8. മന്ദബുദ്ധികളായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് മേഴ്സി ഹോം എന്ന സ്ഥാപനം ആരംഭിക്കണം.

9. സമൂഹത്തിലെ നിരാലംബരായ വൃദ്ധജനങ്ങൾക്കുവേണ്ടി വൃദ്ധസദനം ആരംഭിക്കണം

10. നിരാശ്രയരായ വനിതകൾക്കുവേണ്ടി ഒരു അബലമന്ദിരം ആരംഭിക്കണം

11. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കാൻ മഹിളാ സമാജങ്ങൾക്ക് സർക്കാർ ഏജൻസികളിൽ നിന്നും ധനസഹായം ലഭ്യമാക്കി കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ആരംഭിക്കണം.

12. അനാഥകുട്ടികലെ സംരക്ഷിക്കുന്നതിന് പഞ്ചായത്തിൽ ഒരു ബാലസമൂഹം ആരംഭിക്കണം

13. വിധവകളായ അമ്മമാരുടെ പെൺകുട്ടികൾക്ക് വിവാഹസഹായം നല്കുന്നതുപോലെ ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നല്കണം.

14. വനിതകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും സ്വാശ്രയ സംഘങ്ങൾ രൂപവത്ക്കരിക്കണം.

15. IRDP വായ്പക്ക് പട്ടികജാതി , പട്ടികവർഗ്ഗക്കാക്ക് നല്കുന്ന സബ്സിഡി തുക വർദ്ധിപ്പിക്കണം.

16. സഹകരണ ബാങ്കുകളിൽ കൂടി IRDP വായ്പ നല്കാൻ സൗകര്യം ഉണ്ടാക്കണം.

17. IRDP സർവ്വെയിൽ ഉൾപ്പെടുത്താത്ത അർഹരായ മുഴുവൻ കുടുംബങ്ങളേയും ലിസ്റ്റിൽ ഉൾപ്പെടുത്തണം.

18. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നല്കുമ്പോൾ കൂടുതൽ സാധ്യതയുള്ള തൊഴിൽ മേഖല ഏതെന്നുകണ്ടെത്തി അതിനു പരിശീലനം നല്കാൻ സംവിധാനമുണ്ടാക്കണം.

19. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

20. വികലാംകപെൻഷന് ആവശ്യമായ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കണം.



5.8



# സംസ്ക്കാരം

ചരിത്രകാലഘട്ടത്തിൽ ഈ പ്രദേശം തികച്ചും ഇവിടുത്തെ ആദിവാസികളായ ചെട്ടിമാർ, പണിയർ, കുറുമർ, ഊരാളി നായ്ക്കർ എന്നീ വിഭാഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നു. ആദിവാസികളിൽ പല വിഭാഗീയ ജാതികളുണ്ടെങ്കിലും അവരുടെ പ്രധാന തൊഴിൽ കൃഷി ആണ്. ഇവരിൽ ചെട്ടിമാരായിരുന്നു കഴിഞ്ഞ കാലങ്ങളിൽ അറിവിന്റേയും സാമ്പത്തിക കാര്യശേഷിയുടേയും കാര്യത്തിൽ മുൻപന്തിയിലാണെന്ന് അവരുടെ ജീവിതരീതികൾ പറഞ്ഞുകേൾക്കുന്നതിൽ നിന്നും മനസ്സിലാകുന്നു. എല്ലാവരും ചേർന്ന കൃഷി ചെയ്ത് വിളവ് അനുഭവിച്ച് വന്നിരുന്നു. എന്നാൽ ഓരോ വിഭാഗത്തിനും അവരവരുടേതായ കൈത്തൊഴിലുകൾ കൂടി ഉണ്ടായിരുന്നതായി കരുതേണ്ടിയിരിക്കുന്നു. ഊരാളി വിഭാഗത്തിൽ പെട്ടവർ ഇരുമ്പുകൊണ്ടുള്ള പണിയായുധങ്ങൾ നിർമ്മിച്ചിരുന്നു. പണിയരും നായ്ക്കരും കുട്ട, കൊമ്മ, മീൻകുട്ട്, മീൻകുട്ട എന്നിവ നിർമ്മിച്ചിരുന്നു. ഇതിൽ നിന്നും ഈ വിഭാഗം മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നതായി കണക്കാക്കാൻ കഴിയും കുറുമർ, കൃഷി, നായാട്ട് എന്നിവയിൽ വ്യാപൃതരായിരുന്നു. അമ്പും വില്ലും ഉപയോഗിച്ചാണ് ഇവർ നായാട്ട് നടത്തിയിരുന്നത്. ഇതോടൊപ്പം തന്നെ. എല്ലാ വിഭാഗം ആദിവാസികളും ചേർന്ന് നരിനായാട്ടും നടത്തിയിരുന്നു.

ചെട്ടിമാർക്ക് പരമ്പരാഗതമായി 5 സ്ഥാനങ്ങൾ നല്കിയിരുന്നു. ചീരാൽചെട്ടി, കൊളപ്പള്ളി ചെട്ടി, തോമാട്ടുചെട്ടി, പെരുവക്കോട്ചെട്ടി, ചേലെ ചെട്ടി (ചെതലയത്ത് ചെട്ടി) എന്നീ അഞ്ചു സ്ഥാനങ്ങളിൽ ചീരാചെട്ടിയാണ് ഏറ്റവും പ്രധാനി എന്നുപറയുന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് ചെട്ടിമാർക്ക് നേരിട്ട് പട്ടയം കൊടുത്തതായി പറഞ്ഞു കേൾക്കുന്നുണ്ട്. അങ്ങനെ പട്ടയം ഉള്ളവർക്കേ വോട്ടവകാശമുണ്ടായിരുന്നുള്ളൂ എന്നും വോട്ടവകാശം ഉള്ളവർക്ക് മുഖ്യസ്ഥാനം നല്കി ഭരണപരമായ കാര്യങ്ങൾക്ക് ഉപയോഗിച്ചിരുന്നുവെന്നു പറഞ്ഞുകേൾക്കുന്നു,. പ്രദേശമുഖ്യസ്ഥാനം ഉള്ളവർ കാരണവർ കൂടി ആയിരുന്നു. ഇവരെ പോലീസ് മുഖ്യസ്ഥൻ എന്നീ നിലകളിൽ പ്രവർത്തിപ്പിച്ചിരുന്നു.

## ജാതി-മത ഘടന

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കേരളത്തിന്റെ മറ്റ് പ്രദേശങ്ങളിൽ നിന്നുണ്ടായ വ്യാപകമായ കുടിയേറ്റത്തോടെ ഈ പ്രദേശത്തിന്റെ ജാതി-മത ഘടനയിൽ സമൂലമായ പരിവർത്തനം വന്നതായി കാണാം. ആദിവാസികൾ പഴശ്ശിരാജാവിന്റെ കാലത്ത് കുടിയിരുത്തപ്പെട്ട വയനാടൻ നായന്മാർ എന്നിവർക്ക് പുറമെ മലബാറിന്റെ മറ്റ് പ്രദേശങ്ങൾ കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിൽ നിന്നും വന്ന കൃസ്ത്യാനികൾ, മുസ്ലിംകൾ, ഈഴവർ, നായന്മാർ, ഹരിജനങ്ങൾ എന്നിവരും ജനസംഖ്യയുടെ അവിഭാജ്യഘടകമായിത്തീർന്നു. ആദിവാസികളുടെ അനുപാദത്തിൽ ഉണ്ടായിട്ടുള്ള കുറവാണ് ആഗമവാസികളുടെ എണ്ണപ്പെരുപ്പത്തിനു പുറമേ ആദിവാസികളുടെ ഇടയ്ക്കുള്ള പാരമ്പര്യ രോഗങ്ങൾ, മോശമായ ജീവിതസാഹചര്യങ്ങൾ എന്നിവ നിമിത്തം ഇവർക്കിടയിൽ മരണനിരക്ക് ഉയർന്നിരിക്കുന്നതും ഇതിന് കാരണമാണ്.

### ആരാധനാലയങ്ങൾ

ഈ പ്രദേശത്ത് തികഞ്ഞ സഹിഷ്ണുതയോട്ടം സമാധാനത്തോടും കൂടിയാണ് വിവിധ മതവിഭാഗങ്ങൾ

താന്താങ്ങളുടെ ആരാധനകൾ തുടരുന്നത്. നമ്മുടെ പഞ്ചായത്തിൽ 26 കേന്ദ്രങ്ങളും 15 ക്രിസ്ത്യൻ പള്ളികളും 15 മുസ്ലിം പള്ളികളുമുണ്ട്.

ഏകദേശം 2000 വർഷത്തിലേറെ പഴക്കം ചെന്ന ജൈനക്ഷേത്രം സുൽത്താൻബത്തേരിയിൽ ഉണ്ട്. പുരാവസ്തു വകുപ്പിന്റെ കൈവശത്തിൽ ഉള്ള ഈ കേന്ദ്രത്തിൽ ക്ഷേത്രാചാരങ്ങൾ അല്ലാതെ ഉത്സവാഘോഷങ്ങൾ നടക്കാറില്ല. ഉത്സവാഘോഷങ്ങളിൽ എടുത്ത് പറയാവുന്നത് സുൽത്താൻ ബത്തേരി മാരിയമ്മൻ കോവിലിലെ ഉത്സവമാണ്. ഇത് ബത്തേരിയുടെ ദേശീയോത്സവമായി കണക്കാക്കപ്പെടുന്നു. ഇതുപോലെ ബത്തേരി മഹാഗണപതി ക്ഷേത്രം, കുപ്പാടി ദേവീക്ഷേത്രം, കരിവള്ളിക്കുന്ന് ക്ഷേത്രം എന്നിവിടങ്ങളിൽ വളരെ ആഘോഷപൂർവ്വം ഉത്സവങ്ങൾ നടന്നുവരുന്നുണ്ട്. പഴുപ്പത്തൂർ ക്ഷേത്രത്തിൽ തെയ്യവും ഉണ്ടാകാറുണ്ട്.

**പെരുന്നാളുകൾ**

പഞ്ചായത്തിൽ 13 വാർഡുകളിലായി 15ഓളം മുസ്ലിം ആരാധനാലയങ്ങളുണ്ട്. ഇവിടങ്ങളിൽ മതാനുഷ്ഠാനങ്ങളും പ്രഭാഷണങ്ങളും നടന്നവരുന്നുമുണ്ട്. നബിദിനം പോലുള്ള പ്രധാന വിശേഷ ദിനങ്ങളിൽ ഘോഷയാത്രകളും നടക്കുന്നു. ഈ ആരാധനാലയങ്ങളോട് ചേർന്ന് മദ്രസ്സകളും പ്രവർത്തിച്ചുവരുന്നു.

ഒട്ടുമിക്ക ക്രിസ്ത്യൻ പള്ളികളിലും പെരുനാളുകൾ നടക്കുന്നുണ്ടെങ്കിലും ജനശ്രദ്ധ പിടിച്ചു പറ്റുന്ന തരത്തിൽ ബത്തേരി അസംപ്ഷൻ പള്ളി, ബത്തേരി സെന്റ് മേരീസ് പള്ളി, പൂമല പള്ളി, അൽവർണ്ണാശ്രമം, എന്നിവിടങ്ങളിൽ പെരുന്നാൾ ആഘോഷം നടക്കുന്നു. ഇവിടെയൊക്കെതന്നെ വിവിധ ജാതിമതസ്ഥർ ആഘോഷപരിപാടികളിൽ പങ്കെടുത്തു വരുന്നതായിട്ടാണ് അനുഭവം.

ഓണാഘോഷം സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, ശ്രീനാരായണ ജയന്തി, ഗാന്ധിജയന്തി എന്നിവയാണ് പ്രദേശത്തെ മറ്റ് ആഘോഷങ്ങൾ. ഓണാഘോഷത്തോടനുബന്ധിച്ച് പ്രാദേശിക കലാസംഘടനകൾ കലാപരിപാടികളും സദ്യയും നടത്താറുണ്ട്. കുപ്പാടി യുവരശ്മി ആർട്ട്സ് & സ്പോർട്സ് ക്ലബ് ഈ മേഖലയിൽ നല്ല പ്രവർത്തനം നടത്തുന്നുണ്ട്.

**ആചാരങ്ങളും അനുഷ്ഠാനങ്ങളും**

മനുഷ്യൻ അവന്റെ സാമൂഹ്യബന്ധങ്ങളെ ഘടിപ്പിച്ചുനിർത്തുന്നത് സംസ്കാരത്തിന്റേയും ധാർമ്മിക വിശ്വാസങ്ങളുടേയും മൂല്യബോധത്തിന്റേയും പ്രേരക ശക്തിയിലൂടെയാണ് മറ്റെല്ലാമെന്നപോലെ സംസ്ക്കാരത്തിന്റെ അഭിവാജ്യഘടകമായിട്ടാണ് ആചാരങ്ങളും അനുഷ്ടാനങ്ങളും നിലനില്ക്കുന്നത്. കേരളത്തിന്റെ വവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിപ്പാർത്തിട്ടുള്ളരുടെ ആചാരാനുഷ്ടാനങ്ങൾ മറ്റു സ്ഥലങ്ങളിലേതുമായി ഏകദേശം ഒരുപോലെയാണ്. എന്നാൽ അവയിൽ നിന്നും വ്യത്യസ്ഥമായ ആചാരാനുഷ്ഠാനങ്ങളാണ് വയനാട്ടിലെ ആദിവാസികളുടേത്. വളരെ വിഭിന്നമായ ഈ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലവിലുള്ള സംസ്ക്കാരത്തിന്റെ പൈതൃകമവകാശപ്പെടുന്നവയാണ്.

മുതലാളിത്ത സാമൂഹ്യവ്യവസ്ഥ പുത്തൻ സംസ്ക്കാരങ്ങൾ പലതും അടിച്ചേൽപ്പിച്ചിട്ടുണ്ടെങ്കിലും ചില ആചാരാനുഷ്ഠാനങ്ങളും ഇന്നും ആദിവാസികളുടെ ഇടയിൽ സജീവമായി നിലനില്ക്കുന്നുണ്ട്. കല്യാണത്തിന്റെ ചടങ്ങുകളുടെ കാര്യത്തിൽ മിക്കവാറും എല്ലാ വിഭാഗങ്ങളും ഒരുപോലെയാണ് പെരുമാറുന്നത്. ഭക്ഷണശേഷം, മുറുക്കാൻ വിതരണം വട്ടക്കളി ഇവയൊക്കെ ഒരേ തരത്തിലാണ് ചില വിഭാഗങ്ങളിൽ കാണുന്നത്. എന്നാൽ ചെറുക്കന്റെ അളിയൻ പെണ്ണിന്റെ അമ്മാവൻ അഞ്ചരരൂപാ കാണം കൊടുക്കുന്ന രീതി കുറുമ സമുദായത്തിലുണ്ട്. ഇത് ഇന്നത്തെ സ്ത്രീധന സമ്പ്രദായത്തിന്റെ എതിരായ നടപടിയാണ്. വിവാഹത്തിന്റെ അന്ന് ചെറുക്കനും പെണ്ണും ഒന്നിച്ചുറങ്ങി പുലർച്ചയിൽ ചെറുക്കൻ എഴുന്നേറ്റുപോകുന്നതും പെണ്ണിന്റെ സഹോദരന്മാരും ബന്ധുക്കളും തേടിപ്പോയി പിടിച്ചുകൊണ്ടുവരുന്നതും കുറുമസമുദായത്തിൽമാത്രം കാണുന്ന പ്രത്യേകതയാണ്. വില്ല്യപ്പക്കുലം, കാദിയാക്കുലം വടക്കക്കുലം, വേങ്കടക്കുലം, എന്നിങ്ങനെയുള്ള കുലങ്ങൾ ഈ സമുദായത്തിൽ നിലനില്ക്കുന്നുണ്ട്. ഒരേ കുലത്തിലുള്ളവർ പരസ്പരം വിവാഹബന്ധത്തിൽ ഏർപ്പെടാറില്ല.

**തെരണ്ടുകല്ല്യാണം**

പെൺകുട്ടികൾ ഋതുമതികളാകുമ്പോൾ ഒരു പ്രത്യേക

കുടിൽകെട്ടി താമസിപ്പിക്കുന്നു ഇവരെ ഈ കാലത്തു പുരുഷന്മാരെ കാണാതിരിക്കാനും ദിവസവും രാവിലേയും വൈകുന്നേരവും കുളിക്കുകയും ചെയ്യുന്ന ഒരു ആചാരമുണ്ട്. ഇത് 7 മുതൽ 15 ദിവസം വരെയുണ്ട്. പിന്നീട് വീട് ശുദ്ധിവരുത്തുന്നതിന് കുറുമർ പെരുവണ്ണാന്മാരിൽ നിന്നും വെള്ളവും വെണ്ണീറും കൊണ്ടുവരുന്നു. ഇതു സംബന്ധിച്ചുള്ള ചടങ്ങുകൾ പലതും ഒരുപോലെയാണ്.

**കാക്കപ്പുല**

പണിയരുടെ മൺമറഞ്ഞവരുടെ ഓർമ്മക്കായി നടത്തിവരുന്ന ഒരു ചടങ്ങാണ് കാക്കപ്പുല. പൂജ, നൃത്തം വെളിച്ചപ്പെടൽ എന്നിവ ഈ ചടങ്ങിന്റെ ഭാഗമാണ്.

**ദൈവത്തെ കാണൽ-ഗുളികനു കൊടുക്കൽ**

കുറുവന്മാരുടെ ദൈവത്തെ കാണൽ, പണിയരുടെ ഗുളികനുകൊടുക്കൽ എന്ന അനുഷ്ടാനം ഏകദേശം ഒരു പോലെയാണ്. അതുപോലെതന്നെ മറ്റുള്ളവർ ദൈവപ്പുരയിലും കുടുംബക്ഷേത്രത്തിലുമായി ആചാരങ്ങളും ഉത്സവങ്ങളും നടത്തിവരുന്നു.

## കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

**സാംസ്ക്കാരിക നിയമങ്ങൾ**

സമൂഹത്തിലെ അനാചാരങ്ങളേയും, അന്ധവിശ്വാസങ്ങളേയും, ധൂർത്തിനേയും ചൂഷണത്തേയും ബഹുഭൂരിപക്ഷം മതവിശ്വാസികളുടെ വികാരങ്ങളെ വ്യണപ്പെടുത്താതെ തികഞ്ഞ ശാസ്ത്രബോധവും യുക്തിചിന്തയും ദാർശനികമായ മതവിമർശനങ്ങളിലും ഭൗതികവാദികളായവരുടെ വിശ്വാസ പ്രമാണങ്ങളിലും ഉറച്ചുനിന്നുകൊണ്ട് വിമർശിക്കാനും എതിർക്കാനും സാംസ്ക്കാരിക നിലയങ്ങൾ പോലുള്ള ഒരു വേദി നമ്മുടെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ഇവിടെ കക്ഷി-മത-പ്രത്യയശാസ്ത്രഭേദമന്യേ ഏവർക്കും ഒത്തുചേരുന്നതിന് സാംസ്കകാരിക പ്രവർത്തനം നടത്തുന്നതിനും കഴിയേണ്ടതാണ്. ഈ ഒത്തുചേരലിന്റെ വേദികളും രൂപപ്പെടുത്തുന്ന ചർച്ചകളും ഒരിക്കലും തീവ്രമായ പക്ഷപാതങ്ങളോ പരമമായ അസനിഷ്ണതയോ മൂലം വിഘടിതമായിക്കൂടാ. ഈ വേദികളിലെല്ലാം കലയുടെ മേന്മയും, യുക്തിയുടെ ശക്തിയുമായിരിക്കണം നിലപാടുകളുടെ ന്യായീകരണം. വിശാലമായ ഒരത്തിക്കകത്തു വിവാദങ്ങൾക്കും പരീക്ഷണങ്ങൾക്കും, നവീകരണങ്ങൾക്കും അംഗീകാരം നൽകുന്നതിനുള്ള സംയുക്ത വേദിയായി സാംസ്ക്കാരിക നിലയങ്ങളെ കാണണം.

**പ്രശ്നങ്ങൾ**

എന്നാൽ ഇന്നു നമുക്കുള്ള സാംസ്ക്കാരിക നിലയങ്ങൾ അടക്കം സ്ഥാപനങ്ങൾ അവഗണനയുടെമാറാലപിടിച്ചു കിടക്കുന്ന സ്ഥിതിയാണുള്ളത്. സാംസ്ക്കാരം, കലാസാഹിത്യാദികളെല്ലാം ഗൗരവമേറിയ മറ്റെല്ലാ പണികൾക്കും ശേഷം ശ്രദ്ധിക്കേണ്ട ഒരു വിശ്രമവിനോദയന്ത്രമാണെന്ന പരിഗണനയേ നമുക്കുള്ളു. എന്നാൽ വിനോദത്തിനോടൊപ്പം വികസനത്തേയും വിദ്യാഭ്യാസത്തേയും സമ്പന്നമാക്കുന്ന ഒരു നിക്ഷേപഘടകമാണെന്ന പരിഗണനയോടെ നമ്മുടെ ആസൂത്രണ പ്രക്യയയിലും ഗ്രാമസഭകളിലും മറ്റു വികസനവേദികളിലും സംസ്ക്കാരത്തിനും, സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും അർഹമായ സ്ഥാനം നൽകേണ്ടത് വികസനലക്ഷ്യത്തിനുള്ള ഒരു അവിഭാജ്യ പ്രവർത്തനമായിരിക്കും. ആ നിലയിൽ നിലവിലുള്ള നമ്മുടെ സാംസ്ക്കാരിക നിലയങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും പരിമിതികളും ഇല്ലായ്മകളും പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിന് ഇന്ന് ആകെ ഒരു സാംസ്ക്കാരിക നിലയമാണുള്ളത് ! അതു സ്ഥിതി ചെയ്യുന്നത് 12-ാം വാർഡിലെ വേങ്ങൂർ കുന്നിലാണ്. ചെതലയം, കൈപ്പഞ്ചേരി, പാളക്കര, കുപ്പാടി എന്നിവിടങ്ങളിൽ ജനങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുന്ന തരത്തിൽ ഇതിൽ പ്രവർത്തനം നടത്തുന്നില്ല. കലാസ്കാരിക പ്രവർത്തനങ്ങളിൽ താത്പര്യപൂർവ്വം മുന്നോട്ടുവരുന്ന നമ്മുടെ പ്രദേശങ്ങളിലെ ജനങ്ങൾക്കാണെങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ സൗകര്യം ലഭ്യമല്ലതാനും. ഈ ദുസ്ഥിതി പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു.

1. കലാസാംസ്ക്കാരിക പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 12-ാം വാർഡിൽ ഒഴികെ ബാക്കി എല്ലാ വാർഡുകളിലും സൗകര്യ പ്രദമായ സ്ഥലത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുകയും സാംസ്ക്കാരിക പ്രവണതകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

2. സ്ത്രീകളിലും ആദിവാസികളിലും ആരോഗ്യ പരിപാലനം, ശുചിത്വം, വിദ്യാഭ്യാസം സാംസ്കാരികമായ ബോധനിലവാരം ഉയർത്തുന്നതിനാവശ്യമായ പഠനക്ലാസുകൾക്കും, സെമിനാറുകൾക്കും ഫിലിം പ്രദർശനങ്ങൾക്കും ഈ നിലയങ്ങൾ ഉപയോഗപ്പെടുത്തുക.

3. സാംസ്ക്കാരിക നിലയങ്ങൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിൽ വാർഡുമെമ്പർ അടങ്ങുന്ന കമ്മറ്റി പ്രവർത്തിപ്പിക്കുക. ടി.വി.റേഡിയോ തുടങ്ങി ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രവർത്തം സാധിതമാക്കുകയും, കമ്മറ്റിയുടെ നേതൃത്വത്തിൽ മാധ്യമപ്രചരണ വിഷയങ്ങളെ സംബന്ധിച്ച പഠനവും ചർച്ചയും സംഘടിപ്പിക്കുക.

4. നിലവിലുള്ള എല്ലാ വായനശാലകൾക്കും ആദിവാസി പാടികളിലും പൊതു സ്ഥലങ്ങളിലും ഇലക്ട്രോണിക്സ് മാധ്യമങ്ങൾ സ്ഥാപിക്കുകയും സാംസ്ക്കാരികനിലയ കമ്മറ്റികൾ ഇവ പ്രവർത്തിപ്പിക്കുകയും ഔദ്യോഗിക പരിപാടികളുടെ പ്രചരണവും, മദ്യം, മയക്കുമരുന്ന് മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾ എന്നിവക്കെതിരെ ബോധനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുക.

**കലാസമിതികൾ**

സാംസ്ക്കാരികപ്രവർത്തനങ്ങളിലൂടെ വേദികളായി നമുക്കുള്ളത് ഗ്രന്ഥശാലകളേയും വായനശാലകളേയും പോലെ സാഹിത്യകലാപ്രവർത്തനസംഘടനകൾ കലാസമിതികൾ പ്രൊഫഷണലും അമേച്ചറുമായ നാടക–നൃത്ത സംഘങ്ങളാണ്. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലെ തന്നെ ഇത്തരം സ്ഥാപനങ്ങൾ പലപ്പോഴും നിലവിലുള്ള വ്യവസ്ഥിതിയുടെ സംരക്ഷകരായാണ് കാണപ്പെടുന്നത്. പുരോഗമന ചിന്തകർക്കും മതനിരപേക്ഷ സോഷ്യലിസ്റ്റു ചിന്തകർക്കും മുൻതൂക്കം നൽകുന്ന ഭരണകർത്താക്കൾ ഈ സാംസ്ക്കാരിക സ്ഥാപനങ്ങളെ പുരോഗമനാശയങ്ങളുടെ തട്ടകമാക്കി മാറ്റാനുതകുന്ന സാംസ്ക്കാരിക നയം ആവിഷ്ക്കരിക്കേണ്ടതാണ്.

തെരുവുനാടകങ്ങളും അമേചർ നാടകങ്ങളും വൃന്ദഗാനങ്ങളും നാടോടി കലകളും നൃത്തനൃത്ത്യങ്ങളും മറ്റും അഭ്യസിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന കലാസമിതികൾ രജിസ്റ്റർ ചെയ്തും അല്ലാതേയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രസാഹിത്യപരിഷത്തിന്റെ കലാജാഥയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുള്ള പ്രവർത്തകരും ഇവിടെയുണ്ട്. ഇവയെ പുന:സംഘടിപ്പിച്ചു ഊർജ്ജസ്വലമാക്കുകയും ബഹുജനവിദ്യാഭ്യാസത്തിനും, വിനോദത്തിനും ജനകീയാസൂത്രണ പ്രചാരണത്തിനും സജ്ജമാക്കേണ്ടതുണ്ട്.

**പ്രശ്നങ്ങൾ**

ശ്രേഷ്ടമായ ഒരു ആസ്വാദനശ്രോതസ്സ് നമുക്കുണ്ടെങ്കിലും അതിനനുസൃതമായ കലാസൃഷ്ടികളും വിഭവങ്ങളും സംഭാവന ചെയ്യുന്നതിനു ആവശ്യമായ കലാസമിതികളുടെ കുറവ് നമുക്കുണ്ട്. പുരോഗമനപരമായ കലാസൃഷ്ടികൾ അവതരിപ്പിക്കാൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തുന്ന നകലാസമിതികൾക്കും പ്രവർത്തകർക്കും ഈ രംഗത്ത് കൂടുതൽ ആയുസ്സില്ലാതെ പോകുന്ന അവസ്ഥയാണുള്ളത്. സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ട് ആർക്കും ഈ രംഗത്തു കൂടുതലും നാൾ നിലനില്ക്കാൻ കഴിയുന്നില്ല. ഒരു കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തു അതൃത്തിയിൽ കേവലം വിനോദത്തിനെന്ന നിലയിൽ പ്രവർത്തിച്ചുവരുന്ന നിരവധി കലാസമിതികൾ ഇന്നു നമുക്കുണ്ട്. ഒരു വാർഡിൽ തന്നെ നാലും അഞ്ചും കലാസമിതികളും ചില വാർഡുകളിൽ ഒന്നുപോലും ഇല്ലാത്ത അവസ്ഥ നമ്മുടെ പഞ്ചായത്തിലുണ്ട്. കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ട് വിലയിരുത്തുമ്പോൾ ഒന്നും രണ്ടും വാർഡുകളിലായി ജീവ, അനശ്വര, സൃഷ്ടി, സഹൃദയ, മാസ്, വൈക്കം മുഹമ്മദ് ബഷീർ സ്മാരക കലാസമിതി, സാദ്രിമ, എന്നിങ്ങനെ എട്ടോളം കലാസമിതികളും, മൂന്നാം വാർഡിൽ ഒന്നും ഒമ്പതാം വാർഡിൽ പട്ടാളക്കരയിലും വട്ടുവാടിയിലുമായി ഓരോന്നും, പത്താം വാർഡിൽ അർച്ചന ക്ലബ്ബും, പതിനൊന്നാം വാർഡിൽ, രംഗരചന എന്ന നാടകട്രൂപ്പും, നവോദയാ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബും, സജീവമായി പ്രവർത്തിക്കുന്നുണ്ട്. പന്ത്രണ്ടാം വാർഡിൽ ജൂബിലി, യുവരശ്മി, സെഞ്ചുറി എന്നീ മൂന്നു ക്ലബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. പതിമൂന്നാം വാർഡിൽ കിടങ്ങനാട് യൂത്ത് ക്ലബ്, യുവശക്തി ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ് എന്നീ രണ്ടു സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതിൽ മിക്ക സംഘടനകളും ആണ്ടിൽ ഒരിക്കൽ എന്തെങ്കിലും ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയും അതിൽ അംഗങ്ങൾ പരിശീലിക്കുന്ന കലാസൃഷ്ടികൾ അവതരിപ്പിക്കുകയും, ആസ്വദിക്കുകയും ചെയ്യുക എന്നതിൽ കവിഞ്ഞു ബോധപൂർവ്വമായ ഒരു പ്രവർത്തനങ്ങ്ളിലും ഏർപ്പെടാത്ത അവസ്ഥ നിലനില്ക്കുന്നുമുണ്ട്. ചില സംഘടനകൾ ഇതിനൊരപവാദമെന്ന തരത്തിൽ പ്രവർത്തിക്കുന്നതായും അവരുടെ ലക്ഷ്യബോധത്തോടുള്ള പ്രവർത്തനങ്ങളെ അഭിനന്ദനങ്ങളോടെ നോക്കിക്കാണുന്നുമുണ്ട്. എന്നാൽ ഇന്നു നമ്മുടെ ചുറ്റുപാടുകളെ ഏറെ സ്വാധീനിച്ചിരിക്കുന്ന മാധ്യമരംഗത്തെ ഇലക്ട്രോണിക് വിസ്ഫോടനവും അതിന്റെ അതിശക്തമായ പുരോഗതിയെ സ്ഥാപിത താൽപര്യക്കാർ എപ്രകാരം ദുരുപയോഗപ്പെടുത്തി വരുന്നുവെന്നു നാം കാണേണ്ടിയിരിക്കുന്നു. ഭയാനകമായ അവസ്ഥയിൽ നമ്മൾ അന്ധാളിച്ചു നിൽക്കുന്നതിനു പകരം പരിമിതികൾക്കകത്തുനിന്നുകൊണ്ടാണെങ്കിൽ പോലും കലാസാംസ്ക്കാരിക പ്രവർത്തകർ ഇതിനെതിരായി ഈ മാധ്യമത്തെ തന്നെ പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. അതിനായി ദൂരദർശനിലും ആകാശവാണിയിലും പുരോഗമന ചിന്തകൾക്കും, സൃഷ്ടികൾക്കും കഴിയുന്നത്ര കൂടുതൽ സാന്നിധ്യം നേടിയെടുക്കാൻ ശ്രമിക്കണം. ഇതിനു ഒറ്റക്കും കൂട്ടായും ഉള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. സാമൂഹ്യാഭിരുചിയെ ദുഷിപ്പിക്കുന്ന ചലചിത്രങ്ങൾക്കും ദൂരദർശൻ പരിപാടികൾക്കുമെതിരെ മാധ്യമവിമർശനം പരിപാടികൾ സംഘടിപ്പിക്കുകയും, എഴുതുകയും ചെയ്തു. ജനമനസാക്ഷിയെ ഉണർത്തണം ഒപ്പം ഉത്തമ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനുള്ള വേദി ഒരുക്കുകയും ചെയ്യേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്കു വളരെ പ്രധാനപ്പെട്ട ഒന്നാണ് ഫിലിം സൊസൈറ്റികളും വിഡിയോ ക്ലബ്ബുകളും രൂപീകരിക്കുക എന്നത്. ഇതിന് ഗ്രന്ഥശാലകൾ, വിദ്യാലയങ്ങൾ പഞ്ചായത്തു വാർഡുതലസാംസ്ക്കാരിക നിലയങ്ങൾ എന്നിവയുടെ സഹകരണം തേടുകയും ഓരോ വാർഡുകളിലും ഒരു ബദൽ പ്രദർശന ശൃംഖല സ്ഥാപിക്കുകയും സശക്തിപ്പെടുത്തുകയും വേണം. ഇതിനു പഞ്ചായത്തിൽ നിന്നും നല്കുന്ന വീഡിയോ ചിത്രങ്ങളും, കാസറ്റുകളും, ടി.വി.യും ഉപയോഗിക്കാൻ കഴിയണം. ഒപ്പം പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റേയും വിദ്യാലയങ്ങളുടേയും മറ്റു ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടേയും സഹകരിച്ചു ഇടക്കിടക്ക് വീഡിയോ പരിപാടികളുടേയും ചലച്ചിത്രങ്ങളുടേയും മേളഖകൾ ഇടക്കിടക്ക് സംഘടിപ്പിക്കേണ്ടതാണ്.

കലാസമിതികൾ പ്രവർത്തിപ്പിക്കുന്നതിനു ആവശ്യമായ സഹായങ്ങൾ പഞ്ചായത്തു ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1. നിലവിൽ പ്രവർത്തിച്ചുവരുന്ന കലാസമിതികളുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തികസഹായം ചെയ്യുക.

2. സംഗീത ഉപകരണങ്ങൾ അഭ്യസിപ്പിക്കുന്നതിനും സാമ്പത്തികസഹായം വേണ്ട സമിതികൾക്കു സാമ്പത്തികസഹായവും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായവും, നല്കുക.

3. പഞ്ചായത്ത് മേളകളിലെ മത്സരത്തിനുള്ള ഐറ്റങ്ങൾ കഴിയുന്നത്ര വാർഡുതലത്തിൽ നിന്നും മത്സരിച്ചു തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ ഏറ്റവും കൂടുതൽ ഇനങ്ങൾ നിലവാരത്തോടെ മേളയിൽ എത്തിക്കാൻ കഴിയുന്നതാണ്.

4. നാടകട്രൂപ്പ്, ചിൽഡ്രൻസ് തിയേറ്റർ എന്നിവയ്ക്കും നാടൻ കലാരൂപങ്ങളുടെ പുനസൃഷ്ടിക്കും സംരക്ഷണത്തിനും ആവശ്യമായ സാമ്പത്തികം അടക്കമുള്ള സഹായം ചെയ്തുകൊടുക്കാൻ തയ്യാറാകേണ്ടതാണ്.

5. ആദിവാസി വിഭാഗങ്ങളിൽ നശിച്ചുകൊണ്ടിരിക്കുന്ന കലാരൂപങ്ങളും അനുഷ്ഠാന കലകളും കണ്ടെത്തി നിലനിർത്തുന്നതിന് തയ്യാറാകുന്ന പ്രവർത്തനങ്ങളെ എല്ലാവിധത്തിലും സഹായിക്കേണ്ടതാണ്.

**കായികസ്ഥാപനങ്ങൾ**

വളരെ കുറച്ചു സ്ഥാപനങ്ങളേ കായിക രംഗത്തെ പ്രവർത്തനങ്ങളിൽ കേന്ദ്രീകരിച്ചു നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. എന്നാൽ കലാസമിതികളോടും ചില വായനശാലകളോടും ബന്ധപ്പെട്ടു കായികരംഗത്തെ പ്രവർത്തനങ്ങൾ നടത്തുന്ന ചില സംഘടനകളുണ്ട്. പല സംഘടനകളും ഈ രംഗത്തു

ശ്രദ്ധിക്കപ്പെടുന്ന മത്സരങ്ങൾ നടത്തുന്നുണ്ട്. ഫുട്ബോൾ, വോളീബോൾ, ബാറ്റ്മെന്റ് , ഷട്ടിൽ, ടേബിൾ ടെന്നീസ്, എന്നീ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും ജില്ലാതലങ്ങളിൽ വരെയുള്ള കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ബത്തേരിയിൽ അറിയപ്പെടുന്ന സാംസ്ക്കാരിക സംഘടനയായ കോസ്മോ ബാറ്റ്മെന്റ്, ടേബിൾ ടെന്നീസ് ഷട്ടിൽ കോക്ക് എന്നീ ഇനങ്ങളിൽ പരിശീലനം നടത്തുന്നതിനുള്ള ഇൻഡോർ സ്റ്റേഡിയത്തോടെ പ്രവർത്തിച്ചുവരുന്നുണ്ട്. സോണ എന്ന സംഘടനയും കുപ്പാടി നവോദയും, ഫുഡ്ബോൾ ടൂർണ്ണമെന്റും, മണിച്ചിറ മൗണ്ട് ജില്ലാ ചാമ്പ്യൻഷിപ്പിന് വേണ്ടിയുള്ള ജില്ലാ ലെവൽ വോളീബാൾ ടൂർണമെന്റും ബത്തേരി കോസ്മോ വോളിബോൾ, ബാറ്റ്മെന്റ്, ഷട്ടിൽ കോക്ക്, ടേബിൾ ടെന്നീസ് എന്നിവയിൽ ശ്രദ്ധേയമായ മത്സരങ്ങൾ നടത്തുന്നുണ്ട്.

**പ്രശ്നങ്ങൾ**

വളരെ താൽപര്യത്തോടെ പ്രവർത്തിക്കാൻ പല സംഘടനകളും മുന്നോട്ടുവരാറുണ്ടെങ്കിലും അനുകൂലമല്ലാത്ത സാഹചര്യങ്ങൾ മൂലം പലസംഘടനകളും ഇന്നു നിർജ്ജീവമാണ്. പ്രധാനമായും പരിശീലകർക്ക് ഉപകരിക്കുന്ന വിധത്തിലുള്ള കളിസ്ഥലങ്ങളുടെ കുറവ് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ഇതുമൂലം പലപ്പോഴും വിദ്യാഭ്യാസരംഗം വിട്ടൊഴിയുന്ന കായികതാരങ്ങൾക്കും താൽപര്യമുള്ള മറ്റു പ്രതിഭകൾക്കും ആവശ്യമായ പരിശീലനത്തിനു കഴിയാതെ വരുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ ഓരോ വാർഡുകളിലും പ്രോത്സാഹജനകമായ അവസ്ഥബോധപൂർവ്വം സൃഷ്ടിച്ച് പുതിയപുതിയ കായികതാരങ്ങളെ കണ്ടെത്തി ഉയർത്തിക്കൊണ്ടുവരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**സാധ്യതകൾ**

നമ്മുടെ ഇടയിലുള്ള കായികപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ഒരു പ്രവർത്തനം നമ്മുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. കായികരംഗത്തു ഉന്നതിയിലേക്കു ഉയർത്താൻ കഴിയുന്ന നിരവധി കായിക പ്രതിഭകൾ വേണ്ടത്ര പരിചരണവും പരിഗണനയും ലഭിക്കാതെ പിൻതള്ളപ്പെടുന്നു. പരിശീലനം നൽകാൻ ആളില്ലെങ്കിലും സ്വയം പരിശീലിക്കുന്നതിനുതകുന്ന സ്ഥലസൗകര്യങ്ങൾപോലുമില്ലാത്ത അവസ്ഥയാണുള്ളത്. എന്നാൽ ഇന്നു നമ്മുടെ കായിക രംഗത്തിനു നൽകാൻ കഴിയുന്ന സൗകര്യങ്ങൾക്കുവേണ്ട വിഭവങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയെ പ്രയോജനകരമായി തരപ്പെടുത്തേണ്ടതേയുള്ളൂ.

പഞ്ചായത്തിന്റെ വകയായി കൈവശമുള്ള ടൗണിലെ രണ്ടേക്കർ സ്ഥലം ഒരു മിനി സ്റ്റേഡിയമെന്ന നിലയിൽ എല്ലാവിധ സജ്ജീകരണങ്ങളും ഏർപ്പെടുത്തുക. കായികതാരങ്ങൾക്ക് പരിശീലനം നടത്തുന്നതിനുപകരിക്കുന്ന വിധം ഈ സ്റ്റേഡിയം സംരക്ഷിക്കേണ്ടതാണ്. കുപ്പാടിയിൽ സ്റ്റേഡിയത്തിനായി നീക്കിവെക്കപ്പെട്ട സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനോടൊപ്പം അതിന്റെ ഒരു വശത്ത് ഒരു ഓപ്പൺ എയർ സ്റ്റേജു സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

ഇന്നു കേരളത്തിന്റെ അഭിമാനതാരങ്ങളെപ്പോലും സൃഷ്ടിക്കാൻ കഴിയുന്ന കടമാൻചിറ നീന്തൽക്കുളം പരിശീലകർക്കു കൂടുതൽ സൗകര്യപ്രദമായ വിധം പരിഷ്ക്കരിക്കുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതാണ്. വയനാട്ടിലെ തന്നെ അറിയപ്പെടുന്ന ഈ നീന്തൽ കുളത്തിലെത്തിപ്പെടുന്നതിനു ആവശ്യമായ റോഡ് ഇന്ന് നിലവിലില്ല. ഇതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടതും പ്രവർത്തനം ആരംഭിക്കപ്പെട്ടതുമായ റോഡിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കേണ്ടതാണ്.

വിദ്യാർത്ഥികളെ കായികരംഗത്തേക്കു ഉയർത്തിക്കൊണ്ടുവരുന്നതിന് ഇന്ന് സ്കൂളുകളിൽ ഗ്രൗണ്ടുകൾ ഉണ്ടാക്കുവാനും നിലവിലുള്ള ഗ്രൗണ്ടുകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും ആവുന്നത്ര സഹായം ചെയ്യേണ്ടതാണ്.

ഓരോ വാർഡിലും പൊതുജനങ്ങളിലെ കായികപ്രേമികൾക്ക് പരിശീലനം ലഭിക്കുന്നതിനാവശ്യമായ കളിസ്ഥലങ്ങൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്.

**ഗ്രന്ഥശാലകൾ**

കേരളത്തിലെ സാമൂഹ്യ വികാസത്തിലും, സാംസ്ക്കാരിക നവോത്ഥാനത്തിലും ഏറ്റവും വലിയ പങ്കുവഹിച്ച പ്രസ്ഥാനങ്ങളാണ് ഗ്രന്ഥശാലാ

സംഘവും, കേരള ശാസ്ത്ര സാഹിത്യപരിഷത്തും. ഇവയുടെ സേവനം ലഭിക്കാത്തതോ സ്പർശിക്കാത്തതോ ആയ ഒരു മുക്കും മൂലയും കേരളത്തിൽ കാണാൻ പ്രയാസമാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ തിരുവിതാംകൂർ മഹാരാജാവിന്റെ പബ്ലിക് ലൈബ്രറിയോടുകൂടി അരംഭിച്ച കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനം ഇന്ന് നാലായിരത്തിലധികം അംഗഗ്രന്ഥശാലകളുള്ള ഒരു മഹൽ ജനകീയ പ്രസ്ഥാനമാണ്. 1945ൽ 40ൽപരം ഗ്രന്ഥാശാലകളോടു കൂടി രജിസ്റ്റർ ചെയ്ത സംഘം 1956ലെ കേരളസംസ്ഥാന രൂപീകരണത്തോടെ കേരള ഗ്രന്ഥശാലാ സംഘമായി വളർന്നു. 1989ലെ കേരളാ പബ്ലിക് ലൈബ്രറി ആക്ട് പ്രകാരം ജനാധിപത്യാടിസ്ഥാനത്തിൽ അംഗഗ്രന്ഥശാലാ പ്രതിനിധികൾ തെരഞ്ഞെടുക്കുന്ന ഒരു നിയമാധിഷ്ഠിത സംഘടനയായി ഈ സംഘം രൂപാന്തരപ്പെട്ടു. പൊതുജനങ്ങൾ നല്കുന്ന സംഭാവനകളും അംഗവരി സംഖ്യകളും അവയ്ക്കുപുറമേ സംസ്ഥാന സർക്കാർ നൽകുന്ന സഹായധനവുമാണ് തികച്ചും സ്വയം ഭരണാവകാശമുള്ള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എന്ന ഉന്നതാധികാര സമിതിയുടെ വരവിനങ്ങൾ മറ്റു സംസ്ഥാനങ്ങളിലുള്ള ഗ്രന്ഥശാലകൾക്കില്ലാത്ത ഈ പ്രത്യേകതകൾ കേരളത്തിലെ ഗ്രന്ഥശാലകളെ ജനകീയാസൂത്രണ പ്രക്രിയകളിൽ സവിശേഷമായ പങ്കുവഹിക്കാൻ പ്രാപ്തമാക്കുന്നു.

പുസ്തകശേഖരണത്തിലും വിതരണത്തിലും മാത്രം ഒതുങ്ങിനിന്ന പാരമ്പര്യമല്ല കേരളത്തിലെ ഗ്രന്ഥശാലകൾക്കുള്ളത് ദേശീയ സ്വാതന്ത്ര്യ സമരകാലത്ത് ആ സമരത്തിലും ജാതിക്കും, അന്ധവിശ്വാസങ്ങൾക്കുമെതിരായ സാമൂഹ്യപരിഷ്ക്കരണത്തിലും, പിൽക്കാലത്ത് സാക്ഷരതാ പ്രവർത്തനങ്ങളിലും നമ്മുടെ ഗ്രന്ഥശാലകൾ പ്രവർത്തിച്ച പാരമ്പര്യമുണ്ട്. കൃഷിക്കാർക്ക് ആവശ്യമായ ലഘുലേഖകളും പുസ്തകങ്ങളും നൽകുന്ന കൃഷികോർണറുകളും, ഗ്രാമീണ ജനങ്ങൾക്ക് സർക്കാർ ആനുകൂല്യങ്ങളേയും വിദ്യാലയസൗകര്യങ്ങളേയും മറ്റു വിവരങ്ങൾ നൽകുന്ന ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കാൻ ചില ഗ്രന്ഥശാലകൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ നിലയിൽ പഞ്ചായത്തു കാര്യാലയങ്ങൾ കഴിഞ്ഞാൽ ഏറ്റവും ഫലപ്രദമായ ജനകീയാസൂത്രണ സിരാകേന്ദ്രമായി മാറ്റാൻ ഗ്രാമീണ ജനതയും ഗ്രന്ഥശാല പ്രവർത്തകരും ഒത്തുപ്രവർത്തിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും പ്രവർത്തനം വളരെ ശുഷ്ക്കരമായിട്ടാണ് തുടരുന്നത്. പൊതുവേ പുസ്തക വായനയും വിതരണവം ഇലക്ട്രോണിക് മാധ്യമങ്ങളുടെ ധ്രുതവേഗതയിലുള്ള കടന്നുകയറ്റം ജനങ്ങളിലെ പാരായണ താൽപര്യം വലിയൊരളവിൽ ഇല്ലാതാക്കുന്നു. കേരളത്തിലെ ഗ്രന്ഥശാലകളുടെ പാരമ്പര്യാനുസൃതം ഒരു കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിലെ ഗ്രാമീണ ജനതയെ ആസൂതണ പ്രക്യതിയിലേക്കു ആകർഷിക്കുന്ന ബോധപൂർവ്വമായ പ്രവർത്തനം ഇന്നു നിലവിലുള്ള ഗ്രന്ഥശാലാ പ്രവർത്തകർ ഏറ്റെടുക്കുകയും ഇവരിൽ വായനാശീലം വളർത്താൻ ശ്രമിക്കേണ്ടതുണ്ട്.

പരിമിതമായി മാത്രമേ ഗ്രന്ഥശാലകളും വായനാശാലകളും പ്രവർത്തിക്കുന്നുള്ളൂ. പതിമൂന്നു വാർഡുകളിൽ കേവലം 3 വാർഡുകളിൽ മാത്രമാണ് ഗ്രന്ഥശാലകളും വായനശാലകളും ഉള്ളത്. പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ ഒരു വായനശാലയും ഗ്രന്ഥശാലയും പതിനൊന്നാം വാർഡിൽ ഒരു വായനശാലയും പതിമൂന്നാം വാർഡിൽ ഒരു ഗ്രന്ഥശാലയും വായനശാലയുമാണുള്ളത്. ഇവയൊക്കെത്തന്നെ സാമ്പത്തിക പരാധീനതമൂലം പുസ്തകശേഖരണത്തിലും വിതരണത്തിലും ലക്ഷ്യത്തിനൊത്ത് ഉയരാൻ കഴിയുന്നില്ല.

സുൽത്താൻബത്തേരി പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആറു ലോക്കൽ ലൈബ്രറി പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് 5-ാം വാർഡിൽ വളരെ നിർജ്ജീവാവസ്ഥയിലാണ് നീങ്ങുന്നത്. ഈ ലോക്കൽ ലൈബ്രറിയുടേതടക്കമുള്ള ഗ്രന്ഥശാല വായനശാലകളുടെ പ്രവർത്തനം സജീവവും വിപുലവുമാക്കുന്നതിന താഴെ പറയുന്ന നിർദ്ദേശങ്ങൾ വയ്ക്കുന്നു.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തു വക ലോക്കൽലൈബ്രറി പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലേക്കു മാറ്റി പ്രവർത്തനം സജ്ജീവമാക്കുന്നതിനാവശ്യമായ

കർശന നടപടികൾ സ്വീകരിക്കുക.

2. ലോക്കൽ ലൈബ്രറിയുടെ പ്രവർത്തനങ്ങൾക്കായി വാർഡ് അംഗങ്ങൾക്കു പുറമെ അറിയപ്പെടുന്ന സാംസ്ക്കാരിക പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മറ്റിയെ രൂപപ്പെടുത്തുകയും ആനുകാലികമായ പുസ്തകശേഖരണത്തിലൂടെ കൂടുതൽ പുസ്തകങ്ങൾ സംഭരിക്കുകയും, ഈ പുസ്തകങ്ങൾ വാർഡുതലഗ്രന്ഥശാലകൾക്കും കൂടി വിതരണം ചെയ്തുകൊണ്ട് വിതരണശൃംഖല വിപുലമാക്കുക.

3. വാർഡുതലങ്ങളിൽ നിലവിൽ ലൈബ്രറികളും വായനശാലകളും ഇല്ലാത്തിടത്തു അവ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യാൻ ലോക്കൽ ലൈബ്രറി കമ്മറ്റി മുൻകൈയെടുക്കേണ്ടതാണ്.

4. വായനശാലകളും, ഗ്രന്ഥശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ നിലവിലുള്ള കലാ-കായിക- സാംസ്ക്കാരിക സംഘടനകളെക്കൂടി സഹകരിപ്പിച്ചു അവ സ്ഥാപിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായസഹകരണം ചെയ്തുകൊടുക്കുക. ഗ്രന്ഥശാല, വായനശാല കമ്മറ്റികളിൽ പരമാവധി ആദിവാസികളേയും സ്ത്രീകളേയും സഹകരിപ്പിക്കുക.

5. പുസ്തക ശേഖരണം വർദ്ധിപ്പിക്കുക. ഗ്രന്ഥശാലാ പ്രവർത്തകർ വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുകയും കുടുംബസദസ്സുകൾ കഴിയാവുന്നിടങ്ങളിൽ വിളിച്ചുചേർത്തു പുസ്തകങ്ങളെക്കുറിച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കുക ഇതിൽ കൂടുതൽ സ്ത്രീകൾക്കു പങ്കെടുക്കാനുള്ള അവസരം ഉണ്ടാക്കുക.

6. നിലവിലുള്ള ഗ്രന്ഥശാല വായനശാലാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക

**ഇലക്ട്രോണിക്സ് മാധ്യമങ്ങൾ**

നമ്മുടെ ചുറ്റുപാടുകളിൽ ഇന്നു ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റവും വ്യാപനവും വർണ്ണനാതീതമായ ധ്രുതഗതിയിലാണ്. ഇതു നമ്മുടെ സാംസ്ക്കാരിക രംഗത്ത് വിപ്ലവകരമായ മാറ്റം എന്നതിനുപരി വിസ്ഫോടനം എന്ന നിലയിലാണ് വിശേഷിപ്പിക്കുന്നത്. അറിവിന്റെ സർവ്വതലസ്പർശിയായി നമ്മുടെ ഗൃഹാന്തരീക്ഷങ്ങളിൽ വിളമ്പുന്ന വിഭവങ്ങളുടെ തിരിച്ചറിവിലേക്ക് നമ്മുടെ ജനതയെ കൊണ്ടുപോകുന്നതിനു നമുക്കു കഴിയാതെ പോയാൽ വലിയൊരു സാംസ്ക്കാരിക ദുരന്തത്തിലേക്കു നിപതിക്കുന്നതിനു ഇടയുണ്ട്.

ഏറ്റവും കൂടുതൽ സാമ്പത്തിക ബാധ്യത നേരിടേണ്ടുവരുന്ന ഈ മേഖല ഇന്നു സാദാരണക്കാർക്ക് അപ്രാപ്യമായി മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സമ്പന്നതയുടെ സ്വാദിഷ്ടമായ വിഭവങ്ങൾ നമുക്കു വിളമ്പിയാൽ പോലും അവയൊക്കെയാതൊരു എതിർപ്പും കൂടാതെ അനുഭവിക്കേണ്ട സ്ഥിതിയാണുള്ളത്. ഈ രംഗത്തെ സാമ്പത്തികമായ മുതൽമുടക്കു മൂലം സാധാരണക്കാരനു അകന്നു നില്കേണ്ടിവരുമ്പോൾ സമ്പന്നതയും ജാതി-മത സമ്പന്ന വിഭാഗവും ഈ മേഖലയെ കൈയടക്കിവെച്ചിരിക്കുന്നസാംസ്ക്കാരികമായ അപചയം ഭയാനകമാംവിധം നാം കാണേണ്ടിയിരിക്കുന്നു.

ആകാശവാണിയുടേയും ദൂരദർശന്റേയും പരിപാടികളിൽ പുരോഗമനപരമായ ചിന്തകൾക്കുപകരിക്കുന്ന സൃഷ്ടികളുടെ സാന്നിധ്യം നേടിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. സാമൂഹ്യാഭിരുചിയെ ദോഷകരമായി ബാധിക്കുന്ന ദൂരദർശന്റെ സൃഷ്ടികളേയും ചില ചിത്രരംഗത്തെ സൃഷ്ടികളേയും പറ്റിയുള്ള ചർച്ചകളും ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം ഉത്തമ കലാസൃഷ്ടികളുടെ പ്രദർശനവും നടത്തേണ്ടതാണ്.

കഴിയുന്നിടത്തൊക്കെ ജനപങ്കാളിത്തത്തോടെ ദൂരദർശൻ പരിപാടികൾക്കും സാമൂഹ്യതിന്മകളെ പരിപോഷിപ്പിക്കുന്ന ചലചിത്രങ്ങൾക്കും എതിരായി സമാന്തര പരിപാടികൾ സംഘടിപ്പിക്കുവാൻ കലാസാംസ്കാരിക രംഗത്തെ പ്രവർത്തകർ തയ്യാറാകേണ്ടതാണ്.

നിലവിൽ വിവിധ വാർഡുകളിലായി 5 ടി.വി സെറ്റുകൾ കൊടുത്തിട്ടുണ്ടെങ്കിലും പലതും വേണ്ടവിധം പ്രവർത്തിക്കുന്നില്ല

1. കലാസാംസ്ക്കാരിക രംഗത്തെ സംഘടനകൾ ടെലിവിഷൻ പ്രോഗ്രാമുകൾ വിമർശനബുദ്ധ്യാ

വിലയിരുത്തുകയും ആവശ്യമായ പഠനത്തോടെ ചർച്ചാ ക്ലാസുകൾ കുടുംബസദസ്സുകളിൽ ആഴ്ചയിൽ ഒന്നോ രണ്ടോ എന്ന ക്രമത്തിൽ നടത്തേണ്ടതാണ്.

2. എല്ലാ വാർഡുകളിലുമുള്ള പൊതു സ്ഥലങ്ങളിൽ ദൂരദർശ്ശൻ സെറ്റുകൾ സ്ഥാപിക്കുക. ആദിവാസി കേന്ദ്രങ്ങളിലും, വായനശാല, കലാസമിതി ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലും ദൂരദർശൻ സെറ്റുകൾ സ്ഥാപിക്കുക.

3. സർക്കാർ പരിപാടികളുടെ കാസെറ്റുകളും കലാമേന്മയും ഗുണനിലവാരമുള്ളതുമായ ചലച്ചിത്രങ്ങളുടെ കാസെറ്റുകൾ ഈകേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുകയും അവയെക്കുറിച്ച് പഠനാർഹമായ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുക.

4. പുരോഗമനാശയങ്ങൾ ഉൾക്കൊള്ളുന്നതും ദേശീയ ഐക്യം, മതസൗഹാർദ്ദം തുടങ്ങിയ മാനവ മുന്നേറ്റത്തിനുതകുന്ന ഹൃസ്വചിത്രങ്ങളുടെ കാസെറ്റു നിർമ്മാണത്തിനു തയ്യാറാകുന്ന വ്യക്തികളേയും സംഘങ്ങളേയും ആവശ്യമായ സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

5. നിലവിൽ നൽകിയിട്ടുള്ള ടി.വി. സെറ്റുകൾ കൃത്യമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകേണ്ടതാണ്. ഇതു തുടർന്ന് പ്രവർത്തിക്കുന്ന ടി.വി.സെറ്റുകളുടെ കാര്യത്തിൽ ബാധകമാക്കേണ്ടതാണ്.



പുതുതായി നിർമ്മിച്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

5.9

# വനിത

ഏതൊരു പ്രദേശത്തിന്റേയും വളർച്ചയുടേയും വികാസത്തിന്റേയും പാതയിൽ വനിതകളുടെ പങ്ക് നിസ്തുലമാണ്. മാനുഷിക വിഭവങ്ങളുടെ രൂപീകരണത്തിൽ വനിതക്ക് അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളത്.

സുൽത്താൻ ബത്തേരി പഞ്ചായത്തിൽ ആകെ 35034 ആളുകളിൽ 18034 പുരുഷന്മാർ ഉള്ളപ്പോൾ 17000 സ്ത്രീകൾ ആണ് ഉള്ളത്. സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വ്യത്യസതമായി പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ എണ്ണക്കുറവ് ഇവിടത്തെ വനിതകളുടെ പൊതുവെയുള്ള ശോച്യമായ ആരോഗ്യസ്ഥിതിയുടെ തെളിവാണ്. ആകെയുള്ള ജനങ്ങളിൽ 12 ശതമാനത്തോളം വരുന്ന പട്ടികവർഗ്ഗക്കാരിൽ സ്ത്രീകളുടെ നില അത്യന്തം ശോചനീയമാണ്.പരമ്പരാഗത കാർഷിക വൃത്തികൾക്ക് നേരിട്ട തിരിച്ചടി ഇവർക്കിടയിലെ ദാരിദ്ര്യവും ദുരിതവും ശതഗുണഭവിക്കാൻ കാരണമായിരിക്കുന്നു.

സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ കുറവാണ്. ഇന്ന് മഹിളാ സമാജം പോലുള്ള സംഘടനകളുടെ പ്രവർത്തനവും ബഹുജന സംഘടനകളിലെ പങ്കാളിത്തവുംകൊണ്ടി ഇതിൽ ചെറിയ തോതിലുള്ള മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ ഭീതിജനകമാംവിധം ഉയർന്നതാണ്. ആകെ തൊഴിലില്ലാത്തവരിൽ 62.5 ശതമാനം സ്ത്രീകളാണ്.

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 970 | 2026 |
| കർഷകൻ | 113 | 1231 |
| മൃഗസംരക്ഷണം | 360 | 1313 |
| ചെറുകിടവ്യവസായം | 77 | 685 |
| കെട്ടിടനിർമ്മാണം | 42 | 352 |
| ഗതാഗതം, വാർത്താവിനിമയം7 | | 600 |
| വ്യാപാരം | 80 | 1663 |
| മറ്റുള്ളവ | 756 | 1135 |

തൊഴിൽമേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനില്ക്കുന്നു. സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവർക്കെതിരായി നിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാവില്ല.

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ പ്രക്ഷോഭങ്ങളിൽ സ്ത്രീപങ്കാളിത്തം കുറവായിരുന്നു. എന്നാൽ പൊരുരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഇന്നും തുടരുകയാണ്. ഇപ്പോൾ അക്ഷയ മഹിളാ സമാജത്തിന്റെ പ്രവർത്തനം ബത്തേരി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും നന്മക്കും ഉയർച്ചക്കുമായി പ്രവർത്തിപ്പിക്കാൻ അക്ഷയ മഹിളാ സമാജം എന്ന പേരിൽ Reg. No. 235/93 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമാജത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സമാജത്തിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല

ഐ.ആർ.ഡി.പിയുടെ അനുബന്ധമായി നടപ്പിലാക്കുന്ന ഒരു പരിപാടിയാണ് DWCRA സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവം നൽകിവരുന്നു. 10 മുതൽ 15വരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കാണ് ധനസഹായം.

നമ്മുടെ പഞ്ചായത്തിൽ 4 DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പോട്ടറി യൂണിറ്റ് നല്ല ഗുണനിലവാരം പുലർത്തുന്നു. സ്ത്രീകൾക്ക് യൂണിറ്റ് നടത്തിക്കൊണ്ടുപോകാനുള്ള പ്രായോഗിക പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. അതുപോലെ അവരുൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം പഞ്ചായത്ത് തലത്തിൽ ഉണ്ടാകേണ്ടത് അത്യാവശ്യ

മാണ്.

പ്രതിരോധ ചികിത്സാപോഷണം, സമ്പാദ്യ ശീലം, കുടുംബസംവിധാനം, സ്വയം തൊഴിൽ പ്രവർത്തനം തുടങ്ങിയവ സംബന്ധിച്ച് ബോധനം നല്കുന്നതിനുള്ള പദ്ധതികൾആരംഭിക്കുക.

കഴിഞ്ഞ കാലങ്ങളിൽ സർക്കാരിൽ നിന്ന് സബ്സിഡിയും ബാങ്കിൽ നിന്ന് വായ്പയും നല്കിയ പദ്ധതികൾ

**DWCRA പദ്ധതികൾ**

| വർഷം | യൂണിറ്റ് | പ്രയോജനപ്പെട്ട കുടുംബങ്ങൾ |
|---|---|---|
| 92–93 | – | – |
| 93–94 | 2 | 22 |
| 94–95 | 1 | 10 |
| 95–96 | 1 | 8 |

**പ്രശ്നങ്ങൾ**

രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ളതൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിന്റെ വിവേചനം താഴെ ചേർക്കുന്നു.

**കൂലിനിരക്ക്**

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 40–45 | 85–100 |
| നിർമ്മാണതൊഴിലാളി | 70–75 | 125–150 |

സാമൂഹ്യരംഗത്ത് സ്ത്രീകൾ വളരെ പിന്നിലാണ്. അവരെ മുന്നോട്ടുകൊണ്ടുവരണമെങ്കിൽ തൊഴിൽമേഖലയിലും പൊതുജീവിതത്തിലും ബോധപൂർവ്വമായ ഇടപെടൽ തന്നെ വേണം. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും അവർക്ക് ജോലി ഏൽപ്പിക്കുവാൻ ഉള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുനിന്നും ഉണ്ട്. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരപരിപാടികൾ സംഘടിപ്പിക്കയും ചെയ്തുകൊണ്ട് ഏതുരംഗത്തും ജനവിഭാഗങ്ങൾ നേട്ടമുണ്ടാക്കിയത്. സ്ത്രീകൾ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃനിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്ക്കാരിക സംഘടനകൾ ശ്രമിക്കണം. പൊതുപ്രവർത്തനരംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടേത് മാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിപ്പിക്കാനുള്ള സഹായം ചെയ്യുകയും വേണം.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിന് പഞ്ചായത്തിൽ സാധ്യതകളേറെയുണ്ട്. റെഡിമെയ്ഡ് വസ്ത്രമേഖലയിലും പച്ചക്കറി തോട്ടങ്ങളിലും സ്ത്രീകൾക്ക് തൊഴിൽ സാധ്യത ഏറെയുള്ള മേഖലയാണ്.

ധാരാളം പാൽ ഉല്പാദിപ്പിക്കപ്പെടുന്ന ഒരു പഞ്ചായത്താണ് സുൽത്താൻബത്തേരി പഞ്ചായത്ത്. സുൽത്താൻബത്തേരി പഞ്ചായത്തിൽ ഒരു പാൽപ്പൊടി ഫാക്ടറി നിർമ്മിച്ചാൽ ഒരു പരിധിവരെ സ്ത്രീകളുടെ തൊഴിൽ പ്രശ്നം പരിഹരിക്കപ്പെടും. അതുപോലെ തന്നെ ഇഞ്ചി സംസ്ക്കരണശാലയും പ്രാധാന്യമർഹിക്കുന്നു. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമോ സൗര്യങ്ങളോ ലഭിക്കുന്നില്ല. അതുപോലെതന്നെ സാമ്പത്തിക ഞെരുക്കവും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സമാണ് സർക്കാർ സഹായങ്ങളെക്കുറിച്ച് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നുണ്ട്.

അംഗൻവാടി അദ്ധ്യാപികമാർക്ക് ന്യായമായ കൂലിയോ സൗകര്യങ്ങളോ ഇല്ല. സ്ത്രീകളിൽ ബോധവത്ക്കരണ പരിപാടികൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതാണ്.

വിഭവസാധ്യത കണക്കിലെടുത്ത് തൊഴിൽ തുടങ്ങുകയും അവർക്കുള്ള പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും വേണം. തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നല്കുകയും തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കുകയും വേണം.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. ജനകീയമായ വനിതാ സംഘടനകൾ എല്ലാ വാർഡിലും നിർബന്ധമായും വനിതാ ക്ഷേമപ്രവർത്തനത്തിന് ഉണ്ടായിരിക്കണം.

2. വനിതകളുടെ പ്രധാന തൊഴിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട കൂലിമേഖലയാണ്. തുല്ല്യജോലിക്ക് തുല്യവേതനം നടപ്പാക്കാനുള്ള ഒരു സംവിധാനം എല്ലാ മേഖലകളിലും വേണം.

3. സ്ത്രീകൾക്ക് 33% സീറ്റുകൾ സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇത് പുതിയ വ്യവസ്ഥിതിയുടെ സ്പെഷ്യൽ ഗ്രാമസഭാസംവിധാനത്തിൽ മുകളിൽ നിന്നുള്ള എല്ലാ തലങ്ങളിലുംപാലിക്കപ്പെടണമെന്ന് ആവശ്യപ്പെ

ടണം.

4. എല്ലാ വാർഡുകളിലും സ്ത്രീകൾക്ക് വികസന യൂണിറ്റുകൾ ആവശ്യമാണ്

5. സ്വയം തൊഴിൽ സംരംഭങ്ങൾ നിലവിലില്ല. റെഡിമെയ്ഡ്, അച്ചാർ, പപ്പട നിർമ്മാണം, പച്ചക്കറി ഉല്പാദനം ചന്ദനത്തിരി നിർമ്മാണം, തുന്നൽ പരിശീലനകേന്ദ്രം, STD Booth, പ്രസ്സ് എന്നിങ്ങനെയുള്ള തൊഴിൽ സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ച് തരികയും ചെറുകിട വ്യവസായവുമായി ബന്ധപ്പെടുത്തി ഇതിനു കിട്ടാവുന്ന ആനുകൂല്യങ്ങൾ അനുവദിച്ച് തരികയും അത് വിറ്റഴിക്കാനുള്ള വിപണന സംവിധാനവും ഉണ്ടാകണം.

6. മഹിളാ സമാജം പ്രവർത്തനത്തിന് വാർഡുകൾ തോറും കെട്ടിടവം സ്ഥലവം ആവശ്യമാണ്. മഹിളാ സമാജത്തിന് ഒരു റീഡിങ് റൂം അനുവദിച്ചു തരണം. കുടുംബസദസ്സിലൂടെ ബോധവൽക്കരണ സെമിനാറിന് മുൻകൈ എടുക്കണം.

7. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന ബാനറുകളും പോസ്റ്ററുകളും നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്തിൽ നിന്നും നടപടി ഉണ്ടാകണം.

8. മദ്യപാനം മൂലം ധാരാളം സ്ത്രീകൾ പീഠനം അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കേണ്ടത് ആവശ്യമാണ്.

9. ഇന്ന് നിലവിലുള്ള വിദേശ മദ്യഷാപ്പുകളെല്ലാം നിയമം മൂലം നിരോധിക്കുകയും ജനങ്ങളിൽ മദ്യത്തിനെതിരുയുള്ള ബോധവത്ക്കരണം നടത്തുകയും വേണം

10. വിധവാ പെൻഷൻ, വാർദ്ധക്യപെൻഷൻ, മുതലായവ അനുവദിക്കുകയും, അഗതികൾ ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകൾ അവർക്ക് വേണ്ട ഭവനം സാമ്പത്തിക സഹായങ്ങൾ എന്നിവയും ആവശ്യമാണ്.

11. എല്ലാ വാർഡുകളിലും ക്രഷുകൾ അത്യാവശ്യമാണ്. അതുകൊണ്ട് സുജന്യമായ സർക്കാർ തല ക്രഷുകൾ ആണ് വേണ്ടത്.

12. സാക്ഷരതാ തുടർവിദ്യാഭ്യാസം പുനരാരംഭിക്കണം.

13. എല്ലാ വാർഡുകളിലും അംഗനവാടികൾ നിർബന്ധമാക്കണം, അംഗനവാടികൾ പ്രീപ്രൈമറിയായി അനുവദിക്കണം.

14. എല്ലാ വാർഡുകളിലും ഹെൽത്ത് സെന്ററുകൾ അനുവദിക്കണം. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മരുന്നിന് പുറമെ പോഷകാഹാരവിതരണം ആവശ്യമാണ്.

15. എല്ലാ വാർഡിലും ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടർ പരിശോധിക്കുകയും ഹെൽത്ത് സെന്ററിന് സ്വന്തമായി ഒരു ആംബുലൻസ് അത്യാവശ്യമാണ്.

16. പൊതുവിതരണ കേന്ദ്രം എല്ലാ വാർഡുകളിലും വേണം. വനിതാസംഘങ്ങൾക്ക് മാവേലിസ്റ്റോറുകൾ, റേഷൻ കടകൾ എന്നിവയിൽ പ്രത്യേക പ്രാതിനിധ്യംവേണം. പഞ്ചായത്തുകൾ തോറും തൊഴിൽ എടുക്കുന്ന വനിതകൾക്ക് ആവശ്യമായ താമസസൗകര്യം (ഹോസ്റ്റൽ) നടപ്പാക്കണം

17. പഞ്ചായത്ത് തലത്തിൽ ഗേൾസ് ഹൈസ്കൂൾ സ്ഥാപിക്കണം

18. ഗ്രാമീണ സ്ത്രീകൾക്ക് സമ്പാദ്യപരിശീലനവും തൊഴിൽ പരിശീലനവും വളർത്തിയെടുക്കുവാൻ പഞ്ചായത്ത് തലത്തിൽ വനിതാ ജാഗ്രതാസെൽ രൂപപ്പെടുത്തണം.

19. സ്ത്രീപീഠനം, ലൈംഗികാക്രമണം മുതലായവക്ക് ഇരയാകുന്നവർക്ക് സൗജന്യ നിയമസഹായ സെൽ ഗ്രാമസഭകളിൽകൂടി വേണം.

20. വിദ്യാഭ്യാസം നിർത്തി നില്ക്കുന്ന പെൺകുട്ടികൾക്കും വിധവകൾക്കും അനാഥരായ സ്ത്രീകൾക്കും പുനരധിവസിപ്പിക്കൽ സഹകരണമേഖലയിൽ ഒരു തൊഴിൽ സ്ഥാപനം ആരംഭിക്കണം.

21. ബാല്യവിവാഹം, സ്ത്രീധനം, മദ്യം, മയക്കുമരുന്ന്, ചെറിയ കുട്ടികളെകൊണ്ട് തൊഴിൽ ചെയ്യിക്കുക എന്നിങ്ങനെയുള്ള സാമൂഹിക തിന്മകൾക്കെതിരെ ഗ്രാമപഞ്ചായത്ത് നിയമം കൊണ്ടുവരണം.

22. ചറുകിട വ്യവസായങ്ങൾ തുടങ്ങുവാൻ ജാമ്യമില്ലാതെ പലിശരഹിത ദീർഘകാല വായ്പ നല്കണം.

23. നിർധനരായ കുട്ടികളെ ചികിത്സിക്കാനാവശ്യമായ സാമ്പത്തിക സഹായം നല്കുക.

24. വനിതാ ക്ഷേമ പ്രവർത്തനത്തിന് ആവശ്യമായ വനിതാ സഹകരണസംഘം എല്ലാ വാർഡുകളിലും വേണം

25. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഖാദി ബോർഡിന്റെ ഒരു യൂണിറ്റ് ആരംഭിക്കണം.

26. ബത്തേരി പഞ്ചായത്തിൽ പാൽപ്പൊടി ഫാക്ടറിയും ഒരു ഇഞ്ചി സംസ്ക്കരണശാലയും ആവശ്യമാണ്.

27. ആദിവാസി വനിതകളും ആദിവാസി വൈദ്യന്മാരും ധാരാളമുള്ള ബത്തേരി ഗ്രാമപഞ്ചായത്തിൽ ഔഷധതോട്ടം വെച്ച്പിടിപ്പിക്കുന്നതിന് ശ്രമം നടത്തണം.

5.10

# സഹകരണമേഖല

*കേരളത്തിന്റെ കാർഷിക വ്യവസായിക വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ ഇന്ന് സഹകരണ പ്രസ്ഥാനങ്ങൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു*

## നമ്മുടെ പഞ്ചായത്തിലെ ആദ്യസഹകരണ സംഘങ്ങൾ

1951ൽ ശ്രീ.ഒ.എം.വർക്കിയുടെ നേതൃത്വത്തിൽ ബത്തേരിയിൽ രൂപംകൊണ്ട ഐക്യനാണയ സംഘമാണ് ബത്തേരിയിലെ ആദ്യത്തെ സഹകരണ സംഘം 1962ൽ ഈ ഐക്യനാണയസഹകരണ സംഘം സുൽത്താൻബത്തേരി സർവ്വീസ് സഹകരണബേങ്ക് ആയി മാറുകയും ചെയ്തു. ശ്രീ.ജേക്കബ് പാറയിൽ ആയിരുന്നു ആദ്യത്തെ പ്രസിഡന്റ്. ശ്രീ.കെ.സി.ബാലൻ, ഒ.എം.മാത്യു, ആർ.മത്തായി, കാട്ടുകുടി മത്തായി തുടങ്ങിയവർ ആദ്യകാല സഹകാരികളിൽ ചിലരാണ്.

രണ്ടാമതായി ബത്തേരിയിൽ രൂപീകൃതമായ സഹകരണസ്ഥാപനമാണ് പാൽവിതരണസഹകരണ സംഘം 1963ൽ പുത്തൻ കുന്നിൽവെച്ച് ശ്രീ.യു.കെ. വീരാൻകുട്ടിയുടെ നേതൃത്വത്തിൽ 56 കർഷകർ ചേർന്ന് 14 ലിറ്റർ പാലുമായി തുടങ്ങിയ സ്ഥാപനമാണ് സുൽത്താൻബത്തേരി പാൽ വിതരണ സഹകരണസംഘം. ബത്തേരിയിലെ മററ് സഹകരണ സ്ഥാപനങ്ങൾ രൂപീകൃതമാകുന്നത് 1975ന് ശേഷമാണ്.

വിവിധ മേഖലകളിലായി ഇത്രയും സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പകുതിയിൽ ഏറെ സംഘങ്ങളും പ്രവർത്തനം ആരംഭിക്കേണ്ടതായിട്ടുണ്ട്. പുതുതായി ഇനിയും സംഘങ്ങൾക്ക് ഉള്ള സാധ്യതകളും ഉണ്ട്

## കാർഷികമേഖല

കാർഷികമേഖലയിൽ വായ്പകൾ വിതരണം ചെയ്യുന്ന സഹകരണസംഘമാണ് സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണബാങ്ക്, ഈ സംഘത്തിന്റെ പ്രവർത്തനപരിധി ബത്തേരി, നൂൽപ്പുഴ, നെന്മേനി, പഞ്ചായത്തുകളിലെ 37 വാർഡുകളിൽ ആണ്. ആയതിനാൽ പഞ്ചായത്ത് തിരിച്ചുള്ള അംഗങ്ങളുടേയും വായ്പയുടേയും കണക്കുകൾ ലഭ്യമല്ല. ബാങ്കിന്റെ സ്വന്തം നിക്ഷേപം ഉപയോഗിച്ച് കൃഷി ലോൺ കൊടുക്കുവാൻ ബാങ്ക് അധികൃതർക്ക് കഴിയുന്നില്ല. സംസ്ഥാന സഹകരണബേങ്കിൽ നിന്നും ജില്ലാ ബേങ്കിൽ നിന്നും ലഭ്യമാക്കുന്നതിനനുസരിച്ചാണ് ലോൺ നല്കുന്നത്. ഇന്നുള്ള മുഴുവൻ അംഗങ്ങൾക്കും അവരുടെ കാർഷിക ആവശ്യത്തിനായി ലോൺ കൊടുക്കണമെങ്കിൽ മേൽ സൂചിപ്പിച്ച സംഘങ്ങളും നാബാർഡും സഹായം വർദ്ധിപ്പിക്കേണ്ടതുണ്ട്. സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണബേങ്കിന് 7451 അംഗങ്ങളും 42 ജീവനക്കാരും ഹെഡ്ഡാഫീസിന് പുറമെ, ചീരാൽ, കല്ലൂർ, മൂലങ്കാവ്, ചുള്ളിയോട് എന്നീ ബ്രാഞ്ചുകളും ബത്തേരിയിൽ തന്നെ ഒരു വനിതാ ബ്രാഞ്ചും ഉണ്ട്. 3351795 ക ഓഹരി മൂലധനവം 429181 ക സർക്കാർ ഓഹരിയും 1995-96 വർഷത്തിൽ കാർഷികമേഖലയിൽ 2,61,22222 രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. വയനാട് ജില്ലാ ബാങ്കിൽ നിന്നും കൃഷിക്ക് വേണ്ടി 2 ,00,00000 രൂപയും കുരുമുളക് കൃഷി വികസനത്തിനായി 115327 രൂപയും തേയില കൃഷിക്കായി 4896440 രൂപയും മറ്റിനങ്ങൾക്കായി 923310 രൂപയും NCDCയിൽ നിന്നും ഗോൾഡ് ലോണിനായി 109324 രൂപയും വായ്പയായി ബേങ്ക് സ്വീകരിച്ചിട്ടുണ്ട്. വായ്പയെടുത്ത കൃഷിക്കാർ തിരിച്ചടക്കാത്ത കുടിശികയായി 3334142 ക പിരിഞ്ഞുകിട്ടാനുണ്ട്. കാർഷിക മേഖലക്ക് പുറമെ മറ്റ് ഇതരലോണുകളും ബേങ്കിൽ നിന്ന് വിതരണം ചെയ്യുന്നുണ്ട്. ഈ ബേങ്കിന്റെ പ്രവർത്തനപരിധിയിൽ ഉള്ള കർഷകർക്കായി രാസവളം, കീടനാശിനി എന്നിവയുടെ ഏജൻസിയും ബേങ്കിനുണ്ട്. എന്നാൽ കർഷകർക്ക് യഥാസമയം വളം ലഭിക്കാത്ത അവസ്ഥയുണ്ട്.

### മാർക്കറ്റിംഗ് സൊസൈറ്റി

1982ൽ രൂപീകൃതമായ ഈ സംഘത്തിന് ചുങ്കത്ത് ഒരു സംഭരണ ഡിപ്പോയുണ്ട്. ബീനാച്ചിയിൽ ഹെഡ്ഡാപ്പീസും ഗോഡൗണും സ്ഥിതി ചെയ്യുന്നു. അംഗങ്ങളിൽ നിന്നും കുരുമുളക്, റബ്ബർ എന്നിവ സംഭരിക്കുന്നുണ്ട്. സംഘം ശേഖരിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന മുറക്ക് കർഷകർക്ക് ലഭിക്കുന്ന ലാഭവിഹിതം വിതരണം ചെയ്യുന്നു.

| ബത്തേരി കേന്ദ്രമാക്കി രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണസ്ഥാപനങ്ങൾ | രജിസ്റ്റർ ചെയ്തത് |
|---|---|
| 1. സുൽത്താൻബത്തേരി സർവ്വീസ് സഹകരണബേങ്ക് | 7-6-1962 |
| 2. സുൽത്താൻബത്തേരി പരസ്പരസഹായ പാൽവിതരണസഹകരണസംഘം | 1963 |
| 3. സുൽത്താൻ ബത്തേരി കോ-ഓപ് അർബ്ബൻ ബേറ്ക് | 1975 |
| 4. സുൽത്താൻ ബത്തേരി താലൂക്ക് കോ.എംപ്ലോയീസ് കോ-ഓപ് സൊസൈറ്റി | 1976 |
| 5. വയനാട് ജില്ലാ കോ-ഓപറേറ്റീവ് KSRTC എംപ്ലോയീസ് സൊസൈറ്റി | 1986 |
| 6. സുൽത്താൻ ബത്തേരി താലൂക്ക് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് സൊസൈറ്റി | 1987 |
| 7. സുൽത്താൻ ബത്തേരി താലൂക്ക് റേഷൻ വ്യാപാരിസഹകരണസംഘം | 1994 |
| 8. സുൽത്താൻ ബത്തേരി താലൂക്ക് കോ-ഓപ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ആന്റ് പ്രൊസസ്സിങ് സൊസൈറ്റി | 1982 |
| 9. വയനാട് ജില്ലാ ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ മാർക്കറ്റിംഗ് ആന്റ് പ്രോസസ്സിങ് സൊസൈറ്റി | 1990 |
| 10. വയനാട് റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മർക്കറ്റിംഗ് സൊസൈറ്റി | 1994 |
| 11. സുൽത്താൻബത്തേരി കോഴി വളർത്തൽ സഹകരണ സംഘം | 1990 |
| 12. സുൽത്താൻ ബത്തേരി കോ.ഓപ്പറേറ്റീവ് ഹൗസിംങ് സൊസൈറ്റി | 1972 |
| 13. മീനങ്ങാടി കോ-ഓപറേറ്റീവ് ഹൗസിംഗ് സൊസൈറ്റി | 1992 |
| 14. സുൽത്താൻ ബത്തേരി താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണസംഘം | 1992 |
| 15. സുൽത്താൻ ബത്തേരി പഞ്ചായത്ത് ലേബർ കോൺട്രാക്ട് | 1993 |
| 16. രാജീവ്ജി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 1992 |
| 17. സുൽത്താൻ ബത്തേരി മോട്ടോർ ആന്റ് എഞ്ചിനീയറിംഗ് സഹകരണസംഘം | 1990 |
| 18. സുൽത്താൻ ബത്തേരി ആട്ടോറിക്ഷ ഡ്രൈവേഴ്സ് സൊസൈറ്റി | 1988 |
| 19. സുൽത്താൻ ബത്തേരി താലൂക്ക് കോ-ഓപ്പറേറ്റീവ് ആർട്സ് കോളേജ് | 1986 |
| 20 സുൽത്താൻ ബത്തേരി തൂലൂക്ക് ടൈലേഴ്സ് ആന്റ് ഗാർമെന്റ്സ് സഹകരണസംഘം | 1987 |
| 21. സുൽത്താൻ ബത്തേരി പഞ്ചായത്ത് തേനീച്ച വളർത്ത് സഹകരണസംഘം | 1992 |
| 22. സുൽത്താൻബത്തേരി അഗ്രോസർവ്വീസ് സെന്റർ | 1995 |
| 23. സുൽത്താൻബത്തേരി താലൂക്ക് സഹകരണ പ്രസ് | 1987 |
| 24. സുൽത്താൻബത്തേരി സർവ്വജന ഹൈസ്കൂൾ സഹകരണസംഘം | 1976 |
| 25. സുൽത്താൻബത്തേരി പ്രാഥമിക വിദ്യാലയ സഹകരണസംഘം | 1976 |
| 26. ഓടപ്പള്ളം ഗവ.ഹൈസ്കൂൾ സഹകരണസംഘം | 1994 |
| 27. സുൽത്താൻബത്തേരി സെന്റ് മേരീസ് കോളേജ് സഹകരണസംഘം | 1976 |

**വയനാട് ജില്ലാ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സംഘം**

വയനാട് ജില്ലാ റബ്ബർ ആന്റ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം എന്നപേരിൽ ഒരുസംഘം ബത്തേരി കേന്ദ്രീകരിച്ച് 1994ൽ രജിസ്റ്റർ ചെയ്യപ്പെട്ടെങ്കിലും സംഘം പ്രവർത്തനരഹിതമാണ്.

**പഴം പച്ചക്കറി സഹകരണസംഘം :**

1990ൽ താലൂക്ക് കേന്ദ്രീകരിച്ച് രൂപംകൊടുക്കപ്പെട്ട ഈ സംഘം പിന്നീട് ജില്ലാ സംഘമായി മാറുകയുണ്ടായി. ആരംഭത്തിൽ 301 മെമ്പർമാരുണ്ടായിരുന്നു ഇപ്പോൾ 770 മെമ്പർമാരും 1 ലക്ഷം രൂപ ഓഹരി മൂലധനം ഉണ്ട്. ജില്ലാ സഹകരണസംഘം ആണെങ്കിലും ബത്തേരിയിലും അമ്പലവയലിലും മാത്രമാണ് സ്റ്റാളുകൾ ഉള്ളത്.

**പാൽവിതരണ സഹകരണസംഘം**

വയനാട് ജില്ലയിൽ ആദ്യമായി രൂപംകൊണ്ട സഹകരണസംഘമാണിത്. ബത്തേരി, നൂൽപ്പുഴ, നെന്മേനി പഞ്ചായത്തുകളിലെ 37 വാർഡുകൾ ആണ് അധികാരപരിധി പ്രതിധിനം 9500 ലിറ്റർ പാൽ ഈ സംഘത്തിൽ സംഭരിക്കപ്പെടുന്നുണ്ട്. പ്രാദേശിക വിൽപന കഴിച്ചു ബാക്കിയുള്ള പാൽ മിൽമ്മക്ക് നല്കിവരുന്നു. കൂടാതെ

നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീരോത്പന്ന നിർമ്മാണയൂണിറ്റ്–ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ നടത്തിവരുന്നുണ്ട്. 3749 അംഗങ്ങളും 85880ക ഓഹരി മൂലധനവും ഉണ്ട്. കാലിത്തീറ്റ, പിണ്ണാക്ക് എന്നിവ കർഷകർക്ക് വിതരണം ചെയ്യുന്നു. കർഷകർക്ക് വേണ്ടി വ്യക്തിഗത ഇൻഷൂറൻസും കന്നുകാലി ഗ്രൂപ്പ് ഇൻഷൂറൻസ്, എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പൂർണ്ണമായി മെഡിക്കൽ എയ്ഡും നല്കുന്നുണ്ട്. 41 സ്ഥിരം ജീവനക്കാരും 60 കമ്മീഷൻ ഏജന്റുമാരും ഈ സംഘത്തിൽ പ്രവർത്തിക്കുന്നു.

**അഗ്രോസർവ്വീസ് സെന്റർ**

ബത്തേരി പഞ്ചായത്ത് കേന്ദ്രീകരിച്ച് 1995ൽ രജിസ്റ്റർ ചെയ്ത സഘമാണിത്. കാർഷിക മേഖലക്ക് ആവശ്യമായ ട്രാക്റ്റർ, ട്രില്ലർ എന്നിവയും മറ്റ് കാർഷിക ഉപകരണങ്ങളും വാങ്ങി വാടകയ്ക്ക് നല്കുകയും വർക്ക് ഷോപ്പ് സംഘടിപ്പിക്കുകയും ചയ്യുക എന്ന ഉദ്ദേശത്തോടുകൂടി ആരംഭിച്ചതാണെങ്കിലും ഈ സംഘം ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**കൊഴിവളർത്തൽ സഹകരണസംഘം**

1990ൽ രജിസ്റ്റർ ചെയ്ത ഈ സംഘവം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ സംഘത്തിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുകയും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘം മുഖേന വീടുകൾ കേന്ദ്രീകരിച്ച് ചെറിയ യൂണിറ്റുകൾ തുടങ്ങുകയും വേണം. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി സംഘത്തിന്റ നേതൃത്വത്തിൽ ഒരു ഹാച്ചറിയും തുടങ്ങാവുന്നതാണ്.

**കാർഷിക ഇതരമേഖല**

കാർഷികേതര മഖലയിൽ വായ്പകൾ വിതരണം ചെയ്യുന്ന പ്രമുഖ സ്ഥാപനമാണ് കോ–ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക്. 1995 ൽ രൂപംകൊണ്ട ഈ സംഘത്തിന്റെ അധികാരപരിധി ബത്തേരി താലൂക്ക് മുഴുവൻ ഉൾപ്പെടുന്ന ബത്തേരി, നൂൽപ്പുഴ, അമ്പലവയൽ, നെന്മേനി, മീനങ്ങാടി, പൂതാടി, പുല്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളാണ്. ചെറുകിട വ്യവസായത്തിനും ചെറികിട കച്ചവടത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വാഹനങ്ങൾ വാങ്ങുന്നതി നും സംഘം ലോൺ നല്കുന്നുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള പ്രൈമറി കോ–ഓപ്പററ്റീവ് ബാങ്കായി മാറിയ ഈ സംഘത്തിൽ 4000 അംഗങ്ങളും 20 ലക്ഷം രൂപ മൂലധനവം 7 കോടി രൂപയുടെ നിക്ഷേപവും ഉണ്ട്. ഏഴ് ബ്രാഞ്ചുകളും 34 ജീവനക്കാരും ബാങ്കിനുണ്ട്.

**ബത്തേരി താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് സഹകരണസംഘം**

ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് സ്വയം വാഹനം വാങ്ങുന്നതിൽ സഹായിക്കുന്നതിനായി 1988ൽ രൂപം കൊണ്ട ഈ സംഘത്തിന്റെ പ്രവർത്തനപരിധി സുൽത്താൻബത്തേരി താലൂക്ക് മുഴുവനും ആണ്. ചുരുങ്ങിയകാലംകൊണ്ട് ഈ സംഘം ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. 183 അംഗങ്ങളും 83800 ക ഓഹരി മൂലധനവുമായി തുടങ്ങിയ സംഘത്തിൽ ഇപ്പോൾ 350 അംഗങ്ങളും 118500 ക ഓഹരി മൂലധനവും ഉണ്ട്.

**സഹകരണ പ്രസ്സ്**

1987ൽ 68 അംഗങ്ങളും 34000 ക ഓഹരി മൂലധനവും ഒൻപത് ജീവനക്കാരുമായി തുടങ്ങിയ ഈ സ്ഥാപനം വ്യവസായ വകുപ്പിന്റെ കീഴിലാണ്. കടലാസിന്റെ വിലവർദ്ധനവ് സംഘത്തിന്റെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു. ഇപ്പോൾ 90 അംഗങ്ങളു 7 ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്.

**കോ–ഓപ്–എംപ്ലോയീസ് സഹകരണസംഘം**

1976ൽ ആരംഭിച്ച ഈ സംഘത്തിന് ആരംഭത്തിൽ 100 അംഗങ്ങളും 1000 ക മൂലധനവം ആണുണ്ടായിരുന്നത്. സംഘ അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ലോൺകൊടുക്കുന്ന ഇന്ന് 276 അംഗങ്ങളും 400000 ക ഓഹരി മൂലധനവം ഉണ്ട്.

**വയനാട് ജില്ലാ KSRTC എംപ്ലോയീസ് സൊസൈറ്റി**

1986ൽ സ്ഥാപിതമായ ഈ സംഘം KSRTC ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി ലോണുകൾ നല്കുന്ന 541 അംഗങ്ങളുള്ള ഈ സംഘത്തിന്റെ ഓഹരിമൂലധനം 25000 ഉറുപ്പികയാണ്.

**സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ് സഹകരണ സംഘം**

1987ൽ രൂപംകൊടുത്ത ഈ സംഘം ഇന്നും ശൈശവ അവസ്ഥയിൽ ആണുള്ളത് ചുങ്കത്ത് ഇപ്പോൾ ഓഫീസ് തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ**

3 ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾ രൂപീകൃതമായിട്ടുണ്ടെങ്കിലും ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. അസംഘടിതരായ തൊഴിലാളികളെ ഈ സംഘങ്ങളിൽ അംഗങ്ങളാക്കി ഇവയുടെ പ്രവർത്തനം പുന: സംഘടിപ്പിചാൽ ഈ മേഖലയിൽ മാററമുണ്ടാക്കാൻ കഴിയുന്നതാണ്.

**മോട്ടോർ എഞ്ചിനീയറിംഗ് വർക്കേഴ്സ് സൊസൈറ്റി**

1990ൽ ബത്തേരി താലൂക്ക് കേന്ദ്രീകരിച്ച് രജിസ്റ്റർ ചെയ്ത ഈ സംഘവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**റേഷൻ വ്യാപാരി സഹകരണസംഘം**

1994ൽ ബത്തേരി താലൂക്ക് കേന്ദ്രീകരിച്ച് ആരംഭിച്ച ഈ സംഘം റേഷൻ മണ്ണെണ്ണയുടെ വ്യാപാരം നടത്തുന്നതായി മനസ്സിലാകുന്നു. മറ്റു വിവരങ്ങൾ ലഭ്യ

മല്ല.

**സുൽത്താൻബത്തേരി ടൈലേർസ്- ഗാർമെന്റ്സ് സൊസൈറ്റി**

1987ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം ഓഫീസ് തുറക്കുകയും തയ്യൽക്കാർക്കാവശ്യമായ നൂൽ ബട്ടൺ തുടങ്ങിയ സാധനങ്ങൾ വിൽക്കുകയും ചെയ്തിരുന്നു. സന്തമായി നിക്ഷേപപദ്ധതിയും നടപ്പിലാക്കിയിരുന്നു. ഗുരുതരമായ ക്രമക്കേടുകളെതുടർന്ന് സംഘം തകർന്നിരിക്കുകയാണ് നൂൽതൊഴിലാളികൾക്ക് സഹായിയായി മാറാവുന്ന ഈ സംഘത്തെ പുനരുദ്ധരിക്കാൻ കഴിയേണ്ടതുണ്ട്.

**സുൽത്താൻബത്തേരി തേനീച്ചവളർത്ത് സഹകരണസംഘം**

1992ൽ രജിസ്ട്രർ ചെയ്ത. ഈ സംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഗ്രാമീണ മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ കഴിയുന്ന ഒരു സംഘമാണിത്.

**പാർപ്പിടം**

നമ്മുടെ പാർപ്പിട പ്രശ്നം ഗുരുതരമാണ് സഹകരണമേഖലയിലെ വിവിധ സംഘങ്ങൾ വഴിയും ഗവണ്മെന്റിന്റെ വിവിധ ഏജൻസികൾ വഴിയായും ലഭിക്കുന്ന വായ്പകളും ധനസഹായവുമാണ ഭവനനിർമ്മാണത്തിനായി വിനയോഗിക്കുന്നത്.

**സുൽത്താൻബത്തേരി താലൂക്ക് ഹൗസിംഗ് കോളനി**

1987ൽ ആരംഭിച്ച ഈ സംഘത്തിന്റെ അധികാര പരിധി സുൽത്താൻബത്തേരി തലൂക്ക് പൂർണ്ണമായിട്ടാണ്. ബത്തേരി പഞ്ചായത്തിലെ ശാന്തിനഗർ ഇന്ദിരാനഗർ എന്നിവയും പൂർത്തിയായി. പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന കൊളഗപ്പാറയിലെ റോക്ക് വാലി മൂലങ്കാവിനടുത്തുള്ള ഗ്രീൻപാർക്ക് കോളനികളും സംഘത്തിന്റേതായി നിലവിലുണ്ട്. കൂടാതെ വ്യക്തികൾക്കും ഭവനനിർമ്മാണത്തിനായി വായ്പകൾ നല്കുന്നു. 19500 ക മുതൽ 50,0000 ക വരെയാണ് അനുവദിക്കുന്ന ലോൺ സംഘത്തിൽ 900 അംഗങ്ങൾ ഉണ്ട്

**മീനങ്ങാടി ഹൗസിംങ് സൊസൈറ്റി**

ബത്തേരി, മീനങ്ങാടി , നൂൽപ്പുഴ പഞ്ചായത്ത് പരിധിയിലായി 1992ൽ ഒരു സംഘം രജിസ്ട്രർ ചെയ്തിട്ടുണ്ടെങ്കിലും സംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല

**വിദ്യാഭ്യാസം**

ബത്തേരി താലൂക്ക് കേന്ദ്രീകരിച്ച് സഹകരണ കോളേജ് പ്രവർത്തിക്കുന്നു. 1986ൽ തുടങ്ങിയ ഈ സ്ഥാപനം കോളേജ് വിദ്യാഭ്യസരംഗത്ത് ആണ് ശ്രദ്ധിക്കുന്നത്. സ്വന്തമായി സ്ഥലവും കെട്ടിടവം ഉണ്ട്.

**സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളേജ് സഹകരണസംഘം**

1976ൽ സെന്റ് മേരീസ് കോളേജ് വിദ്യാർത്ഥികൾക്കായി പഠന ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി സ്ഥാപിച്ച സംഘമാണിത്.

**സ്കൂൾ സഹകരണസംഘങ്ങൾ**

ബത്തേരി-ഓടപ്പള്ളം ഗവണ്മെന്റ് ഹൈസ്കൂളിലും ബത്തേരി അസംപ്ഷൻ സ്കൂൾ കേന്ദ്രീകരിച്ച പ്രാഥമിക വിദ്യാലയ സംഘവുമാണ് നിലവിൽ ഉള്ളത്. പാഠപുസ്തക വിതരണമാണ് ഈ സൊസൈറ്റികൾ ശ്രദ്ധിക്കുന്നത്.

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

**കാർഷിക മേഖല**

1. ബത്തേരി കേന്ദ്രീകരിച്ച് കാർഷിക വികസന ബേങ്ക് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണം. ഇതിനായി ബത്തേരി മാനന്തവാടി താലൂക്കിലെ കർഷകരെ ഉൾപ്പെടുത്തിയ പനമരം കാർഷിക വികസന ബേങ്ക് വിഭജിക്കണം.

2. കാർഷിക വികസന ബേങ്കുകളിലും - സുൽത്താൻബത്തേരി സർവ്വീസ് സഹകരണ ബേങ്കിലും മുഴുവൻ കർഷകർക്കും അംഗത്വം ലഭ്യമാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

3. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കർഷകർക്ക് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

4. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും കൺഷണൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.

5. സർക്കാരിൽ നിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. അത് ലഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സർക്കാർ തലത്തിലും ബേങ്ക് തലത്തിലും ചെയ്യുക.

6. വ്യക്തികൾക്ക് ലഭിക്കുന്ന കാർഷികവായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.

7. കർഷകർക്ക് ആവശ്യമായ വളം, കാർഷിക ഉപകരണങ്ങളും യഥാസമയം ലഭ്യമാക്കാൻ നടപടി ഉണ്ടാക്കണം.

8. കാർഷിക ഉല്പന്നങ്ങൾക്ക് വിലടിയിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി വാങ്ങിക്കൊണ്ട് (കീലോൺ) അനുവദിച്ചുകൊടുക്കുവാൻ സംവിധാനം ഉണ്ടാക്കണം. ആവശ്യമായ ഗോഡൗൺ നിർമ്മിക്കാനും സബ്സിഡി അനുവദിച്ചുകൊണ്ടുള്ള വായ്പയും നല്കണം.

9. മൂന്നും നാലും കർഷകരെ യോജിപ്പിച്ച് സംയുക്ത ജലസേചന പദ്ധതിക്ക് 5 ലക്ഷംവരെ രൂപം

കൊടുക്കുകയും ലോൺ അനുവദിക്കുകയും ചെയ്യണം.

10. നെൽകൃഷിക്കാർക്ക് വിത്ത്, വളം കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് അഗ്രോ സർവ്വീസ് സെന്ററിനെ സജ്ജമാക്കുക നെൽകൃഷി ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖരങ്ങൾ കണക്കാക്കി രൂപീകരിക്കണം.

11. കാർഷിക വികസന ബേങ്കുകളുടെ വായ്പ വിതരണ സംവിധാനം ലളിതവത്ക്കരിക്കണം. ബാങ്കുകളുടെ നേതൃത്വത്തിൽ വായ്പ മേളകൾ സംഘടിപ്പിക്കണം.

12. വാർഡ് തല പച്ചക്കറി സംഘങ്ങൾ ആരംഭിക്കുക. കുരുമുളക് സമിതികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുക എന്നീ രംഗങ്ങളിലും ശ്രദ്ധിക്കണം.

**ക്ഷീരമേഖല**

1പഞ്ചായത്ത് തലത്തിലും ധനകാര്യസ്ഥാപനങ്ങൾ വഴിയും ക്ഷീരവികസനത്തിനായി ലഭ്യമാക്കുന്ന സഹായങ്ങൾ ക്ഷീരസഹകരണ സംഘം വഴി ലഭ്യമാക്കണം.

2. ബത്തേരി പാൽവിതരണ സഹകരണസംഘത്തിന്റെ സംഭരണശേഷി കണക്കിലെടുത്ത് 10,000 ലിറ്റർ സംഭരണ ശേഷിയുള്ള പാസ്ച്യുറൈസ് ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കണം

3. ക്ഷീരോത്പാദന നിർമ്മാണയൂണിറ്റിനോടനുബന്ധിച്ച് ഒരു ബേക്കിംഗ് യൂണിറ്റ് ആരംഭിക്കണം.

4. കാലിത്തീറ്റയുടെ വിലവർദ്ധനവ് കണക്കിലെടുത്ത് കാലിത്തീറ്റക്ക് സബ്സിഡി അനുവദിക്കുകയും സഹകരണ സംഘത്തോടനുബന്ധിച്ച് കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുകയും സഹകരണസംഘങ്ങൾ മുഖാന്തിരം ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റക്ക് നികുതി ഒഴിവാക്കിക്കൊടുക്കുകയും ചെയ്യണം.

**കൺസ്യൂമർ മേഖല**

പൊതുവിപണനം ശക്തിപ്പെടുത്തുന്നതിനായി ബീനാച്ചി-പഴുപ്പത്തൂർ, കുപ്പാടി-ചിതലയം കേന്ദ്രീകരിച്ച് കൺസ്യൂമർ സൊസൈറ്റികൾ രൂപീകരിക്കണം.

**വനിതാ സഹകരണസംഘം**

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സമ്പാദ്യശീലം വളർത്തുന്നതിനും വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ഈ സംഘത്തിന്റെ നേതൃത്വത്തിൽ കറിപൗഡർ നിർമ്മാണം വസ്ത്രനിർമ്മാണം, ടൈപ്പ് റൈറ്റിംഗ് സെന്ററുകൾ, മെഴുകുതിരി ചന്ദനത്തിരി നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ഖാദി ഗ്രാമവ്യവസായബോർഡിൽ നിന്നും സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യണം.

**കളിമൺ നിർമ്മാണ സഹകരണസംഘം**

പരമ്പരാഗത കുടിൽ വ്യവസായ മായ മൺപാത്രനിർമ്മാണം പൂച്ചട്ടി നിർമ്മാണവും സംരക്ഷിക്കുന്നതിനായി 10,11,12 വാർഡുകൾ കേന്ദ്രീകരിച്ചു സഹകരണസംഘം രൂപീകരിക്കണം.

**ആദിവാസി സഹകരണസംഘം**

ബത്തേരി ഗ്രാമപഞ്ചായത്തു കൂടി പരിധിയിലായി ഒരു ആദിവാസി സംഘം കല്ലൂരിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ ഗുണം ലഭിക്കുന്നില്ല അതിനാൽ ബത്തേരി പഞ്ചായത്തിലെ 3,4,6,10,11,12,13 വാർഡുകൾ കേന്ദ്രീകരിച്ച് വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി ആദിവാസി സഹകരണസംഘം രൂപീകരിക്കണം.

**ഹരിജൻ സഹകരണസംഘം**

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നല്കുന്നതിനുമായി ഒരു പട്ടിക ജാതി സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

**ആയുർവ്വേദ സഹകരണ ആശുപത്രി**

പാരമ്പര്യചികിത്സസാരീതികളേയും 60% പച്ചമരുന്നുകളുടേയും സംരക്ഷിക്കുന്നതിനായി 30% ആദിവാസികളേയും ബാക്കി വിദഗ്ദന്മാരേയും അഭ്യുദയ കാംക്ഷികളേയും ഉൾപ്പെടുത്തി ഒരു സഹകരണ സംഘം രൂപീകരിക്കണം

**ഇഷ്ടിക നിർമ്മാണ സഹകരണസംഘം**

വർദ്ധിച്ചുവരുന്ന കെട്ടിടനിർമ്മാണപ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഒൻപതാം വാർഡിൽ ഒരു ഇഷ്ടിക നിർമ്മാണ ശാല രൂപീകരിക്കണം

**കോഫി മാർക്കറ്റിംഗ് & പ്രൊസസ്സിംഗ് സഹകരണ സംഘം**

കാപ്പികൃഷിക്ക് പ്രാധാന്യമുള്ള ബത്തേരിയിൽ കാപ്പിയുടെ മാർക്കറ്റിംഗും സംസ്ക്കരണവും നടത്തുന്നതിന് ഒരു സഹകരണസംഘം ആരംഭിക്കാവുന്നതാണ്.

**മാംസസംസ്ക്കരണ കേന്ദ്രം**

കന്നുകാലി വളർത്തൽ പ്രധാന ഉപതൊഴിലായ വയനാട്ടിൽ വർദ്ധിച്ചുവരുന്ന മാംസത്തിന്റെ ആവശ്യത്തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മാംസസംസ്ക്കരണം വിപണന കേന്ദ്രം ആരംഭിക്കാവുന്നതാണ്.

**സഹകരണ ആശുപത്രി**

ചികിത്സാരംഗത്ത് സ്വകാര്യമേഖലയെ ആശ്രയിക്കുന്ന ബത്തേരിയിൽ സഹകരണ അടിസ്ഥാനത്തിൽ ആധുനിക സൗകര്യമുള്ള ആശുപത്രിക്ക് രൂപം നല്കാവുന്നതാണ്.

**സ്കൂൾ സഹകരണസംഘങ്ങൾ**

നിലവിലുള്ള സഹകരണസംഘങ്ങൾ വഴി പാഠപുസ്തകങ്ങൾക്ക് പുറമെ യൂണിഫോമുകളും മറ്റ് ഉപകരണങ്ങളും നല്കണം. ചേനാട് ഗവ. ഹൈസ്കൂളിൽ ഒരു സ്കൂൾ സഹകരണ സംഘം രൂപീകരിക്കണം. ബീനാച്ചി കുപ്പാടി, സ്കൂളുകൾ കേന്ദ്രീകരിച്ച് ഓരോ പ്രാഥമിക വിദ്യാലയ സഹകരണസംഘവും ഉണ്ടാക്കണം.

5.11

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 35034 ആണ്. ഇതിൽ പട്ടികജാതി 1754 (ജനസംഖ്യയുടെ 5%) 880 പുരുഷൻ ; 874 സ്ത്രീകൾ പട്ടിക വർഗ്ഗം 4175 (ജനസംഖ്യയുടെ 12%) പുരുഷൻ 2114; സ്ത്രീകൾ : 2061, പട്ടികജാതിക്കാരുടെ 3 കോളനിയും പട്ടിക വർഗ്ഗക്കാരുടെ 79 കോളനികളും ഈ പഞ്ചായത്തിൽ ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഈ വിഭാഗങ്ങൾക്ക് കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹിക സാമ്പത്തിക രംഗത്ത് കാലാകാലം ചൂഷണം ചെയ്യപ്പെട്ടുവരുന്ന പട്ടികവർഗ്ഗക്കാർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും സാക്ഷാത്ക്കരിക്കാൻ കഴിയാതെ പോയതും ഉച്ചനീചത്വങ്ങളിൽ നിന്ന് പൂർണ്ണമായി മോചനം ലഭിക്കാത്തതും ഈ വിഭാഗത്തിന്റെ ഉന്നമനത്തിന് തടസ്സമായിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന പല ആനുകൂല്യങ്ങളും നർബന്ധമായ നിബന്ധനകളാലും ഇന്ന് ഇതേക്കുറിച്ചുള്ള അറിവില്ലായ്മയും ലഭ്യമാകാറില്ല. പല പദ്ധതികളുടെയും ഗുണഫലങ്ങൾ ഇതിൽ നിന്നും അപഹരിക്കപ്പെട്ടുപോകുന്നു എന്നതും ഒരു സത്യംമാത്രം.

പട്ടികവർഗ്ഗക്കാരിൽ നല്ലൊരു ശതമാനം ഇന്നും നിരക്ഷരരാണ്. പട്ടികജാതിക്കാരിൽ ഇതിന് വളരെയധികം മാറ്റമുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവാണ് തുടർവിദ്യഭ്യാസം കൊടുക്കന്നതിനാവശ്യമായ ധനസഹായം മുതലായവ ചെയ്തു കൊടുക്കേണ്ടതാണ്. 1996-1997 അധ്യയന വർഷത്തിൽ അപ്പർ പ്രൈമറി ഹൈസ്കൂൾ തലങ്ങളിലായി ഏകദേശം 600ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. SSLC പാസ്സായി ഉപരിപഠനം നടത്തുന്നവർ വളരെ കുറവാണ്. പഞ്ചായത്തിൽ ട്രൈബൽ ഹോസ്റ്റലുകൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമോ വേണ്ടത്ര സജ്ജീകരണോ ഇല്ലാത്ത അവസ്ഥയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണെങ്കിലും തകർച്ചയെ നേരിടുന്ന കാർഷികമേഖലയിൽ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നതിനാൽ ഉപജീവനത്തിനായി ഇവർക്ക് മറ്റു മേഖലകളെ ആശ്രയിക്കേണ്ട സ്ഥിതി സംജാതമായിരിക്കുന്നു. ഇവർക്ക് പരമ്പരാഗത തൊഴിലിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുകയും സാമ്പത്തിക സഹായം നല്കുകയും വേണം.

പഞ്ചായത്തിൽ 79 പട്ടികവർഗ്ഗ കോളനികളും 3 പട്ടികജാതി കോളനികളുമാണ് ഉള്ളത്. മണിച്ചിറ. പൂതിക്കാട്, പഴുപ്പത്തൂർ എന്നീ 3 പട്ടിക ജാതി കോളനികളിലായി 62 കുടുംബങ്ങൾ താമസിക്കുന്നു. ഈ 3 കോള

പട്ടിക ജാതി കോളനി

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | മണിച്ചിറ | 23 |
| 2 | പൂതിക്കാട് | 16 |
| 3 | പഴുപ്പത്തൂർ | 23 |
| 4 | ആർമാട് | 10 |
| 5 | കോട്ടക്കുന്ന് | 5 |
| 6 | കുപ്പാടി | 5 |
| 7 | ചെതലയം | 13 |
| 8 | വേങ്ങൂർ | 2 |
| 9 | പഴേരി | 10 |
| 10 | ഓടപ്പുള്ളം | 12 |
| 11 | തിരുനെല്ലി | 5 |
| 12 | കൈപഞ്ചേരി | 8 |
| 13 | കരുവള്ളിക്കുന്ന് | 5 |
| 14 | വെള്ളവാട്ട് | 2 |

## വാർഡ് പട്ടികവർഗ്ഗം (947 കുടുംബം)

| ക്രമനമ്പർ വാർഡ് | കോളനിയുടെ പേര് | | വീടുകളുടെ എണ്ണം |
|---|---|---|---|
| 1. | കാവുങ്കര. (കട്ടയാട്) | കാട്ടുനായ്ക്കകോളനി | 3 |
| 2. | മുള്ളൻകുന്ന് | ,, | 6 |
| 3. | വട്ടുവാടി | ,, | 7 |
| 4. | കൈപ്പഞ്ചേരി | ,, | 11 |
| 5 | തിരുനെല്ലി | ,, | 2 |
| 6 | ഓടപ്പൊള്ളം | ,, | 16 |
| 7 | പഴേരി തോട്ടക്കര | ,, | 11 |
| 9 | പാമ്പറ മൂല | ,, | 19 |
| 10 | പുത്തനൂർ | | 5 |
| 11 | മടയൻവയൽ (കൊച്ചമൂല) | ,, | 12 |
| 12 | പാത്തിമയൽ | ,, | 6 |
| 13 | മണൽവയൽ | ,, | 7 |
| 14 | പുകലമാളം | ,, | 11 |
| 15 | പൂവഞ്ചി | ,, | 16 |
| 16 | താത്തൂർ | ,, | 4 |
| 17 | കൊമ്മഞ്ചേരി | ,, | 6 |
| 18 | മെതലയം | ,, | 16 |
| 19 | ചീനപ്പുല്ല് | ഊരാളി | 3 |
| 20-13 | ഏഴിച്ചാൽ | ,, | 6 |
| 21-12 | കോളിമൂല | ,, | 7 |
| 22 | പൂതിക്കാട് | പണിയ | 10 |
| 23 | വട്ടത്തിമൂല | ,, | 5 |
| 24 | പാത്തിമായൽ | ,, | 7 |
| 25 | അമ്പലകുന്ന് | ,, | 5 |
| 26 | മണിമൂല | ,, | 1 |
| 27 | കട്ടയാട് | ,, | 22 |
| 28 | അമ്പലകുന്ന് ബീനാച്ചി | ,, | 6 |
| 29 | കട്ടയാട് കയ്മഗ്രാമം | ,, | 7 |
| 30 | പഴുപ്പത്തൂർ | ,, | 4 |
| 31 | വട്ടൻചിറ | ,, | 20 |
| 32 | തച്ചൻച്ചിറ | ,, | 19 |
| 33 | പുകലമാളം | ,, | 2 |
| 34 | പൂവഞ്ചി | ,, | 53 |
| 36 | നെല്ലിപ്പറ്റ | ,, | 10 |
| 37 | വാളാംഞ്ചേരി | ,, | 10 |

| | | | |
|---|---|---|---|
| 38 | താനൂർ | ,, | 15 |
| 39 | ആർമാട് | ,, | 15 |
| 40 | വെള്ളിമാട് | ,, | 7 |
| 41 | ,, ചേലൂർ | ,, | 11 |
| 42 | വെള്ളംയികുഴി | ,, | 19 |
| 43 | വെള്ളപ്പാട്ട് | ,, | 22 |
| 44 | പുതുച്ചോല | ,, | 10 |
| 45 | പഴേരി | ,, | 20 |
| 46 | വേണ്ടൂർ | ,, | 20 |
| 47 | പുത്തനൂർ | ,, | 20 |
| 48 | പടിപ്പുര | ,, | 05 |
| 49 | മടയൻമയൽകൊച്ചൻമൂല | ,, | 08 |
| 50 | ,, | ,, കാട്ടുനായ്ക | 12 |
| 51 | കാലുങ്കര പണിയ | | 6 |
| 52 | മാനാകൂനി | ,, | 32 |
| 53 | കല്ലുവയൽ | ,, | 32 |
| 54 | മാവാടി – പണിയ | | 11 |
| 55 | കുറ്റംമ്പാളി | ,, | 18 |
| 56 | ഈരാൻകൊല്ലി | ,, | 41 |
| 57 | പന്തംച്ചിറ | ,, | 3 |
| 58 | കരിവള്ളികുന്ന് | ,, | 12 |
| 59 | പുതുവീട് | ,, | 29 |
| 60 | കോട്ടകുന്ന് | ,, | 10 |
| 61 | ആർമാട് | ,, | 8 |
| 62 | മുണ്ടക്കര | കുറുമകോളനി | 3 |
| 63 | അമ്പലകുന്ന് | ,, | 12 |
| 64 | വട്ടുവാടി | ,, | 12 |
| 65 | കൈപ്പഞ്ചേരി | ,, | 11 |
| 66 | തൊടുവെട്ടി | ,, | 10 |
| 67 | പാളക്കര | ,, | 15 |
| 68 | തിരുനെല്ലി | ,, | 39 |
| 69 | വടച്ചിറ | ,, | 18 |
| 70 | പുതുവീട് | ,, | 2 |
| 71 | ആർമാട് | ,, | 5 |
| 72 | ചക്കല | ,, | 07 |
| 73 | പഴേരി | ,, | 06 |
| 74 | നായിന്തമൂല | ,, | 05 |
| 75 | മീട്ടിക്കുറ്റി | ,, | 08 |
| 76 | ,, | | 4 |
| 77 | തച്ചൻച്ചിറ | ,, | 4 |
| 78 | തൊട്ടുമെട്ടി പണിയ | | 17 |
| 79 | പടിപ്പുര ഊരാളി | | 17 |

നികളിലും പ്രാഥമിക സൗകര്യങ്ങൾ ഉണ്ടെങ്കിലും പഴുപ്പത്തൂർ കോളനിയിൽ വയറിംഗ് കഴിഞ്ഞിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല. ഇവ 3ഉം IHDP കോളനികളാണ്. എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പട്ടികജാതി വികസന വകുപ്പിന്റെ കണക്കിൽപ്പെടാത്ത 90ഓളം കുടുംബങ്ങൾ ഉള്ളതായി മനസ്സിലാകുന്നു.

ആദിവാസികളിൽ കുറേപേർ വനഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നുണ്ട്. ആദിവാസികളുടെ കൈമാറിയ ഭൂമി പ്രശ്നങ്ങളും നിലനില്ക്കുന്നുണ്ട്. വനപ്രദേശത്ത് താമസിക്കുന്ന ഇവരുടെ കുടിലുകൾക്കും വന്യമൃഗഭീഷണി നിത്യസംഭവമാണ്.

**പ്രശ്നങ്ങൾ**

1. എല്ലാവർക്കും സ്വന്തമായ വീടില്ല

2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. ആയതിനാൽ വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകന്നു.

3. മാറാരോഗം കോളനികളിൽ നിത്യസംഭവമാണ്.

4.തൊഴിൽ ലഭ്യത കുറയുന്നു.

5. കോളനികളിൽ റോഡ്, കുടിവെള്ളം, വൈദ്യുതി, പൊതുശ്മശാനം എന്നിവ ഇല്ല.

6. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല

7. നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

8.പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും നൽകുന്ന ധനസഹായങ്ങൾ ലക്ഷ്യം നേടുന്നില്ല.

9. IRDP പോലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികവർഗ്ഗ ക്ഷേമത്തിന് നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

**സാധ്യതകൾ**

1. കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പുതിയ പദ്ധതി കണ്ടെത്തണം.

2. പൊതുശ്മശാനത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തണം.

3. ക്ഷേമപ്രവർത്തനത്തെക്കുറിച്ച് അറിവുണ്ടാവുന്നതിന് ബോധവൽക്കരണ ക്ലാസുകൾ നടത്തണം

4. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കണം

5. പരമ്പരാഗത തൊഴിലുകളായ പായനെയ്ത്ത്, കുട്ടനെയ്ത്ത്, പനമ്പ് നെയ്ത്ത് എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും ഇതിന്നാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിലുള്ള നിയമതടസ്സം ഒഴിവാക്കുകയും ചെയ്യണം

6. കോളനികളിലെ പെൺകുട്ടികളെ കൈത്തൊഴിൽ പരിശീലിപ്പിക്കുകയം സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്യണം.

7. സഹകരണസംഘങ്ങൾ രൂപീകരിച്ച് മറ്റ് വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കണം.

8. വ്യവസായ പരിശീലനം നല്കുകയും പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ അനുവദിക്കുകയും ചെയ്യുക

9. സ്ത്രീകൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

10. കൃഷിഭവൻ മുഖേന നൽകുന്ന സാമ്പത്തിക സഹായവും ഉപകരണങ്ങളുടെ വിതരണവും കൃത്യമായി ചെയ്യുക

11. വീട് നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുകയും കക്കൂസ് നിർമ്മിക്കുകയും ചെയ്യുക.

12. സ്വന്തമായി വീടില്ലാത്തവർക്ക് റേഷൻകാർഡ് ലഭിക്കുന്നതിനാവശ്യമായ നിയമനടപടികളും ബുദ്ധിമുട്ടുകളും ഒഴിവാക്കണം.

13. കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ തുടങ്ങിയവ എളുപ്പം ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാക്കണം

14. IRDP പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എളുപ്പം ലഭ്യമാക്കണം.

15. വീടുകൾക്ക് വൈദ്യുതി എത്തിക്കുവാനുള്ള കാലതാമസം ഒഴിവാക്കണം

5.12

# വിഭവസമാഹരണം

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിൽ 13 ബാങ്കിംഗ് സ്ഥാപനങ്ങളും ഇവക്ക് പുറമെ , LIC, KSFE, ന്യൂ ഇൻഡ്യാ, അഷുറൻസ് കമ്പനി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ സമാഹരിക്കുന്നുണ്ട്. എന്നാൽ സ്വരൂപിക്കുന്ന സംഖ്യയുടെ ചെറിയ ശതമാനം മാത്രമാണ് കാർഷിക ചെറുകിട വ്യവസായ, സ്വയംതൊഴിൽ പദ്ധതികൾക്കായി വായ്പ നല്കുന്നത്. പ്രത്യക്ഷ ഉല്പാദന മേഖലയിൽ ധനകാര്യസ്ഥാപനങ്ങളുടെ സമീപകാലത്തെ പ്രവർത്തനം നിരാശാജനകമാണ്. ഇത് കാരണം സ്വകാര്യ സ്ഥാപനങ്ങളുടെ കഴുത്തറപ്പൻ സമീപനത്തിന് ജനങ്ങൾ ഇരയാകേണ്ടിവരുന്നു.

ഈ പ്രദേശം ഒരു കാർഷിക മേഖലയാണ് മൂന്നിൽ ഒരു ഭാഗം വനങ്ങളുമാണ്. പ്രധാന കൃഷി കാപ്പി, കുരുമുളക്, നെല്ല്, ഇഞ്ചി, ചേന, റബ്ബർ, വാഴ എന്നിവയാണ്. മേഖലയിലെ എല്ലാ ഉല്പാദനവും കുറഞ്ഞു വരുന്നു. പച്ചക്കറി ഉല്പാദനത്തിനും സാദ്ധ്യതയുണ്ട്. കൃഷിക്കാർക്ക് ശാസ്ത്രീയമായ കൃഷിരീതികളും ആവശ്യമായ വായ്പ സൗകര്യങ്ങളും സബ്സിഡിയും നല്കി ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. വനവിഭവങ്ങളെ അടിസ്ഥാനമാക്കിയ ഇടത്തരം, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയാൽ പഞ്ചായത്തിന് വരുമാനമാർഗ്ഗമാണ്.

കാർഷിക വിഭവങ്ങളും മറ്റും വിറ്റഴിക്കുന്നതിന് വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ പ്രധാന വരുമാനങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

| | |
|---|---|
| 1. കെട്ടിട നികുതി | 16,907/- |
| 2 തൊഴിൽ നികുതി | 1220477 |
| 3. വിനോദനികുതി | 1709556 |
| 4. കെട്ടിട വാടക | 1427770 |
| 5. ലൈസൻസ് ഫീ | 68794 |
| 6. വസ്തു കൈമാറ്റ നികുതി | 251427 |

95-96ൽ ലഭിച്ച ഗ്രാന്റ് ഇനങ്ങൾ

| | | |
|---|---|---|
| 1. ഗ്രാമീണ റോഡ് സംരക്ഷണം | | 46477.00 |
| 2. ചെറുകിട ജലസേചനം | | 1264.00 |
| 3. വി.ടി.സി. ഗ്രാന്റ് | | 174320.00 |
| 4. മറ്റ് വികസന പ്രവർത്തനങ്ങൾ | | 135833.00 |
| 5. ഉപാധി രഹിതഫണ്ട് | TSP | 569948.00 |
| | SCP | 117900.00 |
| | ജനറൽ | 90000.00 |
| | | 150000.00 |
| 6 ബേബീസ് ട്രാക്റ്റ് ഗ്രാന്റ് | | 127943.00 |
| 7. JRV ഫണ്ട് | | 846691.00 |
| | | 2260376.00 |

കഴിഞ്ഞ പത്തുവർഷത്തെ വരുമാനം സംബന്ധിച്ച് വിശദമായി പരിശോധിച്ചതിൽ വരുമാനത്തിൽ വളരെയേറെ അതായത് 3 ഇരട്ടിയിലധികം വർദ്ധിച്ചിട്ടുണ്ട്.

എസ്റ്റാബ്ലിഷ് ചാർജ് 10 വർഷത്തെ കണക്ക് പരിശോധിച്ചതിൽ 86- 87ൽ 8.66% 91-92ൽ 14.96%വും 95-96ൽ 19.14%വും ആണ്.

വിഭവസമാഹരണത്തിന്റെ വലിയ ഒരു ഭാഗം മരാമത്ത് പ്രവർത്തികൾക്കാണ് ചിലവിടുന്നത്. പൊതു

മരാമത്ത് പ്രവർത്തികൾ കരാറുകാർ, നോമിനി, പഞ്ചായത്ത് നേരിട്ട് എന്നീ രീതിയിൽ ചെയ്യുന്നു. നേരിട്ടു ചെയ്യുന്ന പ്രവർത്തിയിലും ഇടത്തട്ടുകാർ കടന്നുകൂടുന്നു. ഇതുമൂലം മരാമത്ത്പ്രവർത്തികളിലൂടെ വിഹിതം കൂടുന്നതല്ലാതെ ഉദ്ദേശിച്ച ഫലം കിട്ടുന്നില്ല. നല്ലൊരു വിഹിതം ചോർന്നുപോകുന്നു.

ഇത് ഒഴിവാക്കാൻ പുതിയ സംവിധാനത്തിൻ കീഴിൽ ഓരോ വാർഡിലും വാർഡ് മെമ്പർ കൺവീനറായി ആരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത പ്രവർത്തി കമ്മിറ്റി നേരിട്ടു ചെയ്യിക്കുകയും പ്രവർത്തിക്കുവേണ്ടിവരുന്ന മനുഷ്യാധ്വാനം ശ്രമദാനമായി സ്വരൂപിക്കുകയും വേണം.

സർക്കാരിൽ നിന്നും കിട്ടുന്ന വിവിധ ഇനം ഗ്രാന്റുകൾ യഥാർത്ഥത്തിൽ കിട്ടേണ്ടവിഹിതം പഞ്ചായത്തിന് കിട്ടുന്നില്ല. ഭൂമി രജിസ്ട്രേഷൻ ഇനത്തിൽ ഭൂമിയുടെ വില കുറച്ചു കാണിക്കുന്നതുമൂലം അഴിമതി നടക്കുന്നു. പഞ്ചായത്തിനുവരുമാനത്തിൽ കുറവ് വരുന്നു. VTC ഇനത്തിലും യഥാർത്ഥ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നില്ല.

ഗ്രാന്റുകളുടെ വിതരണം പഞ്ചായത്തിലെ ജനസംഖ്യയുടെയും പിന്നോക്കാവസ്ഥയുടേയും മാനദണ്ഡമനുസരിച്ചാണെങ്കിൽ കുറേക്കൂടി നീതിപൂർവ്വമാകും.

ബത്തേരി പഞ്ചായത്ത് പോലുള്ള ഒരു പ്രദേശത്ത് ലൈസൻസ് ഫീ ഇനത്തിൽ ഉള്ള വരുമാനം വളരെ കുറവാണെന്ന് തോന്നുന്നു. ഫീസ് കലാനുസൃതമായി വർദ്ധിപ്പിക്കണം. ലോഡ്ജിംഗ് രജിസ്ട്രേഷൻ ഫീ ഈടാക്കുന്ന മാതിരി വാടകക്ക് താമസിക്കാൻ മാത്രമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് രജിസ്ട്രേഷൻ ഫീ ചുമത്താവുന്നതാണ്.

കെട്ടിട നിർമ്മാണ ചട്ടം ലഘൂകരിക്കയും അതേ സമയം പ്രധാന റോഡ് സൈഡിലുള്ള നിർമ്മാണപ്രവർത്തനനിയമം കർശനമായി പാലിക്കുകയും വേണം. സാധാരണക്കാർക്ക് കെട്ടിട നിർമ്മാണ പെർമിഷൻ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. 10 ദിവസത്തിനകം ഇത്തരം അനുവാദം കിട്ടാനുള്ള നടപടി സ്വീകരിക്കണം. കെട്ടിട നിർമ്മാണ ഫീസ് വർദ്ധിപ്പിക്കാവുന്നതാണ്.

മരാമത്ത് / വികസനം എസ്റ്റാബ്ലിഷ്മെന്റ് എന്നിവയുടെ ചിലവ് കഴിഞ്ഞാൽ പ്രധാന ചിലവ് വരുന്നത് ശുചീകരണത്തിനും വിദ്യുചഛക്തിക്കുമാണ്.

5. ലക്ഷത്തിൽപരം രൂപ ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ടു ചിലവഴിക്കുന്നു. എന്നാൽ ടൗണിലെ ശുചീകരണം തൃപ്തികരമല്ല. ജീവനക്കാരുടേയുംതൊഴിലാളികളുടേയും പ്രവർത്തനം വിലയിരുത്തണം. കച്ചവടക്കാരേയും ഷോപ്പ് ഉടമകളേയും ബോധവാന്മാരാക്കുയും മാർഗനിർദ്ദേശം നല്കുകയം വേണം ശാസ്ത്രീയമായി Drainage പദ്ധതി നടപ്പാക്കണം. ഇതിനായി സ്കാവഞ്ചറിസ് cess ചുമത്താവുന്നതാണ്.

ടൗണിലും പരിസരത്തുമായി 75 സോഡിയം ലാംബ് 3 മെർക്കുറി, 60 ട്യൂബ്, 230 ബൾബ് എന്നിവയുടെ കരണ്ട് ചാർജ് ഇനത്തിൽ 210000/കയോളം ചിലവഴിക്കന്നതായി മനസ്സിലാകുന്നു. 30%ത്തിലധികം കത്തുന്നില്ല. ടൗണിന്റെ പല ഭാഗങ്ങളും ഇരുട്ടിലാണ്.

പുരകെട്ടി മേയുന്നതിനും മറ്റും നല്ല സംഖ്യ ചിലവിടുന്നതായി കാണുന്നു. കൂടുതൽ പേർക്ക് തുച്ഛമായ സംഖ്യ നല്കുന്നതിലും നല്ലത് കുറഞ്ഞ ആളുകളെ തിരഞ്ഞെടുത്ത് കുറഞ്ഞത് 500 ക എങ്കിലും കെട്ടിമേയൽ സഹായധനം കൊടുക്കുകയും പ്രസ്തുത സംഖ്യ പൂർണ്ണമായും ആയതിന് ഉപയോഗിച്ചു എന്ന് ഉറപ്പുവരുത്തുകയു വേണം.

നികുതി നിർണ്ണയിക്കുന്നതിനുള്ള അശാസ്ത്രീയത. ഒഴിഞ്ഞുപോകൽ, നികുതിവെട്ടിപ്പ്, എന്നിവയിലൂടെ ഇന്നു ലഭിക്കാവുന്ന വരുമാനത്തിന്റെ 30 ശതമാനത്തിലേറെ കുറവു വരുന്നുണ്ട്. നികുതി പിരിവ് ഊർജിതമാക്കാനും അസ്സസ്മെന്റിൽ നിന്നും ഒഴിവാകുന്നത് കണ്ടെത്താനും സംവിധാനം വേണം.

**തൊഴിൽ നികുതി.**

ഒരു വർഷത്തിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20/-ക മുതൽ 2500/-ക വരെ തൊഴിൽ നികുതി ഈടാക്കാൻ നിയമമുണ്ടെങ്കിലും യഥാർത്ഥ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നല്കുന്നത് സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖല, ബാങ്കിംഗ് ജിവനക്കാരും മാത്രമാണ്. പഞ്ചായത്തിലെ ഭൂഉടമകളും വൻകിട സ്ഥാപനങ്ങളും വാണിജ്യസ്ഥാപനങ്ങളും 3 class ഉദ്യോഗസ്ഥർ നല്കുന്ന തൊഴിൽ നികുതി നല്കുന്നില്ല ഇതിനു കാരണം ഉദ്യോഗസ്ഥന്മാരുടെതൊഴികെ യഥാർത്ഥ വരുമാനം നിശ്ചയിക്കാനും ശേഖരിക്കാനും ഇന്നു കഴിയുന്നില്ല എന്നുള്ളതാണ് ഇതിനു പരിഹാരമായി വർഷത്തിൽ 12000/ക വരെ വരുമാനമുള്ളവരെ തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കി 12000 കയിൽ

കവിഞ്ഞ വരുമാനക്കാർ നിർബന്ധമായും വരുമാന സംബന്ധിച്ച റിട്ടേൺ ഓരോ വർഷവും ജൂൺ 30നകം (ഇൻകം ടാക്സ് പോലെ) സമർപ്പിക്കുന്ന തിന് നിയമം മൂലം നിർദ്ദേശിക്കണം.

**കെട്ടിട നികുതി**

കെട്ടിട നികുതി ചുമത്തുന്ന ഇന്നത്തെസമ്പ്ര ദായം തികച്ചും അശാസ്ത്രീയമാണ്. അത് കാരണം ധാരാളം ക്രമക്കേടുകലും അഴിമതിയും നകുതി നിർണ്ണ യത്തിൽ വരുന്നുണ്ട്.

ദുർബല വിഭാഗങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കണം കെട്ടിടനികുതി നിർണ്ണയിക്കുന്നതിന് കെട്ടി ടങ്ങളെ 4 ആയി തരംതിരിക്കാം

1.ഓടിട്ടത്, ഇത്ര SFൽ കൂടുതൽ ഉള്ളതും

2. കോൺക്രീറ്റ് ടറസ് ഇത്ര SFവരെ ,

3. 1.0 ലക്ഷത്തിൽ കൂടുതൽ ചിലവു വരുന്നതും 1000 SFൽ കൂടുതലുള്ളതും (ലക്ഷ്വറി)

4. വാടകക്ക് കൊടുക്കുന്നവ ഇവയെ SFന്റെ അടിസ്ഥാനത്തിൽ Slab സമ്പ്രദായം ആക്കണം.

**വിനോദനികുതി**

പഞ്ചായത്തുകളിൽ Urban, Rural എന്ന രണ്ട് തരമായി തിരിച്ച് Seatന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്താവുന്നതാണ്.

**പരസ്യനികുതി**

പഞ്ചായത്തുകൾക്ക് ഒരു വരുമാനമാർഗ്ഗമെന്ന നിലയിൽ പരസ്യനികുതി ഏർപ്പെടുത്തിയിട്ടുണ്ട്. സുൽത്താൻ ബത്തേരി പഞ്ചായത്തിൽ ഈ ഇന ത്തിൽ ഒരു നല്ലസംഖ്യ വരുമാനം പ്രതീക്ഷിക്കാം. ഉടനെ ഈ പഞ്ചായത്തിൽ പരസ്യനികുതി നടപ്പിലാ ക്കണം.

**പ്രശ്നങ്ങളും സാദ്ധ്യതകളും**

**1. പ്രശ്നങ്ങൾ**

1. നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത കാരണം യഥാർത്ഥ നികുതി പിരിച്ചെടുക്കാൻ കഴിയു ന്നില്ല

2. നികുതി അടവിനെപ്പറ്റി ജനങ്ങൾ വേണ്ടത്ര ബോധവാന്മാർ അല്ലാത്തതിനാൽ പിരിച്ചെടുക്കാൻ ദുർവ്യയം കൂടുന്നു.

3. ഭൂനികുതി മുതലായവ നിശ്ചിത തിയ്യതി കഴി ഞ്ഞാൽ പിഴ പലിശ ഈടാക്കി വരുന്നതിനാൽ ഭൂനി കുതി അടക്കാൻ എല്ലാവർക്കും ഉത്സാഹമാണ് കെട്ടി ടനികുതി തൊഴിൽ നികുതി എന്നിവക്ക് പിഴ പലിശ ഇല്ലാത്തതിനാൽ പിരിവിന് ബുദ്ധിമുട്ടുണ്ട്.

4. സർക്കാറിൽ നിന്ന് കിട്ടുന്ന STAMP DUTTY , VTC, BASIC TAx എന്നിവ യഥാസമയം പഞ്ചായ ത്തിന് ലഭിക്കാത്തതിനാൽ വികസനത്തിന് ചിലവിടാൻ യഥാസമയം കഴിയുന്നില്ല.

**സാദ്ധ്യതകൾ**

1.പഞ്ചാത്തിൽ നിന്നും പിരിച്ചെടുക്കുന്ന വില്പന നികുതി അഗ്രി: ഇൻകം ടാക്സ് എന്നിവ യുടെ ഒരു വിഹിതം പഞ്ചായത്തിന് ലഭിക്കാൻ നിയമം വേണം.

2. Auto stand, Taxi stand, Lorry Stand എന്നി വക്ക് സ്ഥലം കണ്ടെത്തി Stand നിർമ്മിച്ചാൽ Fees ഇനത്തിൽ നല്ല വരുമാനം ലഭിക്കും.

3. പഞ്ചായത്തിൽ കൂടി കടത്തിപ്പോകുന്ന മര ങ്ങൾ മുള എന്നിവക്ക് നികുതി ചുമത്തണം

4. അടിയന്തിരമായി പൊതുചന്ത നിർമ്മിക്കണം.

5. പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്തിൽ

1. കോട്ടക്കുന്ന്, 2 പഞ്ചായത്ത് കോമ്പൗണ്ടിന് സമീപം, Shopping Complex, Office Building, എന്നിവ പണിയുക.

മേൽപ്പറഞ്ഞവമൂലം നികുതിഇതരവരുമാനം വർദ്ധി ക്കുകയും ഭാവിയിൽ നികുതി വർദ്ധനവ് വരുത്താതി രിക്കാൻ സഹായമാകുകയും ചെയ്യും.

ഏറ്റവും വലിയ വിഭവം മനുഷ്യാധ്വാനമായ തിനാൽ എല്ലാ വാർഡിലും ഇതിനുള്ളസ്ഥിരം കർമ്മ സമിതികൾ രൂപീകരിക്കണം. ഇത് മൂലം വികസന പ്രവർത്ത നത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്ന താണ്.

5.13



# ടൂറിസം

സാംസ്ക്കാരിക ടൂറിസത്തിന് വളരെയധികം പ്രസക്തിയും പ്രാധാന്യവുള്ള പ്രദേശമാണ് സുൽത്താൻ ബത്തേരി. AD 12-ാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ടതെന്ന് കരുപ്പെടുന്ന ബത്തേരിയിലെ ജൈനക്ഷേത്രം ഇപ്പോൾ തന്നെ ഒട്ടേറെ സന്ദർശകരെ ആകർഷിക്കുന്ന ഒന്നാണ്. കിടങ്ങനാട് ജൈനബസ്ററി എന്നറിയപ്പെടുന്ന ഈ ക്ഷേത്രം 9-ാം നൂറ്റാണ്ട് മുതൽ ടിപ്പുവിന്റെ പടയോട്ടം വരെ ബത്തേരിയിൽ നിലനിന്നിരുന്ന ജൈന സംസ്ക്കാരത്തിന്റെ ഏക സ്മാരകമാണ്. അക്കാലത്തു ബത്തേരി അറിയപ്പെട്ടിരുന്നത് 12 തെരുവുകൾ എന്നർത്ഥമുള്ള ഹെന്നരഡുബിഥി എന്നായിരുന്നു. ടിപ്പുവിന്റെ മലബാർ അധിനിവേശക്കാലത്ത് ജൈനന്മാർ ഈ ക്ഷേത്രം ഉപേക്ഷിച്ചു പോകുകയും ടിപ്പു ഈ ക്ഷേത്രം തന്റെ ആയുധപ്പുരയാക്കുകയും ചെയ്തു. തുടർന്ന് ഗണപതിവട്ടം എന്ന പേരു കൂടി ഉണ്ടായിരുന്ന ആ പ്രദേശം സുൽത്താൻ ബത്തേരി (Sulthan Bathery) എന്ന് അറിയപ്പെടുവാൻ തുടങ്ങി. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയാണ് ഇപ്പോൾ ഈ ക്ഷേത്രം സംരക്ഷിക്കുന്നത്. വയനാടിന്റെ ചരിത്രത്തിൽ നിസ്തുലമായ പ്രാധാന്യമുള്ള ഈ ചരിത്രസ്മാരകം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുകയാണെങ്കിൽ സാംസ്ക്കാരിക ടൂറിസത്തിന്റെ മേഖലയിൽ ബത്തേരിയുടെയും പേര് എഴുതിച്ചേർക്കുവാൻ സാധിക്കും. കെട്ടിട നിർമ്മാണശൈലിയിലും വാസ്തുവിദ്യയിലും ഒട്ടേറെ പ്രത്യേകതയുള്ള ഈ ക്ഷേത്രം ചരിത്ര വിദ്യാർത്ഥികളേയും സാംസ്ക്കാരിക താൽപ്പര്യമുള്ള ടൂറിസ്റ്റുകളേയും ഇപ്പോൾത്തന്നെ ആകർഷിക്കുന്നുണ്ട്. ഒരു ടൂറിസ്റ്റ് കേന്ദ്രം എന്ന നിലയിൽ ഇതിനെ മാറ്റിയെടുത്താൽ ചരിത്രത്തെയും സംസ്ക്കാരത്തെയും കുറിച്ച് പുറം ലോകത്തെ അറിയിക്കുവാനും കൂടുതൽ ടൂറിസ്റ്റുകളെ ഇങ്ങോട്ട് ആകർഷിക്കുവാനം സാധിക്കും. ഇതാനായി ഈ ക്ഷേത്രത്തിനോടനുബന്ധിച്ച് ഒരു ഇൻഫോർമേഷൻ സെന്റർ ആരംഭിക്കുകയും അതിൽ വയനാടിന്റെയും ക്ഷേത്രത്തിന്റെയും ചരിത്രരേഖകൾ സൂക്ഷിക്കുകയും സന്ദർശകർക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പഠിക്കുന്നതിനും ആവശ്യമായ സംവിധാനനം ഏർപ്പെടുത്തുകയും ചെയ്യണം. കൂടാതെ, ഈ ചരിത്ര സ്മാരകത്തെ സംബന്ധിച്ച് പുറംലോകം അറിയേണ്ടതിന് വിപുലമായ പ്രചാരണം നടത്തേണ്ടതുമാണ്. .

ശാസ്ത്രീയമായ വികസിപ്പിച്ചെടുക്കുയാണെങ്കിൽ ബത്തേരിയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കാൻ സാധിക്കുന്ന പ്രദേശമാണ് മണിച്ചിറ. രണ്ടേക്കറോളം വരുന്ന ഒരു തടാകമാണ് ഇവിടുത്തെ മുഖ്യ ആകർഷണം. ഈ തടാകത്തിനുള്ള ചുറ്റുമുള്ള രണ്ടേക്കറിലധികം വരുന്ന സ്ഥലം മനോഹരമായ ഒരു പാർക്കായി രൂപപ്പെടുത്തിയെടുക്കാവുന്നതാണ്. ഈ പാർക്കിൽ രാത്രി സമയത്ത് വൈദ്യുത ദീപാലങ്കാരം ഫൗണ്ടൻ, മുതലായവ ഏർപ്പെടുത്തിയാൽ ഒട്ടേറെപ്പേരെ ഇങ്ങോട്ടാകർഷിക്കാവുന്നതാണ്. കൂടാതെ ഈ തടാകത്തിൽ ടൂറിസ്റ്റുകൾക്കായി ബോട്ടിംഗ് ഏർപ്പെടുത്തണം.

നീന്തൽ മത്സരങ്ങൾ നടത്തുവാൻ പറ്റിയ വയനാട്ടിലെ ഏക നീന്തൽക്കുളമാണ് കടമാൻചിറ. ബത്തേരിയിൽ നിന്നും മൂന്നു കി.മി. അകലെ സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ഒരിക്കലും വറ്റാത്ത നീരുറവയിൽ സമ്പന്നമാണ്. ഈ ചിറ സാഹസിക ടൂറിസത്തിന്റെ ഭാഗമായി ജലകായിക കേന്ദ്രമായി വികസിപ്പിച്ചാൽ ടൂറിസം വികസനത്തോടൊപ്പം ജലകായിക രംഗത്തും വികസനം സാദ്ധ്യമാകും. നിലവിലുള്ള

ചിറ നീളവും വീതിയും ആഴവും വർദ്ധിപ്പിച്ച് വലുപ്പം കൂട്ടുകയും വിവിധ തരത്തിലുള്ള ജലകായിക മത്സരങ്ങൾ നടത്തേണ്ട ആവശ്യത്തിലേക്ക് ട്രക്കുകൾ, ജംപിംഗ് പോയ്ന്റുകൾ മുതലായ സ്ഥിരമായ ഗാലറി നിർമ്മിക്കുകയും ചെയ്താൽ ഈ ചിറയെ ഒരു പൂർണ്ണ സാഹസിക കേന്ദ്രമായി മാറ്റിയെടുക്കാവുന്നതാണ്.

വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക രീതിയിൽ വികസിപ്പിച്ചെടുക്കാൻ ഏറ്റവും യോജിച്ച പ്രദേശമാണ് കുപ്പാടിക്കടുത്ത മുണ്ടൻകൊല്ലി വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന 20 ഏക്കറോളം വരുന്ന ഈ ചതുപ്പ് സ്ഥലം നാലു ഭാഗത്തും ബണ്ടു കെട്ടി അതി മനോഹരമായ ഒരു തടാകമായി രൂപപ്പെടുത്തിയെടുത്താൽ വിനോദ സഞ്ചാരികളുടെ പറുദീസയായ ഊട്ടിയെക്കാൾ ആകർഷണീയമാക്കാവുന്നതാണ്. വന്യമൃഗങ്ങൾ കൂട്ടമായി മേഞ്ഞുനടക്കുന്ന ഈ പ്രദേശത്ത് വച്ച് ടവറുകൾ നിർമ്മിക്കുകയും ടൂറിസ്റ്റുകൾക്ക് എത്തിച്ചേരുന്നതിനുള്ള റോഡു സൗകര്യം ഏർപ്പെടുത്തുകയും ചെയ്താൽ ആ പ്രദേശം ഇന്ത്യയിലെത്തന്നെ പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാകുമെന്നതിൽ സംശയത്തിനവകാശമില്ല.

**ടൂറിസം വികസനത്തിനുള്ള നിർദ്ദേശങ്ങൾ**

1. വയനാടൻ സംസ്ക്കാരത്തിനു യോജിച്ച കോട്ടേജുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഉണ്ടാക്കണം.

2. സൈക്കിൾ, മോട്ടോർ സൈക്കിൾ എന്നിവ ടൂറിസ്റ്റുകൾക്ക് വാടകക്ക് കൊടുക്കുന്ന സംവിധാനം ഏർപ്പെടുത്തണം.

3. നമ്മുടെ സംസ്ക്കാരത്തിന് അനുയോജ്യമായ ഇന്ത്യൻ വാസ്തുശിൽപ്പകലയിൽ സൗകര്യം, വൃത്തി എന്നിവയിൽ ഉന്നത നിലവാരം പുലർത്തുന്ന ഏതാനും ഹോട്ടലുകൾ വിദേശ വിനോദ സഞ്ചാരികളെ ലക്ഷ്യമാക്കി നിർമ്മിക്കണം.

4. ആദിവാസികളുടെ പാരമ്പര്യകല പ്രദർശിപ്പിക്കുന്നതിന് സ്ഥിരം വേദി ഉണ്ടാക്കണം.

5. ആദിവാസി കരകൗശല വസ്തുക്കൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കണം.

6. പാരമ്പര്യ ചികിത്സാ സമ്പ്രദായമായ ഉഴിച്ചിൽ, പിഴിച്ചിൽ മുതലായവക്ക് സൗകര്യം ഏർപ്പെടുത്തുക.

7. കളരി അഭ്യാസങ്ങൾ പഠിപ്പിക്കാനും പ്രദർശിപ്പിക്കനും ഉള്ള സംവിധാനം ഉണ്ടാക്കണം.

8. പ്രകൃതി ചികിത്സാ സൗകര്യം ഏർപ്പെടുത്തക.

9. വിദേശികളെ അതിഥികളായിക്കാണാനും അവരോട് മാന്യമായി പെരുമാറാനുമുള്ള ബോധവൽക്കരണം നടത്തണം.

10. ദേശിയ അന്തർദേശിയ ടൂറിസ്റ്റ് മാപ്പുകളിൽ സുൽത്താൻ ബത്തേരിയും ഉൾപ്പെടുത്തണം.

11.യുവാക്കൾക്കും യുവതികൾക്കും ടൂറിസം ഗൈഡൻസിൽ പരിശീലനം നല്കുക.

12. ആഭ്യന്തര ടൂറിസം വികസിപ്പുക്കുവാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ടൂറിസം പഠന വിഷയമാക്കുകയും, ടൂറിസ്റ്റ് ക്ലബുകൾ ആരംഭിക്കുകയും ചെയ്യണം.

13. ക്ലബുകൾ, മഹിളാ സമാജങ്ങൾ തുടങ്ങിയവക്ക് ടൂറിസം ബോധവൽക്കരണവും പ്രോത്സാഹനവും നൽകുക.

വിനോദത്തോടൊപ്പം വിജ്ഞാന വിതരണവും നമ്മുടെ സാംസ്ക്കാരിക, പൈതൃകം, പാരമ്പര്യം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണവും നടത്തുന്നതിന് സഹായകമാണ് മേൽപ്പറഞ്ഞ നിർദ്ദേശ്ശങ്ങൾ. ഇവയെല്ലാം ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ സുൽത്താൻ ബത്തേരിക്കും ടൂറിസ്റ്റ് മാപ്പിൽ ഗണ്യമായ സ്ഥാനം ലഭിക്കുമെന്നതിൽ സംശയമില്ല.

# ഉപസംഹാരം

നിലവിലുള്ള വികസന സംസ്ക്കാരത്തിന്റെ പരാധീനതകളെ മറികടന്നുകടന്നുകൊണ്ട് ഒരു പുതിയ മുന്നേറ്റം ഉതുത്തിരിയുന്നത് നാം കണ്ടു. ഈ ഉയിർത്തെഴുന്നേല്പിന്റെ അടിസ്ഥാനശിലകൾ സന്നദ്ധതയും കൂട്ടായ്മയുമാണ്.

പ്രാദേശികമായ വ്സുതതകൾ കണക്കിലെടുക്കാതെ പരസ്പര ബന്ധമില്ലാത്ത അനേകം വകുപ്പുകൾ സമയനിഷ്ടയില്ലാതെ നടത്തിക്കൊണ്ടിരന്ന ധനവ്യയത്തെയാണ് ഇവിടെ വികസനമായി തെറ്റിദ്ധരിച്ചിരുന്നത്. ഇവയാകട്ടെ, ഉല്പാദന വർധനവോ നീതിപൂർവ്വമായ വിതരണമോ ലക്ഷ്യമാക്കിയവയല്ല മറിച്ച് ഉപരിപ്ലവമായ സുഖസൗകര്യങ്ങളിൽ ഊന്നിയവായിരുന്നുതാനും. ഉദ്യോഗസ്ഥമേധാവിത്വത്തിൽ അധിഷ്ഠിതമായ അധികാര സ്ഥാനങ്ങൾ അഴിമതിയും സ്വജനപക്ഷപാതത്തിലും ആണ്ടുപോയിരിക്കുന്നു എന്നതും സമ കാലീന വസ്തുതയാണ്.

ശക്തവും സമ്പന്നവുമായ ഒരു സാമൂഹ്യ സാംസ്ക്കാരിക ചരിത്രമുള്ളവരാണ് സുൽത്താൻ ബത്തേരി പഞ്ചായത്തിലെ ജനത. വറുതിയുടെയും കെടുതിയുടെയും നാളുകളിൽ സഹജമായ സഹകരണത്തോടെ ദുരിതങ്ങളെ അതിവീജിച്ചതാണ് അതിന്റെ ചരിത്രം. സന്നദ്ധതയുടെ ആയിരം കൈത്തിരികൾ റോഡുകളും പാലങ്ങളും വീടുകളുമായി ഗതകാലത്തിൽപ്രകാശധാര പൊഴിക്കുന്നു.

ഇന്നലെയുടെ നേട്ടങ്ങൾ ആരുടേയും സൗജന്യമല്ല; അവ ജനശക്തിയുടെ വരദാനമാണ്. ലക്ഷ്യബോധത്തോടെ സർഗ്ഗാത്മകമായി അതിനെ തിരിച്ചുവിടാൻ കഴിഞ്ഞാൽ നാടിനെ ആയിരം മേനി വിളയുന്ന സ്വർണ്ണപ്പാടമാക്കി മാറ്റാൻ നമുക്കാകും.

വസ്തുനിഷ്ഠമായ അവലോകനത്തിലൂടെ, നിയതമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിർദ്ദേശങ്ങളെ സ്കീമുകളാക്കി മാറ്റാൻ ശ്രമിക്കണം. ഇവ പ്രായോഗികമായപദ്ധതികളായി രൂപപ്പെടേണ്ടതുണ്ട്.

പദ്ധതികളുടെ നടത്തിപ്പിന് നൂതനമായ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നാം മാമൂൽ വിട്ട് ചിന്തിക്കുക തന്നെവേണം. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങളിൽ ഒരു കുതിച്ചുചാട്ടം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. എന്നാൽ വികസന വേഗത നിലനിർത്താൻ ഇത് മതിയാവുകയില്ല. ഫണ്ടിംഗ് ഏജൻസികളുടെ ഫണ്ട് ഉപയോഗപ്പെടുത്താം. പാഴാവുന്ന മനുഷ്യശക്തിയുടെ ആക്കവും തൂക്കവും കണക്കാക്കം അത് അമൂല്യമായ വികസനോപാധിയാണ്.

വികസനം ദാനമായി ലഭിക്കേണ്ടതോ, തട്ടിപ്പറിച്ചെടുക്കേണ്ടതോ അല്ല; അത് സ്വന്തം അദ്ധ്വാനത്തിന്റേയും ത്യാഗത്തിന്റേയും ഫലമാണ്. എല്ലാ നിർദ്ദേശങ്ങളേയും ഒരുമിച്ച് ഫലപ്രാപ്തിയിലെത്തിക്കാൻ പരിമിതമായ വിഭവശേഷി അനുവദിക്കുന്നില്ല. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ നിർണ്ണയം നടത്തുകയും വികസനോപാധികളെ ആസൂത്രിതമായി ഉപയോഗിച്ച് ലക്ഷ്യം നേടുകയും വേണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ചുവടുറപ്പിച്ചുകൊണ്ട് വിഷയഗ്രൂപ്പുകളുടെ ഘട്ടം ഘട്ടമായുള്ള ചർച്ചകളിലൂടെ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയുമാണ് സുൽത്താൻബത്തേരി പഞ്ചായത്തിൻരെ ഈ സമഗ്രവികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. അർത്ഥപൂർണ്ണമായ ഒരു ചർച്ചയിലൂടെ ഇതിനെ സമ്പുഷ്ടമാക്കേണ്ടതുണ്ട്.

ഇന്നലെയുടെ നേട്ടങ്ങൾ നാളത്തേക്കുള്ള പാഠങ്ങളാവണം. ജാതിമത കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായ ഒരു ജനകീയാധിപത്യ സംസ്ക്കാരം വളർന്നുവരണം. തികഞ്ഞ ആത്മവിശ്വാസത്തോടെ സുൽത്താൻ ബത്തേരി പഞ്ചായത്തിന്റെ സമഗ്രവിഗസന റിപ്പോർട്ട് വികസന സെമിനാറായി സമർപ്പിക്കുന്നു.

**ജയ്ഹിന്ദ് !**

" ന്യൂഡൽഹിയോ, ബോംബെയോ, കൽക്കത്തയോ പോലുള്ള വൻനഗരങ്ങളിലാണ് അധികാരം കേന്ദ്രീകരിച്ചിട്ടുള്ളത്. ഇന്ത്യയിലെ ഏഴുലക്ഷത്തിൽപരം ഗ്രാമങ്ങളിലൂടെ പ്രസ്തുത അധികാരം വികേന്ദ്രീകരിക്കപ്പെട്ടു കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്"

**മഹാത്മാഗാന്ധി**

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

എൻ.എം. വിജയൻ (ചെയർമാൻ)
പ്രൊഫ. തോമസ്സ് തേവര (കൺവീനർ)
കൃഷി-ജലസേചനം. വി.വി.ഉമ്മർ.
കെ.ആർ. സുകുമാരൻ.
ടി.എസ്. ജോർജ്ജ്.
വി.എൻ. സുകുമാരൻ.
ടി.ജെ. ജോസഫ്.

*മൃഗപരിപാലനം(വനം)*
ഡോ.കെ.സി.ജോസഫ്.
സി.കെ.സഹദേവൻ.
എം.സതീശ്.
ഖദീജ മമ്മൂട്ടി.

*വിദ്യാഭ്യാസം.*
കുര്യാക്കോസ് ആന്റണി.
വർഗ്ഗീസ് ഡാനിയൽ.
കെ. ജോബ് മാസ്റ്റർ.
പുഷ്പലത ബാബു.
ആർ. ഭാഗീരഥി അമ്മ.

*ആരോഗ്യം, കുടിവെള്ളം,പരിസര ശുചിത്വം.*
കെ.വി. ശങ്കരൻ.
സുന്ദർ മോഹൻ.
എ.ജെ.ജോസ്.
മരിയാ ദാസൻ.
ജയപ്രകാശ്.
നാസർ മച്ചാൻ.

*വ്യവസായം.*
തോമസ് തേവര.
എം.ഭാസ്കരൻ
ജോർജ്ജ് മുണ്ടക്കൽ
കെ.എം.മാത്യു
ജോയിച്ചൻ വർഗ്ഗീസ്.
സി.വി.ജോയ്

*റോഡുകൾ,ഊർജ്ജം.*
എൻ.എം.വിജയൻ.
സീ.എം.നീലകണ്ഠൻ.
വി.എം.അഗസ്റ്റിൻ.
എൻ.എം.ജോയി.
കെ.വാസുദേവൻ.
എം.സി.ദേവസ്യ.

*ഭവനനിർമാണം,ക്ഷേമപ്രവർത്തനങ്ങൾ*
ദിവാകരൻ
രാജീ ഭായി
സാലിവർഗ്ഗീസ്
പി.പി. ബാലകൃഷ്ണൻ
പി.പി.അയൂബ്

*സംസ്കാരം.*
വാമദേവൻ കലാലയ.
സണ്ണിമാത്യു.
എസ്.സുകുമാരി അമ്മ.
കെ.അരവിന്ദാക്ഷൻ.

*വനിത.*
പ്രൊ.വി.എസ്സ്. മാത്തുക്കുട്ടി.
സൗദാമിനി ഗോപാലകൃഷ്ണൻ.
നഫീസ അഹമ്മദ്കോയ.
ആലീസ് ജോസ്.
എൽബി പോൾ.
കെ.സുധാകരൻ.

*സഹകരണ മേഖല.*
വി.എം.രാധാകൃഷ്ണൻ.
ബേബി വർഗ്ഗീസ് .
സി.ബി.ശ്രീധരൻ.
കെ.പി.ദാമോദരൻ.
എൻ.ജെ.മജീദ്.
കെ.കെ.സോമനാഥൻ പിള്ള.

*പട്ടികജാതി പട്ടികവർഗ്ഗം.*
എം.കെ.ഉലഹന്നാൻ.
കെ.കെ.ഷബു.
കുഞ്ഞൂട്ടി.
ടി.അർ.ബാലകൃഷ്ണൻ.
പുവഞ്ചി ലീലാമണി.

*വിഭവസമാഹരണം.*
ടി.സജീന്ദ്രൻ.
ഒ.എം.ജോർജ്ജ്.
യു.വാസു.
സണ്ണി മാത്യു.
കെ.കെ.സോമനാഥൻ.

നാട്ടറിവ്-ചരിത്രം.
പ്രൊഫ. മോഹൻബാബു.
പ്രൊഫ. കെ.പി.തോമസ്സ്.
പി.സി.അഹമ്മദ്.
എം.പി.ഗോപാലമേനോൻ.



സ്വർണ്ണാഭരണങ്ങൾക്ക്...
ഗോൾഡ് പാലസ് A/C
സുൽത്താൻബത്തേരി
ph: 21212